Shri. K. T. Achuthan: I shall reply to-morrow.

PAPERS LAID ON THE TABLE

Chief Minister (**Shri. R. Sankar**): Sir, I lay on the table a copy of Notification G. O. (P) No 52/64 Edn., dated 24th January 1964 (S. R. O. No. 25/64) issued by the Government under section 36 of the Kerala Education Act, 1958 (Act 6 of 1959) containing amendment to the Kerala Education Rules, 1959.

FINANCIAL BUSINESS

Demand XVI—University Education, Demand XVII—General Education, Demand XVIII—Technical Education

Chief Minister (**Shri R. Sankar**): Sir, I move that Government be granted a sum of Rs. 1,73,55,700 under Demand XVI—University Education.

Shri K. A. Damodara Menon: Sir, I second it.

Chief Minister (**Shri R. Sankar**): Sir, I move that Government be granted a sum of Rs. 20,13,57,900 under Demand XVII—General Education.

Shri K. A. Damodara Menon: Sir, I second it.

Chief Minister (**Shri R. Sankar**): I move that Government be granted a sum of Rs. 1,28,11,500 under Demand XVIII—Technical Education.

Shri K. A Damodara Menon: Sir, I second it.

Shri E. P. Gopalan: Sir, I move:

To reduce the total allotment of Rs. 1,73,55,700 under Demand XVI University Education by Rs. 100.

Shri K. Moideenkutty Hajee: Sir, I move:

To reduce the total allotment of Rs. 1,73,55,700 under Demand XVI—University Education, by Rs. 100, to discuss the general policy.

Shri Ponnara G. Sreedhar: Sir, I move:

To reduce the allotment of Rs. 1,73,55,700 under Demand XVI—University Education, by Re. 1.

Shri K. Krishna Pillai: Sir, I move:

To reduce the total allotment of Rs. 1,73,55,700 under Demand XVI—University Education, by Rs. 100.

Shri P. M. Kunhiraman Nambiar: Sir, I move:

To reduce the total allotment of Rs. 20,13,57,900 under Demand XVII—General Education by Rs. 100.

Shri E. P. Gapalan: Sir, I move:

To reduce the total allotment of Rs. 20,13,57,900 under Demand XVII—General Education by Rs. 100.

Shri K. Moideenkutty Hajee: Sir, I move:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

To reduce the total allotment of Rs. 20,13,57,900 under Demand XVII-General Education to discuss the General Policy.

Shri Ponnara G. Sreedhar: Sir, I move:

To reduce the allotment of Rs. 20,13,57,900 under Demand XVII, General Education, by Re. 1.

Shri K. Krishna Pillai: Sir, I move:

To reduce the total allotment of Rs. 20,13,57,900 under Demand XVII General Education by Rs. 100.

Shri P. M. Kunhiraman Nambiar: Sir, I move:

To reduce the total allotment of Rs. 1,28,11,500 under Demand XVIII, Technical Education, by Rs. 100.

Shri E. P. Gopalan: Sir, I move:

To reduce the total allotment of Rs. 1,28,11,500 under Demand XVIII, Technical Education, by Rs. 100.

Shri K. Moideenkutty Hajee: Sir, I move:

To reduce the total allotment of Rs. 1,28,11,500 under Demand XVIII, Technical Education, by Rs. 100.

Shri K. Krishna Pillai: Sir, I move:

To reduce the total allotment of Rs. 1,28,11,500 under Demand XVIII, Technical Education by Rs. 100.

സർ, വിദ്യാഭ്യാസ പ്രശ്നങ്ങൾ നമ്മുടെ രാജ്യത്തെ ജനങ്ങളുടെ സജീവമായ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ഒരു വിഷയമാണ്. വളരെ ഏറെ വിവാദങ്ങളും അതേസംബന്ധിച്ചിടത്തോളം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. വിദ്യാഭ്യാസ നിലവാരം താഴ്ന്നുപോയി എന്നും, താഴ്ന്നുപോയില്ല എന്നുമുള്ള അഭിപ്രായഗതിയും ഇപ്പോഴുണ്ട്. അതേസംബന്ധിച്ചുള്ള ചർച്ചയിലേക്കു ഇപ്പോൾ കടക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും ഇന്നത്തെ വിദ്യാഭ്യാസനിലവാരം തീരെ പോരാത്തതാണെന്നും, അതു ഉയർത്തേണ്ടതാണെന്നുമുള്ള ഒരു അഭിപ്രായത്തിൽ എല്ലാവരും എത്തിച്ചേർന്നിട്ടുണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല. വിദ്യാഭ്യാസനിലവാരം താഴ്ന്നുപോയി എന്നുപറയുമ്പോൾ, ആ താഴ്ന്നുപോയതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും രക്ഷപ്പെടാനുള്ള ഒരു പ്രവണത എല്ലാഭാഗത്തുനിന്നും ഉണ്ടാകാറുണ്ട്. ഗവണ്മെന്റുഭാഗത്തുനിന്നും പറയാറുള്ളതു് അദ്ധ്യാപകരുടെയും ചിലപ്പോൾ രക്ഷകർത്താക്കളുടെയും ഉത്തരവാദിത്വമാണ് ഈ താഴ്ന്ന നിലവാരത്തിനുള്ളകാരണം എന്നാണ്. രക്ഷകർത്താക്കൾ പറയുമ്പോൾ അദ്ധ്യാപകരും ഗവണ്മെന്റുമാണ് ഇതിനുത്തരവാദികൾ എന്നുപറയും. അദ്ധ്യാപകരാണെങ്കിൽ ഗവണ്മെന്റിനേയും രക്ഷകർത്താക്കളെയും കുറ്റപ്പെടുത്തും. എന്തായിരുന്നാലും ഇന്നത്തെ വിദ്യാഭ്യാസനിലവാരം തീരെ പോരാത്തതാണ് എന്നുള്ളകാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല.

നമ്മുടെ സ്റ്റേറ്റിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ടു ചില വസ്തുതകൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാനാഗ്രഹിക്കുന്നു. ജനറൽ എഡ്യൂക്കേഷനെ സംബന്ധിച്ചുമാത്രമാണെങ്കിൽ തന്നെയും നമ്മുടെ സംസ്ഥാനം ഒരു വലിയതുക അതിനുവേണ്ടി ചെലവാക്കിക്കൊണ്ടിരിക്കുകയാണ്, സംസ്ഥാനത്തിന്റെ ആകെയുള്ള വരവിൽ നല്ല ഒരു ശതമാനം അതിനുവേണ്ടി ചെലവാക്കുന്നുണ്ട് എന്നുള്ളതു എല്ലാവർക്കും അറിയാം. 1962–63–ൽ 18,03 കോടിരൂപയാണ് ഈ ഗവണ്മെന്റു അതിനുവേണ്ടി ചെലവാക്കിയതു്. 1963–64–ൽ റിവൈസ്ഡ് എസ്റ്റിമേറ്റു അനുസരിച്ചു് 19·46 കോടി രൂപയും, 1964-65-ൽ 20.14 കോടി രൂപയായിട്ടും ചെലവു് വർദ്ധിച്ചിട്ടുണ്ട്, ഇതു ഇനിയും വർദ്ധിച്ചുകൊണ്ടിരിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

ഇതു ഞാൻ ജനറൽ എഡ്യുക്കേഷനെ സംബന്ധിച്ചുമാത്രമാണ് പറയുന്നതു്. ഇപ്പോഴം വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളമുള്ള ചെലവു ക്രമപ്രവൃദ്ധമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നുകാണാം. ഈ ഒരു നിലവച്ചുനോക്കുമ്പോഴം നമ്മുടെ സ്റ്റേററിൻെറ വരുമാനത്തിൽ നല്ല ഒരു ഭാഗം വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാകുന്നതുകൊണ്ടു് ഈ രാജ്യത്തെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ആവശ്യമായ പണം ചെലവാക്കാൻ സാധിക്കാതെവന്നിരിക്കുന്നു. വിദ്യാർത്ഥികളുടെ എണ്ണം ക്രമേണ വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണു്. ഈ രാജ്യത്തെ വിദ്യാർത്ഥികളുടെ എൻറോൾമെൻറു ശതമാനം നോക്കുന്നപക്ഷം അതു കഴിഞ്ഞ ആറുവർഷം കൊണ്ടു് 28 ശതമാനം വർദ്ധിച്ചിരിക്കുകയാണു്. അങ്ങനെ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഒരു ഉയർന്ന നിലയിൽ നമ്മുടെ സംസ്ഥാനം എത്തിച്ചേർന്നിരിക്കുന്നു എന്നുകാണാം, എന്നാൽ ഇന്നു നമ്മുടെ കുട്ടികൾക്കു നൽകിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസം എത്ര താഴ്ന്ന നിലയിലാണെന്നുള്ളതു നാം ഒന്നാലോചിക്കണം. ഈ രാജ്യത്തു നല്ല ഒരു ശതമാനം വരുന്ന കുട്ടികൾക്കു വിദ്യാഭ്യാസം നൾകുന്നുണ്ടെന്നു പറയുന്നുണ്ടു്. എന്നാൽ അവർക്കു് ഇരുന്നു പഠിക്കുന്നതിനാവശ്യമായിട്ടുള്ള കെട്ടിടങ്ങളോ, ഉപകരണങ്ങളോ ലൈബ്രറികളോ ഈ രാജ്യത്തെ ബഹുഭൂരിപക്ഷം സ്കൂളുകളെ സംബന്ധിച്ചിടത്തോളം ഇല്ലാ എന്നുള്ളതു ഒരു പരമാർത്ഥമാണു്. അദ്ധ്യാപകരുടെ നിലവാരത്തേ സംബന്ധിച്ചിടത്തോളം അതു മോശമാണെന്നു്, എല്ലാവരും പറയുന്നുണ്ടു്. അങ്ങനെ മോശപ്പെട്ട ഒരു വിദ്യാഭ്യാസരീതിയാണു് ഈ രാജ്യത്തെ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളമുള്ളതു്. ഇത്ര ഒരു മോശപ്പെട്ട രീതിയുള്ള വിദ്യാഭ്യാസം നൾകുന്നതിനുവേണ്ടി സ്റ്റേററിൻെറ വരുമാനത്തിൽ നിന്നും ഇത്ര ഭാരിച്ച ഒരു തുക ചെലവാക്കുന്നുണ്ടു്. ഈ കാര്യക്ഷമത ഇല്ലാതെയിരിക്കുമ്പോൾ പോലും ഇതിനു വേണ്ടിയുള്ള തുക ആണ്ടിനാൽ വർദ്ധിച്ചുകൊണ്ടുതന്നെയാണിരിക്കുന്നതു്. അപ്പോൾ ഈ വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കുകയാണെങ്കിൽ ഇതിൽ എത്രയോ കോടി രൂപ അധികമായി ചെലവാക്കേണ്ടിവരും. അങ്ങനെവരുമ്പോൾ അതു ഈ സ്റ്റേററിനു താങ്ങാൻ സാധിക്കാതെവരുന്നതാണു്. അപ്പോൾ അതിനു കേന്ദ്രഗവണ്മെൻറിൻെറ പ്രത്യേകസഹായം വിദ്യാഭ്യാസപരമായ കാര്യങ്ങൾക്കായി സ്റ്റേററുഗവണ്മെൻറിനു കിട്ടേണ്ടതാണു്. കേന്ദ്രഗവണ്മെൻറു വിദ്യാഭ്യാസകാര്യത്തിൽ പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങൾക്കു സഹായം നൽകിക്കൊണ്ടിരിക്കുന്ന സ്ഥിതിക്കു നമ്മുടെ സ്റ്റേററിനു അതു നൽകാതെയിരിക്കുന്നതു നമ്മുടെ സ്റ്റേററിലെ രക്ഷാകർത്താക്കൾ അവരുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനായി സ്കൂളുകളിലേയ്ക്കു അയച്ചുപോയി എന്നുള്ള ഒരു കുററം അവർ ചെയ്തുപോയതുകൊണ്ടാണു് എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഈ അടുത്ത കാലത്തുതന്നെ സ്ത്രീകളുടെ വിദ്യാഭ്യാസത്തിനുവേണ്ടി കേന്ദ്രഗവണ്മെൻറു പ്രത്യേകമായി ഒരു പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നു എന്നെനിക്കുഅറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഇവിടെ ഇപ്പോൾതന്നെ പെൺകുട്ടികൾ ധാരാളമായി സ്കൂളുകളിൽ പോയിക്കൊണ്ടിരിക്കുകയാണു്. കഴിഞ്ഞ ആറുവർഷത്തെ കണക്കുകൾ നാം ഒന്നു പരിശോധിക്കുന്നപക്ഷം തെളിയുന്നതു ആൺകുട്ടികളിൽ 24 ശതമാനവും പെൺകുട്ടികൾ 32 ശതമാനവും എൻറോൾമെൻറു വർദ്ധിച്ചിരിക്കുന്നു എന്നു കാണാം. അപ്പോൾ മററുള്ള സംസ്ഥാനങ്ങളിൽ വളരെ കുറഞ്ഞ ഒരു ശതമാനംമാത്രം പെൺകുട്ടികൾ പള്ളിക്കൂടത്തിലേക്കുപോയി എന്നുള്ളതുകൊണ്ടു പെൺകുട്ടികളെ കൂടുതൽ പള്ളിക്കൂടങ്ങളിലേക്കു അയയ്ക്കുന്നതിനു മററു സംസ്ഥാനങ്ങളിലേക്കു ധനസഹായം ചെയ്യാൻ കേന്ദ്രം തയാറാണു് എന്നാൽ ഇവിടെ കൂടുതൽ പെൺകുട്ടികൾ പള്ളിക്കൂടങ്ങളിലേക്കുപോകുന്നുണ്ടു്. എന്നുള്ളതിനെ പരിഗണിച്ചു എന്തുകൊണ്ടു് കേന്ദ്രഗവണ്മെൻറു ഇവിടെ മററു സംസ്ഥാനങ്ങൾക്കുവേണ്ടി ചെലവാക്കുന്നതു പോലെ ചെലവാക്കാൻ തയാറാകുന്നില്ല. അതിനു കേന്ദ്രഗവണ്മെൻറു തയാറാകേണ്ടതാണു്.

മാത്രമല്ല, പ്രാഥമിക വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഭരണഘടനയിലെ ഡയറക്റ്റീവ് പ്രിൻസിപ്പിളിൽ പറഞ്ഞിട്ടുള്ളതാണു് പ്രാഥമിക വിദ്യാഭ്യാസം സൌജന്യവും സാർവ്വത്രികവും നിർബന്ധിതവുമാക്കേണ്ടതാണു് എന്നു്. അങ്ങനെ പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതവും സൌജന്യവുമായി

LIBRARY ARCHIVES Kerala Legislative Assembly

നാംകേണ്ടതു സ്റ്റേറിന്റെ കടമയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം പ്രാഥമിക വിദ്യാഭ്യാസത്തിനായി 14 വയസുവരെയുള്ള കുട്ടികൾ യാതൊരു പ്രേരണയുമില്ലാതെതന്നെ സ്കൂളുകളിൽ പോകുന്നു. 1962–63–ൽ പ്രൈമറി വിദ്യാഭ്യാസം ലഭിക്കുന്നതിനായി ഒന്നു മുതൽ എട്ടുവരെ സ്റ്റാൻഡേർഡുകളിൽ 31 ലക്ഷം കുട്ടികൾ ഉണ്ടായിരുന്നു. ഇതു ഇവിടത്തെ ജനസംഖ്യയുടെ ഇരുപതു ശതമാനത്തോളംവരും. ഈ age ഗ്രൂപ്പിൽ വരാവുന്നതു 25 ശതമാനത്തോളം മാത്രമാണ്. അതിൽ ഇപ്പോൾതന്നെ ഏതാണ്ടു 20 ശതമാനത്തോളം കുട്ടികൾ പൊയ്ക്കൊണ്ടിരിക്കുന്നു. അപ്പോൾ ഈ രാജ്യത്തുള്ള 14 വയസിനു താഴെയുള്ള കുട്ടികളെല്ലാംതന്നെ പള്ളിക്കൂടത്തിലേക്കു പോകുന്ന സ്ഥിതി അടുത്ത ഭാവിയിൽ തന്നെ ഉണ്ടാകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

ഹൈസ്കൂൾ വിദ്യാഭ്യാസത്തെ സംബന്ധിച്ചും ഈ രാജ്യത്തുള്ള കുട്ടികളെ പഠിപ്പിക്കുന്നതിനു അവരുടെ രക്ഷകർത്താക്കൾ താൽപര്യം കാണിക്കുന്നുണ്ട്. അതുകൊണ്ട് സെക്കണ്ടറി വിദ്യാഭ്യാസം സൗജന്യമായിത്തീരുന്നസ്ഥിതിയും വിദൂരമല്ലാത്ത ഭാവിയിൽ ഇവിടെ ഉണ്ടാകുന്നതാണ്. പ്രാഥമികവിദ്യാഭ്യാസം സൗജന്യമാക്കുന്നതിനു മറ്റു സംസ്ഥാനങ്ങളിൽ രണ്ടോ മൂന്നോ ശതമാനം മാത്രം കുട്ടികൾ പള്ളിക്കൂടങ്ങളിൽ പോയിക്കൊണ്ടിരിക്കുന്നുള്ളു എന്നുള്ളതുകൊണ്ട് ആ സംസ്ഥാനങ്ങൾക്കു സഹായം നൽകാൻ തയാറാണ് എന്നു കേന്ദ്ര ഗവണ്മെന്റു പറയുന്നു. ഇവിടെ നമുക്കു ആ ഒരു ലക്ഷ്യത്തിൽ എത്താൻ സാധിച്ചു എന്നുവരികിൽ തന്നെയും നമ്മുടെ സംസ്ഥാനത്തിനു എന്തുകൊണ്ടു കേന്ദ്ര ഗവണ്മെന്റിന്റെ സഹായം തന്നുകൂടാ. പ്രാഥമികവിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവും ആക്കണമെന്നുള്ളതു ഡയറക്ടീവ് പ്രിൻസിപ്പിളിൽ ഉള്ളതാണ്. അതിന്റെ ഉത്തരവാദിത്വം കേന്ദ്രഗവണ്മെന്റിനു കൂടിയുണ്ട്. അതിനുവേണ്ടി ഭരണഘടനാപരമായ ഉത്തരവാദിത്വം കേന്ദ്രഗവണ്മെന്റിനുണ്ട്. അതുകൊണ്ടു അതിനുവേണ്ടി നാം ചെലവാക്കുന്ന പണം കേന്ദ്രഗവണ്മെന്റിനോടു ആവശ്യപ്പെട്ടു വാങ്ങേണ്ടതാണ്. അതിനു വേണ്ടി നാം നിർബന്ധിക്കേണ്ടതാണ്. അതില്ലാതെ ഇന്നു വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സാദ്ധ്യമല്ല. ഇത്ര വമ്പിച്ച ഒരു സാമ്പത്തിക ഭാരം ഈ വിദ്യാഭ്യാസാവശ്യങ്ങൾക്കുവേണ്ടി ചെലവാക്കാൻ ഈ സംസ്ഥാനത്തിനു സാദ്ധ്യമല്ല. അതുമാത്രമല്ല, അങ്ങനെ വരുന്നതുകൊണ്ടു നമ്മുടെ വികസനപ്രവർത്തനങ്ങൾ നടത്താനും സാദ്ധ്യമല്ല. മറ്റുള്ള സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസാവശ്യങ്ങൾക്കു വേണ്ടി കേന്ദ്രഗവണ്മെന്റു സഹായം നൽകിക്കൊണ്ടിരിക്കുമ്പോൾ അതു നമുക്കു നൽകാതിരിക്കുന്നതു നാം ആക്കാര്യത്തിൽ കൂടുതൽ പ്രവർത്തിച്ചു എന്നുള്ള ഒരു അപരാധം നമ്മൾ ചെയ്തുപോയതുകൊണ്ടാണോ എന്നുള്ളതും സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു കേന്ദ്രഗവണ്മെന്റിനോടു ഈ വിദ്യാഭ്യാസാവശ്യത്തിനുവേണ്ടി കൂടുതൽ പണം ആവശ്യപ്പെടേണ്ടതും വാങ്ങാൻ ശ്രമിക്കേണ്ടതുമാണ്.

മറ്റൊരുകാര്യം, അങ്ങനെ പണം കിട്ടാൻ സാദ്ധ്യമല്ലെങ്കിൽ പിന്നെ മറ്റെന്താണുപോംവഴിയെന്നു ആലോചിക്കേണ്ടതാണ്. രണ്ടുദിവസങ്ങൾക്കു മുമ്പ് നമ്മുടെ കേന്ദ്രവിദ്യാഭ്യാസമന്ത്രി മദ്രാസിൽവച്ച് ഒരു പത്ര സമ്മേളനം നടത്തിയതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വന്നിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഒരു അഖിലേൻഡ്യാനയം ആവശ്യമാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ആ അഭിപ്രായത്തോടു ആരും വിയോജിക്കുമെന്ന് എനിക്കഭിപ്രായമില്ല. വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഒരു ദേശീയനയം ഉണ്ടായിരിക്കേണ്ടതാവശ്യമാണ്. വിശേഷിച്ചും ഈ നാഷണൽ ഇന്റഗ്രേഷനുവേണ്ടി നാം പദ്ധതികൾ ആവിഷ്കരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ ഒരു ഭാഗമായി വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഒരു ദേശീയനയം ഉണ്ടായിരിക്കേണ്ടതാവശ്യമാണ്. പക്ഷെ അങ്ങനെ ഒരു ദേശീയനയം നടപ്പാക്കുന്നതിനു ഇന്നു സ്റ്റേറ്റുഗവണ്മെന്റുകൾക്കു സമ്മതമില്ലാതെ ഇരിക്കുന്നു എന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നതു്. അതിനുള്ളകാരണം അദ്ദേഹം പറഞ്ഞതു്, വിദ്യാഭ്യാസം ഇപ്പോൾ ഭരണഘടനയനുസരിച്ചു ഒരു സ്റ്റേറ്റുസബ്ജക്റ്റാണ് എന്നാണ്. അതുകൊണ്ട് വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളമുള്ള ചുമതല സ്റ്റേറ്റു ഗവണ്മെന്റുകൾക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുമാറണമെന്നുണ്ടെങ്കിൽ വിദ്യാഭ്യാസം കൺകറൻറുലിസ്റ്റിലെങ്കിലും ഉൾപ്പെടുത്തേണ്ടതാണെന്നാണ്. എങ്കിൽ മാത്രമേ അതു ദേശീയമാക്കുന്നതിനും വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കഴികയുള്ളു എന്ന അഭിപ്രായത്തിലാണ് അദ്ദേഹം എത്തിച്ചേർന്നിരിക്കുന്നതു്. അതിനു സ്റ്റേറ്റുഗവണ്മെൻറുകൾ അനുകൂലിക്കുന്നില്ല. നമ്മുടെ സ്റ്റേറ്റുഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിൻെറ അഭിപ്രായമെന്താണെന്നു വ്യക്തമല്ല. എന്തായിരുന്നാലും നമ്മുടെ പ്രത്യേകമായ പരിതഃസ്ഥിതിയെ കണക്കിലെടുക്കുമ്പോൾ വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കേണ്ടിവരുന്ന തുകയും അതിനുള്ള ഗവണ്മെൻറിൻെറ കഴിവില്ലായ്മയും മനസ്സിൽവച്ചുകൊണ്ടു നിശ്ചയമായും ഈ പ്രശ്നത്തെക്കുറിച്ചാലോചിക്കേണ്ടതാണ്. ഇന്നത്തെ നിലയിൽ ഈ വിദ്യാഭ്യാസാവശ്യങ്ങൾക്കുവേണ്ടി കേന്ദ്രഗവണ്മെൻറു സഹായം നൽകാൻ തയാറാകുന്നില്ലെങ്കിൽ നിശ്ചയമായും വിദ്യാഭ്യാസം കൺകറൻറു ലിസ്റ്റിൽപ്പെടുത്താനെങ്കിലും സ്റ്റേറ്റുഗവണ്മെൻറു ശക്തിയായി ആവശ്യപ്പെടണമെന്നാണ് എൻെറ അഭിപ്രായം. അതിനു സ്റ്റേറ്റുഗവണ്മെൻറുകൾ അനുകൂലികളല്ലാ എന്നു കേന്ദ്രഗവണ്മെൻറിൻെറ വിദ്യാഭ്യാസമന്ത്രി പത്രപ്രതിനിധികളോടു പറയുകയുണ്ടായി. അതിനു കാരണമായി അദ്ദേഹം പറയുന്നതു് സ്റ്റേറ്റുഗവണ്മെൻറുകൾക്കു അതേ സംബന്ധിച്ച ഇന്നുള്ള അധികാരങ്ങൾ നഷ്ടപ്പെട്ടുപോകുമെന്നുള്ള ഭയമാണെന്നാണ്. വിദ്യാഭ്യാസവകുപ്പിലെ നിയമനങ്ങളെ സംബന്ധിച്ചും മററും അവരുടെ അധികാരങ്ങൾ കൈവിട്ടുപോകുമെന്നുള്ളതുകൊണ്ടാണ്. എന്തായിരുന്നാലും അഖിലേൻഡ്യാനയങ്ങളിൽ നിന്നു് വ്യതിചലിക്കുന്നതിനെ സംബന്ധിച്ചിടത്തോളം നമ്മുടെ ഗവണ്മെൻറു ഒരു റിക്കാർഡുതന്നെ സൃഷ്ടിച്ചിട്ടുണ്ട്.

സെക്കണ്ടറി എഡ്യൂക്കേഷനെ സംബന്ധിച്ചിടത്തോളം ഒരു കൗൺസിലുണ്ട്. ആ കൗൺസിലിൻെറ തീരുമാനങ്ങൾ ഈ ഗവണ്മെൻറു നടപ്പിലാക്കുന്നില്ല. വിദ്യാഭ്യാസവകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിലും ഒരു യോജിച്ച തീരുമാനത്തിൽ എത്താൻ കഴിഞ്ഞില്ല. സെക്കണ്ടറിവിദ്യാഭ്യാസകൗൺസിലിൻെറ തീരുമാനമനുസരിച്ചു് ഇവിടെ നടപ്പാക്കാനുദ്ദേശിച്ചിരുന്ന പരിഷ്കാരങ്ങൾ ഈ ഗവണ്മെൻറ് ഉപേക്ഷിച്ചുകഴിഞ്ഞിരിക്കുകയാണ്. അതിനു ഒന്നു രണ്ടു് ഉദാഹരണങ്ങൾ ഞാൻ പറയാം. ക്രാഫ്‌റ്റു് ടീച്ചിംഗിനെ സംബന്ധിച്ചിടത്തോളം അതു കൂടുതൽ കാര്യക്ഷമമായി എല്ലാ സ്കൂളുകളിലും പഠിപ്പിക്കണമെന്നുള്ളകാര്യത്തിൽ ആർക്കും എതിർക്കാൻ കഴിയുമെന്നു് എനിക്കു തോന്നുന്നില്ല. മുഖ്യമന്ത്രിയും അതിനെതിരല്ല എന്നാണെൻെറ വിശ്വാസം. നിലവിലിരിക്കുന്ന ക്രാഫ്‌റ്റുപഠനത്തിൽ മാത്രമേ അദ്ദേഹത്തിനെതിർപ്പുള്ളു. ഇന്നു ക്രാഫ്‌റ്റു കാര്യക്ഷമമായി പഠിപ്പിക്കുന്നതിനു നമുക്കു കഴിവില്ല. എന്നാൽ അതിൽ അന്തർഭവിക്കുന്ന തത്വത്തോടു ആർക്കും എതിർപ്പില്ല. ഒരു അഖിലേൻഡ്യാനയമാണ് ക്രാഫ്‌റ്റു് പഠിപ്പിക്കുക എന്നുള്ളതു്. എന്നാൽ നമ്മുടെ ഗവണ്മെൻറു അതു ഉപേക്ഷിച്ചിരിക്കുന്നു.

പിന്നെ ഹയർ സെക്കണ്ടറി സ്കൂളുകളെ സംബന്ധിച്ചിടത്തോളമാണ്. അതു നല്ലതാണ് എന്നാണ് സെക്കണ്ടറി എഡ്യൂക്കേഷൻ കൗൺസിലിൻെറ അഭിപ്രായം. ചില സംസ്ഥാനങ്ങൾ ഈ സ്‌കീം നടപ്പിലാക്കിയിട്ടുണ്ട്. അവരുടെ അനുഭവത്തിൽ ആ സ്‌കീം നല്ലതാണെന്നു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതു നല്ലതാണ്; പ്രയോജനമുള്ളതാണ് എന്നു അവർ പറയുന്നു. അതു സംബന്ധിച്ച കേന്ദ്രഗവണ്മെൻറിൻെറ ഒരു പ്രസ്നോട്ടും അതിനുണ്ടായിരുന്നു. അതു നമ്മുടെ ഗവണ്മെൻറു ഉപേക്ഷിച്ചിരിക്കുന്നു. അതു ഈ ഗവണ്മെൻറു പരീക്ഷിച്ചുനോക്കീട്ടില്ല. അതിനുമുമ്പു അതു കൊള്ളുകില്ലാ എന്നു പറഞ്ഞു ഉപേക്ഷിച്ചു.

അതുപോലെതന്നെ നാഷനൽ ഡിസിപ്ലിൻ സ്കീം കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. വിദ്യാർത്ഥികളിൽ ശിക്ഷണബോധം വളർത്തുന്നതിനും, അവരെ രാജ്യസ്നേഹികളായ നല്ല പൗരന്മാരാക്കി വളർത്തുന്നതിനും സഹായകമായ ഒരു പദ്ധതിയാണ് അതു്. ആ പ്രസ്ഥാനം കേരളത്തിനു സംസ്ഥാന ഗവണ്മെൻറു വേണ്ടെന്നു വച്ചിരിക്കുകയാണ്. അതിനുവേണ്ടി അദ്ധ്യാപകരെ പരിശീലിപ്പിച്ചു് എല്ലാ സ്കൂളുകളിലേക്കും അയയ്ക്കാൻ കേന്ദ്രഗവണ്മെൻറ് തയ്യാറായിരുന്നു. പക്ഷെ, സംസ്ഥാന ഗവണ്മെൻറു കേരളത്തിൽ

2/1768/S

LIBRARY ARCHIVES Kerala Legislative Assembly

[Shri K. Krishna Pillai]

അതു വേണ്ടെന്നു വച്ചിരിക്കുകയാണ്. എന്തടിസ്ഥാനത്തിലാണ് അതു വേണ്ടെന്നുവച്ചതു്? ഇവിടെ വിദ്യാഭ്യാസ പ്രശ്നങ്ങൾ തീരുമാനിക്കപ്പെടുന്നതു്, വിദ്യാഭ്യാസത്തിന്റെ താല്പര്യങ്ങൾ വച്ചുകൊണ്ടല്ല; വിദ്യാർത്ഥികളുടെയോ, സമൂഹത്തിന്റെയോ താല്പര്യം വച്ചുകൊണ്ടല്ല. മററു ചില പരിഗണനകൾ വച്ചുകൊണ്ടാണ് പലപ്പോഴും വിദ്യാഭ്യാസ പ്രശ്നങ്ങൾക്കു തീരുമാനം എടുക്കാറുള്ളതു്. അതിനു പ്രകടമായ ഉദാഹരണം എൻ. ഡി. എസ്സ്. വേണ്ടെന്നുവച്ചതുതന്നെ. എൻ. ഡി. എസ്സ്. വേണ്ടെന്നു വയ്ക്കാൻ എന്താണു കാരണം? ഇവിടെ ക്രാഫ്ററു വേണ്ടെന്നു തീരുമാനിച്ചു. ക്രാഫ്ററു വേണ്ടവിധം പഠിപ്പിക്കാൻ കഴിയില്ലെങ്കിൽ അതു വേണമെന്നുള്ള അഭിപ്രായം എനിക്കും ഇല്ല. പക്ഷേ, ക്രാഫ്ററു പഠിപ്പിക്കാൻപോലും കൊള്ളരുതാത്ത അദ്ധ്യാപകരെ ഫിസിക്കൽ ട്രെയിനിംഗിനയച്ചിട്ടു് അവരെ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചേഴ്സായി മാററാൻ ഒരു തീരുമാനം എടുത്തു. ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറായിരിക്കേണ്ടതു നല്ല യോഗ്യതയുള്ളവരായിരിക്കേണ്ടതു് വിദ്യാർത്ഥികളുടെ ആവശ്യമാണ്, വിദ്യാഭ്യാസത്തിന്റെതന്നെ ആവശ്യമാണ്. പക്ഷേ, കായികമായും, മററുതരത്തിലും വേണ്ടയോഗ്യതയില്ലാത്ത, ക്രാഫ്ററു ടീച്ചേഴ്സിനെ ഒരു ട്രെയിനിംഗ് പരിശീലനം കഴിഞ്ഞു് ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചേഴ്സായി മാററണമെന്നുള്ളതാണ് ഗവണ്മെന്റിന്റെ ആവശ്യം. അങ്ങനെ വിദ്യാർത്ഥികളുടെ മേൽ യോഗ്യതയില്ലാത്ത അദ്ധ്യാപകരെ അടിച്ചേല്പിക്കുററതു നിമിത്തം വിദ്യാർത്ഥികളുടെ ഭാവി നഷ്ടപ്പെടുകയായിരിക്കും ഫലം. ക്രാഫ്ററു അദ്ധ്യാപകരെ മറേറതെങ്കിലും ജോലിക്കു നിയോഗിക്കണം. യോഗ്യതയുള്ളവരെ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചേഴ്സായി നിയമിക്കണം. ഇങ്ങനെ ഈ രാജ്യത്തെ വിദ്യാഭ്യാസരംഗത്തെ താറുമാറാക്കുന്ന നയമാണു് ഇന്നു സ്വീകരിച്ചിരിക്കുന്നതു്. ഇങ്ങനെയാണ് ഞാൻ നേരത്തേ പറഞ്ഞ എൻ. ഡി. എസ്സ്. വേണ്ടെന്നു വച്ചതു്. അതുകൊണ്ടു് നല്ല കഴിവും, ഉയർന്ന പരീക്ഷായോഗ്യതയും ഉള്ളവരെ എൻ. ഡി. എസിനു തിരഞ്ഞെടുക്കാത്തതുകൊണ്ടു് കേന്ദ്രഗവണ്മെന്റിന്റെ ധനസഹായം ലഭിക്കാതെവന്നു. ഗ്രാഡുവേററുകളായ കുറേപ്പേർ, ഫിസിക്കൽ എഡ്യൂക്കേഷൻ കോഴ്സിനു് ചേരാൻ തയ്യാറായിരുന്നു. അങ്ങിനെയിരിക്കുമ്പോൾ, എൻ. ഡി. എസ്സ്. വേണ്ടെന്നു വച്ചു. ഇപ്പോൾതന്നെ, തിരുവനന്തപുരത്തും, തൃശ്ശൂരുമായി 200 പേർ ജോലി ചെയ്യുന്നുണ്ടു്. കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടു്. ഗ്രാഡുവേററുകളും, പോസ്ററു ഗ്രാഡുവേററുകളും ഈ കൂട്ടത്തിലുണ്ടു്. ട്രെയിനിംഗ് കഴിഞ്ഞതിനു ശേഷം കേരളത്തിൽ ഇരുനൂറോളം പേർ ജോലിചെയ്യുന്നുണ്ടു്. കഴിഞ്ഞ രണ്ടു വർഷമായി അതു നിറുത്തിവച്ചിരിക്കുകയാണ്. സംസ്ഥാനവ്യാപകമായി, 200 വിദ്യാർത്ഥികൾക്കു് ഒരാൾ എന്ന നിലയിൽ അദ്ധ്യാപകരെ തിരഞ്ഞെടുത്തു് പരിശീലനം നൽകുന്നതിനു് ഒരു നയാപൈസപോലും സംസ്ഥാന ഗവണ്മെന്റിനു ചെലവുണ്ടാകുമായിരുന്നില്ല. ഇന്നാണെങ്കിൽ, ക്രാഫ്ററു അദ്ധ്യാപകരെ, പരീക്ഷായോഗ്യതയില്ലാത്ത, കായികശേഷിയില്ലാത്ത ആളുകളെ ഈ ജോലിക്കു പരിശീലിപ്പിക്കുകയാണ്. ഒരു കുറുക്കുവഴി അവർക്കു ജോലിയുണ്ടാക്കാൻ കണ്ടുപിടിച്ചതിന്റെ ഫലമായിട്ടാണ് ഈ പദ്ധതി നഷ്ടപ്പെട്ടിരിക്കുന്നതു്. അഖിലേന്ത്യാ നയവുമായി പൊരുത്തപ്പെടുത്തി ഈ പദ്ധതി നടപ്പാക്കാൻ കഴിയാതെ വന്നിരിക്കുകയാണ്. ഇതുപോലെതന്നെ ഒട്ടനവധി കാര്യങ്ങൾ എടുത്തു പറയാൻ കഴിയും.

സർ, ഇന്നു പള്ളിക്കൂടങ്ങൾ അനുവദിക്കുന്നതിൽതന്നെ ഗവണ്മെന്റു സ്വീകരിച്ചിരിക്കുന്ന നയം എന്താണ്? ഈ രാജ്യത്തു ആവശ്യമുള്ള സ്ഥലങ്ങളിൽ പള്ളിക്കൂടങ്ങൾ അനുവദിക്കുന്നില്ല. കാളേജുകൾ അനുവദിക്കുന്നതും ചില പ്രത്യേക താല്പര്യങ്ങളുടെ അടിസ്ഥാനത്തിലാണ്. ആരാണ് അപേക്ഷകർ, അവർക്കു സമ്മർദ്ദം ചെലുത്താൻ എത്രമാത്രം സ്വാധീനം ഉണ്ടു് എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണു പള്ളിക്കൂടങ്ങളും കാളേജുകളും അനുവദിക്കുന്നതു്. ആവശ്യമുള്ള സ്ഥലത്തു പള്ളിക്കൂടങ്ങൾ കിട്ടുകയില്ല. ആവശ്യമുള്ള സ്ഥലത്തു കാളേജുകൾ ഉണ്ടാകുന്നില്ല. ആവശ്യമില്ലെങ്കിലും മററു

LIBRARY ARCHIVES Kerala Legislative Assembly

പരിഗണനകളുടെ അടിസ്ഥാനത്തിൽ ഇവ അനുവദിക്കപ്പെടും. എൻ. എസ്സ്. എസിനു 5, എസ്സ്. എൻ. ഡി. പി.ക്കു 5, മററു സമുദായങ്ങൾക്കു പ്രത്യേകം, മിഷനറികൾക്കു പ്രത്യേകം ഈ തോതിലാണു് കാളേജുകളും, പള്ളിക്കൂടങ്ങളും അനുവദിക്കപ്പെടുന്നതു്. വിദ്യാഭ്യാസത്തിന്റെ താല്പര്യങ്ങൾ നിഷേധിക്കപ്പെടുകയും, വ്യക്തികളുടെയും, പ്രത്യേക സമുദായങ്ങളുടെയും താല്പര്യങ്ങൾ അംഗീകരിക്കപ്പെടുകയും ചെയ്യുന്ന ഒരു നയമാണു് ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതു്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പൂർണ്ണമായും ഗുണദോഷങ്ങളുടെ അടിസ്ഥാനത്തിൽവേണം അതു സംബന്ധിച്ച പ്രശ്നങ്ങൾ തീരുമാനിക്കപ്പെടാൻ. കേന്ദ്ര വിദ്യാഭ്യാസമന്ത്രി പറഞ്ഞതുപോലെ, അഖിലേൻഡ്യാടിസ്ഥാനത്തിൽ ഒരു വിദ്യാഭ്യാസനയം ഉണ്ടായിരിക്കണം. ഇൻഡ്യയ്ക്കാകമാനം യോജിക്കുന്ന ഒരു കരിക്കുലം ഉണ്ടായിരിക്കണം. ദേശീയോദ്ഗ്രഥനത്തിനു പററിയവിധത്തിലും, ഇൻഡ്യയിലെ വിദ്യാർത്ഥികൾക്കു് ഒരു അഖിലേൻഡ്യാ വീക്ഷണം ഉണ്ടാകുന്നതിനുതകുന്ന രീതിയിലും പ്രത്യേകം ടെക്സ്ററു ബുക്കുകൾ നിശ്ചയിക്കണം. ടെക്സ്ററു ബുക്കുകൾ തയ്യാറാക്കുന്നതിനു് അമേരിക്കയും, റഷ്യയും, ഇംഗ്ലണ്ടും സഹായം നൽകുന്നതാണെന്നു് ഉറപ്പു തന്നിട്ടുണ്ടു്. അതിനൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടു്. അങ്ങനെ നിർമ്മിക്കുന്ന ടെക്സ്ററു ബുക്കുകൾ, അതാതു പ്രാദേശികഭാഷകളിൽ പ്രസിദ്ധപ്പെടുത്തണം. ഇതിനു കേന്ദ്രഗവണ്മെൻറു സംസ്ഥാന ഗവണ്മെൻറുകളെ നിർബ്ബന്ധിക്കണം. പക്ഷേ, നിയമപരമായി അങ്ങനെ ചെയ്തുകൊള്ളണമെന്നു ആവശ്യപ്പെടാൻ ഇന്നു സാധ്യമല്ല. വിദ്യാഭ്യാസം കൺകറൻറു ലിസ്റ്റിൽ ഉൾപ്പെടുത്താൻ സംസ്ഥാനഗവണ്മെൻറുകൾ എതിർക്കാൻ കാരണം ഇതാണു്. ടെക്സ്ററു ബുക്കുകളുടെ കാര്യത്തിലും മററും സംസ്ഥാന ഗവണ്മെൻറുകൾക്കു കുറേ അധികാരമുണ്ടു്. ആ അധികാരം നഷ്ടപ്പെടുമെന്നുള്ള വിചാരമാണു് ഈ പ്രതിഷേധത്തിനു കാരണം. വിദ്യാഭ്യാസത്തിന്റെയും, വിദ്യാർത്ഥികളുടെയും, സമൂഹത്തിന്റെയും താല്പര്യങ്ങൾ വച്ചുകൊണ്ടു നോക്കുമ്പോൾ, കുറേ അധികാരം നഷ്ടപ്പെട്ടാലും, വിദ്യാഭ്യാസത്തിനു് അഖിലേൻഡ്യാടിസ്ഥാനത്തിൽ ഒരു നയം സ്വീകരിക്കാൻ നാം തയ്യാറാകേണ്ടതാണു്. വിദ്യാഭ്യാസാവശ്യങ്ങൾക്കു് ഞാൻ മുൻപു പറഞ്ഞതുപോലെയുള്ള സഹായങ്ങൾ ലഭിക്കുന്നതിനു സാധ്യമല്ലെങ്കിൽ, എന്റെ അഭിപ്രായത്തിൽ, തീർച്ചയായിട്ടും വിദ്യാഭ്യാസം, കൺകറൻറു ലിസ്റ്റിൽ ഉൾപ്പെടുത്താൻ നാം ആവശ്യപ്പെടേണ്ടതാണു്.

സർ, മറെറാന്നു എനിക്കു പറയാനുള്ളതു് വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചാണു്. വിദ്യാഭ്യാസവകുപ്പു പുന:സംഘടിപ്പിക്കാൻ പോകുന്നുവെന്നും, അതിനുവേണ്ടി ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചിട്ടുണ്ടെന്നും അറിയുന്നു. പലപ്പോഴും വിദ്യാഭ്യാസവകുപ്പു പുന:സംഘടിപ്പിച്ചിട്ടുണ്ടു്. ഇനി പുന: സംഘടിപ്പിച്ചാലും വലിയ പ്രയോജനം ഉണ്ടാകാൻ പോകുന്നില്ല. റീജിയനൽ ഡയറക്ടറാഫീസുകളെപ്പററി പല മെമ്പറന്മാരും ഇവിടെ സംസാരിച്ചിട്ടുണ്ടു്. മററു ഡിപ്പാർട്ടുമെൻറുകളിലെ റീജിയനൽ ആഫീസുകളെപ്പററി എനിക്കറിഞ്ഞുകൂട. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലെ റീജിയനൽ ആഫീസ് എന്നു പറഞ്ഞാൽ, ഒരു ആഫീസുകൂട്ടി എന്നല്ല, ഡയറക്ടറക്കുള്ള അധികാരങ്ങൾ, റീജിയനൽ ഡയറക്ടറക്കു കൊടുത്തിരിക്കുകയാണു്. ആ ആഫീസുകൾ വേണ്ടെന്നു വച്ചാൽ, ഇപ്പോൾ റീജിയനൽ ആഫീസിൽ കൈകാര്യം ചെയ്യുന്ന എല്ലാ കാര്യങ്ങളും, ഡയറക്ടറാഫീസിലേക്കു പോകും എന്നുള്ളതായിരിക്കും ഉണ്ടാവുക. ജോലിനടത്തിപ്പിനു് മറെറന്തെങ്കിലും പരിഹാരം കാണാതെ, പെട്ടെന്നു് റീജിയനൽ ആഫീസുകൾ വേണ്ടെന്നു വയ്ക്കരുതെന്നാണു് എന്റെ അഭിപ്രായം. അതിന്റെ വിശദാംശങ്ങളിലേക്കു ഞാൻ കടക്കുന്നില്ല.

സർ, ഏററവും പ്രധാനമായിട്ടുള്ള ഒരു പ്രശ്നം വിദ്യാഭ്യാസ വകുപ്പിലുണ്ടു്. ഇൻസ്പെക്ടിംഗ് ആഫീസറന്മാരുടെ കാര്യം. അദ്ധ്യാപകർക്കും, എ. ഇ. ഒ. മാർക്കും പ്രമോഷൻകൊടുത്തു് ഇൻസ്പെക്ടിംഗ് ആഫീസറന്മാരാക്കുന്ന സമ്പ്രദായം, ഈ ഡിപ്പാർട്ടുമെൻറു കാര്യക്ഷമമാക്കാൻ സഹായിക്കുന്നതല്ല. ഡി. ഇ. ഒ. മാരായി നിയമിക്കുന്നതിനു് പ്രത്യേകം സെലക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

[Shri K. Krishna Pillai]

നടത്തുന്ന—അതിൽ അദ്ധ്യാപകർക്കുകൂടി മത്സരിക്കാൻ അവസരം നൽകണം—ഒരു നയം സ്വീകരിക്കണം. കൊള്ളാവുന്ന ആളുകളെവേണം ഈ ഉദ്യോഗത്തിനു തിരഞ്ഞെടുക്കാൻ. പ്രായമായി, പെൻഷനു സമയം അടുത്തിരിക്കുന്ന, 54 വയസ്സുവരെ എത്തിയിരിക്കുന്ന ആളുകളെ ഡി. ഇ. ഓ മാരായി നിയമിക്കാറുണ്ട്. വിദ്യാഭ്യാസനിയമ സംബന്ധമായി, ഭരണപരമായി, യാതൊരു പരിചയവുമില്ലാത്തവർ വന്നാൽ, ആഫീസിലെ ക്ലാർക്കന്മാരുടെ നിയന്ത്രണത്തിനു വിധേയരായിട്ടു കഴിയാനേ സാധിക്കു. റീജണൽ ആഫീസുകൾ മാററുകയോ, വേണ്ടെന്നുവയ്ക്കുകയോ ചെയ്തതുകൊണ്ട് ഈ പ്രശ്നത്തിനു പരിഹാരം ഉണ്ടാകുകയില്ല. ഇൻസ്പെക്‌റ്റിംഗ് ആഫീസറന്മാരായി പ്രായം കുറഞ്ഞ ആളുകളെ സെലക്‌റ്റുചെയ്തു നിയമിക്കണം. കൂട്ടത്തിൽ യോഗ്യതയും കഴിവും ഉള്ള അദ്ധ്യാപകർക്കുകൂടി മത്സരിക്കാൻ അവസരം നൽകണം. അങ്ങനെയുള്ളവരെ പ്രത്യേകം പരിശീലനം നൽകി നിയമിക്കേണ്ടതാണ്. ചില അദ്ധ്യാപകർക്ക് ഇതു ദോഷകരമായിരിക്കും. ഏതാനും അദ്ധ്യാപകർക്കു ദോഷമാണെന്നു വന്നാലും, വിദ്യാഭ്യാസ താല്പര്യത്തിനു അടിയന്തിരമായി സ്വീകരിക്കേണ്ട ഒരു നടപടിയാണിത്. ആഫീസുകൾ ഏതെല്ലാം വേണമെന്ന് തീരുമാനിക്കുന്നതോടൊപ്പംതന്നെ, ആഫീസറന്മാർ ആരായിരിക്കണമെന്നു തീരുമാനിക്കുന്ന പ്രശ്നത്തിനും പ്രാധാന്യം നൽകണം. പ്രമോഷൻ സംപ്രദായത്തിൽ, ഇൻസ്പെക്‌റ്റിംഗ് ആഫീസറന്മാരെ നിശ്ചയിക്കുന്ന രീതി പാടേ ഉപേക്ഷിക്കേണ്ടതാണ്. അതു ചെയ്യാതെ, മററു പുനഃസംഘടനകൊണ്ട് വലിയ പ്രയോജനമില്ലെന്നേ ഈ കാര്യത്തെപ്പററി എനിക്കു പറയാനുള്ളു.

സർ, അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം ഒരു വസ്തുതകൂടി പറയാൻ ഞാനാഗ്രഹിക്കുന്നു. അദ്ധ്യാപകർ അവരുടെ അവകാശങ്ങൾക്കു വേണ്ടി ഇന്നു സമരം ആരംഭിച്ചിരിക്കുകയാണെന്നു എല്ലാവർക്കും അറിയാം. അദ്ധ്യാപകർ അവകാശങ്ങൾക്കുവേണ്ടി വാദിക്കുമ്പോൾ, ഗവണ്മെൻറും, അദ്ധ്യാപകരും തമ്മിൽ ഒരു മുതലാളി തൊഴിലാളി ബന്ധംപോലെ ആ പ്രശ്നത്തെ കൈകാര്യം ചെയ്യരുതു്. ഒരു പക്ഷേ, വിവരമുള്ള ചില മുതലാളിമാർ വളരെ സൗമനസ്യത്തോടുകൂടി തൊഴിലാളികളുടെ സംഘടനകളുമായി ഇടപെടാറുണ്ട്. അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം, ഗവണ്മെൻറിന്റെ ഇന്നത്തെ നിലപാട്, ചില പിന്തിരിപ്പൻ മുതലാളിമാർ തൊഴിലാളികളോട് അനുവർത്തിക്കുന്ന ഒരു നയമാണ് എന്നു പറയേണ്ടിയിരിക്കുന്നു. അതു് അങ്ങേയററം ആപൽക്കരമായിരിക്കുമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എഡ്യൂക്കേഷൻ അഡൈ്വസറി ബോർഡ് പല ശുപാർശകളും ഗവണ്മെൻറിനു സമർപ്പിച്ചിട്ടുണ്ട്. അതു കഴിഞ്ഞ ഒരു ദിവസം ഇവിടെ ചർച്ചാവിഷയമായി. ആ ശുപാർശകളിൽ പലതും ഗവണ്മെൻറു നടപ്പാക്കിയിട്ടില്ലെങ്കിലും, അദ്ധ്യാപകരുടെ സംഘടനകൾ അംഗീകരിക്കാൻ ചില വ്യവസ്ഥകൾ പാലിക്കണമെന്നുള്ള ശുപാർശ ഉടനെ പ്രയോഗത്തിൽ വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. എത്രയോ അദ്ധ്യാപക സംഘടനകൾ ഇവിടെ പ്രവർത്തിച്ചു വരുന്നുണ്ട്. ഇന്നു് അഭിമാനബോധമുള്ള ഒരു അദ്ധ്യാപക സംഘടനയ്ക്കും സ്വീകാര്യമല്ലാത്ത വ്യവസ്ഥകളാണ് അംഗീകാരത്തെ സംബന്ധിച്ചിടത്തോളം ഇന്നുള്ളതു്. ഇത്രയും അവമാനകരമായ വ്യവസ്ഥകൾ ഉണ്ടാക്കിയതിനുശേഷം, അദ്ധ്യാപക സംഘടനകൾ അതനുസരിച്ചു അംഗീകാരം വാങ്ങിക്കൊള്ളണം, അംഗീകാരം വാങ്ങാത്ത സംഘടനകളെ ഗവണ്മെൻറു പരിഗണിക്കുന്നതല്ല എന്നൊരു തീരുമാനം എടുക്കുന്നതു അങ്ങേയററം ആപൽക്കരമായിരിക്കും എന്നു മാത്രമേ എനിക്കു ആ കാര്യത്തെപ്പററി പറയാനുള്ളു. ഈ രാജ്യത്തെ അദ്ധ്യാപകസംഘടനകൾ എല്ലാം ചേർന്നു്, അത്യാവശ്യമായ ആവശ്യങ്ങൾ ഉന്നയിച്ച് ഒരു സംയുക്ത മെമ്മോറാണ്ടം കൊടുക്കുകയുണ്ടായി. അതിനെ സംബന്ധിച്ചു ചില സാങ്കേതിക കാരണം പറഞ്ഞുകൊണ്ട്, തിരുവിതാംകൂർ പ്രത്യേകമായിരുന്ന കാലം മുതൽ പ്രൈവററു മേഖലയിൽ വളരെ പ്രശസ്തമായി പ്രവർത്തിച്ചുകൊണ്ടിരുന്ന സംഘടനയ്ക്കുപോലും അംഗീകാരം കൊടുത്തിട്ടില്ലെന്നകാരണം പറഞ്ഞു്, അവരുടെ ആളുകളെ സംസാരിക്കാൻ വിളിക്കുന്നതിനു ഗവണ്മെൻറു

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറായില്ല എന്നാണു ഞാൻ മനസ്സിലാക്കുന്നതു്. എന്നാൽ, വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരം ഇല്ലാത്തതുകൊണ്ടു് ആ സംഘടന പ്രവർത്തിക്കാതിരിക്കുമെന്നു ആരും വിചാരിച്ചിട്ടു കാര്യമില്ല. ആരുടെയെങ്കിലും സൗജന്യംകൊണ്ടല്ല ആ അദ്ധ്യാപകസംഘടന ഉണ്ടായതും, വളർന്നതും. അതിനു് അംഗീകാരം കൊടുക്കുന്നില്ലെന്നുള്ളതുകൊണ്ടു് അതു ഇല്ലാതാകാൻപോകുന്നില്ല. അപമാനകരമായ വ്യവസ്ഥകൾ അടിച്ചേല്പിച്ചുകൊണ്ടു് അംഗീകാരം വാങ്ങണമെന്നു പറഞ്ഞു്, അദ്ധ്യാപക സംഘടനകളെ ഇല്ലാതാക്കാനുള്ള ഒരു ശ്രമമാണു് ഗവണ്മെന്റു നടത്തുന്നതു്. എത്രയോ നല്ല ശുപാർശകൾ എഡ്യൂക്കേഷൻ അഡ്വൈസറിബോർഡു ഗവണ്മെന്റിലേക്കു സമർപ്പിച്ചിട്ടുണ്ടു്. അതിലൊന്നുപോലും പ്രയോഗത്തിൽ വരുത്താതെ, അടിയന്തിരമായി പ്രയോഗത്തിൽ വരുത്താൻ ഗവണ്മെന്റു സ്വീകരിച്ച ശുപാർശ ഇതു മാത്രമായിരുന്നു. ആവശ്യമുള്ളതൊന്നും സ്വീകരിക്കാതെ, അദ്ധ്യാപകരെ പലതട്ടുകളിലാക്കാനും, അവർ ആവശ്യങ്ങളുമായി ഗവണ്മെന്റിനെ സമീപിക്കുമ്പോൾ അതു നിഷേധിക്കാനും പററിയ ഈ ശുപാർശ അടിയന്തിരമായി സ്വീകരിച്ചിരിക്കുകയാണു്. ശുപാർശകളിലെ വ്യവസ്ഥകൾ അനുസരിച്ചു്, സംഘടനകൾക്കു അംഗീകാരം വാങ്ങുന്നില്ലെങ്കിൽ, അത്തരം സംഘടനകളെ അംഗീകരിക്കാൻ ഗവണ്മെന്റു തയ്യാറായില്ലെന്നുവരും, ആ സംഘടനകളിലെ ആളുകളെ സംസാരിക്കാൻ വിളിച്ചില്ലെന്നുവരും. അങ്ങനെയൊരു യുദ്ധം, ഇപ്പോൾ അദ്ധ്യാപകരുമായി ഗവണ്മെന്റു പ്രഖ്യാപിച്ചിരിക്കുകയാണു്. ഈ ഒരു നയമാണു് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനുള്ളതു്. വിദ്യാഭ്യാസപരമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം കുറേക്കൂടി സൗമനസ്യത്തോടുകൂടി ഒരു നയം ഗവണ്മെന്റു സ്വീകരിക്കേണ്ടതു് ആവശ്യമാണു്. അല്ലെങ്കിൽ നിശ്ചയമായി ഈ രംഗത്തു വളരെയേറെ അസ്വാസ്ഥ്യങ്ങൾ ഉണ്ടാകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതുകൊണ്ടു് ഇത്തരത്തിലുള്ള ഒരു നയം സ്വീകരിക്കാതെ, അദ്ധ്യാപകർ ന്യായമായി ആവശ്യപ്പെടുന്ന പ്രശ്നങ്ങൾക്കു് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കേണ്ടതാണു്. ഏതെല്ലാം കാര്യങ്ങൾ ഗവണ്മെന്റിനു സ്വീകാര്യമാണു്, എന്തു കാരണത്താൽ ഏതെല്ലാം ആവശ്യങ്ങൾ തൽക്കാലം മാററിവയ്ക്കണം എന്നെല്ലാം ചിന്തിക്കാനും, പരസ്പരം ബോധ്യപ്പെടുത്താനും അവരെക്കൂടി വിളിച്ചുവരുത്തി, സംസാരിക്കാൻ ഗവണ്മെന്റു തയ്യാറാകേണ്ടതായിരുന്നു. ഗവണ്മെന്റിനു് എന്തെല്ലാം ചെയ്യാൻ സാമ്പത്തികബാദ്ധ്യത അനുവദിക്കുന്നു, എന്തെല്ലാം മാററി വയ്ക്കേണ്ടിവരും എന്നു അവരെക്കൂടി മനസ്സിലാക്കാൻ അദ്ധ്യാപക സംഘടനാ പ്രതിനിധികളെ വിളിച്ചു സംസാരിക്കേണ്ടതായിരുന്നു. അങ്ങനെയൊരു സമീപനം ഈ കാര്യത്തിൽ അത്യാവശ്യമാണെന്നു ഞാൻ ഗവണ്മെന്റിനെ ഓർമ്മപ്പെടുത്തുകയാണു്.

മറെറാന്നു വിദ്യാഭ്യാസ നിലവാരത്തെ സംബന്ധിച്ചാണു്. അടുത്ത കാലത്തു് കേന്ദ്രവിദ്യാഭ്യാസ വകുപ്പു സെക്രട്ടറി ശ്രീ. പ്രേം കൃപാൾ എഴുതി, എഡ്യൂക്കേഷൻ ക്വാർട്ടർലിയിൽ പ്രസിദ്ധം ചെയ്ത ലേഖനത്തിൽ വിദ്യാഭ്യാസ നിലവാരം താണുപോയതിനു ചില കാരണങ്ങൾ പറയുന്നുണ്ടു്. നിലവാരം താണതിനെപ്പററി അദ്ദേഹം പറയുന്നതു്, വിദ്യാഭ്യാസപരമായി യാതൊരു താൽപ്പര്യവുമില്ലാത്തവർ, ആ രംഗത്തു് ഇരച്ചു കയറിയതു അതിനു പ്രധാന കാരണമാണെന്നാണു്. 1950-നുശേഷം വിദ്യാർത്ഥികളുടെ എണ്ണം തന്നെ മൂന്നിരട്ടിയായി വർദ്ധിച്ചിട്ടുണ്ടു്. വിദ്യാഭ്യാസത്തിന്റെ ചെലവിന്റെ തോതു് അതിനനുസരണമായി വർദ്ധിച്ചിട്ടില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു് ആവശ്യമുള്ള ഉപകരണങ്ങളോ, ലാബറട്ടറിയോ, ലൈബ്രറിയോ ഇല്ലെന്നുള്ളതാണു മറെറാരു കാരണം. അദ്ധ്യാപകരുടെ കാര്യമാണെങ്കിൽ, ഇന്നു് ബി. ഏ. ക്കും, ബി. എസ്സ്‌സിക്കും ആരാണു പഠിക്കാൻ പോകുന്നതു്? സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം കിട്ടാതെ വരുമ്പോൾ മെരിററിന്റെ അടിസ്ഥാനത്തിൽ അവിടെ പ്രവേശനം ലഭിക്കാതെ വരുമ്പോൾ ബി. എസ്സ്‌സിക്കും, ബി. ഏ. ക്കും. ചേരുന്നു. ഒരുവിധം കഴിവും, പ്രാപ്തിയുമുള്ളവർ ടെക്നിക്കൽ സ്റ്റഡീസിനുപോകും. ബി. ഏ. ക്കും, ബി. എസ്സ്‌സിക്കും പഠിച്ചു പാസായി വരുന്നവരിൽ ഒരു വിഭാഗം മററു തുറകളിൽ എന്തെങ്കിലും പണിയന്വേഷിച്ചു പോകും. ക്ലാർക്കന്മാരുടെ പണിക്കുപോലും കൊള്ളരുതാത്ത ശേഷിക്കുന്നവർ അദ്ധ്യാപകരായിട്ടു പോകുന്ന

LIBRARY ARCHIVES Kerala Legislative Assembly

[Shri K. Krishna Pillai]

പതിവാണ് ഇപ്പോൾ ഉള്ളത്. അങ്ങനെയുള്ള അദ്ധ്യാപകരെക്കൊണ്ടു വിദ്യാലയങ്ങളിലെ നിലവാരം ഉയർത്താമെന്നു പറഞ്ഞാൽ അതു അത്ര പ്രായോഗികമാണെന്നു തോന്നുന്നില്ല. ചിലർക്കു പ്രത്യേകം പ്രോൽസാഹനം നൽകുന്ന ചില കുറുക്കുവഴികളെപ്പററി മുഖ്യമന്ത്രി പറഞ്ഞു. അതുകൊണ്ടു മാത്രം ഈ ഉദ്ദേശം സാധിക്കുമെന്നു തോന്നുന്നില്ല. കഴിവുള്ളവരെ കൂടുതൽ ആകർഷിക്കുന്നതിനുള്ള മററു വല്ല മാർഗ്ഗവും നോക്കണം. അവരുടെ സേവന വ്യവസ്ഥകൾ കൂടുതൽ ആകർഷകമാക്കണം. പ്രൈവററു സ്കൂളുകളിലെ അദ്ധ്യാപകർക്ക് ഗവണ്മെൻറു സ്കൂൾ അദ്ധ്യാപകരുടെ തുല്യ പരിഗണന നൽകാൻ സാദ്ധ്യമല്ല എന്ന മുഖ്യമന്ത്രിയുടെ ഇന്നത്തെ അഭിപ്രായഗതി ശരിയല്ല. അതിൻെറ അടിസ്ഥാനത്തിൽ വിദ്യാഭ്യാസമന്ത്രി ചിന്തിക്കരുതെന്നും, ഇന്നത്തെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പററിയ നടപടികൾ സ്വീകരിക്കുകയാണു വേണ്ടതെന്നും ഈ അവസരത്തിൽ പ്രത്യേകം ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

സർ, ലോവർ പ്രൈമറി സ്കൂളുകളിൽ അടുത്ത അദ്ധ്യയനവർഷം മുതൽ 5-ാം സ്റ്റാൻഡേർഡ് നിറുത്തലാക്കുമെന്നു പറയുകയുണ്ടായി. ആദ്യം ലോവർ പ്രൈമറി സ്കൂളിൽ 5-ാം സ്റ്റാൻഡേർഡ് ഉണ്ടായിരുന്നില്ല. ഇടയ്ക്കു 5-ാം സ്റ്റാൻഡേർഡ് എൽ. പി. സ്കൂളിൽ ഏർപ്പെടുത്തി. ഇപ്പോൾ വീണ്ടും അതു എൽ. പി. സ്കൂളിൽ നിന്നു വേർതിരിക്കുകയാണ്. ഇതുമൂലം പല സ്കൂളുകളിലും വിഷമം നേരിടുന്നതാണ്. [illegible]ട്ടത്തെങ്ങും അപ്പർ പ്രൈമറി സ്കൂൾ ഇല്ലാത്ത പ്രദേശങ്ങളിലെ കുട്ടികൾക്ക് തുടർന്നു പഠിക്കാനുള്ള വിഷമം ഇതുമൂലം വർദ്ധിക്കുന്നതാണ്. അടുത്തു സ്കൂളില്ലാത്ത പ്രദേശങ്ങളിലെ ഇത്തരം എൽ. പി. സ്കൂളുകൾ അപ്പർ പ്രൈമറിസ്കൂളുകളായി ഉയർത്തേണ്ടതാണ്. എല്ലാ സ്കൂളുകളും ഇങ്ങനെ അപ്ഗ്രേഡുചെയ്യാൻ സാധിച്ചെന്നു വരികയില്ല. എന്നിരുന്നാലും, 5-ാം സ്റ്റാൻഡേർഡ് നിറുത്തലാക്കുന്നതുമൂലം കൂടുതൽ പ്രയാസം നേരിടുന്ന പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം ഈ നടപടി കൂടുതൽ സഹായകമായിരിക്കും. ഒരു ഫേസ്ഡ് പ്രോഗ്രാം അനുസരിച്ച് ഇത്തരം വിഷമം ഉണ്ടാകുന്ന സ്ഥലങ്ങളിലെ ലോവർ പ്രൈമറി സ്കൂളുകൾ അപ്പർ പ്രൈമറി സ്കൂളുകളാക്കി ഉയർത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. സർ, ഈ വക പ്രശ്നങ്ങൾ ഗവണ്മെൻറു പ്രത്യേകം പരിഗണിക്കുമെന്നു വിശ്വസിക്കുന്നു. ഞാൻ ഈ ഡിമാൻഡിനെ എതിർക്കുകയാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ച കാര്യങ്ങൾ ഞാൻ സ്പർശിക്കണമെന്നു വിചാരിക്കുന്നില്ല. വളരെ പ്രാധാന്യമുള്ളതെന്നു എനിക്കു തോന്നുന്ന ഒന്നു രണ്ടു കാര്യങ്ങൾ മാത്രം പറയുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. വിദ്യാഭ്യാസ നിലവാരം വളരെയധികം താഴ്ന്നിരിക്കുകയാണ് എന്നുള്ള കാര്യത്തിൽ യാതൊരു സംശയത്തിനും കാര്യമില്ല. പക്ഷെ അതു നന്നാക്കുന്നതിനുവേണ്ടി കൂടുതൽ പണം ചെലവാക്കി കെട്ടിടങ്ങൾ ഉണ്ടാക്കുകയും ഉപകരണങ്ങൾ വാങ്ങുകയും ചെയ്യണമെന്നു പറഞ്ഞാൽ അതുകൊണ്ടു മാത്രം ഈ നിലവാരം ഉയരുമെന്നുള്ളതിൽ എനിക്കു സംശയമുണ്ട്. ആ വിധത്തിലൊന്നും പണം ചെലവാക്കാതിരുന്ന കാലഘട്ടത്തിൽ പഠിച്ചിരുന്ന പലരുടേയും വിദ്യാഭ്യാസ നിലവാരം താണുപോയിട്ടില്ല എന്നു കാണാവുന്നതാണ്. അങ്ങനെ പഠിച്ചിട്ടുള്ള പല വലിയ വിദഗ്ദ്ധന്മാരും ഇന്നും ജീവിച്ചിരിപ്പുണ്ട്. വാസ്തവം പറയുകയാണെങ്കിൽ ഈ നിലവാരം താണുപോകാനുള്ള കാരണം ശരിയായ ഒരു നയം വിദ്യാഭ്യാസ കാര്യത്തിൽ ഈ ഗവണ്മെൻറിനില്ല എന്നുള്ളതാണ്. വിദ്യാഭ്യാസത്തെ സംബന്ധിച്ച ഏതു നയമാണ് സ്വീകരിക്കേണ്ടതെന്നുള്ളതിനെ സംബന്ധിച്ച ഗവണ്മെൻറിൽനിന്നും ഒരു തീരുമാനം എടുത്തു അതനുസരിച്ചു പ്രവർത്തിക്കുകയാണെങ്കിൽ ഒരുപക്ഷേ വളരെവേഗം ഇന്നത്തെ നിലവാരം മാറി എന്നു വന്നേക്കാം. അതു പറയുന്ന അവസരത്തിൽ ഒരു കാര്യം ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അല്പ നാളുകൾക്കു മുമ്പ് ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തിലെയും വിദ്യാഭ്യാസ മന്ത്രിമാരുടെ ഒരു കാൺഫറൻസിൽവച്ച് ഈ കാര്യങ്ങൾ ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. അതിൽ ഏററവും പ്രധാനമായതു് സെക്കണ്ടറി വിദ്യാഭ്യാസം 12 വർഷം ആക്കണമെന്നാണ്. അതു സമ്മതിച്ചു ഇങ്ങു പോന്നതിനുശേഷം ഇവിടെ മാത്രമല്ല, ബീഹാർ ഒഴിച്ചുള്ള മററു എല്ലാ സ്റ്റേററുകളിലും സെക്കണ്ടറി എഡ്യൂക്കേഷൻ 12 വർഷമെന്നുള്ളതു പതിനൊന്നു വർഷമാക്കിയിട്ടുണ്ട്. ബീഹാറിൽ പന്ത്രണ്ടു വർഷമാണ്. നമ്മുടെ സ്റ്റേററിൽ മാത്രം ആലോചിക്കാതെതന്നെ ഒരു തീരുമാനം എടുത്തു. സെക്കണ്ടറി എഡ്യൂക്കേഷൻ പഴയതുപോലെ നടക്കട്ടെ, അതിനുപകരം കാളേജിൽ ഒരു വർഷം കൂട്ടിയാൽ മതി; എന്നു്. അതുകൊണ്ടു ഉണ്ടാകുന്ന ദൂഷ്യവശങ്ങൾ മനസ്സിലാക്കാതെയാണ് ഇങ്ങനെയൊരു തീരുമാനം എടുത്തതു്. ഇന്നു സ്കൂൾഫൈനൽ എന്നു പറയുന്നതു സാധാരണയായി ഏതെങ്കിലും തൊഴിലിനു പോകുന്നതിനുള്ള ആദ്യത്തെ സ്ഥാനം ആണെന്നാണ് വെയ്പ്പ്. സാധുക്കൾക്ക അതുവരെയേ പഠിക്കുവാൻ കഴിയുകയുള്ളു. അതിനപ്പുറത്തേക്ക പോകുന്നതിനു അല്പംകൂടി ധനവാന്മാർക്കേ കഴിയൂ. പഠിത്തം നിറുത്തി ഏതെങ്കിലും തൊഴിലിനു പോകാൻ ഇന്നത്തെ വ്യവസ്ഥയനുസരിച്ചു സാധ്യമല്ല. പന്ത്രണ്ടു സ്റ്റാൻഡേർഡ് ക്ലാസ്സ് ആക്കി വച്ചാൽ അതിനിടക്ക അൽപം നല്ല കാര്യങ്ങൾ കൂടി പഠിപ്പിച്ചു അവരെ ഏതെങ്കിലും തൊഴിലിനു ഉപകാരമാക്കി വെളിയിലേക്ക അയക്കുന്നതിനു പ്രയോജനപ്പെടും. അല്ലെങ്കിൽ പ്രീ യൂണിവേഴ്സിററി ക്ലാസ്സ് ഇതുമാതിരി ആദ്യത്തെ പടിയായി അംഗീകരിക്കണം. അതുവരെ വിദ്യാർത്ഥികൾക്ക, സാധുക്കളായിട്ടുള്ളവർക്ക പഠിക്കുവാൻ കഴിയുകയില്ല. യാതൊരു അടിസ്ഥാനവുമില്ലാതെ ആ കാര്യത്തിൽ എടുത്ത തീരുമാനത്തിനു മാററം വരുത്താത്തപക്ഷം പല കുഴപ്പങ്ങളും സൃഷ്ടിക്കും. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ നടപടിക്രമങ്ങളെപ്പററി പറയുകയാണെങ്കിൽ, മുൻ കാലങ്ങളിൽ സാധാരണയായി എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറന്നു പറഞ്ഞാൽ ശമ്പളം മാത്രം കിട്ടുന്ന ഒരു ഡിപ്പാർട്ടുമെൻറു എന്നാണ് എല്ലാവരും കണക്കാക്കുന്നതു്. ഇതുമാതിരി ഒന്നിനും കൊള്ളാത്ത പണം സമ്പാദിക്കുന്നതിനു ഏററവും കുറഞ്ഞ വഴിയുള്ള ഒരു ഡിപ്പാർട്ടുമെൻറു എന്നായിരുന്നു എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിനെപ്പററി എല്ലാവരും കരുതിയിരുന്നതു്. ഇന്നു നേരെ മറിച്ചായിരിക്കുന്നു സ്ഥിതി. ഇപ്പോൾ എല്ലാ തുറയിലും സമ്പാദിക്കുവാനുള്ള മാർഗ്ഗങ്ങൾ ഉണ്ട്. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിലെ ഈ സമ്പ്രദായത്തിനു ഒരു അറുതി വരുത്തണമെന്നു ഞാൻ അപേക്ഷിക്കുകയാണ്. ഡിപ്പാർട്ടുമെൻറിൻെറ ദൂഷ്യവശങ്ങളെപ്പററി ഇവിടെ പലരും പറയുകയുണ്ടായി. ഇന്നു് അതൊരു പോസ്റ്റാഫീസായി മാറിയിരിക്കുകയാണ്. പല അധികാരങ്ങളും റീജിയണൽ ഡയറക്ടർമാർക്ക കൊടുത്തിട്ടുണ്ട്. അവർ അതു ശരിയായ രീതിയിൽ വിനിയോഗിക്കുന്നില്ല. ഒന്നു രണ്ടു കാര്യങ്ങളിൽ റീജിയണൽ ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവിന്മേൽ ഹൈക്കോടതിയിൽ കേസ്സു കൊടുത്തപ്പോൾ റീജിയണൽ ഡയറക്ടറുടെ ഉത്തരവിന്മേൽ അതിനെതിരായി വിധിയുണ്ടായി. കൊടുക്കാൻ പാടില്ലാത്ത അധികാരങ്ങൾ റീജിയണൽ ഡയറക്ടറക്ക കൊടുത്തു ഇന്നു അതു നാശപ്പെട്ടിരിക്കുകയാണ്. ഈ പ്രശ്നം ഗൗരവതരമായി ഗവണ്മെൻറു വീക്ഷിക്കണം. അതിൻെറ ചുമതല മുഴുവനും ഗവണ്മെൻറിൽ നിക്ഷിപ്തമായിരിക്കണം. അല്ലെങ്കിൽ എഡ്യൂക്കേഷൻ ആക്ററുവഴി റീജിയണൽ ഡയറക്ടറക്ക അധികാരങ്ങൾ നൽകണം. അല്ലെങ്കിൽ റീജിയണൽ ഡയറക്ടർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഹൈക്കോടതി മാററിയെന്നു വരും. സ്ഥലം മാററത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ വളരെയധികം സങ്കടത്തോടുകൂടി ഒന്നു രണ്ടു കാര്യങ്ങൾ എനിക്ക പറയുവാനുണ്ട്. അൽപ കാലങ്ങൾക്ക മുമ്പ് ബി. ടി. പാസ്സായിട്ടുള്ള 27 സ്ത്രീകളെ മലബാറിലേക്ക സ്ഥലം മാററുകയുണ്ടായി. ഒരാളെ നമ്മുടെ ഗോപാലൻെറ സ്ഥലമായ മടായിയിലേക്കാണ്. മറെറാന്നു മഞ്ചേരിയിലേക്കും. പിന്നൊരാളെ കൊയിലാണ്ടിയിലേക്കും സ്ഥലം മാററിയിട്ടുണ്ട്. ഇങ്ങനെ 27 സ്ത്രീകളെ മലബാറിലേക്ക മാററിയിട്ടുണ്ട്. ആണുങ്ങളെ സ്ഥലം മാററിയിട്ടുള്ളതു നോക്കിയാൽ മിക്കതും തിരുവനന്തപുരം, കൊല്ലം എറണാകുളം തുടങ്ങിയ ജില്ലകളിലായിരിക്കും. അങ്ങേയററം പോയാൽ തൃശ്ശൂർവരെ കാണും. അതിനപ്പുറത്തേയ്ക്കു ആരേയും മാററിയിട്ടില്ല. ഇതിൻെറ നീതി എന്താണ് ? അതിൽ ഒരു സ്ത്രീയുടെ കാര്യം പറഞ്ഞാൽ വളരെ രസമുണ്ട്. തമിഴ് ബി. എ. പാസ്സായ ആ സ്ത്രീയെ കൊയിലാണ്ടിയിലേക്ക മാററിയിരി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പൊന്നറ ജി. ശ്രീധർ]

ക്കുകയാണ്. അവർക്കു മലയാളം അറിഞ്ഞുകൂടാ. തമിഴേ അറിയാവൂ. എന്നിട്ടും കൊയിലാണ്ടിയിലേക്കു മാററിയിരിക്കുകയാണ്. പെററിഷൻസ് പല പ്രാവശ്യവും അയച്ചു. യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. ഇതിന്റെയൊക്കെ കാരണത്തെ സംബന്ധിച്ചൊന്നും ഞാൻ ഇപ്പോൾ പറയുന്നില്ല. ഇങ്ങനെയൊക്കെയാണ് ഡിപ്പാർട്ടുമെന്റിൽ നടക്കുന്നതെന്നു മാത്രം ഇപ്പോൾ പറഞ്ഞാൽ മതിയാകും.

അതിപ്രധാനമായ മറെറാരു കാര്യം എനിക്കു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തുവാനുണ്ട്. അതു ഇവിടെ നിന്നും പുറപ്പെടുവിക്കുന്ന ഗസററിയേഴ്സിനെ സംബന്ധിച്ചാണ്. ശരിക്കു നടത്തുകയാണെങ്കിൽ അതു കൊള്ളാം. സത്യമായ കാര്യങ്ങൾ മാത്രമേ അതിൽ പബ്ലിഷ് ചെയ്യുകയുള്ളൂ എന്നു ജനങ്ങൾ വിശ്വസിച്ചിരിക്കുകയാണ്. ഞാൻ അതു ഒന്നു വായിച്ചു നോക്കി. അപ്പോൾ ഒന്നുകൂടി വായിച്ചാൽ കൊള്ളാമെന്നു കരുതി മറെറാന്നുകൂടി വായിച്ചു. തിരുവനന്തപുരത്തും കൊല്ലത്തും ഉള്ളതു മാത്രമേ വായിക്കാൻ സാധിച്ചിട്ടുള്ളൂ. എന്തിനിതുണ്ടാക്കിയെന്നാണ് ഞാൻ ചോദിക്കുന്നതു്. ഇതിന്റെ ഉദ്ദേശം നിറവേററാൻ ഇതുകൊണ്ടു ഗവണ്മെന്റിനു സാധിച്ചിട്ടുണ്ടോ? അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ചിലതൊക്കെ ശരിയാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. അവയിൽ പറഞ്ഞിരിക്കുന്നതു സത്യവിരുദ്ധമാണു്, കള്ളമാണെന്നു പറയാതെ നിവൃത്തിയില്ല. ഇതു് സെൻട്രൽ ഗവണ്മെന്റാണ് ഉണ്ടാക്കുന്നതെന്നു പറയുമായിരിക്കും. എന്നാൽ ചീഫ് മിനിസ്റററും കൂടി ചേർന്നുള്ള കമ്മിററിയാണ് ഇതുണ്ടാക്കുന്നതു്. അങ്ങനെ അദ്ദേഹവുംകൂടി അംഗമായിട്ടുള്ള ഒരു കമ്മററി പബ്ലിഷ് ചെയ്തിരിക്കുന്ന ഈ ഗസററിയറിൽ ആദ്യവസാനം പച്ചക്കള്ളമാണ്. ഇതു റിക്കാർഡ് ആണ്. ഈ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽതന്നെ പല റിക്കാർഡുകളും ഉണ്ട്. ഇതിൽ പറഞ്ഞിരിക്കുന്നതു സത്യമാണോ എന്നു ഇവിടത്തെ പോലീസുകാരോടു ചോദിച്ചാൽ പറയും. കഴിഞ്ഞ മുപ്പതു കൊല്ലത്തെ ചരിത്രം അവർ സൂക്ഷിച്ചുവച്ചിട്ടുണ്ടായിരിക്കും. പൊളിററിക്കൽ മൂവ്മെന്റ്സിനെപ്പററി പറഞ്ഞിരിക്കുന്നതു ആദ്യവസാനം അബദ്ധമാണ്. പോലീസുകാരോടു ചോദിച്ചിരുന്നുവെങ്കിൽ ഇതിനു മൂവ്മെൻസ് ഇന്നയിന്നസമയത്തു ഇന്നയിന്ന വിധത്തിൽ മൂവ്മെൻസ് ഉണ്ടായിട്ടുണ്ടെന്നു അവർ പറയും. അതു ആരോടും ചോദിക്കാതെ കുറെ കാര്യങ്ങൾ എഴുതിയിരിക്കുകയാണ്. ആരോടെങ്കിലും ചോദിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. എന്തായാലും ഇതിൽ എഴുതിവച്ചിരിക്കുന്നതു സർവ്വത്ര അബദ്ധമാണ്. പ്രസിദ്ധപ്പെടുത്തിയതിനുശേഷം തന്നെ ചില കറക്ഷൻസ് വരുത്തിയിട്ടുണ്ട്. സ്റ്റേററു കോൺഗ്രസ്സ് പ്രക്ഷോഭണത്തെപ്പററിയും ടി.എം. വർഗ്ഗീസിനെപ്പററിയുമെല്ലാം രണ്ടു വാക്കുമാത്രമേ ഉള്ളൂ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറുടെ സമയം തീർന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: നല്ല കാര്യങ്ങൾ പറഞ്ഞുവന്നപ്പോൾ സമയം തീർന്നുവെന്നു പറഞ്ഞാലോ? ഞാൻ അധികം വിസ്തരിക്കാതെ അവസാനിപ്പിച്ചേക്കാം. ഇതേമാതിരി നിവർത്തനപ്രക്ഷോഭണത്തെപ്പററിയും ഒന്നും എഴുതിവച്ചിട്ടില്ല. നിവർത്തനപ്രക്ഷോഭണം ഉണ്ടായിട്ടില്ലെന്നാണോ? ഈ മുപ്പത്തിയൊന്നു കൊല്ലത്തിനിടയ്ക്കു ഒന്നും സംഭവിച്ചിട്ടില്ലയോ? അങ്ങേയററത്തെ അനാസ്ഥയാണ് കാണിച്ചിരിക്കുന്നതു്. ഇതൊക്കെ നോക്കി ഈ ഗസററിയർ പബ്ലിഷ് ചെയ്യുകയാണെങ്കിൽ ഇതു നല്ലൊരു ചരിത്ര റിക്കാർഡായിത്തീരും. അല്ലാതെ ഓരോ മരിക്കുമ്പോൾ അതുവരെയുള്ളതു മുഴുവനും ചുട്ടുകരിച്ചിട്ടു വീണ്ടും എഴുതിവയ്ക്കുക, പിന്നൊരാൾ വരുമ്പോൾ അതുവരെയുള്ളതു മാററിയിട്ടു വീണ്ടും എഴുതിവയ്ക്കുക. ഈ സമ്പ്രദായം നല്ലതല്ല. പട്ടം താണുപിള്ള അങ്ങനെ പറഞ്ഞു, ടി. എം. വർഗ്ഗീസ് അങ്ങനെ പറഞ്ഞു എന്നൊന്നും പറഞ്ഞതുകൊണ്ടു കാര്യമായില്ല. ആരു പറഞ്ഞാലും ചരിത്രം ചരിത്രമായിരിക്കണം. അതുകൊണ്ട് എനിക്കഭിപ്രായമുള്ളതു ഇതു രണ്ടും ഉടൻതന്നെ പിൻവലിക്കണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

I can tell you that the things stated there are utter lies. They are against facts. I request the Government to withdraw them. That is what I have to say.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: സർ, നമ്മുടെ സംസ്ഥാനത്തിലെ വിദ്യാഭ്യാസത്തിനുവേണ്ടി ഇരുപത്തിമൂന്നു് കോടി പതിനഞ്ചു് ലക്ഷത്തിൽ പരം രൂപയുടെ ഡിമാൻറുകളാണു് മൂന്നു വകുപ്പുകളിലായി ഇവിടെ
10 A. M. അവതരിപ്പിച്ചിട്ടുള്ളതു്. നമ്മുടെ വിദ്യാഭ്യാസ നിലവാരത്തെ സംബന്ധിച്ചിടത്തോളം, അതു് വളരെ താഴ്ന്നുപോയിക്കൊണ്ടിരിക്കുകയാണെന്നു് നമ്മുടെ ബഹു: മുഖ്യമന്ത്രിതന്നെ ഇവിടെ പലപ്പോഴും ആവർത്തിച്ചാവർത്തിച്ചു് പറഞ്ഞുകൊണ്ടിരിക്കുകയാണു്. എത്ര ഭീമമായ സംഖ്യ നമ്മുടെ റവന്യൂവിൽനിന്നും വിദ്യാഭ്യാസരംഗത്തേയ്ക്കു് ചെലവാക്കിയാലും ആ സംഖ്യകൾ ഉദ്ദേശിച്ച വിധത്തിൽ ഫലപ്രദമായി ചെലവഴിക്കാൻ സാധിക്കുന്നുണ്ടോയെന്നു് പരിശോധിക്കേണ്ടതാണു്. വിദ്യാഭ്യാസനിലവാരം താഴ്ന്നുപോകുന്നതിനുള്ള കാരണങ്ങൾ എന്താണെന്നു് കണ്ടുപിടിക്കാൻ ഒരു ഭാഗത്തുനിന്നും പരിശ്രമിക്കുന്നില്ലെന്നുള്ളതു് ഖേദകരമായ ഒരു വസ്തുതയാണു്. ചെറിയ ഒരു ക്ലാസിൽ അൻപതും, അറുപതും കുട്ടികൾ യാതൊരു സൗകര്യവുമില്ലാത്ത ഒരു പരിത: സ്ഥിതിയിലിരുന്നു് വിദ്യാഭ്യാസം നടത്തിയാൽ അതു് എത്രകണ്ടു് ഫലപ്രദമായി നമ്മുടെ പിഞ്ചുകുഞ്ഞുങ്ങളുടെ ഹൃദയത്തിൽ കരുപിടിപ്പിക്കാൻ സാധിക്കുമെന്നും ഉള്ളതിനെപ്പററി ഗവൺമെൻറിൽ നിന്നും നോക്കേണ്ടതാണു്. മുപ്പതു് കുട്ടികളിൽ കൂടുതൽ ഒരു ക്ലാസിൽ ഉണ്ടായിരുന്നാൽ അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകനു് എല്ലാം കുട്ടികളിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കുമോ എന്നുള്ളതിനെപ്പററി അന്വേഷിക്കേണ്ടതാണു്. നമ്മുടെ സ്റ്റേററിൽ വിദ്യാഭ്യാസ രംഗത്താണു് ഏററവും കൂടുതൽ ചെലവു വരുന്നതു്. ഇങ്ങനെ കൂടുതൽ ചെലവുകൾ ചെയ്യുന്നുണ്ടെങ്കിലും നമ്മുടെ വിദ്യാഭ്യാസ നിലവാരം താണുപോകുകയാണു് ചെയ്യുന്നതു്. ഒരു ക്ലാസിലെ കുട്ടികളുടെ സ്ട്രെംഗ്ത്തു് അൻപതും അറുപതും ആയിരുന്നാൽ, ഈ രംഗത്തു് ഒരു കാലത്തും ഉയർച്ച വരാൻ സാധിക്കുകയില്ലെന്നുള്ളതു് വളരെവ്യക്തമായ ഒരു കാര്യമാണു്. ഞാൻ ആ ഭാഗത്തേയ്ക്കു് കൂടുതലായി പ്രവേശിക്കുന്നില്ല. ഗവൺമെൻറിൻെറ പോളിസിയനുസരിച്ചു് പ്രീപ്രൈമറി എഡ്യൂക്കേഷനെ സംബന്ധിച്ചിടത്തോളം വ്യക്തമായ നിർദ്ദേശങ്ങൾ വെച്ചിട്ടുണ്ടു്. ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിലും അതിനാവശ്യമായ തുകകൾ നീക്കിവെച്ചിട്ടുണ്ടു്. നഴ്സറി സ്കൂളുകൾ, പ്രീപ്രൈമറി സ്കൂളുകൾ, ബാലപാഠ്യസ്കൂളുകൾ ഈ മൂന്നു വിധത്തിലുള്ള സ്കൂളുകളാണു് പ്രീപ്രൈമറി വിദ്യാഭ്യാസ രംഗത്തു് ഉണ്ടാകാൻ പോകുന്നതു്. പക്ഷെ ഈ രംഗത്തു് ഗവൺമെൻറു ആവശ്യമായ ശ്രദ്ധ പതിപ്പിക്കുന്നുണ്ടോയെന്നു് പരിശോധിക്കേണ്ടതാണു്. കഴിഞ്ഞരണ്ടുകൊല്ലക്കാലമായി പ്രൈവററു സെക്ടറിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്കൊന്നിനും തന്നെ ആവശ്യമായ സഹായങ്ങൾ ഗവൺമെൻറിൽ നിന്നും നൽകിയിട്ടില്ല. റെക്കറിംഗ് ആൻഡു് നോൺറക്കറിംഗിനുവേണ്ടി ഗവൺമെൻറിൽ നിന്നും നൽകുന്ന സംഖ്യകൾ പ്രൈവററു സെക്ടറിൽ പ്രവർത്തിക്കുന്ന ഇത്തരം സ്കൂളുകൾ രണ്ടുകൊല്ലക്കാലമായി കൊടുക്കുന്നില്ലെന്നുള്ള പരാതിയുണ്ടായിട്ടും, ഇതുവരെയും അതു കൊടുക്കുന്നതിനോ അതിനെപ്പററി അന്വേഷിക്കുന്നതിനോ ഗവൺമെൻറുഭാഗത്തു നിന്നും തയാറായിട്ടില്ല. എന്നാൽ ഗവൺമെൻറു ലെവലിൽ പ്രവർത്തിക്കുന്ന ഇത്തരം സ്കൂളുകളിൽ ആവശ്യമായ പ്രോൽസാഹനം കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ടോ? അതുംഇല്ല. കോഴിക്കോട്ടു്, പ്രീപ്രൈമറി എഡ്യൂക്കേഷൻ പ്രവർത്തിക്കുന്നതിനു് ആവശ്യമായ പരിശീലനം കൊടുക്കുന്നതിനുള്ള ഒരു സ്ഥാപനം തുറന്നിട്ടുണ്ടു്. എന്നാൽ അതിൽ നിന്നും പരിശീലനം കഴിഞ്ഞു് പുറത്തു വരുന്ന അദ്ധ്യാപകന്മാർക്കു് പ്രീപ്രൈമറി വിദ്യാഭ്യാസ രംഗത്തുള്ള കുട്ടികളെ പഠിപ്പിക്കുന്നതിനു് വേണ്ടിയുള്ള പ്രോൽസാഹനം ലഭിക്കാത്തതുകൊണ്ടു് അവർക്കു ആ രംഗത്തു് ജോലികൊടുക്കുന്നതുമില്ല, മററു ജോലികൾക്കു് പോകുന്നതിനും സാധിക്കാത്ത ഒരു സ്ഥിതി വന്നിരിക്കുകയാണു്. ഈ ഒരു നില മാററാൻ ഗവൺമെൻറിൽ നിന്നും പരിശ്രമിക്കേണ്ടതാണു്. ഞാൻ ഈ അവസരത്തിൽ നമ്മുടെ നാട്ടിലുള്ള ഭാഷാ അദ്ധ്യാപകന്മാർക്കു് കൊടുത്ത ട്രെയിനിംഗ് പരിശീലനത്തെ സംബന്ധി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി]

ച്ചിടത്തോളം നമ്മുടെ നാട്ടിലുള്ള ചില പ്രത്യേകതകൾ കൂടി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിലുള്ള ഭാഷാദ്ധ്യാപകന്മാർക്ക് ട്രെയിനിംഗ് കൊടുക്കുന്നതിനുവേണ്ടി തിരുവനന്തപുരത്തും, കോഴിക്കോട്ടും, തൃശ്ശൂരും ഓരോ സ്ഥാപനങ്ങൾ ഉണ്ട്. ഇവ കൂടാതെ കർണ്ണാടകഭാഷയിൽ ട്രെയിനിംഗ് കൊടുക്കുന്നതിനുവേണ്ടി കാസർകോട്ടും ഒരു ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരത്തുള്ള ട്രെയിനിംഗ് സെന്ററിൽ തമിഴ്, അറബി, മലയാളം എന്നീ ഭാഷാദ്ധ്യാപകന്മാർക്ക് ട്രെയിനിംഗ് കൊടുക്കുന്നതിനുള്ള ഏർപ്പാടുകളാണ് ചെയ്തിട്ടുള്ളത്. ആ സെന്റർ ഇവിടെയുള്ള സിററി ഹൈസ്കൂളിനോട് അനുബന്ധിച്ചാണ് നടത്തുന്നത്. ഈ സെന്ററുകളെ സ്കൂളുകളായിട്ടോ, ഹൈസ്കൂളുകളായിട്ടോ, കാളേജുകളായിട്ടോ അംഗീകരിച്ചിട്ടില്ല. അവിടത്തെ നില എന്താണെന്നു നോക്കിയാൽ പഴയ ഇൻജിനീയറിംഗ് കോളേജ് ഇട്ടിരുന്നതിന്റെ ഒരു വിംഗിൽ, പണ്ട് ഗുദാമായി ഉപയോഗിച്ചു കൊണ്ടിരുന്ന ടിൻഷീററു കൊണ്ടുണ്ടാക്കിയ ഒരു മുറയിൽ വെച്ചാണ് 75—അദ്ധ്യാപകന്മാർക്ക് പരിശീലനം കൊടുക്കുന്നത്. അങ്ങനെ 75-അദ്ധ്യാപകന്മാർ ഒരു ഇരുട്ടറയിൽ കിടന്ന് വിഷമിക്കുകയാണ്. ഈ സ്ഥാപനം ആരംഭിച്ചിട്ട് രണ്ടു കൊല്ലക്കാലമായി. ഇതുവരെയായിട്ടും അതിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ഗവണ്മെന്റിൽ നിന്നും യതൊരു വിധത്തിലും ശ്രമിച്ചിട്ടില്ലെന്നുള്ള വസ്തുത ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഭാഷാദ്ധ്യാപകന്മാർക്ക് ട്രെയിനിംഗ് കൊടുക്കുന്ന കാര്യത്തിൽ ഗവണ്മെന്റു അനുവർത്തിച്ചു വരുന്ന നയം ഫലപ്രദമായി നടപ്പിൽ വരുത്തണമെങ്കിൽ ആരോഗ്യപരമായ രീതിയിൽ അവർക്ക് ഇരുന്ന് പരിശീലനം നേടുന്നതിനുള്ള ഏർപ്പാടുകൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല ഭാഷാദ്ധ്യാപകന്മാർക്ക് ട്രെയിനിംഗ് കൊടുക്കുന്നതിനുവേണ്ടി 1960-ൽസ്വീകരിച്ച ഡ്രാഫ്ററ് സിലബസ് ആണ് ഇപ്പോഴും ഉപയോഗിക്കുന്നത്. ഈ ട്രെയിനിംഗ് വിദഗ്ദ്ധമായ രീതിയിൽ എങ്ങനെ നടത്തണമെന്നുള്ളതിന് ഗവണ്മെന്റിൽ നിന്നും യതൊരു വിധത്തിലുള്ള പരിപാടിയും ആസൂത്രണം ചെയ്തിട്ടില്ല.

സർ, അറബി ഭാഷയിൽ ട്രെയിനിംഗ് കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നയങ്ങൾ എന്താണെന്നു് ഞാൻ പറയാം. അറബി ഭാഷയിൽ റഫറൻസ് നടത്തുന്നതിന് ആവശ്യമുള്ള ബുക്കുകൾ ഇപ്പോഴില്ല. ഈജിപ്ഷ്യൻകാപ്പുറത്, അററാഷെവഴി അറബി ബുക്കുകൾ യു. എ. ആർ. എമ്പസി മുഖേന കിട്ടേണ്ടതാണ്. അതിനാവശ്യമായ വിദേശനാണ്യം കിട്ടാൻ സൗകര്യമില്ലാത്തതുകൊണ്ടാണ് അറബി ഭാഷയിൽ ആവശ്യമായ റഫറൻസ് ബുക്കുകൾ കിട്ടാത്തതെന്നറിയുന്നു. ഇക്കാര്യങ്ങളിൽ എന്തു നടപടികളാണ് എടുക്കേണ്ടതെന്നുള്ളതിനെപ്പററി ഗവണ്മെന്റാലോചിക്കേണ്ടതാണ്. ഈ രാജ്യത്തു മററു ഭാഷകൾ പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉള്ളതുപോലെ അറബി ഭാഷ പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല. അറബി ഭാഷ ഒരു പൗരസ്ത്യഭാഷയാണെന്നുള്ള കാര്യം കണക്കിലെടുക്കേണ്ടതാണ്. ഞാൻ ഇതിനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം സംസാരിച്ചപ്പോൾ മുഖ്യമന്ത്രി പറയുകയുണ്ടായി അറബി ഭാഷ പഠിക്കാൻ ആളുകൾ അധികമായി മുന്നോട്ടു വരുന്നില്ലെന്ന്. ഇന്ന് ധാരാളം കുട്ടികൾ, മുസ്ലീം സമുദായത്തിൽപ്പെട്ട കുട്ടികൾ മാത്രമല്ല, മററു പല സമുദായങ്ങളിൽപ്പെട്ട കുട്ടികളും അറബി ഭാഷ പഠിക്കാൻ മുന്നോട്ടു വരുന്നുണ്ട്. കാരണം അന്യരാജ്യങ്ങളിലും മററും ഉദ്യോഗത്തിനുവേണ്ടി പോകുന്നവർക്കും മററും ഈ ഭാഷ ആവശ്യമാണ്. ലോവർ പ്രൈമറി സ്കൂളുകളിൽ നൂറു കുട്ടികൾ ഉണ്ടെങ്കിൽ ഒരു അറബിഭാഷാ അദ്ധ്യാപകനെ നിയമിക്കുമെന്ന് ഇപ്പോൾ വ്യവസ്ഥയുണ്ട്. ഈ സംസ്ഥാനത്ത് മിക്ക സ്കൂളുകളിലും അറബിഭാഷാ പഠിക്കുന്നതിനോ പഠിപ്പിക്കുന്നതിനോ ഉള്ള സൗകര്യങ്ങൾ ചെയ്തു കൊടുത്തിട്ടില്ല. ആവശ്യമായ സ്ഥലങ്ങളിൽ സ്റ്റാഫ് ഫിക്സേഷൻ നൽകിയിട്ടില്ല. നേരേമറിച്ച് ഇരുപതോ ഇരുപത്തിഅഞ്ചോ മാത്രം കുട്ടികളുള്ള സ്കൂളുകളിലും ഇതര ഭാഷ പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നുണ്ട്. അറുനൂറും എഴുനൂറും മുസ്ലീം കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഭാഷാദ്ധ്യാപകനെയാണ് നിയമിച്ചിട്ടുള്ളതു്, ഒരു അദ്ധ്യാപകൻ പോലും ഇല്ലാത്ത സ്കൂളുകളുമുണ്ട്. ഇതിനെപ്പററി ഗവണ്മെൻറു കാര്യമായി കണക്കിലെടുത്തുകൊണ്ട് അറബി ഭാഷാ പഠിക്കുന്നതിന് മുന്നോട്ടു വരുന്ന കുട്ടികൾക്ക് പഠിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തു് കൊടുക്കേണ്ടതാണ്. സംസ്കൃതം പഠിക്കുന്ന കുട്ടികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ പോലും അറബി ഭാഷ പഠിക്കുന്ന കുട്ടികൾക്ക് ഏർപ്പെടുത്തിയിട്ടില്ല. അറബി എം. ഏ. കൂടി ഏർപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഗവണ്മെൻറിൽ നിന്നും യൂണിവേഴ്സിററിക്കു് കൊടുക്കേണ്ടതാണ്. അറബി ഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ സ്റ്റാഫ് ഫിക്സേഷൻ നടത്തുന്നതിനും ഉള്ള നടപടികൾ ഗവണ്മെൻറിൽ നിന്നും സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളതു്.

അടുത്തതായി എനിക്ക് പറയുവാനുള്ളതു് ക്രാഫ്ററു അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളമാണ്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിൽ ക്രാഫ്ററു അദ്ധ്യാപകരുടെ നിയമനത്തിന് യതൊരു വിധത്തിലുള്ള തുകയും നീക്കിവെച്ചിട്ടില്ല. ഗവണ്മെൻറിൻെറ പോളസി തന്നെ ക്രാഫ്ററു നിറുത്തൽ ചെയ്യണമെന്നുള്ളതാണ്. അതിനെ സംബന്ധിച്ച് കൂടുതൽ വിവാദപരമായ വിഷയത്തിലേയ്ക്കു് ഞാൻ കടക്കാൻ ആഗ്രഹിക്കുന്നില്ല. ക്രാഫ്ററു അദ്ധ്യാപകരിൽ കുറേയധികം ആളുകളെ എടുത്തു ഫിസിക്കൽ ട്രെയിനിംഗിനു അയച്ചിട്ടുണ്ട്. പി. ടി. ഇൻസ്ട്രെക്ടർമാരായി വയസായ ആളുകളെയും ആരോഗ്യമില്ലാത്ത ആളുകളേയും എടുക്കുന്നതു് അനുയോജ്യമാണോ എന്നു് പരിശോധിക്കാൻ ഗവണ്മെൻറു തയാറായിട്ടില്ല. ക്രാഫ്ററു അദ്ധ്യാപകന്മാരിൽ എസ്. എസ്. എൽ. സി. പാസായവരുണ്ട്. ഏജ്ബാർ കഴിഞ്ഞവരുണ്ട്. ഇത്തരക്കാർ എല്ലാം ട്രെയിനിംഗ് കൊടുത്തു മററു വിധത്തിൽ ജോലി കൊടുക്കുവാനുള്ള നടപടികളെടുക്കേണ്ടതാണ്.

അടുത്തതായി എനിക്ക് പറയുവാനുള്ളതു്, അടുത്ത സ്കൂൾ വർഷം മുതൽ മലബാർ ഭാഗത്തുള്ള സ്കൂളുകൾ പൂട്ടിയിടുന്നതിനുള്ള ഉത്തരവ് ജില്ലാ ഉദ്യോഗസ്ഥന്മാർ കൊടുത്തിരിക്കുന്നതിനെപ്പററിയാണ്. അതിൽ പറഞ്ഞിരിക്കുന്നതു് എഫക്റ്റീവ് റോൾ സ്ട്രെംഗ്ത്തു് 25 ഇല്ലാത്ത സ്കൂളുകൾ പൂട്ടിയിടണമെന്നാണ്. തിരു:കൊച്ചി ഭാഗത്താണെങ്കിൽ മുമ്പു കാലത്തുതന്നെ ധാരാളം സ്കൂളുകൾ ഉണ്ടായിരുന്നു. എന്നാൽ മലബാറിലെ കാര്യം നോക്കുകയാണെങ്കിൽ ഈ അടുത്തകാലത്താണ് കുറേ ഏറെ സ്കൂളുകൾ തുടങ്ങിയതു്. അവിടെയുള്ള കുട്ടികളെ ആകർഷിക്കാനെന്നോണം സ്കൂളുകൾ തുടങ്ങി. ഈ നടപടികളൊന്നും മലബാർ ഭാഗത്തു ഫലപ്രദമായി നടപ്പിൽ വരുത്തുവാൻ സാദ്ധ്യമായിട്ടില്ല—സ്റ്റാഫ് ഫിക്സേഷൻ കാര്യത്തിലും അടിസ്ഥാനപരമായി ചിലവ് പരിശോധിക്കേണ്ടതുണ്ട്—സ്റ്റാഫുകളുടെ നിയമനം നടത്തുന്നതു് പള്ളിക്കൂടങ്ങളിൽ ഇൻസ്പെക്ടർ വിസിററു ചെയ്യുന്ന സമയത്തു് അവിടെയുള്ള സ്ട്രെംഗ്ത്തിൻെറ 95 ശതമാനം ഹാജരായിരിക്കണമെന്നുള്ളതിൻെറ അടിസ്ഥാനത്തിലാണ്. ഇതിനെപ്പററി എനിക്ക് രണ്ടു കാര്യങ്ങൾ പറയുവാനുണ്ട്. ഒന്നു് എഫക്റ്റീവ് റോൾ സ്ട്രെംഗ്ത്തു് 25 ശതമാനം ഇല്ലെങ്കിൽ സ്കൂളുകൾ പൂട്ടിയിടണമെന്നുള്ള പ്രവണത നിറുത്തൽ ചെയ്യുക. രണ്ടു്, ഇൻസ്പെക്ടറന്മാരുടെ വിസിററിംഗ് സമയത്തു് സ്ട്രെംഗ്ത്തിൻെറ 95 ശതമാനം ഹാജരായിട്ടില്ലെങ്കിൽ സ്റ്റാഫ് ഫിക്സേഷനിൽ ഉണ്ടാകുന്ന വിഷമത ഇല്ലാതാക്കുക. ഈ രണ്ടു കാര്യങ്ങളിലും മലബാർ ഭാഗത്തെ സംബന്ധിച്ചിടത്തോളം അയവു വരുത്തണം. 17—10—1962-ൽ ഈ നിയമസഭ തന്നെ 30 എഫക്റ്റീവ് റോൾ സ്ട്രെംഗ്ത്തു് എന്നുള്ളതു് 25 ആക്കി ചുരുക്കിയിട്ടുണ്ട്. അതിനെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെൻറലായിട്ടുള്ള നടപടികൾ യാതൊന്നുംതന്നെ എടുത്തിട്ടില്ല. എഫക്റ്റീവ് റോൾ സ്ട്രെംഗ്ത്തിനെ സംബന്ധിച്ചിടത്തോളം ഒരു ഡഫനിഷൻ കൊടുക്കാത്തതുകൊണ്ടാണ് മലബാർ ഭാഗത്തു് ഇത്തരത്തിലുള്ള വിഷമതകൾ ഉണ്ടായിട്ടുള്ളതു്. ഇക്കാര്യത്തെപ്പററി ഗവണ്മെൻറു കാര്യമായി ചിന്തിക്കേണ്ടതാണ്.

സർ, സ്കൂളുകളിൽ ഇൻസ്പെക്ഷൻ നടത്തുന്നതിനുവേണ്ടി, നിയമിക്കുന്ന ഇൻസ്പെക്ടറന്മാരെപ്പററി എനിക്ക് ഒരു കാര്യം പറയുവാനുണ്ട്. എൻെറ സ്നേഹിതൻ ശ്രീ. കൃഷ്ണപിള്ള ഇവിടെ പറഞ്ഞതുപോലെ ഡി. ഇ. ഓ. മാരായി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി]

പ്രമോട്ടു ചെയ്യുന്നതു് റിട്ടയർ ചെയ്യുന്നതിനു് ഒരു വർഷത്തിനുമുമ്പ് മാത്രമാണു്. ഒരു വർഷം അവർ ഡി. ഈ. ഒ. ആയി ഭരിച്ചതിനുശേഷം റിട്ടയർ ചെയ്യും. അതിന്റെ ഫലമായി അവക്കു് അഡ്മിനിസ്ട്രേററീവുമായി യാതൊരു ബന്ധവും കാണുകയില്ല. കാരണം ഡി. ഈ. ഒ. ആയിട്ടു് പ്രമോഷൻ കിട്ടിയാലുടൻ അവരുടെ പ്രധാനമായ ഉദ്ദേശം ഉദ്യോഗകാര്യങ്ങളിൽ ഇടപെടലല്ല. നേരെമറിച്ചു് അവരുടെ പെൻഷൻ പേപ്പറുകൾ ശരിയാക്കുകയെന്നുള്ളതാണു്. വാസ്തവത്തിൽമൂത്തു് പഴുത്തു് കൊഴിഞ്ഞു വീഴാൻ പോകുന്ന കാലഘട്ടത്തിലാണു് ഒരാളെ പിടിച്ച ഡി. ഈ. ഒ. യായി പ്രമോട്ടു ചെയ്യുന്നതു്. ഈ സംപ്രദായം അവസാനിപ്പിച്ചിട്ടു് ഓപ്പൺമാർക്കററിൽ നിന്നും അർഹരായ ആളുകളെ ഡി. ഈ. ഒ. മാരായി എടുക്കുന്നതിനുള്ള തത്വം ആവിഷ്കരിക്കേണ്ടതാണു്. മദിരാശി ഗവണ്മെൻറു ഇതു പരീക്ഷിച്ചു നോക്കുകയും, അതു് വിജയപ്രദമായി നടത്തുകയും ചെയ്തിട്ടുണ്ടു്. ആ സംപ്രദായം നമ്മുടെ ഗവണ്മെൻറും സ്വീകരിക്കുന്നതായിരിക്കും നല്ലതു്. പല നിയമങ്ങളും ഗവണ്മെൻറു നടപ്പിൽ വരുത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും അവ ശരിയാം വണ്ണം നടപ്പിൽവരുത്താത്തതുകൊണ്ടു് അവയൊന്നുംതന്നെ ഫലപ്രദമാക്കാൻ കഴിയുന്നില്ല. പെൻഷൻ ആകാൻ പോകുന്ന കാലഘട്ടത്തിൽ പ്രമോഷൻ കൊടുക്കുന്ന സമ്പ്രദായം ഏററവും വേഗം നിറുത്തേണ്ടതാണു്. മലബാർ ഭാഗത്തുള്ള ഇൻസ്പെക്ടറേററിന്റെ പുനർവിഭജനത്തെസംബന്ധിച്ചു് ചിലപരിപാടികൾ ഈ ഗവണ്മെൻറു് ആസൂത്രണം ചെയ്തിട്ടുണ്ടായിരുന്നു. തിരു: കൊച്ചിയിലാണെങ്കിൽ ഒരു എ. ഈ. ഒ. യുടെ കീഴിൽ അൻപതോ അറുപതോ സ്കൂളുകൾ ഇൻസ്പെക്ഷൻ നടത്തിയാൽ മതിയാകും. എന്നാൽ മലബാർ ഭാഗത്താണെങ്കിൽ നൂറോളം സ്കൂളുകൾ ഇൻസ്പെക്ഷൻ നടത്തുന്നതിനു് ഒരു എ. ഈ. ഒ. യേയാണു് നിയമിച്ചിട്ടുള്ളതു്. ഇങ്ങനെയുള്ള ഡിസ്പാരിട്ടി അവസാനിപ്പിക്കാനും, മലബാർ ഭാഗത്തു് എ. ഈ. ഒ. യുടെ അധികാരപരിധി ചുരുക്കി അവിടെ കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള ചുററുപാടുകൾ നടപ്പിൽ വരുത്താനും ഗവണ്മെൻറിൽനിന്നും ശ്രമിക്കേണ്ടതാണു്.

ഈ അവസരത്തിൽ ഞാൻ എന്റെ നിയോജകമണ്ഡലത്തിലെ ഏററവും പരിതാപകരമായ രീതിയിൽ പ്രവർത്തിക്കുന്ന തിരൂർ മുസ്ലീം ഗേൾസ് സ്കൂളിനെസംബന്ധിച്ചു് ചില കാര്യങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പ്പെടുത്താനാഗ്രഹിക്കുന്നു. മദ്രാസ് ഗവണ്മെൻറിന്റെ കാലത്തു് ചില പ്രത്യേക പരിതഃസ്ഥിതിയിൽ ഉണ്ടാക്കിയ ഒരു സ്കൂളാണു് അതു്. ആ സ്കൂളിലെ ഇന്നുള്ള ദുരവസ്ഥ അടിയ്ക്കടി ഗവണ്മെൻറിന്റെയും ഡിപ്പാർട്ടുമെൻറിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഇതുവരെയായിട്ടും യാതൊരു നടപടിയും എടുത്തിട്ടില്ല. അവിടെ ആവശ്യത്തിനുള്ള സ്ഥലമോ കെട്ടിടസൗകര്യമോ ഇല്ല. അവിടെ പഠിക്കുന്ന കുട്ടികൾ താമസിക്കുന്നതു് കപ്പലിലെ ഡക്കു് പോലെയുള്ള ഒരു മുറിയിലാണു്. ജയിലായി ഉപയോഗിച്ചിരുന്ന ഒരു മുറിയാണു് ഇപ്പോൾ അവിടെ പെൺകുട്ടികൾ ഹോസ്ററലായി ഉപയോഗിക്കുന്നതു്. അവർക്കു് താമസിക്കുന്നതിനും മററാവശ്യങ്ങൾക്കുമായി ആവശ്യമായ സ്ഥലസൗകര്യങ്ങൾ അടിയന്തിരമായും ഗവണ്മെൻറിൽനിന്നും ഉണ്ടാക്കികൊടുക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണു്. മുസ്ലീം പെൺകുട്ടികൾക്കു് റസിഡൻഷ്യൽസ് സ്കോളർഷിപ്പു നൽകിക്കൊണ്ടിരുന്നു. അതിന്റെ പ്രധാനമായ ഉദ്ദേശം മുസ്ലീംപെൺകുട്ടികളെ വിദ്യാഭ്യാസരംഗത്തേയ്ക്കു് കൊണ്ടുവരുന്നതിനുവേണ്ടി മാത്രമാണു്. അതു് ഇപ്പോൾ ഈ ഗവണ്മെൻറിൽ നിന്നും ഒരു മാററം വരുത്തിയിരിക്കുന്നു, അതായതു് 1,200 രൂപയോ അതിൽകൂടുതലോ വരുമാനമുള്ളവരുടെ കുട്ടികൾക്കു് അതു്കൊടുക്കേണ്ട എന്നാണു്. അതു് മാററണമെന്നും മുമ്പു കൊടുത്തുകൊണ്ടിരുന്നസംപ്രദായം തുടർന്നു നടത്തണമെന്നുമാണു് എനിക്കു് പറയുവാനുള്ളതു്. ഇക്കാര്യങ്ങളിൽ ഗവണ്മെൻറിന്റെശ്രദ്ധപതിപ്പിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. സി. എബ്രഹാം: ഈ ധനാഭ്യർത്ഥനയെ അനുകൂലിച്ചുകൊണ്ടു് ഒന്നുരണ്ടു കാര്യങ്ങൾ പറയുവാൻ ഞാനാഗ്രഹിക്കുകയാണു്. ഈ സംസ്ഥാനത്തെ ഏററവും പ്രധാനപ്പെട്ട ഭാരിച്ച ഒരു ഡിപ്പാർട്ടുമെൻറാണു് വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെന്റ്. കഴിഞ്ഞ കാലങ്ങളിൽ കുറേയേറെ ഈ ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമതാരാഹിത്യത്തെപ്പററി നാം കേട്ടിരുന്നതാണ്. ഇന്നു അതിനു സ്വല്പം കുറവു കാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്. അഞ്ചു തന്നെ ഏതാനും കൊല്ലങ്ങൾക്കുമുമ്പ് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് കുത്തഴിഞ്ഞ ഒരു പുസ്തകമാണെന്നു ഈ നിയമസഭയിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. അതിനൊരു മാററം ഇന്നു വന്നിട്ടുണ്ടെന്നു എല്ലാ ഭാഗത്തുനിന്നുമുള്ള മെമ്പറന്മാരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിനു സഹായകമായിട്ടു പ്രവർത്തിച്ചിട്ടുള്ള വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനെ ഞാൻ അനുമോദിക്കുകയാണ്. എന്നാൽ ഇന്നു അദ്ധ്യാപകർ കുറേയേറെ അസ്വസ്ഥരായി തീർന്നിരിക്കുന്നു എന്നു നാം കാണുന്നുണ്ട്. അതിനു അദ്ധ്യാപകരെ മാത്രം കുററം പറഞ്ഞിട്ടു കാര്യമുണ്ടെന്നു തോന്നുന്നില്ല. അകാരണമായി അതൃപ്തി മററുള്ളവർ അവരുടെമേൽ അടിച്ചേല്പിക്കുന്നതല്ലാതെ യാതൊരു വിധത്തിലുമുള്ള അതൃപ്തിക്കാരല്ല അദ്ധ്യാപകർ. അങ്ങനെയുള്ള ഒരു ആക്ഷേപം ആരെങ്കിലും പുറപ്പെടുവിക്കുന്നുണ്ടോ? പ്രധാനമായു് രണ്ടു കാരണങ്ങൾ കൊണ്ടാണ് അവർ അതൃപ്തിക്കാരായിട്ടുള്ളതു്. ഒന്നും അവർക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ തക്കസമയത്തു അവർക്ക് ലഭിക്കുന്നില്ല എന്നുള്ളതു്. രണ്ടാമത്തു് ഗവണ്മെന്റുദ്യോഗസ്ഥന്മാർക്ക് അനുവദിച്ചിട്ടുള്ള പുതിയ ആനുകൂല്യങ്ങൾ അദ്ധ്യാപകർക്ക് നിഷേധിക്കുന്നു എന്നുള്ളതു്. ഗവണ്മെന്റിൽനിന്നും പറയുന്നതു് പണത്തിന്റെ ദൗർലഭ്യം ഇതിനു തടസ്സമായി നിൽക്കുന്നു എന്നാണ്. ഇന്നല്ലെങ്കിൽ നാളെയൊരു കാലത്തു് ഇതവർക്കു അനുവദിച്ചുകൊടുക്കേണ്ടതായ നടപടികൾ എടുക്കേണ്ടിവരുമെന്നുള്ള കാര്യം ഗവണ്മെന്റ് ആലോചിക്കേണ്ടതാണ്. അഞ്ചും ആറും കൊല്ലം സർവ്വീസുള്ള അദ്ധ്യാപകരുടെ പേ ഇതുവരെ ഫിക്സു ചെയ്തു കഴിഞ്ഞിട്ടില്ല എന്നു പറഞ്ഞാൽ അതു സ്വീകരിക്കാൻ വളരെ വിഷമമുണ്ട്. അതുപോലെതന്നെ സെക്കണ്ടറി ഗ്രേഡ് അദ്ധ്യാപകരുടെ ഗ്രേഡ് ഫിക്സേഷൻ. ഗ്രാഡ്വേറ്റ് അദ്ധ്യാപകരുടെ ഗ്രേഡ് ഫിക്സേഷൻ ഇതുവരെ നടന്നിട്ടില്ല. ഫസ്റ്റ്ഗ്രേഡ് സെക്കന്റ്ഗ്രേഡ് അദ്ധ്യാപകരെ ഏർപ്പെടുത്തുക, സെക്കന്റ്ഗ്രേഡിൽനിന്നു് ഫസ്റ്റ് ഗ്രേഡിലേക്ക് അദ്ധ്യാപകർക്ക് ഇതുവരെയായി പ്രമോഷൻ കൊടുത്തതായി കാണുന്നില്ല. ഏതായാലും ഗവണ്മെന്റ് അവർക്ക് ഇതു അനുവദിച്ചുകൊടുക്കേണ്ടതാണ്. അതു് അനുവദിച്ചുകൊടുക്കാത്തതുകൊണ്ട് ഒരു ലാഭവും ഗവണ്മെന്റിനുണ്ടാകാൻ പോകുന്നില്ല. അതുകൊണ്ടു് കാലതാമസം കൂടാതെ ആ വക കാര്യങ്ങൾ ചെയ്തുതീർക്കാമെങ്കിൽ അദ്ധ്യാപകരുടെ അസ്വസ്ഥതകളിൽ വളരെ കുറവു വരും. ഗ്രേഡുകളായി അവരെ നിശ്ചയിക്കാതെ പോകുകയാണെങ്കിൽ അദ്ധ്യപകർ പെൻഷൻ പററി പോയാലും അവരുടെ പെൻഷൻ നിശ്ചയിക്കുന്നതിനു് സാദ്ധ്യമല്ലാതെ വരും. അദ്ധ്യാപകരുടെ മൂന്നു നാലു കൊല്ലത്തെ ഇൻക്രിമെന്റ് തടഞ്ഞുവച്ചിട്ടുള്ള എത്രയെത്ര ഉദാഹരണങ്ങൾ നമുക്കു കാണാൻ സാധിക്കുന്നുണ്ട്. ഇതിനെല്ലാം ഉത്തരവാദികളായ മേലുദ്യോഗസ്ഥന്മാരുടെമേൽ എന്തു നടപടികളാണ് എടുക്കേണ്ടതു് എന്നുള്ള കാര്യം പറഞ്ഞറിയിക്കാൻതന്നെ പ്രയാസമാണ്. പ്രോവിഡന്റു ഫണ്ടിന്റെ കാര്യത്തിലും അനാസ്ഥ ഗവണ്മെന്റുതന്നെ കാണിക്കുന്നുണ്ട്. പ്രോവിഡന്റുഫണ്ടു സ്കീം നടപ്പിലാക്കി കുറേകൊല്ലം കഴിഞ്ഞിട്ടും പ്രൈവററുസ്കൂൾ അദ്ധ്യാപകരെ മാത്രം അതിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. അദ്ധ്യാപകർ റിട്ടയർ ചെയ്യുന്ന കാലത്തു് അവർക്കൊരു സുരക്ഷിതത്വം കിട്ടുന്നതിനുവേണ്ടിയാണ് ഈ സ്കീം ഏർപ്പെടുത്തിയിട്ടുള്ളതു്. പക്ഷേ ഇതുവരെയായി പ്രൈവററു സ്കൂൾ അദ്ധ്യാപകരെ അതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈവക കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തണമെന്നും അതിനെല്ലാം വേണ്ട പരിഹാരമുണ്ടാക്കണമെന്നും ഞാനീ അവസരത്തിൽ ഗവണ്മെന്റിനോടഭ്യർത്ഥിക്കുകയാണ്. അടുത്തുതന്നെ അദ്ധ്യാപകർ ഒരു സമരത്തിലേക്ക് നീങ്ങുന്നതായി അവരുടെ പ്രസ്താവന കണ്ടു. വീട്ടുവാടക അലവൻസിന്റെ കാര്യത്തിലാണ് അഭിപ്രായവ്യത്യാസം കൊടുമ്പിരികൊണ്ടിരിക്കുന്നതു്. പ്രൈവററുസ്കൂൾ അദ്ധ്യാപകർക്ക് സർക്കാർ സ്കൂൾ അദ്ധ്യാപകരെപ്പോലെയുള്ള പരിഗണന അനുവദിക്കുവാൻ നിവൃത്തിയില്ലെന്നുള്ള ഗവണ്മെന്റിന്റെ നിലപാട് അദ്ധ്യാപകർ സ്വീകരിക്കുന്നില്ലെങ്കിൽ അതിനു് ഞാനവരെ കുററം പറയുന്നില്ല. ഗവണ്മെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. സി. ഏബ്രഹാം]

സാമ്പത്തികമായ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും എന്താണെന്നു എനിക്കു മനസ്സിലാക്കാൻ കഴിയും. ആ നിലയിൽ നിങ്ങൾ കുറച്ചുകൂടി വെയിററു ചെയ്യണം, ഗവണ്മെൻറു വേണ്ടവിധത്തിൽ നിങ്ങളുടെ അവശതകൾ പരിഹരിക്കാമെന്നു ഒരു വാഗ്ദാനം ഈ ഗവണ്മെൻറിൽനിന്നു കൊടുക്കുകയാണെങ്കിൽ നിശ്ചയമായും അദ്ധ്യാപകർ ഒരു സമരത്തിലേക്കു നീങ്ങുകയില്ല. അവരെക്കൂടി രഞ്ജിപ്പിച്ചുകൊണ്ടുപോകത്തക്ക നിലയിലുള്ള ഒരു സമീപനം ഗവണ്മെൻറു കൈക്കൊള്ളണമെന്നും, അദ്ധ്യാപകർ മുക്കിടമുഷ്ടി പിടിക്കുന്നതെന്നും അദ്ധ്യാപകരുടെ ഒരു സമരം ഈ നാട്ടിൽ ഉണ്ടാകുന്നതുകൊണ്ടു ഗവണ്മെൻറിനു തന്നെയുമല്ല, ഒരുപക്ഷേ അതിൽ കൂടുതൽ അദ്ധ്യാപകർക്കും, അദ്ധ്യാപകർ ആരുടെ ചാർജ്ജു വഹിക്കുന്നുവോ ആ വിദ്യാർത്ഥികൾക്കും ഇതു ദോഷകരമായിരിക്കുമെന്നുള്ള കാര്യം ഞാനീയവസരത്തിൽ ഇരു ഭാഗക്കാരേയും അനുസ്മരിപ്പിക്കുകയാണു്. ഏതു വിധത്തിലെങ്കിലും ഇതുപോലെയുള്ള ഒരു സമരം ഉണ്ടാകാതിരിക്കട്ടെ എന്നു് ഞാൻ ആശംസിക്കുകയാണു്.

വിദ്യാഭ്യാസത്തിൻെറ ചെലവു് ആണ്ടുതോറും വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. വരുന്നകൊല്ലംതന്നെ വദ്ധിച്ചുവരാവുന്ന കുട്ടികളെ പഠിപ്പിക്കുന്നതിനു് ആറായിരത്തോളം അദ്ധ്യാപകരും അതിലേക്കുവേണ്ടി 60-70 ലക്ഷം രൂപ കൂടുതലായും വേണ്ടിവരുമെന്നു് നമ്മുടെ മുഖ്യമന്ത്രി അടുത്തൊരു ദിവസം അഭിപ്രായപ്പെടുകയുണ്ടായി. ഇതു ഒഴിവാക്കാൻ നിവൃത്തിയില്ലാത്ത ഒരു ചെലവാണു്. ഈ വർദ്ധിച്ചുവരുന്ന ചെലവു കുറക്കുന്നതിനു ഒരു നിർദ്ദേശം ശ്രീമാൻ കെ. കെ. വിശ്വനാഥൻ കഴിഞ്ഞ വർഷം ഇവിടെ സമർപ്പിക്കുകയുണ്ടായി. നമ്മുടെ നാട്ടിൽ പ്രൈവററു സ്കൂളുകളുണ്ടു്, പ്രൈവററു ഇൻസ്റ്റിററ്യൂഷൻസുണ്ടു്, മററു പല സ്ഥാപനങ്ങളുമുണ്ടു്. അവിടെനിന്നും പഠിച്ചുവരുന്ന വിദ്യാർത്ഥികളെ സക്കാർ പരീക്ഷയ്ക്കു് അനുവദിക്കുകയാണെങ്കിൽ അതുകൊണ്ടു എന്തു ദൂഷ്യമാണു് ഉണ്ടാകാൻ പോകുന്നതു് ? അങ്ങനെ പ്രൈവററായിട്ടു് പരീക്ഷ എഴുതാൻ സാധിച്ചാൽ നമ്മുടെ നാട്ടിൽ ധാരാളം പ്രൈവററു സ്ഥാപനങ്ങളുണ്ടാകും, അതുകൊണ്ടു് ഗവണ്മെൻറിനു് ചെലവും കുറയും. നല്ല രീതിയിൽ നടത്തുന്ന അനേകം വിദ്യാലയങ്ങൾ ഈ നാട്ടിൻെറ നാനാഭാഗങ്ങളിലും നമുക്കു് കാണാൻ സാധിക്കും. അതുകൊണ്ടു് ഗവണ്മെൻറിനു് ചെലവു കുറയും, വിദ്യാഭ്യാസം നല്ല രീതിയിൽ മെച്ചപ്പെടുകയും ചെയ്യും ഈ കാര്യം ഒരിക്കൽകൂടി ഞാൻ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുകയാണു്. കേംബ്രിഡ്ജു് സ്കൂൾ പരീക്ഷയ്ക്കു് പ്രൈവററായി കുട്ടികൾക്കു് ചേരുന്നതിനു് അനുവാദമുണ്ടു്. ആ പരീക്ഷയുടെ സ്റ്റാൻഡേർഡു് മോശമാകുന്നതായി യാതൊരു അഭിപ്രായവും ഇതുവരെ ഉണ്ടായിട്ടില്ല. ആ പരീക്ഷ പാസ്സാകുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചു് കാളേജു് പ്രവേശനത്തിനു് എന്തെങ്കിലും തടസ്സമുണ്ടോ ? അതുപോലുള്ള വിദ്യാലയങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാകുന്നതുകൊണ്ടു് എന്താണു് തരക്കേടു് എന്നു ഞാൻ ചോദിക്കുകയാണു്? സെക്കണ്ടറി വിദ്യാഭ്യാസത്തിൻെറ ഫീസു് നിരക്കു് കൂട്ടിയാലെന്തെന്നു് ചിന്തിക്കുന്ന വിദ്യാഭ്യാസ ധുരന്ധരന്മാർ നമ്മുടെ നാട്ടിലുണ്ടു്. നമ്മുടെ അയൽ സംസ്ഥാനത്തു് സെക്കണ്ടറി വിദ്യാഭ്യാസം പൂർണ്ണമായി സൗജന്യമാക്കാൻ വരുന്ന കൊല്ലം മുതൽ നടപടികളെടുക്കാൻ പോകുന്നു എന്നു പറയുന്നതു കേട്ടു. സെക്കണ്ടറി വിദ്യാഭ്യാസം പൂർണ്ണമായി സൗജന്യമായിരിക്കണമെന്ന അഭിപ്രായമാണു് എനിക്കുള്ളതു്.

ഈ അവസരത്തിൽ എനിക്കു പറയേണ്ട വേറൊരു കാര്യംകൂടിയുണ്ടു്. അതു് പ്രൈവററു കാളേജുകളിലെ ഫീസിനെ സംബന്ധിച്ചാണു് അതേപ്പററി ഇന്നു ധാരാളം പരാതികളുണ്ടു്. ഗവണ്മെൻറു കാളേജുകളിൽ ഫിക്സു ചെയ്തിരിക്കുന്നതിനേക്കാൾ അഞ്ചും ആറും ഇരട്ടി കൂടുതൽ ഫീസു് ഇന്നു് പ്രൈവററു കാളേജുകളിലുണ്ടു്. മലബാറിലെ പ്രൈവററു കാളേജുകളിലെല്ലാം തന്നെ കൂടുതൽ ഫീസു് പിരിക്കുന്നതായിട്ടാണു് അറിയുന്നതു്. ഗവണ്മെൻറു കാളേജുകളിൽ ഫിക്സു് ചെയ്തിരിക്കുന്നതിനേക്കാൾ ചെറിയൊരു ശതമാനം കൂടുതൽ പിരിക്കുന്നതിനു് അനുവദിക്കുക, കണ്ടമാനം കൂട്ടിപിരിക്കുന്നതു് അങ്ങേയററം തെററാണു്. അതിനു് കർശനമായ നടപടികളെടുക്കാൻ ഗവണ്മെൻറിനു സാധിക്കുന്നില്ലെങ്കിൽ യൂണിവേഴ്സിററിയെ അതിനു പ്രേരിപ്പി

LIBRARY ARCHIVES Kerala Legislative Assembly

കുന്നതിന് ഗവണ്മെന്റ് ശ്രമിക്കണം. യൂണിവേഴ്സിറ്റിയിൽനിന്നു് ഗ്രാന്റും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽനിന്നു് ധനസഹായവും ലഭിക്കുന്നുണ്ട് ഈ പ്രൈവറ്റ് കാളേജുകൾക്ക്. എന്നിട്ടും അവരെ നിയന്ത്രിക്കുന്നതിന് യൂണിവേഴ്സിറ്റിക്കോ, ഗവണ്മെന്റിനോ കഴിയുന്നില്ലെന്നു പറയുകയാണെങ്കിൽ അതു അതേ വിലയിൽ സ്വീകരിക്കുന്നതിന് ഞങ്ങളാരും തയ്യാറല്ല. ആലപ്പുഴ മെഡിക്കൽ കാളേജിൽ ഇതേ സംബന്ധിച്ച് അടുത്ത കാലത്തൊരു സ്ട്രൈക്കുണ്ടായി. അവിടെ ഭീമമായ നിരക്കിലാണ് ഫീസ് പിരിച്ചതെന്നു ആക്ഷേപം വന്നതിന്റെ അടിസ്ഥാനത്തിലാണ് വിദ്യാർത്ഥികൾ പഠിപ്പുമുടക്കിയതു്. ഇത്തരത്തിൽ ഭാരിച്ച ഫീസ് പിരിക്കുന്നതിന് ഒരു കാളേജുകാരേയും അനുവദിക്കുക എന്നുള്ളതു് സമ്മതിക്കാൻ പാടുള്ള ഒരു കാര്യമല്ല. ഒരു മെഡിക്കൽ കാളേജു് നടത്തിക്കൊണ്ടുപോകുന്നതിന് ഭാരിച്ച ചെലവുണ്ട്. ആ തോതുവച്ച് നോക്കുകയാണെങ്കിൽ ഗവണ്മെന്റു കാളേജുകളിൽ ഈടാക്കുന്നതിൽ കുറച്ചുകൂടുതൽ ഇവിടേയും ഈടാക്കുന്നതിൽ തെറ്റാണെന്ന അഭിപ്രായം എനിക്കില്ല. പക്ഷേ 2500 രൂപയും 3000 രൂപയും കൊല്ലംതോറും ഫീസ് ഈടാക്കുക എന്നുള്ളതു് വളരെ ചീത്തയായിട്ടുള്ള ഒരു നടപടിക്രമമാണ്. അതുപോലെ പ്രൈവറ്റ് ട്രെയിനിംഗ് കാളേജുകളിലും കൂടുതൽ ഫീസാണ് ഈടാക്കുന്നതു്. ഈ നടപടി തുടരാൻ അനുവദിക്കുകയാണെങ്കിൽ ഒരു കച്ചവട മനസ്ഥിതിയുണ്ടാകും. അതുകൊണ്ട് ഇതു തടയുന്നതിനുവേണ്ട നടപടി എടുക്കണമെന്നു ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ പരിഷ്കാരത്തെപ്പറ്റി നാം പലതും കേൾക്കുന്നുണ്ട്. വിദ്യാഭ്യാസം ഇവിടെ പൂർണ്ണതയിലെത്തുന്നതിനുമുൻപ് വേറെ പുതിയ പരിഷ്കാരങ്ങൾ വരും. വിദ്യാഭ്യാസം നടപ്പാക്കുന്നതും നടത്തിക്കൊണ്ടിരിക്കുന്നതും വിമർശിക്കുന്നതും പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ പോകുന്നതുമെല്ലാം വിദ്യാഭ്യാസ വിദഗ്ദ്ധന്മാരാണ്. വിദ്യാഭ്യാസത്തിന്റെ പരീക്ഷണത്തിനു വളരെ സൗകര്യമുള്ള ഒരു പ്രസ്ഥാനമാണ് ഇതെന്ന കാര്യം ഞാൻ സമ്മതിക്കുന്നു. എങ്കിലും ഒരു പരിഷ്കാരം, ഒരു സ്കീം നടപ്പിലാക്കിയാൽ അതു പൂർണ്ണതയിലെത്തിയോ എന്നു ഒന്നു നല്ലപോലെ പരിശോധിക്കുന്നതിനു മുൻപ് വേറൊരു സ്കീം നടപ്പിലാക്കാൻ ശ്രമിക്കുന്നതു് തെററായിരിക്കും. അതിനുവേണ്ടി തുനിയരുതെന്നു ഞാനീ സന്ദർഭത്തിൽ അനുസ്മരിപ്പിക്കുന്നു. സെൻട്രൽ ഗവണ്മെന്റിൽനിന്നു് കിട്ടാവുന്ന ആനുകൂല്യങ്ങൾ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ലെന്ന് ശ്രീ. കൃഷ്ണപിള്ളയും മററും ഇവിടെ പറയുകയുണ്ടായി.

അടുത്തൊരു ദിവസം ബഹുമാനപ്പെട്ട ആലുവാ മെംബർ ഒരു കാളേജിലെ കുട്ടിയുടെ നാഷണൽ ലോൺ സ്കാളർഷിപ്പിനുവേണ്ടിയുള്ള അപേക്ഷ തള്ളിക്കളഞ്ഞ സംഭവം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതു് സമയത്തിന് അപേക്ഷ അയച്ചിട്ടില്ല, ഒന്നുരണ്ടു ദിവസം താമസിച്ചാണ് അപേക്ഷ അയച്ചതു് അതുകൊണ്ട് ആ കുട്ടിക്കു് അതു നഷ്ടപ്പെടണം എന്നു വിചാരിക്കുന്നതു് ശരിയല്ല. ആ നിലയിൽ പരിഗണിക്കാതെ, ഇപ്പോൾ ഈ കാര്യത്തിൽ കാളേജ് അധികൃതർ തെററു ചെയ്തു എന്നാണ് എന്റെ അറിവ്. ആ കുട്ടി സമയത്തിനു അപേക്ഷ അയച്ചു എന്നാണ് അറിയുന്നതു്. കാളേജധികൃതർ തെററു ചെയ്തുവെങ്കിലും അതിനു പാവപ്പെട്ട വിദ്യാർത്ഥികൾ അവരുടെ ആനുകൂല്യം നഷ്ടപ്പെടണം ആ നിലയിൽ ഈ കാര്യം കൊളിജിയററ് എഡ്യൂക്കേഷൻ ഡയറക്ടർ വേണ്ടവിധത്തിൽ പരിഗണിച്ചില്ലെന്ന് കാണുന്നതു് ഖേദകരമാണ്.

അതുപോലെതന്നെ നാ ണൽ ഡിസിപ്ലിൻ സ്കീം. വളരെ പറയുവാനുള്ള ഒരു സ്കീമാണ് അതു്. കേരളത്തിൽ തിരുവനന്തപുരത്തും എറണാകുളത്തും മാത്രമേ ഈ സ്കീം നടപ്പിലാക്കിയിട്ടുള്ളു. അതും വേണ്ടവിധത്തിലല്ല. മററു സ്ഥലങ്ങളിൽ അതു നടപ്പിലാക്കുകയും വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുകയും ചെയ്യാവുന്ന ഒരു സ്കീമാണ് ഇതു്. അതിനു വേണ്ടവിധത്തിൽ പരിഗണന ലഭിച്ചു കാണാത്തതിൽ ഖേദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. എബ്രഹാം]

മുസ്ലീം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിന്റെ കാര്യം ഇവിടെ പരാമർശിക്കുകയുണ്ടായി. അടുത്തൊരു ദിവസം ഡെപ്യൂട്ടി സ്പീക്കർതന്നെ ഇതു ഇവിടെ പറയുകയുണ്ടായിട്ടുണ്ട്. ഇന്നു പരക്കെ ആക്ഷേപമുള്ളതാണ്, മുസ്ലീം വിദ്യാർത്ഥിനികൾക്ക് സ്റ്റൈപ്പൻഡ് പല വിദ്യാലയങ്ങളിലും ലഭിക്കുന്നില്ലെന്നുള്ളതു്. അതേപ്പറ്റി ഗവണ്മെന്റ് അന്വേഷിക്കേണ്ടതാണ്. അതിൽ എവിടെയാണ് തെറ്റ് എന്നുള്ളതു കണ്ടുപിടിച്ച് വേണ്ട നടപടി എടുക്കേണ്ടതാണ്.

അതുപോലെതന്നെ ശ്രീ. ഹാജി അറബി അദ്ധ്യാപകരുടെ നിയമന കാര്യത്തെപ്പറ്റി ആക്ഷേപിക്കുകയുണ്ടായി. നൂറിൽ കൂടുതൽ മുസ്ലീം വിദ്യാർത്ഥികളുള്ള വിദ്യാലയങ്ങളുണ്ടെങ്കിൽ അവിടെ അറബിക്ക് അദ്ധ്യാപകരെ നിയമിക്കണമെന്നു വ്യവസ്ഥയുണ്ട്. അങ്ങനെയുള്ള വിദ്യാലയങ്ങളിൽ പോലും അറബിക്ക് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ എന്നുള്ള കാര്യം സംശയമാണ്. പുസ്തകങ്ങൾ കിട്ടുന്നതിനും കാലതാമസം വരുന്നുണ്ടെന്നുള്ള ആക്ഷേപം കഴിഞ്ഞ വർഷം ഉണ്ടായതാണ്. അതു് ഇനി വരുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

അടുത്ത അവസരത്തിൽ ഞാൻ ഈ സഭയിൽ പ്രസ്താവിച്ചിട്ടുണ്ട്, നമ്മുടെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽനിന്നും പല പ്രൊഫസറന്മാരേയും പുറംദിക്കുകളിലേയ്ക്കു് ഉന്നത വിദ്യാഭ്യാസത്തിന് അയക്കുന്നുണ്ടെന്നുള്ള കാര്യം. ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കി, ഗവണ്മെന്റു ചെലവിൽതന്നെ പുറംരാജ്യങ്ങളിൽ പോയി ഉന്നത വിദ്യാഭ്യാസം നടത്തി അവർ ഈ സംസ്ഥാനത്തു മടങ്ങിയെത്തിയാലുടനെതന്നെ അവർക്ക് പ്രമോഷൻ കൊടുത്തു് പ്രിൻസിപ്പാൾമാരായി മററു ഡിപ്പാർട്ടുമെന്റുകളിലേക്കു് അയക്കുന്നതു് നമ്മുടെ സംസ്ഥാനത്തു നടക്കുന്നുണ്ട്. അതു ശരിയല്ല. ഇതിനുവേണ്ട പണം ചെലവാക്കുന്നതു് പൊതു ഖജനാവിൽ നിന്നാണ്. അതിനുശേഷം അവർക്ക് പ്രമോഷൻ വരുന്ന സന്ദർഭത്തിൽ അവരെ ആ ഉയർന്ന ഗ്രേഡിലേക്കു് അയക്കുക, ആ ഉന്നതവിദ്യാഭ്യാസം കൊണ്ടു് സ്റ്റേററിന് യാതൊരു പ്രയോജനവുമില്ലാതെ വരിക, ഇതു തടയേണ്ടതാണ്. എന്തു അടിസ്ഥാനത്തിലാണോ ഇവരെ ഉന്നതവിദ്യാഭ്യാസത്തിനയക്കുന്നതു് അതുകൊണ്ടുള്ള പ്രയോജനം സ്റ്റേററിനു് ലഭിക്കുന്നില്ല. അതുകൊണ്ടു് ഇതു തടയേണ്ടതു് ഏററവും അത്യാവശ്യമാണ്. ഇതുപോലുള്ള ഉദാഹരണങ്ങൾ ധാരാളമുണ്ട്.

സൈനിക സ്കൂളിലേക്കുള്ള എൻട്രൻസ് പരീക്ഷ തിരുവനന്തപുരത്തുവച്ചു മാത്രം നടത്തുന്നതിനുപകരം സ്റ്റേററിന്റെ പ്രധാന കേന്ദ്രങ്ങളിൽവച്ച് നടത്തുന്നതിന് നടപടിയെടുക്കേണ്ടതു് ആവശ്യമാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് തുടങ്ങിയ കേന്ദ്രങ്ങളിൽവച്ച് ഈ എൻട്രൻസ് പരീക്ഷ നടത്തുന്നതിനുള്ള നടപടിയെടുക്കുകയാണെങ്കിൽ അതുകൊണ്ടു് യാതൊരു തരക്കേടും ഉണ്ടാകാൻ പോകുന്നില്ല. അതു ആളുകൾക്ക് വളരെ സൗകര്യപ്രദമായിരിക്കുകയും ചെയ്യും. ഈ കാര്യവും ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

അന്ധബധിര വിദ്യാലയങ്ങൾ ഈ സംസ്ഥാനത്തു് നാലഞ്ചെണ്ണമുണ്ട്. ചിലതു ഗവണ്മെന്റു വകയും ചിലതു പ്രൈവററു ഏജൻസി നടത്തുന്നവയുമാണ്. സർക്കാർ നടത്തുന്ന വിദ്യാലയങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണ്. കുന്നംകുളത്തു ഇതുപോലൊരു അന്ധബധിര വിദ്യാലയമുണ്ട്. അടുത്ത കാലത്തു് അവിടത്തെ വിദ്യാർത്ഥികൾ ഒരു നിരാഹാര സത്യഗ്രഹം നടത്തുകയുണ്ടായി. അവർ താമസിച്ചിരുന്ന ഹോസ്റ്റലിൽ വാർഡനില്ല, രാത്രിയിൽ പോലും അവരെ പരിചരിക്കാൻ ഒരു അററൻഡറില്ല. അവർക്കു കിട്ടുന്ന സ്റ്റൈപ്പൻഡാണെങ്കിൽ വളരെ കുറവാണ്. ഈവക കാര്യങ്ങളിലെല്ലാം ഗവണ്മെന്റിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു് ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്.

Shri C. F. Pereira: Speaker Sir, I rise to thank the Government for the continuance of the budget provision this year for the education of the children of my community in Anglo-Indian Schools in Kerala

LIBRARY ARCHIVES Kerala Legislative Assembly

I also thank the Government for the assurance given to me that Government would take a decision on the future pattern of Education for Anglo-Indian Schools in Kerala, and that the existing pattern of education would not be disturbed till the beginning of the Fourth Plan.

On behalf of my community I thank the Government for this generous gesture. For the past 4 years, I have been trying to get the Education Department interested in these minority schools i.e., the Anglo-Indian Schools of our State, with special reference to Article 156 of the Code of Regulations. I have been assured by the Government in reply to an interpellation that the Code of Regulations are strictly followed in Kerala. But I am sorry to inform the Government that the Government destitute Grant Boarders under Article 156 of the Code have been eliminated by almost 90 per cent since 1956. May I ask the Government why this is so?

Speaker Sir, there are 8 minority schools for the children of my community in Kerala and Government grant stipends to the extent of about 7 per cent to destitute children of my community. This is the only type of free education in Anglo-Indian Schools.

Speaker Sir, the present day Managements have ruthlessly eliminated over 90 per cent of these destitute children since 1956. What have the Government done to check this malpractice? What have the Senior Educational Officers done to protect this Minority Community and stop this elimination from the boarding houses of these Schools? Shri Hajarnavis Minister in the Ministry of Home Affairs, said in the Rajya Sabha on 19-12-1963 that "it is the responsibility of the States to redress the grievances of their Minority Communities generously". Have we had this protection in education? These boarding Houses were built expressly for the benefit of a Minority Community and Government have generously contributed over 50 per cent towards the cost of the boarding Houses. They are recognised boarding schools, which means managements have a definite responsibility and obligation to entertain a reasonable number of Government quota of destitute children of my community. But today we find over 90 per cent destitute children of my community are eliminated and their places are filled up by the children of the rich. I cannot but say that this neglect of a Minority Community has been caused by sheer neglect and indifference of the senior Education Officers of our State Government. Government should take a stern attitude towards the present day managements of the Minority Schools and warn the Managements that unless a reasonable number of Government grant boarders are not entertained in boarding schools the recognition of these recognised boarding schools will be withdrawn.

Four long years have passed by and the children of my community have been badly neglected through no fault of theirs. I request the Government to take early steps to restore the Government grant boarders under Article 156 of the Code to the level of 1956, as this is the only type of free education for the destitute children of my community.

I support the demand grant moved by Government.

2/1768/S

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ : സർ, ഞാൻ ഈ വിദ്യാഭ്യാസത്തി
നുള്ള ഡിമാൻറിനെ എതിർക്കുകയാണു്. കേരളത്തിലെ വിദ്യാഭ്യാസത്തിനു
വേണ്ടി ഏററവും വലിയ തുകയാണു് ഈ സ്റ്റേററു് ചെലവഴിക്കുന്നതു്. ഈ
വിദ്യാഭ്യാസവകുപ്പു് ഒട്ടാകെ നോക്കുകയാണെങ്കിൽ ഇതൊരു കത്തഴിഞ്ഞ
പുസ്തകംപോലെ കിടക്കുകയാണു്. ഇതിൻെറ ഫലമായി ഈ നാട്ടിൽ ആകെ
വലിയ കുഴപ്പങ്ങൾ ഉണ്ടാവുന്നുണ്ടു്. ഇതു പരിഹരിക്കാൻ വേണ്ടി ഗവണ്മെൻറു
കൊല്ലംതോറും പലവക പുതിയ പദ്ധതികളും ആവിഷ്കരിക്കുന്നുണ്ടെങ്കിലും
കുഴപ്പങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. നമ്മുടെ നികുതിയുടെ മൂന്നിലൊ
ന്നുഭാഗം സംഖ്യ വിദ്യാഭ്യാസത്തിനു് നീക്കിവച്ചിരിക്കുകയാണു്. ഇതു്
വിദ്യാഭ്യാസത്തിനുവേണ്ടി തന്നെ വിനിയോഗിക്കുന്നുണ്ടെങ്കിൽ നല്ലതാണു്.
പക്ഷെ ഇതൊരു തനി വ്യാപാരമായിട്ടു് കുറെ ആളുകളുടെ കയ്യിൽ പോവുക
യാണു്. ഇതു തടയാൻ വേണ്ടിയിട്ടു് ഗവണ്മെൻറു് കർശന നടപടികൾ
എടുക്കുന്നുണ്ടോ എന്നു ചോദിച്ചാൽ, എടുത്തിട്ടുണ്ടാവും. പക്ഷെ അങ്ങനെ
എടുക്കുന്നുണ്ടെങ്കിൽ ആ പൈസയും മററുള്ളവരുടെ കയ്യിൽ ചെന്നു വീഴുക
യാണു്. ഇതിൻെറ കാരണമെന്താണു് എന്നു് പരിശോധിക്കണം. കേരള
ത്തിൽ ജനസംഖ്യ വർദ്ധിച്ചിട്ടുണ്ടു്. ഇൻഡ്യയെ അടിസ്ഥാനപ്പെടുത്തി
നോക്കുകയാണെങ്കിൽ കേരളത്തിലാണു് കൂടുതൽ ജനസംഖ്യയുള്ളതു്.
പക്ഷെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസം കിട്ടിയിട്ടുള്ളവർക്കു
ജോലി കിട്ടേണ്ടതാണു്. ജോലി കിട്ടത്തക്ക നിലയിലുള്ളതല്ല ഇന്നത്തെ
വിദ്യാഭ്യാസ സംപ്രദായം. കേരളത്തിലെ യൂണിവേഴ്സിററിയെ പരിശോ
ധിക്കുകയാണെങ്കിൽ കേരള യൂണിവേഴ്സിററിക്കു് ഒരു റിസർച്ചു് ഡിപ്പാർട്ടു
മെൻറുണ്ടു്. ഈ റിസർച്ചു് ഡിപ്പാർട്ടുമെൻറിലാണെങ്കിൽ ഇൻഡ്യൻ ഹിസ്റ്റ
റിയെ സംബന്ധിച്ചു് റിസർച്ചു് ചെയ്യാനുള്ള ആരും കേരളത്തിലില്ല.
ഇവിടെ ഇൻഡ്യൻ ഹിസ്റ്ററിക്കു് റിസർച്ചു് നടത്താൻ ഒരു യൂറോപ്യൻ
പ്രൊഫസർ വന്നിട്ടുണ്ടു്. ആദ്ദേഹം ഡാക്ടറേററു ഡിഗ്രി എടുക്കാൻ വന്ന
യാളാണു്. അദ്ദേഹം ഇവിടെനിന്നു പോയിക്കഴിഞ്ഞാൽ ഇൻഡ്യൻ ഹിസ്റ്റ
റിക്കു് റിസർച്ചു് നടത്താൻ നല്ല പ്രഫസറില്ലാതാകും. മാത്രമല്ല നമ്മുടെ
കാളേജുകളിൽ ഇൻഡ്യൻ സാഹിത്യകാരന്മാരെപ്പററി വേണ്ടത്ര അറിവില്ല.
അവർക്കു് ഷേക്സ്പിയർ തുടങ്ങിയ വിദേശ സാഹിത്യകാരന്മാരെപ്പററി
ധാരാളം അറിയാം. ഇൻഡ്യൻ സാഹിത്യകാരന്മായിരുന്ന കാളിദാസൻ,
വാല്മീകി, കബീർ തുടങ്ങിയ സാഹിത്യകാരെന്മാരെപ്പററി ചോദിച്ചാൽ
ഇവർക്കു് വേണ്ടത്ര അറിവില്ല. കാരണം നമ്മുടെ വിദ്യാഭ്യാസ സംപ്രദായ
ത്തിൽ ഇൻഡ്യൻ സംസ്ക്കാരത്തിനു ആവശ്യമായ യാതൊന്നുമില്ല. അതേ
സമയത്തു് പണ്ടു് ബ്രിട്ടീഷുകാർ ഭരിച്ചിരുന്ന അതേ രീതിയിൽ തുടർന്നു
കൊണ്ടുവരുകയാണു് ചെയ്യുന്നതു്. അതിൻെറ ഫലമായിട്ടു് നമ്മുടെ നാട്ടിനു്
ആവശ്യമായിരിക്കുന്ന പാരമ്പര്യം നമ്മുടെ വിദ്യാർത്ഥികൾക്കു് ലഭിക്കുന്നില്ല.
അടിസ്ഥാന വിദ്യാഭ്യാസത്തിൽ മാററം വരുത്താൻ മഹാത്മഗാന്ധി ശ്രമിച്ചു.
അതു് ഈ നാട്ടിൽ നടപ്പിലാക്കുന്നുണ്ടോ എന്നു ചോദിച്ചാൽ വിഷമമുണ്ടാകും.
പല വിധത്തിൽ അടിസ്ഥാനവിദ്യാഭ്യാസത്തിനുള്ള ഏർപ്പാടുകൾ ചെയ്യു
ന്നുണ്ടു്. കൈത്തൊഴിൽ വിദ്യാഭ്യാസത്തിനു് നടപടികൾ എടുക്കുന്നുണ്ടു്.
കൈത്തൊഴിൽ വിദ്യാഭ്യാസമെന്നു പറഞ്ഞാൽ കൈത്തൊഴിൽകൊണ്ടു ജീവി
ക്കുന്ന ആശാരി പണി എടുത്തിട്ടു് നെയ്ത്തുപണി എടുത്തിട്ടു് ജീവിക്കുന്ന
ആളുകൾക്കു് അവരുടെ കുട്ടികളെ കൈത്തൊഴിൽ വിദ്യാഭ്യാസം ചെയ്യിക്ക
ത്തക്കരീതിയിൽ ആണോ ഇന്നത്തെ വ്യവസ്ഥയെന്നു ചോദിച്ചാൽ അല്ല.
പക്ഷെ ടെക്നിക്കൽ എഡ്യൂക്കേഷൻ എന്നു പറഞ്ഞാൽ പഠിച്ചുയരു
പോകാൻ കഴിവുള്ള കുറെ ആളുകൾക്കു് വിദ്യാഭ്യാസം കൊടുക്കാൻ വേണ്ടി
യുള്ള രീതിയിലാണു് നടത്തുന്നതു്. തിരുവനന്തപുരത്തു് ഒരു ടെക്നിക്കൽ
സ്കൂൾ ഉണ്ടെങ്കിൽ ഉദ്യോഗസ്ഥന്മാരുടെ കുട്ടികളാണു് കൂടുതലായി അവിടെ
വിദ്യാഭ്യാസം ചെയ്യുന്നതു്. ഇവിടെ പാവപ്പെട്ടവരുടെ കുട്ടികൾക്കു പഠിക്കാ
നുള്ള യാതൊരു സൗകര്യവുമില്ല. അതുപോലെതന്നെയാണു് ഇവിടെയുള്ള
നേഴ്സറി സ്കൂളുകളുടെ സ്ഥിതിയും. നേഴ്സറി സ്കൂളുകൾ താണവരുമാന
ക്കാരുടെ കുട്ടികളെ അയച്ചു പഠിപ്പിക്കാൻ സൗകര്യമുണ്ടാകണമെന്നുവച്ചിട്ടാണു്.
പക്ഷെ ഇവിടത്തെ സ്ഥിതി ധനികന്മാരുടെ കുട്ടികളെ നോക്കാനുള്ള സ്ഥല

LIBRARY ARCHIVES Kerala Legislative Assembly

മായിട്ടാണ് കരുതപ്പെടുന്നത്. അവരുടെ കുട്ടികളെ അമ്മയ്ക്ക് നോക്കാൻ കഴിയില്ല. അതിനുപകരം വിദ്യാലയത്തിലേക്കയച്ചു കഴിഞ്ഞാൽ ബുദ്ധിമുട്ടില്ലാതെ പൂരിക്കുമെന്നുള്ള തരത്തിലാണ് നേഴ്സറി സ്കൂളിൽ അയക്കുന്നത്. ഇതിന് ഒരു മാററം വരുത്തുന്നതിനുള്ള നടപടികൾ ഗവണ്മെൻറ് എടുക്കേണ്ടതാണ്. മറെറാരു സംഗതി എന്തെന്നു വച്ചാൽ ഇൻഡ്യയിൽ എല്ലാ സംസ്ഥാനങ്ങളും സെക്കണ്ടറി എഡ്യുക്കേഷനാണ് പരിധിയായിട്ട് നിശ്ചയിച്ചിട്ടുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഹയർ സെക്കണ്ടറി സ്കൂളുകളായിട്ട് മാററിയിരിക്കുകയാണ്. അതിന്റെ ഫലമായി സെക്കണ്ടറി സ്കൂൾ എന്നുള്ള ഗ്രേഡില്ലാതായി എന്നുമാത്രം. മറെറല്ലാ സംസ്ഥാനങ്ങളിലും സെക്കണ്ടറി സ്കൂളുകളാണുള്ളത്. അതിന്റെ ഫലമായിട്ട് ഇവിടെയുള്ളവർ മററു സംസ്ഥാനങ്ങളിൽ ചെന്നാൽ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഈ സംപ്രദായത്തിൽ മാററം വരുത്തണം. പിന്നെ ഈ കാളേജ് അനുവദിച്ച് കൊടുക്കുന്ന ഒരു സംപ്രദായമുണ്ട്. എന്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലെ കാളേജുകളും, വിദ്യാലയങ്ങളുമെല്ലാം കൊടുത്തിരിക്കുന്നത്. സാമുദായികാടിസ്ഥാനത്തിലാണ് ഈ കൊല്ലം വയനാട്ടിൽ ഒരു കാളേജ് കൊടുത്തിട്ടുണ്ട്. ഒരു സ്ഥലത്ത് ഒരു കാളേജു വേണമെങ്കിൽ അതിനു ചുററുപാടും ഇത്ര ഹൈസ്കൂൾ ഉണ്ടായിരിക്കണമെന്ന അടിസ്ഥാനം വെച്ചു കൊണ്ടാണോ ഈ കാളേജു കൊടുത്തത്. വയനാട്ടിൽ കൊടുക്കേണ്ട വല്ല അടിയന്തിരമായ പ്രശ്നവും വന്നിട്ടുണ്ടോ? വയനാട്ടിൽ കാളേജു കൊടുത്തിട്ടുള്ളതിനെ ഞാൻ എതിർക്കുകയല്ല. കൂടുതൽ ഹൈസ്കൂളുകളും, കൂടുതൽ വിദ്യാർത്ഥികളും പങ്കെടുക്കാൻ സാദ്ധ്യതയുള്ള സ്ഥലത്ത് കാളേജു വേണ്ടതാവശ്യമാണ്. അതേസമയത്ത് പിന്നോക്കനിലയിൽ കിടക്കുന്ന സ്ഥലത്ത് കൊടുക്കേണ്ടതു് ആവശ്യമാണ്. വയനാട് പിന്നോക്കനിലയിലാണെങ്കിലും ഒരു കാളേജ് അവിടെ കൊടുക്കേണ്ട ആവശ്യമില്ല എന്നാണ് എന്റെ അഭിപ്രായം. ഇത്തരം പ്രശ്നങ്ങൾ വച്ചുനോക്കുമ്പോൾ ഇവിടെയുള്ള വിദ്യാഭ്യാസ സംപ്രദായം കൈക്കൂലിയുടെ കൂത്തരംഗമായി മാറിയിരിക്കുകയാണ്. എന്താണ് കാരണമെന്നു വച്ചാൽ ഇവിടത്തെ സെക്കൻററി സ്കൂൾ പരീക്ഷയ്ക്കിരുന്നാൽ പരീക്ഷാപേപ്പർ ഏതു ടീച്ചറിനാണ് പോകുന്നതെന്ന് വിദ്യാർത്ഥികൾക്കു മാത്രമല്ല നാട്ടിലെല്ലാവർക്കുമറിയാം. കഴിഞ്ഞകൊല്ലം ഇവിടെ അസംബ്ലി കൂടികൊണ്ടിരുന്ന സമയത്ത് ഒരാൾ എന്നോട് ഒരു ഹെഡ്മാസ്റ്ററുടെ പേരു ചോദിച്ചു. അദ്ദേഹം എന്റെ ഒരു സ്നേഹിതനായ ഹെഡ്മാസ്റ്ററെ പരിചയപ്പെടുത്തി കൊടുക്കണമെന്നു പറഞ്ഞു. അന്ന് എക്സാമിനേഷൻ സമയമായിരുന്നു ആ അദ്ധ്യാപകന് പേപ്പർ വാലുവേഷനു അയക്കുന്നുണ്ടെന്നു മനസ്സിലാക്കിക്കൊണ്ട് ഞാൻ പറഞ്ഞു നിങ്ങളെ ആൻറികറപ്ഷൻ ഡിപ്പാർട്ടുമെൻറിലേക്കു അയക്കുകയാണ് വേണ്ടത്. എന്റെ മകൻ മറെറല്ലാം വിഷയത്തിലും ഫസ്റ്റ് ക്ലാസ്സുണ്ട്. അതുകൊണ്ട് ഈ ഒരു വിഷയത്തിലും കൂടി ഫസ്റ്റ് ക്ലാസ്സ് കിട്ടണമെന്നു പറഞ്ഞാണ് അദ്ധ്യാപകനെ കാണാൻ എത്തുന്നത്. ഞാൻ ഇതു മനസ്സിലാക്കിക്കൊണ്ട് തന്നെ ആ അദ്ധ്യാപകന്റെ പൂർണ്ണവിവരം പറഞ്ഞു കൊടുത്തു. അസംബ്ലി കഴിഞ്ഞ് മടങ്ങിചെന്നപ്പോൾ ആ ഹെഡ്മാസ്റ്ററെ കണ്ടു. അദ്ദേഹം എന്റെ ഒരു സ്നേഹിതനാണ്. ഗവണ്മെൻറ് അദ്ധ്യാപകനായിരുന്ന് റിട്ടയർ ചെയ്ത ആളാണ്. ഇപ്പോൾ പ്രൈവററ് സ്കൂളിലെ അദ്ധ്യാപകനാണ്.

ഒരാളല്ലാ എത്രയോപേർ അവിടെ ചെന്നിരുന്നുവെന്നു അദ്ദേഹം പറഞ്ഞു. ഇതുപോലെ എല്ലാ സ്ഥലത്തും എക്സാമിനേഷൻ കഴിഞ്ഞാൽ നമ്മുടെ നാട്ടിലെ കുറെയാളുകൾ പണവുമായി അവരുടെ കുട്ടികൾക്ക് ഫസ്ററ് ക്ലാസ്സ കിട്ടാൻ നടക്കുകയാണ്. ഫസ്ററ് ക്ലാസ്സുകിട്ടിയാൽ ഒന്നുകിൽ ഹയർ എഡ്യുക്കേഷനു പോകാൻ സൗകര്യം ലഭിക്കും. അല്ലെങ്കിൽ ഗവണ്മെൻറ് സർവ്വീസിൽ കയറാനുള്ള സൗകര്യം ലഭിക്കും. നമ്മുടെ സ്റ്റേററിൽ എക്സാമിനേഷന് ഇരിക്കാതെ തന്നെ കുട്ടികൾ പാസ്സായിട്ടുള്ള കഥയുണ്ട്. ഗവണ്മെൻറ് ഇത്തരം നടപടികൾ അവസാനിപ്പിക്കുന്നതിന് ശ്രദ്ധിക്കുമോയെന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. ഇവിടെ കുറെ ട്രെയിനിംഗ് സ്കൂളുകൾ ഉണ്ട്. ഇതു് ഒരു വ്യാപാര സ്ഥാപനങ്ങളാണ്. സ്വകാര്യമേഖലയിലുള്ള ട്രെയിനിംഗ് സ്കൂളുകളിൽ

കുട്ടികളെ സെലക്ററു ചെയ്യാനുള്ള അധികാരം കുറെ ഗവണ്മെൻറിനും കുറെ മാനേജർക്കുമാണ്. ഒററപ്പാലത്തു് എൻ. എസ്സ്. എസ്സ്. കാളേജും ബി. ടി. കാളേജും വന്നിട്ടുണ്ട്. ബി. ടി.യ്ക്കു് കുറെപ്പേരെ എടുക്കാൻ മാനേജുമെൻറിനു് അധികാരമുണ്ട്. ഈ ട്രെയിനിംഗിനെടുക്കാൻ രണ്ടായിരം രൂപാവരെ കൈക്കൂലി കൊടുത്തിട്ടുണ്ട്.

ശ്രീ. പി. ഭാസ്ക്കരൻനായർ: ഒരു ചോദ്യം.

ശ്രീ. പി. കുഞ്ഞുണ്ണിനായർ: ചോദ്യത്തിനു വഴങ്ങുന്നില്ല. ഒററപ്പാലത്തിനടുത്തു് പേരൂരിൽ ഗാന്ധിസ്മാരക വിദ്യാലയമെന്നപേരിൽ ഒരു ബേസിക്ക് ട്രെയിനിംഗ് സ്കൂൾ ഉണ്ട്. അതു തുടങ്ങിയപ്പോൾ ചെയർമാൻ ശ്രീ. കേളപ്പനായിരുന്നു. അവിടത്തെ കാര്യത്തെപ്പററി പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞതു് എൻെറ പേരു് അങ്ങനെ വച്ചു എന്നു മാത്രമേ ഉള്ളു എന്നാണ്. അതിൽ അദ്ധ്യാപകനായിരുന്നതു് ഒരു ഭീമൻ നായരായിരുന്നു. അദ്ദേഹം കുറെ കഴിഞ്ഞപ്പോൾ അവിടെ നിന്നും പിരിഞ്ഞുപോയി. അവിടെ നടക്കുന്ന കൃത്രിമമാണ്. അദ്ദേഹം പിരിഞ്ഞുപോകാനുള്ള കാരണം. ഇതിനു കൂട്ടു നിന്നില്ലെന്നുവച്ചാണ് മഹാത്മഗാന്ധിയുടെ പേരുംപറഞ്ഞു് ഇങ്ങനെ പലതും നടക്കുന്നുണ്ട്. ആ പേരുപറഞ്ഞു് കള്ളഷാപ്പു് നടത്തിയാലും തരക്കേടില്ലെന്നുള്ള നിലയാണ് കാണുന്നതു്. ഇതൊരു ദേശീയ പാരമ്പര്യമായി വളർത്തുന്ന സംപ്രദായം നിലവിലുണ്ട്. ഏതു തരത്തിലും പണം തട്ടിയെടുക്കാൻവേണ്ടി ഇതുപോലുള്ള പല വിദ്യാലയങ്ങളും നടത്തുന്നുണ്ട്. പണം കിട്ടണമെന്നുള്ളതിൽകവിഞ്ഞു് മറെറാരു ഉദ്ദേശവും അവക്കില്ല. മറെറാരു സംഗതി സ്കൂളുകൾക്കു് മെയിൻറൻസ് ഗ്രാൻറു അനുവദിക്കുന്ന ഒരേർപ്പാടുണ്ട്. പല സ്കൂളുകൾക്കും നല്ല കെട്ടിടങ്ങളും ഫർണിച്ചറും ഉണ്ടെന്നാണു വയ്പു്. ഇതിലൊന്നും ശ്രദ്ധിക്കാത്ത സ്കൂളുകൾക്കും വലിയ സംഖ്യ മെയിൻറൻസു് ഗ്രാൻറു് കൊടുക്കുന്നുണ്ട്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ ഇക്കാര്യമൊന്നും പരിശോധിക്കുന്നില്ല. മെയിൻറൻസ് ഗ്രാൻറനുവദിക്കുന്നതിലും വളരെയധികം അഴിമതികൾ നടക്കുന്നുണ്ട്. ഇക്കാര്യം കർശനമായി നടപടി എടുക്കണം. എൻെറ നിയോജകമണ്ഡലത്തിലെ ഒന്നു രണ്ടു സംഗതികൾകൂടി ഈ അവസരത്തിൽ പ്രസ്താവിക്കണമെന്നു് എനിക്കാഗ്രഹമുണ്ട്. ഒററപ്പാലത്തു് നല്ല റെയിൽവേ സ്റ്റേഷൻ ഉണ്ടെങ്കിലും പല ഭാഗത്തും ആറും എട്ടും നാഴിക പോയാലെ, ഹൈസ്കൂളിൽ പോകാനൊക്കുകയുള്ളു. ഞാൻ തന്നെ ചെറുപ്പക്കാലത്തു് ആറു നാഴിക നടന്നുപോയാണ് ചെറുപ്പുള്ളശ്ശേരി ഹൈസ്കൂളിൽ പഠിച്ചിരുന്നതു്. ചളവറയിൽ നിന്നും ചെറുപ്പുള്ളശ്ശേരി സ്കൂളിലേക്കു് (എൻെറ വില്ലേജിൽ നിന്നു്) 4 നാഴിക വടക്കോട്ടു നടക്കണം. അതേപോലെതന്നെ ഷൊറണ്ണൂർ ഹൈസ്കൂളിലേക്കു് 8 നാഴികയും, വല്ലപ്പുഴ ഹൈസ്കൂളിലേക്കു് 6½ നാഴികയും അനങ്ങൻനാടി ഹൈസ്കൂളിലേക്കു് 5½ നാഴികയും നടക്കണം. ഇത്തരം പ്രദേശങ്ങൾക്കു് പുതിയ ഹൈസ്കൂൾ അനുവദിക്കണം. ലക്കിടിയിലുള്ള കുഞ്ചൻനമ്പ്യാർ സ്മാരക വിദ്യാലയം ഒരു ഹൈസ്കൂളാക്കി ഉയർത്തണം. അതുപോലെ ചളവറയിലും ഒരു ഹൈസ്കൂൾ അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് എൻെറ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. ആർ. സരസ്വതി അമ്മ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. വിദ്യാഭ്യാസത്തെക്കുറിച്ചു പറയുമ്പോൾ എനിക്കു പെട്ടെന്നു ഓർമ്മവരുന്നതു് ഒരു അറബി പണ്ഡിതൻെറ അഭിപ്രായമാണ്. ഒരു കുട്ടി ഭൂജാതനാകുമ്പോൾ, ചുററുമുള്ള ആളുകൾ ആഹ്ലാദത്തിൽ ആമഗ്നരായി കഴിഞ്ഞുകൂടുമ്പോൾ മധുരപദാർത്ഥങ്ങൾ വിതരണംചെയ്യുന്നു. കുഞ്ഞു് കൈകാലുകൾ കുടഞ്ഞുകൊണ്ടു് കരളുരുകെ കരയുകയാണ്. ആ സമയത്തു വിദ്യാഭ്യാസം അന്നുമുതൽ ആരംഭിക്കുന്നു എന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. വിദ്യാഭ്യാസത്തിൻെറ ലക്ഷ്യത്തെപ്പററി അദ്ദേഹം പറയുന്നതു്, ചുററുമുള്ള ആളുകൾ ഹൃദയഭേദകമായ വിധത്തിൽ മാറത്തടിച്ചു മുറവിളികൂട്ടുമ്പോൾ, സംതൃപ്തിയോടെ മന്ദഹസിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടു് കടന്നുചോകുന്നതിനുള്ള കഴിവു മനുഷ്യനു ഉണ്ടാക്കുന്നതാണു പരമമായ ലക്ഷ്യം. വിദ്യാഭ്യാസത്തിന്റെ സാങ്കേതിക വശം വിശേഷജ്ഞന്മാൎക്കു വിട്ടുകൊണ്ടു് ഇന്നു നിലവിലുള്ള വിദ്യാഭ്യാസത്തെ സംബന്ധിച്ചു് ഏതാനും കാര്യങ്ങൾ സഭമുമ്പാകെ വയ്ക്കാമെന്നാണു ഞാൻ കരുതുന്നതു്. മനുഷ്യനിൽ അന്തർലീനമായിട്ടുള്ള വിവിധ വാസനകളെ വേണ്ടവിധത്തിൽ പോഷിപ്പിക്കുക എന്നാണു് സാധാരണക്കാർ വിദ്യാഭ്യാസത്തെ വിവക്ഷിക്കുന്നതു്. അങ്ങനെ ഒരു വ്യക്തിയിൽ കുടികൊള്ളുന്ന വിഭിന്ന രുചികളെ സമഞ്ജസമായി വളർത്തിയെടുത്തു സമുദായത്തിനും രാജ്യത്തിനും ഉപയോഗപ്രദമാക്കേണ്ടതു് ഇന്നത്തെ അടിയന്തിരാവശ്യമായി ഞാൻ കരുതുന്നു. ഈ അടിയന്തിരാവശ്യം സാധിക്കുന്നതിനു ഇന്നു നിലവിലുള്ള വിദ്യാഭ്യാസം എത്രമാത്രം പ്രയോജനപ്പെടുമെന്നുള്ളതിനെക്കുറിച്ചു അഭിപ്രായവ്യത്യാസമുണ്ടു്. ആ പ്രശ്നം കൈകാര്യം ചെയ്യുന്നതിനും, നിലവിലുള്ള വിദ്യാഭ്യാസ രംഗത്തു് വേണ്ടവിധത്തിലുള്ള പരിവർത്തനങ്ങൾ വരുത്തുന്നതിനും ഉള്ള ചുമതല വിദ്യാഭ്യാസ വിചക്ഷണന്മാൎക്കു വിട്ടുകൊടുക്കുകയായിരിക്കും നല്ലതു് എന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു് ഏതാനും ചില കാര്യങ്ങൾമാത്രം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണു്. സാക്ഷരതയുടെ മാനദണ്ഡം നോക്കുകയാണെങ്കിൽ കേരളം ഇൻഡ്യയിലെ മറ്റേതൊരു സംസ്ഥാനത്തെ അപേക്ഷിച്ചും മുന്നണിയിലാണെന്നു അവകാശപ്പെടാൻ കഴിയും. ഇവിടത്തെ പുരുഷന്മാരെ സംബന്ധിച്ചിടത്തോളം ഉള്ള വിദ്യാഭ്യാസവർദ്ധനവു് 24 ശതമാനമാണെങ്കിൽ സ്ത്രീവിദ്യാഭ്യാസത്തിലുള്ള വർദ്ധനവു് 32 ശതമാനമാണെന്നു കാണാം. ഈ വിധത്തിൽ വിദ്യാഭ്യാസ വിഷയകമായി ഈ രാജ്യം ക്രമപ്രവൃദ്ധമായി പുരോഗമിച്ചുവരികയാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. 1958–ൽ ഇവിടെ ഉണ്ടായിരുന്ന സ്കൂളുകൾ 9631 ആണെങ്കിൽ 1963–ൽ അതു 10205 ആയി വർദ്ധിച്ചിട്ടുണ്ടു്. 1958–ൽ 28.45 ലക്ഷം വിദ്യാർത്ഥികൾ സ്കൂളിൽ പോയിരുന്നെങ്കിൽ, അതു ഇന്നു് 36 ലക്ഷത്തിൽ കവിഞ്ഞിട്ടുണ്ടു്. ഇതു ഈ സംസ്ഥാനത്തു് വിദ്യാഭ്യാസ സംബന്ധമായി ഉണ്ടായിട്ടുള്ള നേട്ടമാണെന്നാണു് ഞാൻ കരുതുന്നതു്. ഈ രാജ്യത്തെ മുതലെടുപ്പിന്റെ ഏതാണ്ടു് 32 ശതമാനം 1963–ൽതന്നെ വിദ്യാഭ്യാസത്തിനായി വിനിയോഗിച്ചിട്ടുണ്ടു്. പക്ഷെ ഇതൊക്കെയാണെങ്കിലും ഇവിടെ അനുദിനം വർദ്ധിച്ചുവരുന്ന ജനസംഖ്യയ്ക്കനുസരണമായി വിദ്യാഭ്യാസരംഗം വിപുലീകരിക്കുന്നതിനു ഗവണ്മെന്റിനു സാധിച്ചിട്ടുണ്ടെന്നു എനിക്കഭിപ്രായമില്ല. ഈ കാര്യത്തിനു എല്ലാ വിഭാഗങ്ങളുടെയും സഹായസഹകരണം ഉണ്ടെങ്കിലേ സാധിക്കുകയുള്ളു എന്ന വിശ്വാസമാണു് എനിക്കുള്ളതു്. നമുക്കു് വേണ്ടത്ര സ്കൂൾ കെട്ടിടങ്ങളോ ഉപകരണങ്ങളോ, വേണ്ടത്ര അദ്ധ്യാപകരോ ഇല്ലെന്നുള്ള പരമാർത്ഥം ഞാൻ മറച്ചുവയ്ക്കുന്നില്ല. അതേസമയത്തു് അങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളമുള്ള പോരായ്മകൾ പരിഹരിക്കുന്നതിനു ഗവണ്മെന്റിനെ സഹായിക്കാൻ ഈ സഭയിലെ അംഗങ്ങളും പൊതുജനങ്ങളും ഒരുപോലെ താല്പര്യം പ്രകടിപ്പിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുകയാണു്. എനിക്കു ഈ അവസരത്തിൽ മറ്റൊരു കാര്യംകൂടി പറയുവാനുണ്ടു്. ഇന്നു വിദ്യാഭ്യാസത്തിന്റെ മാനദണ്ഡം ഉയർത്തണമെന്നെല്ലാം വളരെ അധികം ആവേശപൂർവ്വം പറയാറുണ്ടു്. അതിലേക്കു് ഉററുശ്രമിക്കുന്ന ഗവണ്മെന്റിനെ ഒരു വസ്തുത ഉൽബോധിപ്പിക്കാനുണ്ടു്. നിശ്ചയമായും ഈ രാജ്യത്തെ അദ്ധ്യാപകരുടെ ആത്മാർത്ഥമായ സഹകരണം ഇക്കാര്യത്തിൽ ആദ്യമായി ലഭിച്ചേ മതിയാവു. അദ്ധ്യാപകരെ ഇത്രയേറെ അസംതൃപ്തരായി അവശേഷിപ്പിക്കുന്നതെന്നതു ശരിയല്ലായെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഗവണ്മെന്റിന്റെ സാമ്പത്തിക പരാധീനത മനസ്സിലാക്കിക്കൊണ്ടുതന്നെയാണു ഞാൻ ഇങ്ങനെ പറയുന്നതു്. ഇന്നു ഈ രാജ്യത്തെ അദ്ധ്യാപകർ സമരമുന്നണിയിലേക്കു് നീങ്ങുന്നതായി കാണാൻകഴിയും. എല്ലാ ജനവിഭാഗങ്ങൾക്കും അവകാശപ്പെട്ടിട്ടുള്ള മൂല്യങ്ങൾ, അവൎക്കു നിഷേധിക്കാൻ നമുക്കു സാദ്ധ്യമല്ലെന്നും, അവരെ സമരരംഗത്തേക്കു നീക്കാതിരിക്കേണ്ടതു ഈ രാജ്യത്തിന്റെ പുരോഗതിക്കു ഏററവും അത്യാവശ്യമാണെന്നും ഞാൻ കരുതുകയാണു്. അതിലേക്കു സാമ്പത്തികമായി എന്തെങ്കിലും ചെയ്യുവാൻ സാരമായ കഴിവു് ഇന്നു നമുക്കില്ലെന്നുള്ള പരമാർത്ഥം ഞാൻ മറക്കുന്നില്ല. അതേസമയത്തു് ചില

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ ചെയ്യാൻകഴിയും. അവരുടെ പ്രശ്നങ്ങൾ ആരാഞ്ഞു പരിഹരിക്കാവുന്നവ പരിഹരിക്കുകയും, ശേഷിച്ചവയ്ക്ക് സമയം വിനിയോഗിച്ച് അനുഭാവപൂർവ്വം മറുപടി നൽകി അവരെ സമാശ്വസിപ്പിക്കുന്നതിനു ഗവണ്മെൻറിനു കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു: എൻ. ജി. ഒ. മാർക്ക് നൽകിയിട്ടുള്ള ചില ആനുകൂല്യങ്ങൾ പ്രൈവറ്റു സ്കൂൾ അദ്ധ്യാപകർക്കും നൽകിയതിൽ ഞാൻ ഗവണ്മെൻറിനെ ഹാർദ്ദമായി അനുമോദിക്കുന്നു. എന്നാൽ എൻ. ജി. ഒ. മാരുടെ മുഴുവൻ ആനുകൂല്യങ്ങളും ഇന്നു അദ്ധ്യാപകർക്കില്ല. മറെറാരു ഖേദകരമായ വസ്തുതയുണ്ട്. മുഖ്യമന്ത്രി ചെയ്ത ചില പ്രസംഗങ്ങൾ അവർക്ക് വളരെയധികം ആശങ്കയ്ക്കു ഇടയാക്കിയിട്ടുണ്ടെന്നാണു എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. അവ അവരെ ആകുലരാക്കിയിട്ടുണ്ട്. സ്വല്പംകൂടി ഗൗരവമായിട്ടുള്ള ഒരു കാര്യം എനിക്കു ഓർമ്മിക്കാനുള്ളതു ചില വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറു ഉദ്യോഗസ്ഥന്മാരുടെ പ്രസംഗങ്ങളും പ്രസ്താവനകളും അദ്ധ്യാപകലോകത്തിനു കൂടുതൽ അമർഷവും അസംതൃപ്തിയും ഉണ്ടാക്കിയിട്ടുണ്ടെന്നുള്ളതാണ്. ചില വകുപ്പുമേധാവികൾ ചെയ്തിട്ടുള്ള പ്രസംഗങ്ങൾ പത്രദ്വാരാ അറിയാൻ കഴിഞ്ഞിട്ടുണ്ട്. ചില ആരോപണങ്ങൾ പ്രൈവറ്റു സ്കൂൾ അദ്ധ്യാപകരുടെ പേരിൽ കൊണ്ടുവന്നിട്ടുള്ളതു അവർക്കു അവഹേളനകരമാണ്. ഈ രാജ്യത്തെ വിദ്യാഭ്യാസം ദേശസാൽക്കരിക്കുന്നതിനു ഞങ്ങളാരും എതിരല്ല. അങ്ങനെയൊരു സമീപനമുണ്ടെങ്കിൽ നൂറുശതമാനം യോജിക്കാൻ ഞങ്ങൾ തയാറാണ്. അതേസമയത്തു് സേവനപാരമ്പര്യമുള്ള ഈ രാജ്യത്തെ പ്രൈവറ്റ് അദ്ധ്യാപകരെ അവഹേളിക്കത്തക്കവിധത്തിൽ വിദ്യാഭ്യാസ മേധാവികൾ എന്തെങ്കിലും പ്രസ്താവന ചെയ്യുകയാണെങ്കിൽ ഗവണ്മെൻറിൽനിന്നും വേണ്ട നടപടികളെടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ മുമ്പു പറഞ്ഞതുപോലെ 'പത്തു പുത്തൻ കൊടുക്കാൻ കഴിഞ്ഞില്ലെങ്കിലും പത്തു ഭള്ളു' പറയാതിരിക്കുക. പണംകൊണ്ടു സാധിക്കാത്ത കാര്യങ്ങൾ സൗമനസ്യത്തോടുകൂടി ശ്രമിക്കുകയാണെങ്കിൽ നല്ല വാക്കുകൊണ്ടു ചിലപ്പോൾ സാധിക്കാവുന്നതാണ്. അദ്ധ്യാപകർ വിവരമില്ലാത്ത ആളുകളല്ല. അവർ ഈ രാജ്യത്തിൻെറ ഭാവിഭാഗധേയം നിർണ്ണയിക്കുന്ന ആളുകളെ വാർത്തെടുക്കുന്നവരാണ്. ആ നിലയിലും ഇങ്ങനെയുള്ള അഭിപ്രായ പ്രകടനങ്ങൾ വകുപ്പുമേധാവികളിൽനിന്നു വരുന്നതു നിർഭാഗ്യകരമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു ഇങ്ങനെയുള്ള കാര്യങ്ങളിൽ ഗവണ്മെൻറു കുറച്ചു ശ്രദ്ധിക്കണമെന്നും, "ധർമ്മം കൊടുത്തില്ലെങ്കിലും പട്ടിയെവിട്ടു കടിപ്പിക്കാതിരിക്കണമെന്നും" ഉള്ള അഭ്യർത്ഥനയാണ് എനിക്കുള്ളതു്. ഈ വക കാര്യങ്ങളിൽ അദ്ധ്യാപകരുടെ ന്യായമായ പരാതികൾ പരിഹരിക്കുന്നതിനു മുഖ്യമന്ത്രിക്കു കഴിവുണ്ടെന്നു ഞാൻ വിശ്വസിക്കുകയാണ്. പക്ഷേ അദ്ദേഹം അതിനൊന്നു വിചാരിക്കണമെന്നേയുള്ളു. ഏതായാലും അദ്ധ്യാപകർ സമരത്തിലേക്ക് നീങ്ങാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നു പറയുന്നതോടൊപ്പം എനിക്കു ഒന്നുരണ്ടു കാര്യങ്ങൾകൂടി പറയുവാനുണ്ട്. പ്രൈവറ്റു സ്കൂൾ അദ്ധ്യാപകരുടെ ന്യായമായ അവകാശങ്ങൾ സ്ഥാപിക്കുന്നതിനു അവരുടെ ചില സംഘടനകൾ സത്വരശ്രദ്ധ ആകർഷിക്കുന്ന ചില സംഗതികൾ വച്ചിട്ടുണ്ട്. അവരുടെ പേ ഫിക്സേഷൻ, Revision, approval of appointments തുടങ്ങിയ കാര്യങ്ങളിൽ ഗവണ്മെൻറു കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. ഇന്നത്തെ റീജിയണൽ ആഫീസുകൾ വന്നപ്പോൾ ഞങ്ങൾ പ്രതീക്ഷിച്ചതു വളരെവേഗം ഇക്കാര്യങ്ങൾക്കു നീക്കുപോക്ക് ഉണ്ടാകുമെന്നാണ്. ഈ ആഫീസുകൾ അതിലേക്കു സഹായകമല്ലെന്നുമാത്രമല്ല പ്രതിബന്ധങ്ങളും ഇന്നു സൃഷ്ടിക്കുന്നുണ്ട്. ഏതാണ്ടു രണ്ട് ഡി. പി. ഐ. മാർ ഈ തലസ്ഥാനത്തു് പ്രവർത്തിക്കുന്നതുപോലെയാണ് റീജിയണൽ ആഫീസുകൊണ്ടുണ്ടാകുന്ന ഫലം. ചില ഡ്യൂട്ടികൾ റീജിയണൽ ആഫീസിനു deligate ചെയ്തുകൊടുത്തിട്ടുണ്ട്. അതു എന്തെല്ലാമാണെന്നു അദ്ധ്യാപകർക്കും പൊതുജനങ്ങൾക്കും അറിഞ്ഞുകൂടാ. അങ്ങനെ ഈ രാജ്യത്തെ അദ്ധ്യാപകന്മാരും എം. എൽ. എ. മാർ അടക്കമുള്ള പൊതുജനങ്ങൾ ഏതു ആഫീസിനെയാണു സമീപിക്കേണ്ടതെന്നറിയാൻവയ്യാതെ തിരുവനന്തപുരം തെരുവീഥിയിൽ അലഞ്ഞുനടക്കുന്ന സ്ഥിതിവിശേഷമാണു ഇന്നുള്ളതു്. ഈ സെററപ്പ് ആവശ്യമില്ലെന്നുള്ള പൊതു

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായം മാനിച്ച് റീജിയണൽ ആഫീസുകൾ നിറുത്തലാക്കി റവന്യൂ ഡിസ്ട്രിക്റ്റിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ച് അവർക്കുവേണ്ട അധികാരങ്ങൾ കൊടുക്കുന്നതിനു ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുകയാണ്.

ഇനി എനിക്കു ഒന്നുരണ്ടു കാര്യങ്ങൾ, എന്റെ നാട്ടിനെക്കുറിച്ചുകൂടി പറയേണ്ടിയിരിക്കുന്നു. അതായതു്, വളരെ വർഷങ്ങളായി തുടർച്ചയായിട്ടു ഒരു അപ്പർ പ്രൈമറി സ്കൂൾ ഹൈസ്കൂൾ ആക്കണമെന്നു ഞങ്ങൾ
11 a. m. വാദിച്ചിരുന്നു. അവിടെ മുഖ്യമന്ത്രിയും മററു ക്യാബിനററിലെ അംഗങ്ങളും പോയി കണ്ടിട്ടുള്ളതാണ്. അതായതു്, തിരുവൻവണ്ടൂർ എന്നസ്ഥലത്തു് നാലുവശവും വെള്ളത്താൽ ചുററപ്പെട്ട ആ സ്ഥലത്തു ജനങ്ങൾ തിങ്ങിത്താമസിക്കുന്ന ആ സ്ഥലത്തു നാലു മൈലിനകത്തു വേറെ ഒരു ഹൈസ്കൂളുപോലും ഇല്ലാത്ത ആ സ്ഥലത്തു അവിടത്തെ ആ അപ്പർ പ്രൈമറിസ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ടി ആ സ്ഥലത്തെ ആളുകൾ സ്ഥലം നൽകാൻ തയാറാണെന്നും കെട്ടിടം കെട്ടിക്കൊടുക്കാൻ തയാറാണെന്നും ഗവണ്മെന്റിലേക്കു എഴുതിക്കൊടുത്തിട്ടുള്ളതാണ്. എന്നിട്ടുകൂടി അതു ഇതുവരെ ചെയ്തില്ല. പലകാര്യങ്ങൾ എനിക്കു പറയാനുണ്ടെങ്കിലും എനിക്കു സമയമില്ലാത്തതുകൊണ്ടു നിറുത്തുന്നു. എങ്കിലും ഇങ്ങനെയുള്ള കാര്യങ്ങളിൽ മുഖ്യമന്ത്രിയുടെ സത്വരശ്രദ്ധയെ ആകർഷിച്ചുകൊണ്ടു ഇവിടത്തെ യൂണിവേഴ്സിററിയെ സംബന്ധിച്ചിടത്തോളം ഒരുകാര്യംകൂടി പറയുവാൻ ഞാനാഗ്രഹിക്കുന്നു.

നമ്മുടെ രാഷ്ട്രീയം അധഃപതിച്ചുകൊണ്ടുവരുന്നതായി പാർട്ടിയിലുള്ളവരും പാർട്ടികളിൽപ്പെട്ടിട്ടില്ലാത്തവരും പറയുന്നുണ്ട്. തിരുവനന്തപുരം യൂണിവേഴ്സിററി കാളേജിൽ ഇപ്പോൾ പോളിററിക്സ് എം. എ. ഉണ്ട്. അതുപോലെ ഈ സംസ്ഥാനത്തുള്ള കാളേജുകളിലെല്ലാം തന്നെ പോളിററിക്സ് എം. എ. കോഴ്സ് ഏർപ്പെടുത്തുകയാണെന്നുണ്ടെങ്കിൽ അതു നന്നായിരിക്കും. ആ സംപ്രദായം കാളേജുകളിൽ ഏർപ്പെടുത്തിയാൽ രാഷ്ട്രീയമായ കാര്യങ്ങൾ കൂടുതൽ പഠിക്കുന്നതിനും അതിനുശേഷം അവർക്കു രാഷ്ട്രീയരംഗത്തു വരുന്നതിനു സൗകര്യമുണ്ടാകുന്നതുമാണ്. അങ്ങനെ ഇവിടത്തെ രാഷ്ട്രീയം പരിശുദ്ധമാകുകയും ചെയ്യും.

ഇവിടത്തെ സാങ്കേതികവിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങളെക്കുറിച്ചും അതു വളരെ അഭിനന്ദനീയമാണെന്നും ഞാൻ കരുതുന്നു 1960—61—ൽ 66 കോടി രൂപ മാത്രമായിരുന്നതു ഇപ്പോൾ 1.21 കോടി രൂപ ഇതിനുവേണ്ടി ചെലവാക്കുകയാണ്. ഇതിനാവശ്യമായിട്ടുള്ള പോളിടെക്നിക്കുകളും ഉണ്ടായിട്ടുണ്ട് എന്നു കാണുന്നു. ഇതെല്ലാം നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു നല്ല ഭാവിയെക്കുറിക്കുന്നു. ഈ സഭയിലെ എല്ലാ ബഹുഃഅംഗങ്ങളും ഗവണ്മെന്റിന്റെ ഈ യത്നങ്ങളെ സഹായിക്കാൻവേണ്ടി മുന്നോട്ടുവരണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ: സർ, ഈ സംസ്ഥാനത്തിന്റെ വരവിനത്തിൽ ഏകദേശം മൂന്നിലൊന്നു വരുന്ന ഒരു ധനാഭ്യർത്ഥനയാണ് വിദ്യാഭ്യാസവകുപ്പിനുവേണ്ടിയും വിദ്യാഭ്യാസത്തിനുവേണ്ടിയും നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുള്ളതു്. സാധാരണ ഒരു വിദ്യാഭ്യാസതല്പരൻ എന്നുള്ള നിലയിൽ ഇതിനെ എതിർക്കുന്നതു ശരിയല്ലെങ്കിലും ഇതിനെ എതിർക്കാതിരിക്കാൻ നിർവ്വാഹമില്ല. സർ, നമ്മുടെ സംസ്ഥാനത്തു എല്ലാക്കൊല്ലവും വിദ്യാർത്ഥികളുടെ എണ്ണവും അവരെ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകരുടെ എണ്ണവും കൂടുതലായി വരുന്നുണ്ടെന്നും അതു ഇനിയും കൂടുതലായിട്ടേ വരാൻ സാദ്ധ്യതയുള്ളു എന്നും നമുക്ക് എല്ലാവർക്കും അറിയാം. ഈ സംസ്ഥാനത്തിനു് അത്തരം ഒരു പ്രവണത മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു കാണുന്നുണ്ടു്. ഇവിടെ കൂടുതൽ ജനങ്ങൾ കൂടുതലായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. അങ്ങനെ കൂടുതൽ കൂടുതൽ ആളുകൾ ഉണ്ടാകുന്നു എന്നുള്ളതുകൊണ്ടു് വളരെയധികം ജനനിബിഡമായ ഒരു സംസ്ഥാനമാണെന്നുള്ളതൊഴിച്ചുകൂടാൻ പാടില്ലാത്ത ഒരു സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

യാണ്. അങ്ങനെ കൂടുതൽ കുട്ടികൾ വിദ്യാഭ്യാസം ചെയ്യുന്നതിനുവേണ്ടി മുന്നോട്ടു വരികയും, അതിന്റെ ഫലമായി വിദ്യാഭ്യാസത്തിനുവേണ്ടി കൂടുതൽ തുക ചെലവാക്കേണ്ടിവരികയും ചെയ്യുന്നതിനനുസരിച്ചുള്ള വരവുണ്ടാക്കാൻ നമുക്കു സാധിക്കണം. അതു സാധിക്കുന്നില്ലെങ്കിൽ ഇന്ന് എല്ലാ ആവശ്യങ്ങൾക്കുംവേണ്ടി കേന്ദ്രഗവണ്മെന്റു കൊടുക്കാനുള്ള സംഖ്യയും ഈ സംസ്ഥാനത്തിനു ലഭിക്കുന്നതിനു നമ്മുടെ എല്ലാ പരിശ്രമങ്ങളും നടത്തിക്കൊണ്ട് അതു വാങ്ങാൻ നാം വേണ്ടതു ചെയ്യണം.

ഇതെല്ലാം പറയുന്നതിനോടൊപ്പംതന്നെ നിലവിലുള്ള വിദ്യാഭ്യാസം ഇന്നു ഏതു നിലയിലാണ് നടക്കുന്നത്, ഏതടിസ്ഥാനത്തിലാണ് പോകുന്നത് എന്നു നോക്കുകയാണെങ്കിൽ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളവും അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളവും വിദ്യാഭ്യാസത്തിന്റെ നിലവാരം താണുപോയി എന്നു വിദ്യാഭ്യാസവിദഗ്ദ്ധന്മാരായിട്ടുള്ള എല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമാണ്. വിദ്യാഭ്യാസനിലവാരം താണുപോയി എന്നുമാത്രമല്ല, ഈ അദ്ധ്യാപകന്മാർ വിദ്യാർത്ഥികളെ ശരിയായി പഠിപ്പിക്കുന്നുണ്ടോ എന്നുള്ളതിനെപ്പററിയെല്ലാം ഇൻസ്പെക്ററിംഗ് ഉദ്യോഗസ്ഥന്മാർ ഇൻസ്പെക്ഷൻ നടത്തുന്നുണ്ടോ എന്നു ചോദിച്ചാൽ അതു ശരിയാംവണ്ണം നടക്കുന്നില്ല എന്നതു് ഒരു വസ്തുതയാണ്. ഈ വിദ്യാലയങ്ങൾ എങ്ങനെയെങ്കിലും അങ്ങു നടത്തിക്കൊണ്ടു പോകണം, അവക്കു ദിവസങ്ങൾ അങ്ങു കഴിക്കണം എന്നുള്ളതല്ലാതെ പ്രത്യേക താല്പര്യങ്ങളൊന്നും ഈ ഉദ്യോഗസ്ഥന്മാക്ക് ഈ കാര്യത്തിൽ ഇല്ല. അങ്ങനെ അവരുടെ പ്രവർത്തനങ്ങളിലും വിമുഖതകാണിച്ചുകൊണ്ടേയിരിക്കുന്നു. ഗവണ്മെന്റു സ്കൂളുകളായാലും പ്രൈവററുസ്കൂളുകളായാലും ആവശ്യത്തിനുള്ള കെട്ടിടങ്ങൾ ഇല്ലാതെ അവശേഷിക്കുന്നു. വെറും ഓലമാത്രം മേഞ്ഞു മഴക്കാലത്തു നിലംപതിക്കുന്ന സ്കൂളുകൾ അനവധിയുണ്ട്. ഗവണ്മെന്റു സ്കൂളുകളും പ്രൈവററുസ്കൂളുകളും ഉണ്ട്. ഇതിനുമുമ്പ് ഞാൻ ഈ സഭയിൽതന്നെ എത്ര ഓലമേഞ്ഞതും മഴയത്തു നിലംപതിക്കാൻ ഇടയുള്ളതുമായ ഷെഡ്ഡുകളും സ്കൂളുകളും ഈ സംസ്ഥാനത്തുണ്ട് എന്നു ഒരു ചോദ്യം ചോദിച്ചതിനു ഇതേവരെ മറുപടി തരാൻ സാധിച്ചിട്ടില്ല. കാരണം, അത്രയുമധികം ഓലഷെഡ്ഡുകളും ഇന്നുള്ളതുകൊണ്ടാണ്. കുട്ടികൾക്ക് ഇരിക്കാനുള്ള ഫർണിച്ചർ പ്രൈമറിസ്കൂളുകളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ മൂന്നുകാലും രണ്ടുകാലുമുള്ള കസേരകളും ബഞ്ചുകളുംമാത്രമേ ഇന്നു പ്രൈവററുപ്രൈമറിസ്കൂളുകളിൽ കാണാൻ സാധിക്കയുള്ളു. അതിന് ഒരു മാററംവരുത്താൻ ഗവണ്മെന്റിനു ഇതുവരെ സാധിച്ചില്ല. മൊത്തത്തിൽ പറയുകയാണെങ്കിൽ ഇന്നു വിദ്യാഭ്യാസനിലവാരത്തെ സംബന്ധിച്ചിടത്തോളം കൊല്ലം കഴിയുംതോറും എന്തെല്ലാംതരത്തിലുള്ള അഴിമതികളും ഏതെല്ലാംതരത്തിൽ പരസ്യമായിട്ടുള്ള വൃത്തികേടുകളുമാണ് ഇന്നു ഈ രംഗത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതിന്റെയെല്ലാം ഫലമായിട്ടുകൂടിയാണ് ഇന്നു എല്ലാ രംഗങ്ങളും അധഃപതിച്ചുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസം ചെയ്യിക്കുന്നതിന്റെ ഉദ്ദേശംതന്നെ സമൂഹത്തിന്റെ സ്വഭാവം രൂപീകരിക്കുക എന്നുള്ളതാണ്. അതിനുവേണ്ടി കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതിനുള്ള കരിക്കുലം ശരിയായ നിഷ്കർഷയോടുകൂടി തയ്യാറാക്കുകയും ചെയ്യില്ലെങ്കിൽ ഇനിയും കൂടുതൽ ഈ വിദ്യാഭ്യാസനിലവാരം അധഃപതിക്കുകയും ചെയ്യും. ഈ കാര്യങ്ങളെല്ലാം വച്ചു നോക്കുമ്പോൾ ഇന്നത്തെ ഈ വിദ്യാഭ്യാസനിലവാരം താണുപോകുന്നഅവസരത്തിൽ ഇതിനെ എതിർക്കാതെ എന്തുചെയ്യും. ഇന്നത്തെ ചുററുപാടിൽ വിദ്യാർത്ഥികളാണെങ്കിൽ, അവക്കു പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ എത്ര ചെയ്തുകൊടുത്താലും അദ്ധ്യാപകന്മാർ അവരെ ശരിയായി പഠിപ്പിച്ചാൽ മാത്രമേ നമ്മുടെ ഉദ്ദേശ്യം സാദ്ധ്യമാകൂ. അതിനു അദ്ധ്യാപകന്മാർ കാര്യക്ഷമതയുള്ളവരും, തൃപ്തന്മാരുമായിരിക്കണം എന്നുള്ളതാണ്. ഇന്ന് അദ്ധ്യാപകന്മാരാണെങ്കിൽ അവർ അതൃപ്തന്മാരായിരിക്കുകയാണ്. കുട്ടികളെ പഠിപ്പിക്കുന്നതിനും അവരുടെ സ്വഭാവം രൂപീകരിക്കുന്നതിനും അദ്ധ്യാപകന്മാരെക്കൊണ്ടുമാത്രമേ സാദ്ധ്യമാകയുള്ളു. ഇതു മുഖ്യമന്ത്രിക്കും ഉദ്യോഗസ്ഥന്മാക്കും സാദ്ധ്യമല്ല. ഒരു ഡയറക്ററെക്കൊണ്ടും സാദ്ധ്യമല്ല. അതു ഈ അദ്ധ്യാപകന്മാരെക്കൊണ്ടാണ് സാധിക്കേണ്ടതു്. അവക്ക് എന്തെല്ലാം കുററങ്ങളും കുറവുകളും ഉണ്ടെങ്കിലും അവ

LIBRARY ARCHIVES Kerala Legislative Assembly

തിരുത്തി അവരെ കൂടുതൽ യോഗ്യതയുള്ളവരാക്കിത്തീർക്കണം. അതു സാദ്ധ്യമാകാത്ത ഒരു നിലപാടായിരുന്നു ഇവിടെയുള്ളതു്. പഴയ വിദ്യാഭ്യാസം, ബ്രിട്ടീഷ് ഭരണകാലത്തുണ്ടായിരുന്നതുപോലെ തന്നെ ഇന്നും അദ്ധ്യാപകരെ തമ്മിൽ ഭിന്നിപ്പിച്ചുകൊണ്ടുള്ള ഒരു നിലപാടാണു് എടുത്തിട്ടുള്ളതു്. പ്രൈവററു സ്കൂൾ അദ്ധ്യാപകന്മാർ ഒരു ഭാഗത്തു്, ഗവണ്മെൻറു് സ്കൂൾ അദ്ധ്യാപകന്മാർ ഒരു ഭാഗത്തു് ഇങ്ങനെയുള്ള ഒരു നിലപാടാണു് ഇന്നും. ആ ഒരു വലിയ അന്തരം കുറെയെങ്കിലും പരിഹരിക്കുന്നതിനു് കമ്മ്യൂണിസ്റ്റ് ഗവണ്മെൻറിന്റെ കാലത്തു് ഒരു ആക്ററുകൊണ്ടുവന്നിരുന്നു എങ്കിലും ശരിയായ രീതിയിൽ അതിലെ വ്യവസ്ഥകൾ തയ്യാറാക്കിയില്ല. പ്രാഥമിക വിദ്യാഭ്യാസം കൈകാര്യംചെയ്യുന്ന അദ്ധ്യാപകന്മാരുടേയും സെക്കൻററി വിദ്യാഭ്യാസം കൈകാര്യം ചെയ്യുന്നവരുടേയും ഇടയിലും ഇന്നു ഏററവുംവലിയ നിരാശ ഉള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ടു്. എന്താണു് അവരുടെ ആവശ്യങ്ങൾ. അവർക്കു ജീവിക്കാൻമാത്രം ആവശ്യമുള്ള ചില ആവശ്യങ്ങൾ അവർ ഉന്നയിച്ചിരിക്കയാണു്. സാധാരണയായി ഒരു പ്രൈവററു പ്രൈമറിസ്കൂൾ അദ്ധ്യാപകൻ ജോലി വിട്ടുകഴിഞ്ഞാൽ ഇന്നു മൂന്നും നാലും രൂപയാണു് അയാൾക്കു പെൻഷനായി കിട്ടുന്നതു് എന്ന വസ്തുത ഈ ഗവണ്മെൻറിനും ഈ നിയമസഭയ്ക്കുംതന്നെ വളരെ അപമാനകരമാണു്. അതിനുപകരം ഒരു എയിഡഡ് അദ്ധ്യാപകനു് ഏററവും ചുരുങ്ങിയതു 20 രൂപയായിരിക്കും പെൻഷൻ എന്നു വ്യക്തമാക്കണം. ഇന്നു ഏററവും ചുരുങ്ങിയ പെൻഷൻ 20 രൂപയായിരിക്കണമെന്നു ബഡ്ജററുപ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നതു പ്രൈവററു് അദ്ധ്യാപകന്മാർക്കും നൽകുവാൻ ഗവണ്മെൻറു് നടപടിയെടുക്കണം. ഇന്നു ഗവണ്മെൻറുസ്കൂൾ അദ്ധ്യാപകന്മാരേക്കാൾ ഒന്നുകൊണ്ടും ഇവർ യോഗ്യതക്കുറവുള്ളവരായിരിക്കയില്ല. ഇന്നു അവർ തമ്മിൽ യോഗ്യത സംബന്ധിച്ചു് യാതൊരു വ്യത്യാസവുമില്ലാത്ത സ്ഥിതിക്കു് ഗവണ്മെൻറുസ്കൂൾ അദ്ധ്യാപകന്മാർക്കു് ഹൗസ് റെൻറു് അലവൻസ് കൊടുക്കുമ്പോൾ അതു് പ്രൈവററു് അദ്ധ്യാപകന്മാർക്കെന്തുകൊണ്ടു കൊടുക്കുന്നില്ല. ഡിപ്പാർട്ടുമെൻറു സർക്കുലറിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നതു്, ഇതു അവരുടെ വീട്ടുവാടകയായിട്ടല്ലാ ഇന്നു സാധനങ്ങളുടെ വർദ്ധിച്ചുവരുന്ന വിലക്കൂടുതലിനെ പരിഗണിച്ചു എന്തെങ്കിലും തരത്തിൽ ഒരു സഹായം ചെയ്യാൻവേണ്ടിയാണു് ഇങ്ങനെ ഹൗസ്റെൻറു് അലവൻസ് കൊടുക്കുന്നതെന്നാണു്. അങ്ങനെ കൊടുക്കുമ്പോൾ, എല്ലാ അദ്ധ്യാപകർക്കും വീട്ടുവാടക ബാധകമാക്കണം എന്നു പറഞ്ഞാൽ അതിനു ഗവണ്മെൻറു് തയ്യാറില്ല.

സർ, സ്റ്റാഫ് ഫിക്സേഷൻ, പ്യൂപ്പിൾ ടീച്ചർ, റേഷ്യോ എന്നിങ്ങനെയുള്ള കാര്യങ്ങളെല്ലാം നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണു്. സ്റ്റാഫ് ഫിക്സേഷന്റെ വൈകല്യം നിമിത്തം ജോലിയില്ലാതായ ഒരു ടീച്ചർ ആത്മഹത്യ ചെയ്തിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ടു്. അയാൾ ആത്മഹത്യചെയ്യാനൊരുങ്ങുന്നതിനുമുമ്പു് ഒരു കത്തു് എഴുതിവച്ചിട്ടുണ്ടായിരുന്നു. സസ്പെൻഷൻ അധികാരം ഉപയോഗിച്ചു മാനേജർമാർ അദ്ധ്യാപകന്മാരെ സ്ഥാനത്തും അസ്ഥാനത്തും സസ്പെൻറു ചെയ്തുകൊണ്ടിരിക്കുകയാണു്. അങ്ങനെ സസ്പെൻറു ചെയ്തിട്ടുള്ള ഒരു അദ്ധ്യാപകനെ രണ്ടുകൊല്ലമായിട്ടും തിരിച്ചെടുക്കാതെയിരിക്കുന്നു. അതേ സംബന്ധിച്ചു ഡിപ്പാർട്ടുമെൻറിനോടു പരാതിപ്പെട്ടിട്ടും അതിനെപ്പററി വേണ്ട നടപടി എടുക്കാതിരിക്കുകയാണു്. അങ്ങനെ പലതും കാണും. അദ്ധ്യാപകന്മാരുടെ ന്യായമായ ആവശ്യങ്ങൾ മനസ്സിലാക്കണം. ഗവണ്മെൻറു് ഇതിനകം അവരുമായി മാദ്ധ്യസ്ഥം പറഞ്ഞിരിക്കും. ഒരു പ്രാവശ്യം മാദ്ധ്യസ്ഥം പറഞ്ഞു യോജിപ്പിലെത്തുന്നില്ലെങ്കിൽ നിറുത്തിക്കളയരുതു്. വീണ്ടും എല്ലാ പോംവഴികളും ആരാഞ്ഞു് അവരുടെ പ്രതിനിധികളും ഗവണ്മെൻറു ഉദ്യോഗസ്ഥന്മാരും എം. എൽ. എ. മാരും ഇരുന്നാലോചിച്ചു കുഴപ്പങ്ങൾക്കു പരിഹാരം കാണണം. രണ്ടുപ്രാവശ്യം കേരളത്തിലെ പ്രൈമറി ടീച്ചേഴ്സ് യൂണിയൻ പ്രതിനിധികളുമായി അവരുടെ ആവശ്യങ്ങളെക്കുറിച്ചു ചർച്ച നടന്നുവെങ്കിലും ഇനിയും ഒരു തീരുമാനവുമായിട്ടില്ല. പ്രൈവററു സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷനും ഇവിടെ വന്നു സത്യഗ്രഹം നടത്തിപ്പോയി. വീണ്ടും അവർ 14-ാംതീയതി സത്യഗ്രഹം നടത്തുന്നതായി പ്രഖ്യാപിച്ചിരിക്കയാണു്. കഴിഞ്ഞ കൊല്ലം യൂണിവേഴ്സിററി അദ്ധ്യാപകന്മാർ അവർക്കു യൂണിവേഴ്

2/1768/S

LIBRARY ARCHIVES Kerala Legislative Assembly

സിററി ഗ്രാൻറ്സ് കമ്മീഷൻ അനുവദിച്ചിട്ടുള്ള ശമ്പളം കിട്ടണം എന്നു പറഞ്ഞു പ്രക്ഷോഭണം നടത്തി. നമ്മുടെ രാജ്യത്തെ ഏററവും സംസ്കാരസമ്പന്നരായ ഇവർ ഈ റോഡിൽക്കൂടി മുദ്രാവാക്യങ്ങളും മുഴക്കി നടക്കുകയാണുണ്ടായതു്. അതാണു നമ്മുടെ പാരമ്പര്യം. അധ്യാപകസംഘടനകളെ വെറും തൊഴിലാളി സംഘടനയായി ഗവണ്മെൻറു് കരുതരുതു്. അവരുമായി ന്യായമായ സമീപനമാണാവശ്യം. 30 കോടി രൂപാ ചെലവാക്കുന്ന ഒരു ഡിപ്പാർട്ടുമെൻറിന്റെ എ. ജി. യെപ്പററി വളരെയേറെ ആക്ഷേപങ്ങൾ ഇവിടെ പുറപ്പെടുവിക്കുകയുണ്ടായി. ഏററവും കർശനമായ ഭാഷയിൽ സംസാരിക്കുകയുണ്ടായി. എന്നാൽ ഈ രാജ്യത്തെ ഏററവും സംസ്കാരസമ്പന്നരായ ഒരു വിഭാഗമാണു് അധ്യാപകന്മാർ. അവരുടെ അവശതകൾ ഏതെങ്കിലും തരത്തിൽ പരിഹരിക്കേണ്ട ഉത്തരവാദിത്വം ഈ ഗവണ്മെൻറിനുള്ളതാണു്. അതു ചെയ്യുന്നില്ലെങ്കിൽ അതു ഈ രാജ്യത്തോടു ചെയ്യുന്ന ഏററവും വലിയ അനീതിയായിരിക്കും. വളരെ സൂക്ഷിച്ചു കൈകാര്യം ചെയ്യേണ്ട ഒരു വിഭാഗമാണു് ഈ രാജ്യത്തെ അധ്യാപകന്മാരും അദ്ധ്യേതാക്കളും. അവരുടെ അവശതകൾ പരിഹരിക്കുന്ന കാര്യം ആ നിലയിൽ കൈകാര്യം ചെയ്യണം. K. A. P. T., P. S. T. A. എന്നീ രണ്ടു വിഭാഗം അധ്യാപകന്മാരുടെ കാര്യത്തിലും ഏററവും അടിയന്തിരമായി തന്നെ അവരുടെ അവശതകൾക്കു പരിഹാരം കാണേണ്ടിയിരിക്കുന്നു. കുറെയെല്ലാം വളരെ അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങളുണ്ടു്. പ്രൈവററുസ്കൂൾ അധ്യാപകന്മാരുടെ കാര്യത്തെ സംബന്ധിച്ചിടത്തോളം 20 രൂപാ അവർക്കു ഏററവും കുറഞ്ഞ പെൻഷൻ എന്നുള്ളതു അനുവദിച്ചു കൊടുക്കുകയും ക്ഷാമബത്തയായി അനുവദിച്ച മൂന്നുരൂപായും അഞ്ചുരൂപായും പുറമേ ഗവണ്മെൻറു് ടീച്ചർമാർക്കു് മുമ്പു നൽകിയ വീട്ടുവാടക പ്രൈവററു് അധ്യാപകന്മാർക്കും നൽകണം.

പിന്നെ, ലൈബ്രറികളുടെ കീഴിൽ ജോലിചെയ്യുന്ന കുറെ ഉദ്യോഗസ്ഥന്മാരുണ്ടു്. പിന്നെ നാൺടീച്ചിംഗ് സ്റ്റാഫ് ഉണ്ടു്. കമ്മ്യൂണിസ്റ്റ് ഗവണ്മെൻറു് വന്നപ്പോഴും ഈ ഗവണ്മെൻറു വന്നപ്പോഴും എല്ലാക്കാലങ്ങളിലും ഗവണ്മെൻറിനെ സമീപിച്ചുകൊണ്ടിരിക്കുന്ന ഒരു വിഭാഗമാണിവർ. സെൻട്രൽ ഗവണ്മെൻറും അവരുടെ ആവശ്യങ്ങൾ സാധിപ്പിച്ചുകൊടുക്കുന്നില്ല. സ്റ്റേററു് ഗവണ്മെൻറു് ഇന്നു കൊടുക്കുവാൻ നിശ്ചയിച്ച മൂന്നു രൂപാ, അഞ്ചു രൂപാ എന്നുള്ളതെങ്കിലും ഈ വിഭാഗക്കാർക്കു കൊടുക്കുന്നതിനെപ്പററി ഗവണ്മെൻറു് ഒരക്ഷരം പറയുന്നില്ല. അതു കൊടുക്കുന്നതിനുള്ള ഏർപ്പാടു ചെയ്യണം.

പിന്നെ, മലബാറിൽ പ്രൈമറിസ്കൂളുകളിൽ കുട്ടികളെ കിട്ടുന്നില്ലാ എന്നും അൺ എക്കണോമിക്കായിട്ടുള്ള സ്കൂളുകൾ നിറുത്താൻ പോകുന്നാണെന്നും അറിയുന്നു. കുട്ടികൾക്കു പഠിക്കാൻ സൗകര്യമില്ലാത്ത ചില ഏരിയകളുണ്ടു്. അവിടങ്ങളിൽ നിർബന്ധിത വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതു കുറെഏറെ ജനങ്ങൾക്കു സൗകര്യമായിരിക്കും. പിന്നെ ഈ അഞ്ചാംക്ലാസ്സും നാലാംക്ലാസ്സും ഒരു സ്കൂളിൽ ഉണ്ടെങ്കിൽ അഞ്ചാംക്ലാസ്സ് എടുത്തുകളയണമെന്നു പറഞ്ഞു. അതു് ഇപ്പോഴും എടുത്തുകളഞ്ഞിട്ടില്ല. കഴിഞ്ഞ കൊല്ലം അഞ്ചാംക്ലാസ്സ് എടുത്തുകളയുന്നതു നിറുത്തിവച്ചു. ഈ അഞ്ചാംക്ലാസ്സ് എടുത്തുകളയാതെയിരിക്കാൻ വല്ല പോംവഴിയുമുണ്ടോ എന്നു അന്വേഷിക്കണം. ഈ ലോവർക്ലാസ്സുകളിൽ അഞ്ചാംക്ലാസ്സ് എങ്കിലും അവിടെ വച്ചുകൊടുക്കണം. എല്ലാ നിലവാരത്തിലും നാം മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. സെൻട്രൽ ഗവണ്മെൻറിന്റെ നിർദ്ദേശമനുസരിച്ചു നമ്മുടെ സ്റ്റേററിൽ ഹിന്ദിയെ സംബന്ധിച്ചും സംസ്കൃതത്തെ സംബന്ധിച്ചും ഉപദേശിക്കുന്നതിനു ഓരോ കൗൺസിൽ സംഘടിപ്പിക്കുകയുണ്ടായിട്ടുണ്ടു്. അതു എത്ര പ്രാവശ്യം വിളിച്ചുകൂട്ടി. ഇന്നു് അതിന്റെ പഠനസമ്പ്രദായത്തിൽ എന്തെല്ലാം മാററം വരുത്തണം എന്നു ആരായുന്നതിനു ഗവണ്മെൻറിനോ മുഖ്യമന്ത്രിക്കോ സമയമില്ല.

സംസ്കൃതത്തെപ്പററി ശ്രീ. ഹാജി ഇവിടെ പറഞ്ഞു. സംസ്കൃതപഠനത്തിനു നൽകുന്ന പ്രോത്സാഹനം അറബി ഭാഷയ്ക്കും നൽകണമെന്നു പറഞ്ഞു. സംസ്കൃതം പഠിപ്പിക്കാൻ ഇവിടെ അത്ര താൽപര്യം പ്രദർശിപ്പിക്കുന്നില്ല എന്നതാണു് വാസ്തവം. സംസ്കൃതത്തിന്റെ ഇന്നത്തെ അവസ്ഥയോർത്തു ശ്രീ. ലാൽബഹദൂർ ശാസ്ത്രിക്കു വേദനതോന്നുന്നതായി അടുത്ത കാലത്തു പ്രസ്താവിക്കുകയുണ്ടായി. സംസ്കൃതത്തിന്റെ പ്രാധാന്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

ആസ്പദമാക്കി, ഒരു കൾച്ചറൽ ലാംഗ്വേജ് എന്ന അടിസ്ഥാനത്തിൽ എല്ലാ മുഖ്യമന്ത്രിമാരെയും വിളിച്ചുകൂട്ടി സംസ്കൃതം പഠിക്കാൻ വേണ്ട പ്രോത്സാഹനം നൽകേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തണമെന്നു അഭിപ്രായപ്പെടുകയുണ്ടായി.

സർ, ഇന്നു വിദ്യാഭ്യാസരംഗത്തുണ്ടായിരിക്കുന്ന കുഴപ്പങ്ങൾ പരിഹരിക്കാൻ, അധ്യാപകരുടെ സമരം ഒഴിവാക്കാൻ ഗവണ്മെന്റു ആത്മാർത്ഥമായി പരിശ്രമിക്കണമെന്നും, ബന്ധപ്പെട്ട അദ്ധ്യാപക പ്രതിനിധികളെ വിളിച്ചുകൂട്ടി, അതിനുവേണ്ടി പരിശ്രമിക്കണമെന്നും, ആവശ്യമെന്നു തോന്നിയാൽ, എം. എൽ. എ. മാരെക്കൂടി ആ കാര്യത്തിൽ പങ്കെടുപ്പിച്ചുകൊണ്ട് സമാധാനപരമായ ഒരു തീരുമാനത്തിലെത്തണമെന്നും അഭ്യർത്ഥിക്കുന്നു. അങ്ങനെ ന്യായമായ ഒരു തീരുമാനത്തിലെത്തിക്കാൻ ഈ പ്രശ്നം കൈകാര്യം ചെയ്യുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. സി. എബ്രഹാം: സർ, വിദ്യാഭ്യാസത്തിനുവേണ്ടി മുഖ്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. വിദ്യാഭ്യാസരംഗത്തു ഇന്നു പരിഹാരം കാണേണ്ടതായ പല പ്രശ്നങ്ങളുണ്ടെന്നു മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജറ്റു പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. എന്നിരുന്നാലും ഇവിടത്തെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കു ഒരു നീണ്ട ചരിത്രമുണ്ട്, വൻപിച്ച പല നേട്ടങ്ങളും നമുക്കു നേടാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള വസ്തുത നാമാരും വിസ്മരിച്ചിട്ടില്ല. ഇന്ന് ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളെക്കാൾ സാക്ഷരതത്തിൽ മുന്നണിയിൽ നിൽക്കുന്നതു കേരളമാണ്. വിദ്യാഭ്യാസപരമായി പ്രതിശീർഷ ചെലവും കേരളത്തിൽ കൂടി നിൽക്കുന്നുണ്ട്. കഴിഞ്ഞ 5, 6, കൊല്ലത്തെ വിദ്യാഭ്യാസപരമായ ചെലവുകൾ പരിശോധിച്ചാൽ, റവന്യൂ അക്കൗണ്ടിലെ ചെലവുകളിൽ 32 ശതമാനവും വിദ്യാഭ്യാസപരമായ കാര്യങ്ങൾക്കുവേണ്ടിയാണു ചെലവഴിച്ചിട്ടുള്ളതെന്നു കാണാം. 1962—63-ൽ, ജനറൽ എഡ്യൂക്കേഷൻ ഇനത്തിൽ, സ്കൂളുകൾക്കായി 18 കോടി രൂപാ ചെലവഴിച്ചിട്ടുണ്ടെന്നു കാണുന്നു. സർവ്വകലാശാലകളുടെ ആവശ്യത്തിനായി 1.04 കോടി രൂപാ ചെലവാക്കിയിട്ടുണ്ട്. അതുപോലെതന്നെ, 1962—63-ൽ, സാങ്കേതിക വിദ്യാഭ്യാസത്തിനുവേണ്ടി 0·66 കോടി രൂപാ ചെലവു ചെയ്തിട്ടുണ്ട്. അതിനുശേഷം അതിലുംകൂടുതൽ സംഖ്യ ചെലവാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നുണ്ട്. കഴിഞ്ഞ അഞ്ചാറു കൊല്ലത്തെ വിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള നേട്ടത്തെപ്പററി പറയുകയാണെങ്കിൽ, വളരെയധികം പുരോഗതി ഉണ്ടായിട്ടുണ്ടെന്നു കാണാം. എന്നിരുന്നാലും മുഖ്യമന്ത്രി, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചതുപോലെ, ഇന്നു പരിഹാരം കാണേണ്ടതായിട്ടു അനേകം പ്രശ്നങ്ങൾ അവശേഷിക്കുന്നുണ്ട്. ഒന്നാമതായിട്ടു ആവശ്യമുള്ളിടത്തോളം വിദ്യാലയങ്ങൾ ഇന്നു സംസ്ഥാനത്തില്ല. രണ്ടാമത്, ഇപ്പോൾ ഉള്ള വിദ്യാലയങ്ങളിൽ പലതിലും ആവശ്യമുള്ളിടത്തോളം സ്ഥല സൗകര്യങ്ങളോ, കെട്ടിടങ്ങളോ, ഉപകരണങ്ങളോ ഇല്ല. അതിനുവേണ്ടി ഒരു വൻപിച്ച തുക ചെലവു ചെയ്യേണ്ടിവരും. അതെല്ലാം ഒററയടിക്കു ഗവണ്മെന്റിനെക്കൊണ്ടു സാധിക്കാൻ നിവൃത്തിയില്ല. എന്നിരുന്നാലും സങ്കീർണ്ണങ്ങളായ ഈ പ്രശ്നത്തെ അഭിമുഖീകരിക്കുന്നതിന് ഒരു ഫേസ്ഡ് പ്രോഗ്രാം ഉണ്ടാക്കി ഇതിനു പരിഹാരം കാണാൻ ഗവണ്മെന്റു നിശ്ചയിച്ചിരിക്കുകയാണ്. ഈ സംസ്ഥാനത്തു് ഇപ്പോൾ, 10205 സ്കൂളുകൾ ഉണ്ട്. അതിൽ ഭൂരിപക്ഷവും പ്രൈവററു മേഖലയിലുള്ളവയാണ്. ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടതു്, ഈ ഗവണ്മെന്റിന്റെ നയം ഗവണ്മെന്റുസ്കൂളുകൾ സ്ഥാപിച്ച് നടത്തുന്നതോടൊപ്പം, സ്വകാര്യ മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രോത്സാഹനം എന്നുള്ളതാണെന്നാണ്. ബഡ്ജററു പ്രസംഗത്തിൽ മുഖ്യമന്ത്രി പ്രസ്താവിച്ചിട്ടുള്ളതുപോലെ, പുതുതായി സ്വകാര്യ സ്കൂളുകൾക്കു അനുവാദം കൊടുക്കുന്നതിനും പുറമേ, അത്യാവശ്യമുള്ള സ്ഥലങ്ങളിൽ അടുത്ത വർഷം പുതിയ സ്കൂളുകൾ തുറക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുമുണ്ട്, കൂടുതലായിട്ട് സ്വകാര്യമേഖലയിൽ സ്കൂളുകൾ അനുവദിക്കുന്നതാണു ഗവണ്മെന്റിന്റെ ലക്ഷ്യം എന്നുവേണം മനസ്സിലാക്കാൻ. ഇന്നു ഗവണ്മെന്റു സ്കൂളുകളിൽ പലസ്ഥലത്തും വളരെ അധികം ബുദ്ധിമുട്ടുകൾ

LIBRARY ARCHIVES Kerala Legislative Assembly

കാണുന്നുണ്ട്. ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ പറഞ്ഞതുപോലെ, പല സ്കൂളുകളും ഷെഡ്ഡുകളിലാണു നടത്തുന്നത്. സ്ഥിരമായിട്ടുണ്ടായിരുന്ന കെട്ടിടങ്ങൾക്ക് കേടുപാടുകൾമൂലം പലതും താൽക്കാലിക ഷെഡ്ഡുകളിലാണു നടത്തുന്നത്. ആവശ്യമുള്ളിടത്തോളം സൗകര്യം അവിടെയില്ല. വളരെ അധികം ബുദ്ധിമുട്ടുകളും അസൗകര്യങ്ങളും പല ഗവണ്മെന്റ് സ്കൂളുകളിലും അനുഭവപ്പെടുന്നുണ്ട്.

സർ, ഇവിടത്തെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ, ആവശ്യമില്ലാത്ത പല ഉദ്യോഗങ്ങളും ഇന്നു സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി റീജിയനൽ ആഫീസ്. റീജിയനൽ ആഫീസ് സ്ഥാപിച്ചതിനുശേഷം പല അവസരങ്ങളിലും ഈ നിയമസഭയിൽ വിമർശനം ഉണ്ടായിട്ടുണ്ട്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ മാത്രമല്ല, മററു പല ഡിപ്പാർട്ടുമെന്റുകളിലും റീജിയനൽ ആഫീസുകൾ ആവശ്യമില്ലാത്ത കാലതാമസം വരുത്തുന്നതിനാണ് ഉണ്ടാക്കിയിട്ടുള്ളതെന്നു അനുഭവത്തിൽനിന്നു തെളിഞ്ഞിട്ടുണ്ട്, റീജിയനൽ ആഫീസുണ്ട്, അതിനു താഴെ ഡി. ഈ. ഓ. ആഫീസുണ്ട്. റീജിയനൽ ആഫീസു പ്രവർത്തനംമൂലം എന്തെങ്കിലും കാര്യങ്ങൾ കൂടുതൽ വേഗമായിലും, കാര്യക്ഷമമായിട്ടും നടത്താൻ സാധിക്കുമെന്ന് ഇതുവരെ അനുഭവത്തിൽനിന്നു വ്യക്തമായിട്ടില്ല. എന്റെ അഭിപ്രായത്തിൽ, വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ റീജിയനൽ ആഫീസ് നിർത്തലാക്കുന്നത് പൊതുജനങ്ങൾക്ക് സൗകര്യമായിരിക്കും.

സർ, സംസ്ഥാനത്ത് എ. ഈ. ഓ. ആഫീസുകൾ എവിടെല്ലാം വേണമെന്ന് ഒരു പുനർ വിഭജനം നടത്താൻ ആലോചനയുണ്ടായിരുന്നു. പക്ഷേ, എമർജൻസി കാരണം അതു നിർത്തിവച്ചിരിക്കുകയാണ്. ഏതായാലും ഈ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പതിയണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. എ. ഈ. ഓ. മാരുടെ ആഫീസുകൾ പലതും ശരിയായ ഒരു മാനദണ്ഡവും സ്വീകരിക്കാതെയാണു സ്ഥാപിച്ചിരിക്കുന്നത്. ഉദാഹരണം വൈക്കം താലൂക്കിനെപ്പററിപറയുകയാണെങ്കിൽ, അതു് ചുററുമുള്ള രണ്ടുമൂന്നു എ. ഈ. ഓ. ആഫീസുകളുടെ പരിധിയിൽപ്പെടുത്തിയിരിക്കുകയാണ്. ഇതുമൂലം അദ്ധ്യാപകർക്കും മാനേജ്മെന്റുകൾക്കും ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ശരിയായ ഒരു പുനർ വിഭജനം, എൻ. ഈ എസ്സ്. ബ്ലാക്കുകളുടെ അടിസ്ഥാനത്തിലോ മററോ എ. ഈ. ഓ. ആഫീസുകളെ സംബന്ധിച്ചിടത്തോളം ആവശ്യമാണ്. ഈ അവസരത്തിൽ ഈ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

സർ, എനിക്കു അടുത്തതായി പറയാനുള്ളതു് പ്രാദേശികമായ ചില ആവശ്യങ്ങളെപ്പററിയാണ്. വിദ്യാഭ്യാസ സൗകര്യങ്ങളുടെ അടിസ്ഥാനത്തിലും മററും നമ്മുടെ സംസ്ഥാനത്തു വളരെ പിന്നാക്കം നിൽക്കുന്ന ചില പ്രദേശങ്ങളുണ്ട്. അപ്രകാരം താരതമ്യേന പിന്നാക്കം നിൽക്കുന്ന ഒരു പ്രദേശമാണ് എന്റെ നിയോജകമണ്ഡലമായ കടുത്തുരുത്തി. മൂന്നു നാലു കൊല്ലമായി അവിടെ പുതുതായി സ്കൂളുകൾ കാര്യമായി അനുവദിച്ചിട്ടില്ല എന്നുള്ളതു് ഒരു വസ്തുതയാണ്. ആവശ്യമുള്ള സ്കൂളുകൾ അവിടെ ആയിട്ടില്ല എന്ന വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ അവിടെ ഏതാനും എൽ. പി. സ്കൂളുകളിൽ 5—ാം സ്റ്റാൻേറർഡുണ്ട്. 5—ാം സ്റ്റാൻേറർഡു അടുത്ത അധ്യയന വർഷംമുതൽ എൽ. പി. സ്കൂളുകളിൽ നിറുത്തലാക്കുമെന്നാണു പറയുന്നത്. ഇപ്പോൾ 5—ാം സ്റ്റാൻേറർഡിൽ പഠിക്കുന്ന കുട്ടികൾക്ക് അടുത്തെങ്ങും അപ്പർ പ്രൈമറി സ്കൂൾ ഇല്ലാത്തതുകൊണ്ട് വളരെ ബുദ്ധിമുട്ടുണ്ടാകും. 5—ാം സ്റ്റാൻേറർഡു നിറുത്തുമ്പോൾ, അത്തരം പ്രൈമറി സ്കൂളുകൾ അപ്ഗ്രേഡു ചെയ്യുവാൻകൂടി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആ പ്രദേശത്തെ സംബന്ധിച്ചിടത്തോളം നേരിടാവുന്ന ബുദ്ധിമുട്ടിനെ അടിസ്ഥാനപ്പെടുത്തി ആവശ്യപ്പെടുകയാണ്. കൂടാതെ, ഏതാനും യു. പി. സ്കൂളുകളും ഒന്നുരണ്ടു പ്രൈമറി സ്കൂളുകളും ഹൈസ്കൂളുകളും അവിടെ അനുവദിക്കേണ്ടതു ആവശ്യവുമാണ്.

മറെറാരു കാര്യം പറയാനുള്ളതു് പ്രത്യേകിച്ചു സെനററിന്റെയും സർവ്വകലാശാലയുടെയും അധികാരപരിധിയിൽപ്പെടുന്നതാണ്. മുപ്പതിലധികം ജൂനിയർ കാളേജുകൾ അടുത്ത വർഷത്തേക്കു അനുവദിച്ചിട്ടുള്ളതായി പത്ര

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽനിന്നു മനസ്സിലാക്കാൻ സാധിച്ചു. വൈക്കം താലൂക്കിൽ പതിന്നാലു ഹൈസ്കൂളുകളുണ്ട്. വളരെ അധികം ജനസംഖ്യയുള്ള ഒരു പ്രദേശമാണത്. അവിടെ ഒരു ജൂനിയർ കാളേജ് സ്ഥാപിക്കുന്നതിന് അപേക്ഷ അയച്ചിട്ടുള്ളതാണ്. ഇതുവരെ അതിനു അനുവാദം കിട്ടിയതായി അറിവില്ല. നേരെമറിച്ച് മററു പല താലൂക്കുകളിലും ഒന്നിലധികം കാളേജുകൾ അനുവദിച്ചിട്ടുള്ളതായും കാണുന്നു. അതിൽ എനിക്കു പരാതിയില്ല. വൈക്കം താലൂക്കിലെ ഹൈസ്കൂളുകളിൽനിന്നു പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് സൗകര്യമായി പഠിക്കുന്നതിനു ഒരു ജൂനിയർ കാളേജ് കടുത്തുരുത്തിയിൽ അനുവദിക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നുള്ള അഭ്യർത്ഥനയോടുകൂടി ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ഷംസുദീൻ: ഈ ധനാഭ്യർത്ഥനയെ ഞാൻ പിൻതാങ്ങുകയാണ്. ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുക എന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. ആ ലക്ഷ്യം സാമൂഹ്യമായും, സാമ്പത്തികവുമായ രംഗങ്ങളിൽ ആസൂത്രിത പദ്ധതികൾമൂലം നേടാൻ ശ്രമിക്കുമ്പോൾ അതിൽ വിദ്യാഭ്യാസത്തിനു വളരെ അധികം സ്ഥാനമുണ്ട്. വിദ്യാഭ്യാസത്തിന് രാഷ്ട്രനിർമ്മാണത്തിൽ ഉള്ള സ്ഥാനം അവിതർക്കിതമാണ്. സാക്ഷരത്വം കൂടുതലായിട്ടുള്ള രാജ്യങ്ങളിൽ സർവ്വതോമുഖമായ പുരോഗതി ഉണ്ടായിട്ടുണ്ടെന്നുള്ളതു് ഒരു വസ്തുതയാണ്. ഏതാണ്ട് 95 ശതമാനം സാക്ഷരത്വം ഉള്ള ഈ കാര്യത്തിൽ ജപ്പാനെ ഉദാഹരണമായിട്ടെടുക്കാം. ഇൻഡ്യയിൽ സാക്ഷരത്വത്തിൽ മുന്നണിയിൽ നിൽക്കുന്നതു് നമ്മുടെ സംസ്ഥാനമാണ്. എന്നാൽ നമുക്കുപോലും സാക്ഷരത്വ നിലവാരത്തിൽ എത്തിച്ചേരാൻ ഇനിയും വളരെക്കാലം കാത്തിരിക്കേണ്ടതായിട്ടാണിരിക്കുന്നതു്. രാഷ്ട്രനിർമ്മാണത്തിനുവേണ്ടി, എല്ലാ രംഗത്തും നടക്കുന്ന പ്രവർത്തനങ്ങളുടെ പ്രചാരത്തിന് അതു ഫലപ്രദമാകണമെങ്കിൽ സാർവ്വത്രികമായ വിദ്യാഭ്യാസം ഉണ്ടായാൽ മാത്രമേ സാധിക്കുകയുള്ളു. ഈ കാര്യം ഇൻഡ്യാഗവണ്മെൻറും, സംസ്ഥാന ഗവണ്മെൻറുകളും മനസ്സിലാക്കുകയും, അതിനുവേണ്ട നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഈ ഗവണ്മെൻറ് ഈ വിഷയത്തിൽ ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്ന് പ്രസ്താവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നേരത്തെ ഇവിടെ പ്രസ്താവിച്ചതുപോലെ, നമ്മുടെ വരുമാനത്തിൻെറ മൂന്നിലൊന്നു ഭാഗം വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുകയാണ്. ഈ ഉദ്ദേശം മുൻപിൽ കണ്ടുകൊണ്ട് പ്രവർത്തിച്ചതിനാലാണ് സ്കൂളുകൾ സ്ഥാപിക്കുന്നതിലും, കാളേജുകൾ സ്ഥാപിക്കുന്നതിലും, സാങ്കേതിക വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിലും, മററു സാംസ്കാരിക സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിലും കഴിഞ്ഞ മൂന്നു നാലു വർഷങ്ങളായി അഭിമാനകരങ്ങളായ നേട്ടങ്ങൾ നമുക്ക് ഉണ്ടാക്കാൻ സാധിച്ചിട്ടുള്ളതു്. എന്നാൽ തന്നെയും നമ്മുടെ പ്രതീക്ഷകൾ 100 ശതമാനവും സംതൃപ്തമാകത്തക്കവിധത്തിൽ നമുക്കു മുമ്പോട്ടു പോകാൻ സാധിച്ചിട്ടില്ലെന്നുള്ളതു് ഒരു വസ്തുതയാണ്. വിദ്യാഭ്യാസരംഗത്തു് നാം പ്രതീക്ഷിക്കുന്ന പ്രവർത്തനങ്ങൾ, നമ്മുടെ സാമ്പത്തിക സ്ഥിതി വച്ചു നോക്കുമ്പോൾ നാം ഉദ്ദേശിക്കുന്ന രീതിയിൽ കൊണ്ടുപോകാൻ സാധിക്കുകയില്ല. നാം ആഗ്രഹിക്കുന്ന ഒരു പുതിയ വ്യവസ്ഥിതി കെട്ടിപ്പടുക്കാൻ പര്യാപ്തമായ ഒരു വിദ്യാഭ്യാസ പദ്ധതി നമുക്കുണ്ടായിട്ടില്ല എന്നുള്ളതാണു വസ്തുത. പദ്ധതികൾ പലതും ഉണ്ടാകുന്നുണ്ട്. ഒരു പദ്ധതി ഉണ്ടാകുമ്പോൾ, അതിനു രൂപം നൽകി പ്രയോഗത്തിൽ വരുത്താൻ കഴിയുന്നതിനു മുമ്പ്, അതിൻെറ പ്രാരംഭ നടപടികൾ തുടങ്ങുന്നതിനു മുൻപ് ആ പദ്ധതി മാററുകയും, അതിൻെറ സ്ഥാനത്തു് മറെറാരു പദ്ധതി പ്രയോഗിക്കാൻ ഇടയാകുകയും ചെയ്യുന്നതുകൊണ്ട് കാര്യമായ പ്രയോജനം നമുക്കു ഉണ്ടാകുന്നില്ല. അതുകൊണ്ട് നാം ഉദ്ദേശിക്കുന്ന രീതിയിൽ ഒരു മാററം ഉണ്ടാകുന്നുമില്ല. അതിൽനിന്നു ഒരുകാര്യം വ്യക്തമാകുന്നുണ്ട്. ഇന്നു നടപ്പിലിരിക്കുന്ന പദ്ധതി കൊണ്ടു നമ്മുടെ ആവശ്യങ്ങൾ നാം ഉദ്ദേശിക്കുന്നരീതിയിൽ മുമ്പോട്ടുകൊണ്ടുപോകാൻ സാധിക്കുന്നില്ല. ഈ കാര്യം ഈ ഗവണ്മെൻറു ശരിക്കു മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് മുഖ്യമന്ത്രി അദ്ദേഹത്തിൻെറ പ്രസംഗത്തിൽ വിദ്യാഭ്യാസരംഗത്തു്, പദ്ധതിയിലും ഡിപ്പാർട്ടുമെൻറു പ്രവർത്തനങ്ങളിലും,

LIBRARY ARCHIVES Kerala Legislative Assembly

സമൂലമായ ഒരു പുന:സംവിധാനം ആവശ്യമായിരിക്കുന്നുവെന്നു പ്രസ്താവിച്ചിരിക്കുന്നതു്. ഇന്നത്തെ പദ്ധതികളാകും, ഡിപ്പാർട്ടുമെന്റിന്റെ ഭരണക്രമത്തിനും ഒരു പുന:സംവിധാനം ആവശ്യമാണെന്നുള്ള കാര്യത്തിൽ നിയമസഭയിലെ എല്ലാ ഭാഗത്തുമുള്ള ആളുകളും യോജിക്കുമെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഏററവും ഗാഢമായ ആലോചനയുടെയും, വിവേകപൂർവ്വമായ ചിന്തയുടെയും ഫലമായിട്ടായിരിക്കണം എന്തെങ്കിലും മാററം വരുത്തേണ്ടതു്. അങ്ങനെ തന്നെയായിരിക്കും അതു് ചെയ്യുക എന്നു് എനിക്കു് ഉറപ്പുണ്ടു്. ഒരു അദ്ധ്യാപകനായി ദീർഘകാലത്തെ പരിചയമുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്ന പുന:സംവിധാനത്തിൽ, എല്ലാ അദ്ധ്യാപക വിഭാഗങ്ങളുടേയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുമെന്നു് നമുക്കു ന്യായമായി പ്രതീക്ഷിക്കാവുന്നതാണു്.

സർ, ഒന്നുരണ്ടു കാര്യങ്ങൾകൂടി പറയുവാൻഞാനാഗ്രഹിക്കുകയാണു് അന്ധ ബധിര മൂക വിദ്യാലയങ്ങളുടെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പത്രങ്ങളിൽ വാർത്ത വരികയുണ്ടായി, അന്ധ വിദ്യാർത്ഥികളുടെ ഒരു ജാഥ ഇങ്ങോട്ടു പുറപ്പെടുന്നുവെന്നു്. തിരുവനന്തപുരത്തു് ഒരു അന്ധ ബധിര മൂക വിദ്യാലയം പ്രവർത്തിക്കുന്നുണ്ടു്. ആ വിദ്യാലയത്തിന്റെ പ്രവർത്തനം ആവശ്യത്തിനു ഒട്ടും പര്യാപ്തമാകുന്നില്ല എന്നകാര്യം കണക്കിലെടുക്കേണ്ടതാണു്. അന്ധ വിദ്യാർത്ഥികളുടെ പ്രവേശനത്തിനു് ഇരുന്നൂറിലധികം അപേക്ഷ കെട്ടിക്കിടക്കുന്നു എന്ന വസ്തുത ഈയവസരത്തിൽ ഓർമ്മിക്കുവാൻ ഞാനാഗ്രഹിക്കുകയാണു്. അതിനുവേണ്ട ഒരു ഡെവലപ്പുമെൻറൽ സ്കീം ഡിപ്പാർട്ടുമെൻറിന്റേയും ഗവണ്മെൻറിന്റേയും പരിഗണനയിൽ ഇരിക്കുന്നു എന്നു് അറിയുന്നു. ഏററവും വേഗത്തിൽ ഈ സ്കീം നടപ്പിൽ വരുത്തുകയും അങ്ങനെ ഈ രാജ്യത്തെ ഏററവും വലിയ ഒരു സോഷ്യൽ സർവ്വീസു കൂടിയായ അംഗവൈകല്യം സംഭവിച്ചവരുടെ നന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിത്തീർക്കുകയും വേണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു. നാഷണൽ സ്കോളർഷിപ്പിന്റെ കാര്യത്തിൽ പരാതികൾ ഉണ്ടായിട്ടുണ്ടു്. ഒരേ തീയതി ആഫീസിൽ എത്തിയ അപേക്ഷകളിൽ ചിലതു് പരിഗണിക്കുകയും മററു ചിലതു് പരിഗണിക്കാതിരിക്കയും ചെയ്തിട്ടു്, അപേക്ഷകൾ അയയ്ക്കുവാൻ വൈകിപ്പോയി എന്നു് പറയുന്നതു് ഒരിക്കലും നീതീകരിക്കുവാൻ സാധിക്കുകയില്ല. ഇതു പ്രത്യേകം പരിശോധനാർഹമായ സംഗതിയാണു്.

നാഷണൽ ഡിസിപ്ലിൻ സ്കീം എന്നൊരു പദ്ധതി ഈ സംസ്ഥാനത്തു നിലവിലുണ്ടായിരുന്നു. അതിന്റെ മുഴുവൻ സാമ്പത്തിക ബാധ്യതയും കേന്ദ്രഗവണ്മെൻറിനാണു്. അടുത്ത ഒന്നു രണ്ടു പ്രാവശ്യമായിട്ടു ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇവിടെ നടക്കുന്നില്ല. അതിന്റെ കാരണം ഈ ഗവണ്മെൻറിന്റെ സഹകരണമില്ലായ്മയാണെങ്കിൽ അതിനെപ്പററി അന്വേഷിക്കണം. യാതൊരു സാമ്പത്തിക ബാധ്യതയും നമുക്കില്ലാത്ത ഒരു പദ്ധതിയാണിതു്. മാത്രമല്ല ഈ പദ്ധതിയുടെ പ്രവർത്തനംമൂലം നമ്മുടെ യുവജനങ്ങളിൽ നല്ലൊരു ജനവിഭാഗത്തിനു് തൊഴിൽ കിട്ടാനുള്ള സാധ്യതയുണ്ടു്. നമ്മുടെ അവഗണനകൊണ്ടു് ഈ തൊഴിൽ സൗകര്യം ഇല്ലാതാകുന്നെങ്കിൽ അതു് ക്ഷന്തവ്യമല്ല.

സ്റ്റാഫ് ഫിക്സേഷനുള്ള കാലതാമസം തുടങ്ങി പല കാര്യങ്ങളും പറഞ്ഞുകേട്ടു. ബഡ്ജററു പ്രസംഗത്തിൽ തന്നെ അതിനെപ്പററി സൂചിപ്പിച്ചിട്ടുണ്ടു്. ഗവണ്മെൻറിന്റെ പരിഗണനയിൽ ഈ വക കാര്യങ്ങൾ എത്തിച്ചേർന്നിരിക്കുകയാണു്. വളരെ വേഗത്തിൽ ഈ കുറവു് പരിഹരിച്ചു മുമ്പോട്ടു പോകാൻ കഴിയുന്നില്ല എന്നുള്ളതു് ഒരു പരമാർത്ഥമാണു്. എങ്കിലും കാര്യമായി ചിലതു പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. വളരെ ഫലപ്രദമായ വിമർശനങ്ങളാണു് വിദ്യാഭ്യാസ രംഗത്തെപ്പററി ഇന്നു കേൾക്കുവാൻ കഴിഞ്ഞതു്. സ്കൂളുകൾക്കു് വേണ്ടി സ്ഥലം എടുക്കുന്ന കാര്യത്തിലും കെട്ടിടങ്ങൾ കെട്ടുന്ന കാര്യത്തിലും ഉപകരണങ്ങൾ നൽകുന്ന കാര്യത്തിലുമെല്ലാം ഇന്നു വളരെയധികം കാലതാമസം ഉണ്ടാകുന്നുണ്ടു്. ഈ വക കാര്യങ്ങൾക്കു കുറെ കാലതാമസം ഉണ്ടാക

LIBRARY ARCHIVES Kerala Legislative Assembly

മെങ്കിലും അതു് നീണ്ടുപോകാതിരിക്കാൻ പ്രത്യേകം സൂക്ഷിക്കണം. ഈ കാലതാമസം ഒഴിവാക്കുവാൻ ഒരു പരിപാടി തന്നെ തീർച്ചയായിട്ടും ഉണ്ടായിരിക്കണം. അതുപോലെ തന്നെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലെ എ. ഇ. ഒാ., ഡി. ഇ. ഒാ., റീജിയണൽ ഡപ്യൂട്ടി ഡയറക്ടർ തുടങ്ങിയ ആഫീസുകളിൽ കടലാസുകൾ എത്തിയാൽ, അതു നീങ്ങുവാൻ വളരെയധികം കാലതാമസം വരുന്നുണ്ടു്. ഈ വിധമുള്ള കാലതാമസം ഒഴിവാക്കുകയാണെങ്കിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിനെപ്പററിയുള്ള പല ആക്ഷേപങ്ങളും ഒഴിവാക്കുവാൻ കഴിയും. നമ്മുടെ ഭരണക്രമത്തിൽ എല്ലായിടത്തും വരുന്ന കാലതാമസമായിരിക്കാം ഇതു്. കുറെ കാലതാമസം ഒഴിവാക്കുകയും കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്താൽ മാതൃകാപരമായ ഒരു ഡിപ്പാർട്ടുമെൻറായി ഇതിനെ ഉയർത്താൻ കഴിയും. അതിനുവേണ്ടി പരിശ്രമിക്കണമെന്നു ഗവണ്മെൻറിനോടപേക്ഷിച്ചുകൊണ്ടു്, ഈ ധനാർഭ്യത്ഥനയെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ടു് എൻെറ വാക്കുകൾ ഉപസംഹരിച്ചുകൊള്ളുന്നു.

ശ്രീ. എൻ. ഗോപാലക്കുറുപ്പ്: സർ, ഞാൻ എൻെറ സ്നേഹിതൻ അവതരിപ്പിച്ച ഉപക്ഷേപത്തെ പിന്താങ്ങുകയാണു്. കഴിഞ്ഞ നാലു വർഷമായി ഈ സംസ്ഥാനത്തിലെ വിദ്യാഭ്യാസ രംഗത്തെക്കുറിച്ചു് കേട്ടിട്ടുള്ള എല്ലാ വിമർശനങ്ങളും തരിമ്പും കുറവു കൂടാതെ ഇന്നും ഇവിടെ ആവർത്തിക്കപ്പെട്ടു. വാസ്തവത്തിൽ നാലു കൊല്ലക്കാലത്തിനിടയ്ക്കു് ആദ്യഘട്ടങ്ങളിൽ ഈജിയൻ തൊഴുത്തു്, കുത്തഴിഞ്ഞ പുസ്തകം എന്നും കെട്ടഴിഞ്ഞ ചൂലു് എന്നും ഒക്കെ ഇതിനെപ്പററി വിശേഷിപ്പിച്ചിട്ടും ഈ രംഗം വേണ്ടവിധത്തിൽ പരിവർത്തനം വരുത്തി ഒന്നു ശുദ്ധമാക്കുവാൻ ഈ ഗവണ്മെൻറു ശ്രമിച്ചിട്ടില്ല. അഥവാ ശ്രമിച്ചിട്ടുണ്ടെങ്കിൽ അതു പരാജയപ്പെട്ടിരിക്കുകയാണു്. വിദ്യാഭ്യാസം ഭരണഘടനയനുസരിച്ച ഒരു സംസ്ഥാന വിഷയമാണു്. എങ്കിലും വൈകാരിക ഐക്യം വളർത്തുന്നതിനും ദേശീയ ഉത്ഗ്രഥനം ഉണ്ടാക്കുന്നതിനും അതുവഴി ഒരു ഏകീകൃത ഇൻഡ്യ കെട്ടിപ്പടുക്കുന്നതിനും ഈ രംഗത്തുണ്ടായിട്ടുള്ള ശ്രമം, ഈ രംഗത്തു നടത്തേണ്ട ശ്രമങ്ങളെക്കുറിച്ചു് കേന്ദ്രഗവണ്മെൻറിനുള്ള നയത്തെ നമ്മുടെ സംസ്ഥാന ഗവണ്മെൻറു വളരെ വിജയകരമായി തകർത്തിരിക്കുന്നു എന്നാണെൻെറ അഭിപ്രായം. വിദ്യാഭ്യാസ കാര്യത്തിൽ സംസ്ഥാന വിഷയമാണു് എങ്കിൽപോലും ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങൾക്കു് അതിൻെറ രൂപത്തിലും ഭാവത്തിലും ഐകരൂപ്യം ഉണ്ടായിരിക്കണമെന്നുള്ള കാര്യത്തിൽ ആർക്കെങ്കിലും എതിരഭിപ്രായം ഉണ്ടായിരിക്കുകയില്ല. ഇവിടെ തുടക്കം തന്നെ വ്യത്യസ്തമായയാണു്. വിദ്യാഭ്യാസത്തിൻെറ രൂപത്തിൽ അതിൻെറ ഭാവത്തിൽ എല്ലാം തന്നെ വ്യത്യസ്ത സമീപനമാണു് ഉള്ളതു്. പ്രൈമറി എഡ്യൂക്കേഷൻ മററുള്ള സംസ്ഥാനങ്ങളിൽ അഞ്ചുവർഷമായി നിശ്ചയിച്ചിരിക്കുമ്പോൾ ഇവിടെ നാലുവർഷമാണു്. അപ്പർ പ്രൈമറി എഡ്യൂക്കേഷനെ രണ്ടാക്കിയിട്ടു ലോവർ പ്രൈമറിയും അപ്പർപ്രൈമറിയും രണ്ടും കൂടി ചേർത്തുകൊണ്ടു് എട്ടു വർഷം എന്നു മദ്രാസ് ഗവണ്മെൻറും മററു സംസ്ഥാനങ്ങളും തീരുമാനിച്ചിരിക്കുമ്പോൾ നമുക്കു നാലും മൂന്നും ഏഴുവർഷമാണു്. സെക്കൻഡറി വിദ്യാഭ്യാസത്തിനു പതിനൊന്നു വർഷക്കാലമായിരിക്കണമെന്നുള്ളതാണു് കേന്ദ്രഗവണ്മെൻറും സംസ്ഥാന ഗവണ്മെൻറുകളും സ്വീകരിച്ചിട്ടുള്ള പൊതുനയം. അതു പൊതുവേ അംഗീകരിച്ചിരിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തു അംഗീകരിച്ചിരിക്കുന്നതു പത്തു വർഷമാണു്. ഇതിനടിസ്ഥനടന്ന നിരവധി പരിഷ്ക്കാരങ്ങളെക്കുറിച്ചൊന്നും ഇപ്പോൾ ഞാൻ പറയുന്നില്ല. കുട്ടികളെ ചതുരംഗക്കരുവാക്കികൊണ്ടു് ഡൈവേഴ്സിഫൈഡ് കോഴ്സെന്നും ഹയർസെക്കൻഡറി കോഴ്സ് എന്നും മററും പറഞ്ഞു് ഒട്ടേറെ പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടുണ്ടു്. മററുള്ള സംസ്ഥാനങ്ങളിൽ എസ്സ്. എസ്സ്. എൽ. സി-ക്കു പതിനൊന്നു വർഷത്തെ വിദ്യാഭ്യാസം കിട്ടുമ്പോൾ നമ്മുടെ സംസ്ഥാനത്തു മാത്രം പത്തുവർഷത്തെ വിദ്യാഭ്യാസം കിട്ടും. അതുകൊണ്ടുതന്നെ ഒരളവുവരെ വിദ്യാർത്ഥികൾക്കു അവരുടെ കഴിവിൽ വ്യത്യാസം ഉണ്ടായിരിക്കും. നമ്മുടെ എസ്സ്. എസ്സ്. എൽ. സി. പുസ്തകത്തിൽ പത്തുവർഷം പഠിച്ച സർട്ടിഫിക്കററുമായി പോയാൽ ആ സർട്ടിഫിക്കററിനോടും ആ കുട്ടിയോടും വളരെ താഴ്ന്നതരത്തിലുള്ള സമീപനമാണു് മിക്കവാറും ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിൽ ഉണ്ടാകുക.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ അയൽ സംസ്ഥാനമായ മദ്രാസിൽ പോലും അങ്ങനെയൊരു സമീപനമേ ഉണ്ടായിരിക്കുകയുള്ളു. അല്ലെങ്കിൽ പുതിയ പരിഷ്ക്കാരമനുസരിച്ച പന്ത്രണ്ടു വർഷം പഠിച്ചു ഒരു സർട്ടിഫിക്കററു വാങ്ങി പോകേണ്ട സവിശേഷമാണ് ഉള്ളതു്. അങ്ങനെ രൂപത്തിൽ തന്നെ ഇവിടെ ഭയങ്കര വ്യത്യാസം ഉണ്ടായിരിക്കുകയാണ്. മററു സംസ്ഥാനങ്ങളിലും വ്യത്യസ്തമായ സമീപനമാണുള്ളതു്. സർ, വിദ്യാഭ്യാസത്തിന്റെ ഈ രൂപത്തിലുള്ള മാററത്തോടൊപ്പം സ്റ്റാൻഡേർഡും വ്യത്യാസപ്പെട്ടതാണ്. മുഖ്യമന്ത്രി സൂചിപ്പിച്ചിട്ടുള്ളതുപോലെ സ്റ്റാൻഡേർഡിനെപ്പററി വിമർശിക്കുമ്പോൾ അതിന്റെ ഒരു വശം കണ്ടുകൊണ്ടു മാത്രം വിമർശിച്ചുകൂടാ. അതിനു് എന്തെല്ലാം വശങ്ങൾ ഉണ്ടോ അതെല്ലാം പരിശോധിച്ചുകൊണ്ടുവേണം നാം വിമർശിക്കുവാൻ. ഒരു വശത്തുനിന്നു നോക്കിക്കൊണ്ടു വിമർശിച്ചുകൂടാ. പലതും അതിൽ പരിശോധിക്കുവാനായി ഉണ്ടു്. ഇവിടെ ഒരു വർഷം കൊണ്ടുണ്ടാകുന്ന വ്യത്യാസംകൊണ്ടു് സെക്കൻഡറി എഡ്യൂക്കേഷനിലെ ക്വാളിററിയിലും വലിയ വ്യത്യാസം വരും. അതുകൂടാതെ ഒരു സ്കൂളിൽ ഒരു ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം ക്ലിപ്തിപ്പെടുത്തിയില്ലെങ്കിൽ ശരിക്കു പഠിപ്പിക്കുവാൻ കഴിയുകയില്ല. ഇൻഡിവിഡ്വൽ അറെറൻഷൻ കൊടുത്തു കുട്ടിയുടെ വളർച്ചയ്ക്കുള്ള സൗകര്യം കൊടുക്കാതെ എത്ര വിദ്യാഭ്യാസ സൗകര്യങ്ങൾ കൊടുത്താലും മഴക്കാലത്തു മണ്ണുചട്ടിയിൽ വെള്ളം വീഴുന്നതുപോലെ നിഷ്പ്രയോജനങ്ങളാണ് ഇപ്പോഴുള്ള മൈ താ ന പ്രസംഗം കൊണ്ടു് കുട്ടികൾക്കു കിട്ടാവുന്നതു്. മദ്രാസിൽ അടുത്തകാലത്തു ഗവൺമെൻറു പുറപ്പെടുവിച്ച ഒരു ഓർഡറിൽ ടീച്ചർ—പ്യൂപ്പിൾ റേഷ്യോ കാണിച്ചിട്ടുണ്ടു്. അതു് 1:30 ആണ്. എന്നുവച്ചാൽ ഒരു ടീച്ചർക്കു 30 കുട്ടികളിൽ കൂടാൻ പാടില്ല. അതുപോലെതന്നെ 2:55, 3:75, 4:95 എന്ന റേഷ്യോയാണ് നിശ്ചയിച്ചിരിക്കുന്നതു്. അതുപോലെ തന്നെ അപ്പർ പ്രൈമറി സ്കൂളുകൾക്കു 1:20, 2:36, 3:66, 4:81 ഈ ക്രമത്തിൽ ആണ്. ഇവിടെ ലോവർ പ്രൈമറി സ്കൂളിൽ 55 കുട്ടികൾക്കു "ഒരു അദ്ധ്യാപകൻ" എന്നാണ് വച്ചിരിക്കുന്നതു്. രണ്ടു അദ്ധ്യാപകരെ മദ്രാസ് സംസ്ഥാനത്തു കൊടുക്കുമ്പോൾ ഇവിടെ ഒരാൾക്കു 50 മുതൽ 55 വരെ കുട്ടികൾവരെ നിയമപ്രകാരം ആകാം. മദ്രാസിൽ മുപ്പതുകുട്ടികളെ ക്ലാസ്സിൽ ഇരുത്തി പഠിപ്പിക്കുമ്പോൾ മിനിമം 20—ൽ നിറുത്തുവാൻ തയ്യാറുള്ളപ്പോൾ ഇവിടെ 45 മുതൽ 55 വരെയാണ് നിയമപരമായി പഠിപ്പിക്കുവാനുള്ളതു്. പ്രയോഗികമായി നോക്കുമ്പോൾ അതു 60 മുതൽ 70 വരെയാകും. കുട്ടികളെ ആട്ടിൻപററം പോലെ ഒരു കൂട്ടിലിട്ടടച്ചു പഠിപ്പിക്കുകയാണ്. ആ കുട്ടികൾക്കു കൊടുക്കുന്ന വിദ്യാഭ്യാസം ആ കുട്ടികൾക്കു് ഉൾക്കൊള്ളാൻ കഴിയുമോ എന്നു അദ്ധ്യാപകനു പരിശോധിക്കുവാൻസൗകര്യം ഇല്ലാതിരിക്കുകയാണ്. സിംഗിംഗ് ടീച്ചേഴ്സിനു 20 കുട്ടികൾ മതി. ഇവിടെ 50 കുട്ടികളെ നോക്കേണ്ട ബാധ്യതയുള്ളപ്പോൾ അവിടെ 25-30 കുട്ടികളെ നോക്കിയാൽമതി. അതുകൊണ്ടുതന്നെ അവിടെ നടക്കുന്ന വിദ്യാഭ്യാസത്തിന്റെ ക്വാളിററിയിൽ വളരെ സാരമായ വ്യത്യാസം ഉണ്ടായിരിക്കും. മദ്രാസിലേതുപോലെ പതിനൊന്നു വർഷത്തെ പഠനവും വ്യക്തിപരമായിട്ടു് ശ്രദ്ധിക്കുവാനുള്ള സൗകര്യവും കൊടുത്താൽ സ്റ്റാൻഡേർഡിലും വലിയവ്യത്യാസംവരുമെന്നുള്ളതിൽ തർക്കത്തിനു അവകാശമില്ല. ഇവിടെ സ്റ്റാൻഡേർഡിൽ താഴ്ചവന്നിട്ടുണ്ടെങ്കിൽ അതിന്റെ കുററം അദ്ധ്യാപകന്റെ മേൽ ചാരിവച്ചിട്ടു് അതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിയുവാൻ ശ്രമിക്കുകയാണ്. സർ, ഈ കാര്യം ഗവൺമെൻറു കാര്യമായി ആലോചിക്കണമെന്നാണ് എനിക്കു അഭിപ്രായപ്പെടുവാനുള്ളതു്. 1:30 എന്നും 1:60 എന്നും മററു ഉള്ള വ്യത്യാസം വച്ചു നോക്കുമ്പോൾ ഈ സമ്പ്രദായം അവസാനിപ്പിക്കണം. സെക്കൻഡറി എഡ്യൂക്കേഷൻ സമ്പ്രദായം നന്നായിരിക്കണമെങ്കിൽ അതിനു അടിസ്ഥാനമിടുന്ന പ്രൈമറി ലെവലിൽ തന്നെ അതിന്റെ അടിസ്ഥാനം ഉറപ്പിക്കണം. ഇവിടെ പണച്ചെലവുകൂടുതലായിട്ടുള്ള കാളേജിൽ നിന്നും പുറത്തുവരുന്ന കുട്ടികൾക്കു എന്താണ് പററുന്നതു്. ബി.എ. യും, ബി. എസ്സ്. സി.യും പാസ്സായി വരുന്നഅവർക്കു സ്റ്റാൻഡേർഡ് വളരെ മോശമായ രീതിയിലാണ്. ഇംഗ്ലീഷ് വളരെ മോശമാണ്. ഇതു പരക്കെവന്നിട്ടുള്ള പരാതിയാണ്. പഞ്ചാബിലും മദ്രാസിലും കൽക്കട്ടയിലും ഉള്ള യൂണിവേഴ്സിററികളിൽ നിന്നും അതിന്റെ പ്രോഡക്ററസായി വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികൾക്കുള്ളതിൽ നിന്നും വളരെ മോശമായ രീതിയിലാണ് ഇവിടെ നിന്നും പുറത്തു പോകുന്ന കുട്ടികൾക്കുള്ള സ്റ്റാൻഡേർഡ്. അവരോട് കിടപിടിക്കുവാൻ വയ്യാത്തവരായി വരുന്നതിനുള്ള ഒരു കാരണം നല്ല സാമർത്ഥ്യമുള്ള കുട്ടികൾ പ്രൊഫഷണൽ കോഴ്സ്കൾക്കും മററും പോകും. ബാക്കി കൊള്ളരുതാത്തവരാണ് ഇവിടെ ഡിഗ്രികോഴ്സിൽ ചേരുന്നതു്, സ്റ്റാൻഡേർഡ് മെച്ചപ്പെടുത്തുന്നതിലേക്കു യൂണിവേഴ്സിററി ലെവലിൽ മെച്ചപ്പെടുത്തിയാൽ പോരാ. അതു പ്രയോജനകരമാവുകയില്ല എന്നല്ല ഞാൻ പറയുന്നതു്. തുടക്കംനന്നായിരിക്കണം.

സർ, ഇന്നു് വിദ്യാഭ്യാസരംഗത്തു എല്ലാ ലെവലിലും ഷിഫ്ററ് സമ്പ്രദായം ഏർപ്പെടുത്തിയിരിക്കുകയാണ്. പ്രൈമറി സെക്ഷനിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു് ദിവസം രണ്ടരമണിക്കൂറാണ് അദ്ധ്യയനത്തിനുവേണ്ടി നീക്കിവച്ചിരിക്കുന്നതു്. അതിൽ ഉച്ചഭക്ഷണത്തിനും മററു പലകാര്യങ്ങൾക്കും കൂടി കുറച്ചുസമയം എടുത്താൽ ബാക്കി ഒന്നരമണിക്കൂറോളം സമയം മാത്രമാണ് പഠിത്തത്തിനുവേണ്ടികിട്ടുന്നതു്. ഇത്തരത്തിലുള്ള പ്രൈമറി വിദ്യാഭ്യാസത്തിനു് കൂടുതൽ പണം ചെലവഴിച്ചു് തുടക്കത്തിൽത്തന്നെ നല്ല രീതിയിലുള്ള വിദ്യാഭ്യാസം കുട്ടികൾക്കു് കൊടുക്കേണ്ടതാണ് ആവശ്യം. ഇപ്പോൾ ഹൈസ്കൂളുകളിൽ സെഷണൽ എന്ന ഉടുപ്പു ധരിപ്പിച്ചു് ഒരു സമ്പ്രദായം ഏർപ്പെടുത്തിയിരിക്കുകയാണ്. സർ, സി. പി. രാമസ്വാമി അയ്യർ ഇവിടെ ഭരണം നടത്തിയിരുന്നകാലത്തു സെഷണൽ സമ്പ്രദായം ഏർപ്പെടുത്തിയിരുന്നതിനെതിരായിട്ടും, ഷിഫ്ററ് സമ്പ്രദായം അവസാനിപ്പിക്കണമെന്നും വാദിച്ചിരുന്നവർ ഇപ്പോൾ അതു് നിറുത്തുന്നതിനു പകരം ഊർജ്ജിതത്തിൽ വരുത്താൻ ശ്രമിക്കുകയാണ്. പ്രൈമറി വിദ്യാഭ്യാസരംഗത്തു മാത്രമല്ല, സെഷണൽ സമ്പ്രദായം എന്ന ഉടുപ്പ് ഇട്ടു് ഹൈസ്കൂളുകളിലേക്കു് കൂടി ഷിഫ്ററ് നടപ്പിലാക്കിയിരിക്കുകയാണ്. ഇതിന്റെ ലാഭനഷ്ടങ്ങളെക്കുറിച്ചു് നോക്കുമ്പോൾ ലാഭമായിരിക്കുമെങ്കിലും, ഇതിന്റെ ഗുണത്തെ തൂക്കിനോക്കുമ്പോൾ ഇതുകൊണ്ടു് വളരെയധികം നഷ്ടമാണ് ഉണ്ടാകുന്നതെന്നു് മനസ്സിലാക്കാം.

സെക്കൻഡറി വിദ്യാഭ്യാസത്തിനാണ് ഏററവും അധികം പ്രാധാന്യം കൊടുക്കേണ്ടതു്. പക്ഷെ ഇവിടെയാണെങ്കിൽ സെക്കണ്ടറി വിദ്യാഭ്യാസരംഗത്തെ ശരിയായ രീതിയിൽ വീക്ഷിക്കുന്നതിനു് തയാറാകുന്നില്ല. ശ്രീ. മൗലാനാ അബ്ദുൾകലാം ആസാദ് ഇൻഡ്യയിൽ വിദ്യാഭ്യാസരംഗത്തു ഏററവും മഹത്തായ സേവനം അനുഷ്ഠിച്ചിട്ടുള്ള ഒരാളാണ്. അദ്ദേഹം ഊന്നിപ്പറഞ്ഞിട്ടുള്ള ഒരു കാര്യം ഇൻഡ്യയിൽ സെക്കൻഡറി വിദ്യാഭ്യാസത്തിനു് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു് നടപ്പിലാക്കണമെന്നാണ്. എന്നാൽ ഇന്നു് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ സെക്കൻഡറി എഡ്യൂക്കേഷനെ തഴഞ്ഞുകളഞ്ഞിട്ടു്, കാളേജ് വിദ്യാഭ്യാസത്തിന്റെ ലെവലിൽ വിമർശനങ്ങൾ നടത്തുകയാണ് പതിവു്. വിദ്യാഭ്യാസരംഗത്തു് പ്രധാനമായി ഒരു നടപടി നമ്മുടെ ഗവണ്മെൻറിൽനിന്നും എടുക്കുന്നതു് ആണ്ടിനാൽ ഒരിക്കൽ മാത്രമാണ്. അതു് സ്കൂളുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നതു് മുതൽ അതു് അനുവദിച്ചു കൊടുക്കുന്നതു വരെയാണ്. അതു് ഈ ഗവണ്മെൻറിന്റെ വലിയ ഒരു ചുമതലപോലെയാണ് കരുതുന്നതു്. സ്കൂളുകൾ അനുവദിച്ചുകൊടുക്കുന്നതിൽ ഗവണ്മെൻറിനു വലിയ താൽപര്യമാണ് ഉള്ളതു്. ശ്രീ. പട്ടംതാണുപിള്ള ഇവിടെ മുഖ്യമന്ത്രിയായിരുന്ന കാലത്തു് പ്രൈമറി സ്കൂളുകളൊന്നുംതന്നെ പ്രൈവററു സെക്ടററിൽ അനുവദിക്കുകയില്ലെന്നുള്ള ഒരു നയം അംഗീകരിച്ചിരുന്നു. അതിന്റെ ഫലമായി ഇവിടെയുണ്ടായ കൊട്ടുംകാററും കോലാഹലവും എല്ലാവർക്കും അറിയാവുന്നതാണ്. എന്നാൽ അതിനു നേരെ വിപരീതമായ ഒരു തീരുമാനമാണ് ഇപ്പോഴത്തെ മുഖ്യമന്ത്രി എടുത്തിട്ടുള്ളതു്. അതായതു് പബ്ലിക്കു് സെക്ടററിൽ സ്കൂളുകൾ അനുവദിക്കുന്നില്ലയെന്നു്. സ്കൂളുകളെല്ലാം തുടങ്ങുന്നതിനുള്ള ചുമതല പ്രൈവററു ഏജൻസികൾക്കു് കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണെന്നും, അതിനു് പറഞ്ഞിരിക്കുന്ന ന്യായീകരണം, ഗവണ്മെൻറിനു് അതുകൊണ്ടു് ലാഭമാണെന്നുമാണ്. അങ്ങനെ ലാഭത്തിൽ നടത്തേണ്ട ഒന്നാണോ ഈ വിദ്യാഭ്യാസം? അങ്ങനെയാണെങ്കിൽ കള്ളുഷാപ്പുകൾ ഓരോ കൺട്രാക്ടർമാർക്കു് കുത്തകയ്ക്കു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഗോപാലക്കുറുപ്പ്]

ലേലം ചെയ്തുകൊടുക്കുന്നതുപോലെ വിദ്യാഭ്യാസത്തേയും പ്രൈവററു ഏജൻസികൾക്കു് ലേലം ചെയ്തുകൊടുക്കണം. പ്രൈമറിസ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനോ, പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിനോ ആവശ്യമായ കെട്ടിടങ്ങൾ കെട്ടിക്കൊടുക്കുകയും സ്ഥലം കൊടുക്കുകയും ചെയ്യാമെന്നു് ജനങ്ങൾ സമ്മതിച്ചാലും അങ്ങനെയുള്ള സ്ഥലങ്ങളിൽ സ്കൂൾ അനുവദിക്കുന്നതിനോ, അപ്ഗ്രേഡ് ചെയ്യുന്നതിനോ തയാറാകുന്നില്ല. പിന്നെ എവിടെയാണു് സ്കൂളുകൾ അനുവദിക്കുന്നതെന്നു് നോക്കിയാൽ, അതു് പ്രൈവററു ഏജൻസികൾക്കാണെന്നു് കാണാവുന്നതാണു്. പ്രൈവററു ഏജൻസികൾക്കു് സ്കൂളുകൾ അനുവദിച്ചുകൊടുത്താലുള്ള ലാഭം എന്താണു്? നാട്ടുകാർ സ്കൂളുകൾ തുടങ്ങുന്നതിനു് കെട്ടിടങ്ങൾ ഉണ്ടാക്കുന്നതു പോലെതന്നെയാണു് പ്രൈവററു ഏജൻസികളും കെട്ടിടങ്ങൾ ഉണ്ടാക്കുന്നതു്. പ്രൈവററു ഏജൻസിയുടെ കീഴിൽ ആരംഭിക്കുന്ന സ്കൂളുകളിൽ അദ്ധ്യാപകരുടെയും, നാൺടീച്ചിംഗ് സ്ററാഫിൻെറയും നിയമനകാരത്തിൽ നൂറുനയാപൈസയെന്നുള്ള ക്രമത്തിൽ അതിൻെറ ചെലവു് ഗവൺമെൻറു തന്നെ വഹിക്കുകയാണു്. പിന്നെ പ്രോവിഡൻറുഫണ്ടു്, പെൻഷൻ, ഗ്രാററുവിററി, സർവീസ് മുതലായകാര്യങ്ങളിൽ പ്രൈവററു സ്കൂളിലെ സ്ററാഫിൻെറയും ബാദ്ധ്യത നൂറു ശതമാനവും ഗവൺമെൻറു തന്നെയാണു് വഹിക്കുന്നതു്. പിന്നെ മെയിൻറനൻസ് മുതലായവയുടെ ചെലവും പൂർണ്ണമായും ഗവൺമെൻറു തന്നെയാണു് വഹിക്കുന്നതു്. ഏതു കാര്യത്തിലാണു് പ്രൈവററു സ്കൂളുകളും ഗവൺമെൻറു സ്കൂളുകളും തമ്മിലുള്ള വ്യത്യാസമെന്നു മനസ്സിലാകുന്നില്ല. സ്വകാര്യമേഖലയിൽ സ്കൂളുകൾ നടത്തുന്ന സമ്പ്രദായത്തെ ഞാൻ എതിർക്കുകയാണോയെന്നു് ചോദിച്ചാൽ, ഞാൻ എതിർക്കുകയല്ല ചെയ്യുന്നതു്.

ശ്രീ. പി. ചാക്കോ: പ്രൈവററു മേഖലയിൽ സ്കൂളുകൾ അനുവദിച്ചാൽ കെട്ടിടനിർമ്മാണത്തിൻെറ ചെലവു് ഗവൺമെൻറു വഹിക്കേണ്ട ആവശ്യമില്ലല്ലോ?

ശ്രീ. എൻ. ഗോപാലക്കുറുപ്പ്: ഗവൺമെൻറു സ്കൂളുകൾക്കാണെങ്കിലും കെട്ടിടനിർമ്മാണത്തിൻെറ ചെലവു് ഗവൺമെൻറിൽ നിന്നും വഹിക്കേണ്ടി വരികയില്ല. കാരണം, അതാതുസ്ഥലത്തുള്ള ജനങ്ങളും സംഘടനകളും കെട്ടിടനിർമ്മാണം നടത്തുകയും ആവശ്യമായ സ്ഥലം കൊടുക്കുകയും ചെയ്യും. ഇംഗ്ലണ്ടു്, അമേരിക്ക മുതലായ രാജ്യങ്ങളിൽ സ്വകാര്യ ഏജൻസികൾ നല്ല രീതിയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നുണ്ടു്. മുമ്പു് നമ്മുടെ സംസ്ഥാനത്തുതന്നെ സർക്കാർ സ്കൂളുകളിൽ ജോലിനോക്കിക്കൊണ്ടിരുന്ന അദ്ധ്യാപകന്മാർ രാജിവച്ചിട്ടു് പ്രൈവററു സ്കൂളുകളിൽ പോയി ജോലിനോക്കിയിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. അന്നു് ലൂഥർമിഷൻെറയും എൽ. എം. എസ്സു്. എന്നീ മിഷൻെറയും സ്കൂളുകൾ നല്ല നിലയിൽ പ്രൈവററു മേഖലയിൽ നടത്തിയിരുന്ന സ്കൂളുകളാണു്. ഗവൺമെൻറു സ്കൂളുകളിൽ പത്തും പന്ത്രണ്ടും രൂപ ശമ്പളം ഉണ്ടായിരുന്നപ്പോൾ ഇത്തരത്തിലുള്ള മിഷൻ സ്കൂളുകളിൽ ഇരുപത്തിയഞ്ചും, മുപ്പതും, അൻപതും രൂപവരെ ശമ്പളംകിട്ടുമായിരുന്നു. അങ്ങനെ സർവ്വീസിലിരുന്ന ദരിദ്രമായ കാശുവാങ്ങുന്നതിനേക്കാൾ, പ്രൈവററു സർവീസിൽ പോയാൽ നല്ല ശമ്പളം കിട്ടുമെന്നു് കണ്ടതുകൊണ്ടാണു് ഗവൺമെൻറു സർവീസിലുള്ള അദ്ധ്യാപകന്മാർ രാജിവച്ചിട്ടു് പ്രൈവററു സ്കൂളുകളിൽ ജോലിക്കു് പോയതു്. അക്കാലങ്ങളിൽ ഗവൺമെൻറിൽനിന്നും അത്തരം സ്കൂളുകളെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടു്. എന്നാൽ ഈ കഴിഞ്ഞ കുറെക്കാലമായി മിഷൻവക സ്കൂളുകളിൽ വിദ്യാഭ്യാസത്തിൽ താല്പര്യം കാണിക്കാതെ മിഷനറി പ്രവർത്തനം നടത്തുകയെന്നുള്ള നിലപാടു് എടുക്കുകയും, വിദ്യാഭ്യാസത്തെ കച്ചവടസാധനമെന്നുള്ള നിലയ്ക്കു് അധഃപതിപ്പിക്കുകയും ചെയ്തു. ഇപ്പോൾ സർക്കാർ ഖജനാവിൽനിന്നും പൊതുമുതൽ കൊള്ളയടിക്കുന്നതിനുള്ള സൗകര്യം സ്വകാര്യസ്കൂൾ മാനേജർമാർക്കു് ഉണ്ടാക്കികൊടുത്തിരിക്കുകയാണു് ഗവൺമെൻറിൽ നിന്നും. സ്വകാര്യസ്കൂൾ മാനേജരന്മാരുടെ സ്വാർത്ഥലാഭത്തിനുവേണ്ടി സർക്കാരിൻെറ ഖജനാവു് തുറന്നുവച്ചിരിക്കുകയാണു്. നാഷണൽ ഇൻറഗ്രേഷൻെറ കാര്യം ഞാനിവിടെ പറഞ്ഞതുപോലെ വിദ്യാ

LIBRARY ARCHIVES Kerala Legislative Assembly

ഭ്യാസകാര്യത്തിലും പ്രവർത്തിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇവിടത്തെ മുഖ്യമന്ത്രി ഇവിടെയുള്ള ജനങ്ങളെ, നായരെന്നും ഈഴവരെന്നും കൃസ്ത്യാനിയെന്നും, മുസ്ലീങ്ങളെന്നും ഉള്ള ചിന്തയോടുകൂടിയാണ് വീക്ഷിക്കുന്നത്. അല്ലാതെ അദ്ദേഹം മനുഷ്യരെ കണ്ടിട്ടില്ല. അദ്ദേഹം പുതിയ സ്കൂളുകൾ, കൃസ്ത്യാനികൾക്കും, നായർക്കും ഈഴവർക്കും മുസ്ലീങ്ങൾക്കും, അനുവദിച്ചു കൊടുത്തിട്ടുള്ളതല്ലാതെ വിദ്യാഭ്യാസ സംഘടനകൾക്കോ, മററു വിധത്തിലുള്ള സംഘടനകൾക്കോ അനുവദിച്ചുകൊടുത്തിട്ടുണ്ടോ? സ്കൂളുകൾ അനുവദിച്ചുകൊടുക്കുന്നതിൽ ഒരു നയം സ്വീകരിച്ചിട്ടുണ്ടോ? ഇങ്ങനെ യാതൊരു തരത്തിലുള്ള തത്വദീക്ഷയുമില്ലാതെ സ്കൂളുകൾ അനുവദിച്ചുകൊടുത്തതിന്റെ ഫലമായി മലബാറിലുള്ള സ്കൂളുകൾ പൂട്ടിയിടാനുള്ള ഉത്തരവ് കൊടുത്തിരിക്കുകയാണ്. ഞാൻ ഗവണ്മെന്റിനെ ചലഞ്ചു ചെയ്യുകയാണ്. നിഷ്പക്ഷമായ ഒരു കമ്മിററിയെ നിയമിച്ച് അന്വേഷണം നടത്തിയാൽ, 1960-നു ശേഷം ഈ ഗവണ്മെന്റു വിവേകശൂന്യമായി പുതിയ സ്കൂളുകൾ അനുവദിച്ചതിന്റെ ഫലമായി, എല്ലാസ്കൂളുകളും അൺഎക്കണോമിക് സ്കൂളുകളായി മാറിയിട്ടുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. അതിനു ഗവണ്മെന്റു തയാറുണ്ടോ? അങ്ങനെ യാതൊരു വിധത്തിലുള്ള തത്വദീക്ഷയും സ്കൂൾ അനുവദിക്കുന്ന കാര്യത്തിൽ സ്വീകരിക്കാത്തതുകൊണ്ടാണ് മലബാർ പ്രദേശത്തുള്ള പത്തു് നാല്പതോളം സ്കൂളുകൾ പൂട്ടിയിടേണ്ട സ്ഥിതി വന്നിരിക്കുന്നത്. 1961-ൽ ഞാൻ ഈ കാര്യം ഈ നിയമസഭയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതായത് പുതിയതായി അനുവദിച്ച ഒരു സ്കൂളിന്റെ ജനലിൽകൂടി തുപ്പിയാൽ അടുത്ത സ്കൂളിനകത്തു വീഴും. രണ്ടു സ്കൂളുകളും തമ്മിൽ രണ്ടിഞ്ച് മാത്രമേ വ്യത്യാസമുള്ളു. ഇങ്ങനെ വിദ്യാലയങ്ങൾ അനുവദിച്ചുകൊടുക്കുന്നതിൽ യാതൊരു വിധത്തിലുമുള്ള നയവും സ്വീകരിക്കാത്തതുകൊണ്ട് ഒരു പ്രയോജനവും ലഭിക്കാതെ പോകുന്നു. ഇപ്പോൾ വിദ്യാഭ്യാസത്തെ ഒരു കച്ചവടസാധനമാക്കി മാററയിരിക്കുന്നു. വിദ്യാഭ്യാസത്തെ ആകെ അധഃപതിപ്പിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഇവിടെയുണ്ടായിരിക്കുന്നത്. അതാതു സ്ഥലത്തിന്റെ പ്രധാന്യം നോക്കിയല്ല മുസ്ലീങ്ങളെയും, നായരെയും, കൃസ്ത്യാനികളെയും, ഈഴവനേയും നോക്കിയാണ് സ്കൂളുകൾ അനുവദിച്ചിട്ടുള്ളത്. ഇതിന്റെ ഫലമായി കണ്ണൂർ ജില്ലയിലോ, കോഴിക്കോട് ജില്ലയിലോ വിദ്യാഭ്യാസ പരമായി പിന്നോക്കം നിൽക്കുന്ന സ്ഥലങ്ങളിലോ മുൻഗണന കൊടുത്തിട്ടില്ല. അവിടെയൊന്നും ഇത്തരത്തിലുള്ള ജാതിയുടേയും മതത്തിന്റേയും അടിസ്ഥാനത്തിലുള്ള സംഘടനകൾ സ്കൂളുകൾ ആരംഭിക്കാൻ തയാറായില്ല,

<u>ശ്രീ. പി. കെ. കുഞ്ഞ്</u>: ദേവസ്വം ബോർഡിന്റെ കീഴിൽ കോളേജ് അനുവദിച്ചു കൊടുത്തിട്ടില്ലേ?

<u>ശ്രീ. എൻ. ഗോപാലക്കുറുപ്പ്</u>: ദേവസ്വം ബോർഡിന്റെ കീഴിൽ അനുവദിച്ചുകൊടുത്തിട്ടുണ്ടോയെന്നറിഞ്ഞുകൂടാ.

<u>ശ്രീ. പി. കെ. കുഞ്ഞ്</u>: വ്യക്തിപരമായി ആർക്കും അനുവദിച്ചുകൊടുത്തിട്ടില്ലെന്നും ഓരോ സ്ഥാപനങ്ങൾക്കുവേണ്ടിയാണ് അനുവദിച്ചുകൊടുത്തിട്ടുള്ളതെന്നും അറിയാമോ?

<u>ശ്രീ. എൻ. ഗോപാലക്കുറുപ്പ്</u>: അതാണ് ഞാൻ പറഞ്ഞത് ഓരോ മത സംഘടനകൾക്കും പ്രത്യേകം പ്രത്യേകം ആയി അനുവദിച്ചുകൊടുത്തിട്ടുണ്ടെന്നും, വിദ്യാഭ്യാസസ്ഥാപനങ്ങൾ ആവശ്യമായ കണ്ണൂർ കോഴിക്കോട് മുതലായ സ്ഥലങ്ങളിൽ അനുവദിച്ചുകൊടുത്തിട്ടില്ലെന്നും. യൂണിവേഴ്സിററി ഒരു ആട്ടോണമസ് ബോഡിയാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്.

ഞാൻ ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. കഴിഞ്ഞ നാലുവർഷകാലത്തിനിടയിൽ നമ്മുടെ മുഖ്യമന്ത്രി കേരളത്തിലെ അദ്ധ്യാപകന്മാരെക്കുറിച്ച് പരാമർശിച്ചിട്ടുള്ള അവസരങ്ങളിലെല്ലാംതന്നെ, അവർക്കെതിരായി ജനങ്ങളുടെ പകയും വെറുപ്പും ഉണ്ടാകുന്ന തരത്തിലുള്ള സമീപനമാണ് എടുത്തിട്ടുള്ളത്. അതിനൊരുദ്ദേശം ഉണ്ട്. അവരുടെ അവകാശങ്ങൾ പലതും തട്ടിയെടുത്തുകൊണ്ട് അവരെ സംഘടിതമായി ഇളക്കി വിട്ടതിനെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഗോപാലക്കുറുപ്പ്]

പ്പററി ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞപ്പോൾ മുഖ്യമന്ത്രി പറയുകയുണ്ടായി, കേരളത്തിലെ അദ്ധ്യാപകന്മാരുടെ ബന്ധുവാണ് മുഖ്യമന്ത്രി എന്നു് തെളിയിക്കുന്നതിനു് അധികം വിദൂരതയില്ലെന്നു്. ഞാൻ മനസ്സിലാക്കുന്നതു് മൂന്നു രൂപയുടേയും അഞ്ചു രൂപയുടേയും പിച്ചക്കാശുകൊണ്ടു് അദ്ധ്യാപകന്മാരെ വ്യാമോഹിപ്പിക്കാമെന്നു് വിചാരിച്ചായിരിക്കും ഇങ്ങനെ പറഞ്ഞിട്ടുള്ളതെന്നു്. 1960-നു ശേഷം പ്രൈവററു സ്കൂൾ അദ്ധ്യാപകന്മാരോടും അദ്ധ്യപകലോകത്തോടും പൊതുവെ എടുത്തിട്ടുള്ള സമീപനവും ഞാൻ ചൂണ്ടിക്കാണിക്കാം. വിദ്യാഭ്യാസനിയമത്തിലെ പതിനൊന്നാം വകുപ്പു് എടുത്തുകളഞ്ഞുകൊണ്ടു് അദ്ധ്യാപകനിയമനത്തെ ഒരു കച്ചവടമാക്കി മാററുകയുണ്ടായി. രണ്ടായിരവും മൂവായിരവും രൂപ കൈക്കൂലി കൊടുത്താൽ മാത്രമേ ഒരു പ്രൈവററു സ്കൂളിൽ അദ്ധ്യാപകനായി കയറാൻ സാധിക്കുകയുള്ളുവെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുകൂടി നിഷേധിക്കാൻ കഴിയുകയില്ല. അങ്ങനെ പതിനൊന്നാം വകുപ്പു് എടുത്തുകളഞ്ഞു് അദ്ധ്യാപകന്മാരെ അപകടത്തിലാക്കിയിരിക്കയാണു്. പിന്നെ വിദ്യാഭ്യാസവകുപ്പിലെ 12-ാംവകുപ്പു് 1-ാം ഉപവകുപ്പിൽ പ്രൈവററു സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളവും സേവനവ്യവസ്ഥകളും ഗവണ്മെൻറു സ്കൂൾ അദ്ധ്യാപകന്മാരോടു തുല്യമായി അംഗീകരിച്ചിരുന്നു. 1961—ൽ ഈ ഗവണ്മെൻറു് അതിനൊരു ഭേദഗതി ചെയ്തതിൻെറ ഫലമായിട്ടു് ഗവണ്മെൻറിൻെറ ഇഷ്ടംപോലെ അവരുടെ ശമ്പളവും സേവനവ്യവസ്ഥകളും നിശ്ചയിക്കാമെന്നു വന്നു. അതിൻെറ ഫലമായി ഫീസ് റെൻറു അലവൻസ് പ്രൈവററു സ്കൂൾ അദ്ധ്യാപകന്മാക്കു് നിഷേധിച്ചു. ആ ഭേദഗതിയിൽ രണ്ടു വാക്കു് മാററിയതുകൊണ്ടു് ഇത്രയും കഷ്ടതകൾ തങ്ങൾക്കു് വരുമെന്നു് ഈ രാജ്യത്തിലെ പ്രൈവററു സ്കൂൾ അദ്ധ്യാപകന്മാർ കരുതിയിരുന്നില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: ബഹുമാനപ്പെട്ട മെമ്പറും ഒരു പ്രൈവററു സ്കൂൾ അദ്ധ്യാപകനല്ലേ? സ്കൂളിൽ അദ്ധ്യാപകനായി കയറുന്നതിനു് ബഹുമാനപ്പെട്ട മെമ്പറും രണ്ടായിരമോ മൂവായിരമോ രൂപ കൈക്കൂലിയായി കൊടുത്തിട്ടുണ്ടോ?

ശ്രീ. എൻ. ഗോപാലക്കുറുപ്പ്: അതിപ്പോൾ പരസ്യമായി പറയാൻ സാധിക്കുകയില്ല. വേണമെങ്കിൽ സ്വകാര്യമായി പറഞ്ഞു തരാം.

ശ്രീ. എം. നാരായണക്കുറുപ്പ്: അങ്ങനെയാണെങ്കിൽ കമ്മ്യൂണിസ്ററുകാർ ഇവിടെ ഭരിച്ചിരുന്ന കാലത്തു് വിദ്യാഭ്യാസ ബില്ലിലെ 12—ാംവകുപ്പു് നടപ്പിലാക്കാതെ അവഗണിച്ചതു് എന്തുകൊണ്ടാണു്?

ശ്രീ. എൻ. ഗോപാലക്കുറുപ്പ്: 1959 ജൂൺ മാസത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നതാണു്. അടിയന്തിരമായി നടപ്പിലാക്കേണ്ട വകുപ്പുകൾ നടപ്പിലാക്കുകയും, മററു വകുപ്പുകൾ നടപ്പിലാക്കുന്നതിനുള്ള റൂളുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയുമായിരുന്നു. എന്നാൽ അതിനെത്തുടർന്നു് അധികാരത്തിൽ വന്ന ഈ ഗവണ്മെൻറു തുടക്കത്തിൽത്തന്നെ വിദ്യാഭ്യാസബില്ലിൽ ഭേദഗതി ചെയ്യാൻ വ്യഗ്രത കാണിക്കുകയുണ്ടായി. എന്നാൽ ഈ രാജ്യത്തുള്ള ആയിരക്കണക്കിനു് അദ്ധ്യാപകന്മാർ പ്രക്ഷോഭണം കൂട്ടിയതിൻെറ ഫലമായി അതു് നടപ്പിലാക്കുന്നുവെന്നുള്ള സ്ഥിതിയിൽ ഒരു റൂൾ ഉണ്ടാക്കി തട്ടിൻപുറത്തു് വച്ചു് പുകപിടിപ്പിച്ചു വച്ചിരുന്നതു് എല്ലാവർക്കും അറിയാം.

ശ്രീ. എം. നാരായണക്കുറുപ്പ്: 12—ാം വകുപ്പു നടപ്പിലാക്കിയാൽ ഗവണ്മെൻറിനു ദുർവഹമായ സാമ്പത്തിക ബാദ്ധ്യത വരുമെന്നു് കണ്ടതുകൊണ്ടല്ലേ അതു് അന്നു് നടപ്പിലാക്കാൻ ശ്രമിക്കാതിരുന്നതു്?

ശ്രീ. എൻ. ഗോപാലക്കുറുപ്പ്: അങ്ങനെ ബാദ്ധ്യത ഈ ഗവണ്മെൻറിനായാലും ശരി, ആ ഗവണ്മെൻറിനായാലും ശരി വരുമെന്നു് അറിയാം. കഴിഞ്ഞ പ്രാവശ്യം അദ്ധ്യാപകന്മാരെ സസ്പെൻഡു് ചെയ്യാനുള്ള അധികാരം മാനേജരന്മാക്കു് കൊടുത്തതിനെപ്പററി ഞാൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. അങ്ങനെ മാനേജരന്മാക്കു് അധികാരങ്ങൾ കൊടുത്തതിൻെറ ഫലമായി ഇന്നുള്ള സ്ഥിതി എന്താണു്. സക്കാരിൻെറ കൽപന സ്റ്റാമ്പു ഒട്ടിച്ചു മുദ്രപേപ്പറിൽ എഴുതി ഗവണ്മെൻറു സെക്രട്ടറി എഴുതി ഒപ്പിട്ട കൽപന സ്വീകരിക്കാൻ മാനേജരന്മാർ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാകുന്നില്ല. ഗവണ്മെൻറിൻെറ കൽപനയുമായി തിരുവനന്തപുരത്തുള്ള തെരുവീഥികളിൽകൂടി അദ്ധ്യാപകന്മാർ ജോലിയില്ലാതെ അലഞ്ഞു നടക്കുകയാണ്. ആ കൽപനകൾ മാനേജരന്മാർ സ്വീകരിച്ചില്ലെങ്കിൽ പിന്നെ എന്തിനാണ് മുദ്രപ്പേപ്പറിൽ എഴുതി ഗവണ്മെൻറു സെക്രട്ടറി ഒപ്പിടണം?

1955 മുതൽ സസ്പെൻഷനിൽ നിൽക്കുന്ന ഒരദ്ധ്യാപകൻെറ കാര്യം എനിക്ക് നേരിട്ടറിയാം. ഗവണ്മെൻറിൻെറ ആർഡർ അദ്ദേഹം മൂന്നു പ്രാവശ്യം വാങ്ങിയിട്ടുണ്ട്. അതുകൊണ്ടും സാധിക്കാതെവന്നതുകൊണ്ട് അദ്ദേഹം ഹൈക്കോടതിയിൽ പോയി വിധിവാങ്ങിയതിനുശേഷവും ഇന്നു ഗവണ്മെൻറു വീണ്ടും കൺസിഡർ ചെയ്യുന്നതാണെന്നു പറഞ്ഞ് അദ്ദേഹം ആ നിയമനവും കാത്ത് കോഴിക്കോട്ടു ജില്ലയിലെ പേരാമ്പ്രയിൽ കിഴിഞ്ഞുകൂടുകയാണ്. മാനേജർമാർക്ക് ഏതാനും ദിവസം സസ്പെൻഡുചെയ്യാനുള്ള അധികാരം കൊടുത്താൽ എന്തു അപകടം വരാനാണ് പോകുന്നത് എന്നു വാദിച്ച ആളുകൾ സർക്കാർ കൽപ്പനകൾ എഴുതിവച്ചതുപോലും മാനേജർമാർ അവഹേളിക്കുന്നതിനെപ്പററി നിങ്ങൾക്ക് യാതൊന്നും പറയുവാനില്ലേ എന്നു ഞാൻ ചോദിക്കുകയാണ്? ഈ സർക്കാർ കൽപ്പനകൾക്ക് വിലയില്ലാതായിത്തീർന്നിരിക്കുന്നു. ഇവിടെ അടിയന്തിരാവസ്ഥയുടെ പേരിൽ ആറായിരത്തിൽ പരം ക്രാഫ്ററ് അദ്ധ്യാപകരെ തെരുവാധാരമാക്കാൻ പോകുകയാണ്. ഈ നാഷണൽ ഡിസിപ്ലിൻ സ്കീമനുസരിച്ച് അവരിൽ കുറച്ചുപേരെ രണ്ടുമാസം താവള ചാട്ടമൊക്കെ പഠിപ്പിച്ചു. ...വർക്ക് എന്തുജോലി കിട്ടിയെന്നു അറിഞ്ഞുകൂടാ? ഇതിനു മിനിമം ക്വാളിഫിക്കേഷൻ എസ്സ്. എസ്സ്. എൽ. സി. വേണമെന്നു പറഞ്ഞു. അവരൊക്കെ ഇന്നു ഉഴറി നടക്കുകയാണ്. ഇതിൽ ഗ്രാഡുവേററ് ചെയ്തവരും അല്ലാത്തവരുമായ ആളുകൾ പ്രാഥമിക സ്കൂളുകളിൽ താൽക്കാലികമായി നിയമനം സമ്പാദിച്ചവരുണ്ട്. അവർക്ക് ട്രെയിനിംഗിനു സെലക്ഷൻ കിട്ടും, അല്ലെങ്കിൽ അവർക്ക് ജോലി സ്ഥിരത കിട്ടും അങ്ങനെ വിചാരിച്ചിരുന്നവർ മൂന്നു നാലുകൊല്ലത്തെ സർവ്വീസിനുശേഷം അവരെ പിരിച്ചുവിടുവാൻ പോകുകയാണ്. ആ ഇനത്തിൽപെടുന്ന 400, 500 ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുമുണ്ട്. അതുകൊണ്ട് അവരുടെ ഈ നാലുകൊല്ലത്തെ സർവ്വീസെങ്കിലും പരിഗണിച്ച് അവരെ ട്രെയിനിംഗ് സെലക്ഷനു എടുക്കുക. ഡിപാർട്ടുമെൻറലായി എസ്സ്. എസ്സ്. എൽ. സി. പാസായവരേയും, 30-ഓ 35-ഓ ശതമാനം മാർക്കു വാങ്ങി മൂന്നാം പ്രാവശ്യമോ നാലാംപ്രാവശ്യമോ പാസായവരേയുമാണ് മാനേജർമാർ ട്രെയിനിംഗിനു തിരഞ്ഞെടുക്കുന്നത്. അതുകൊണ്ട് ഇവരുടെ കാര്യത്തിൽ ഒരു ന്യായമായ നില ഗവണ്മെൻറു സ്വീകരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. അതു പോലെതന്നെ നാൺടീച്ചിംഗ് സ്റ്റാഫിൻെറ കാര്യത്തെപ്പററി ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ ഇവിടെ പറഞ്ഞു. അങ്ങനെയൊരു വിഭാഗമുണ്ടെന്നുള്ള കാര്യം മുഖ്യമന്ത്രി മറന്നു പോയിരുന്നു എന്നാണ് എൻെറ അഭിപ്രായം. അങ്ങനെ മറക്കാൻ പാടില്ല. വിനീതമായി ചില കാര്യങ്ങൾ കേൾക്കണം. സ്പെഷ്യൽ ഡീയർനൻസ് അലവൻസ് കേന്ദ്രഗവണ്മെൻറ് അനുവദിച്ചതന്നപ്പോൾ ഇതിൽ ഗവണ്മെൻറ് ഇവരുടെകൂടെ ചേർത്തു പ്രപ്പോസൽ അയക്കാത്തതുകൊണ്ട് അതു് അവർക്ക് കിട്ടിയില്ല. അതു ഗവണ്മെൻറിനു പററിയ ഒരു മറവിയാണ്. ഹൗസ്‌റെൻറും മററും അനുവദിക്കുന്ന സമയത്ത് പ്രൈവററ് സ്കൂൾ അദ്ധ്യാപകരെ ഒഴിവാക്കാൻ തീരുമാനിച്ചിരിക്കുകയാണെന്നു കേട്ടു. മൂന്നു രൂപ, അഞ്ചുരൂപ അനുവദിക്കുന്ന കാര്യം വന്നപ്പോൾ പ്രൈവററ്സ്കൂൾ അദ്ധ്യാപകരുടെ കാര്യം മറന്നുപോയി എന്നാണ് തോന്നുന്നത്. അങ്ങനെയൊരു വിഭാഗത്തെ മറന്നുകൊണ്ടുള്ള സമീപനം ശരിയല്ല, അതു തിരുത്തിക്കൊണ്ട് പ്രൈവററ്സ്കൂൾ അദ്ധ്യാപകർക്കുകൂടി ഈ അലവൻസ് നൽകുന്ന കാര്യത്തിൽ വേണ്ട നടപടിയെടുക്കണമെന്നു ഞാൻ ഈ അവസരത്തിൽ ഗവണ്മെൻറിനെ ഓർമ്മപ്പെടുത്തുകയാണ്. അതുപോലെതന്നെ ഇൻക്രിമെൻറിൻെറ കാര്യം ഇവിടെ പറഞ്ഞു. പരിഷ്കൃത രാജ്യങ്ങളിലെല്ലാം ഇൻക്രിമെൻറ് എല്ലാം ഉദ്യോഗസ്ഥന്മാരുടെ ഒരു റൈററാണ്. ഒരു വർഷം സർവ്വീസുണ്ടെങ്കിൽ ഒരു ഇൻക്രിമെൻറ് കിട്ടേണ്ടതു് അവരുടെ റൈററാണ്. അതു തടസ്സപ്പെടുന്നുണ്ടെങ്കിൽ, തടസ്സപ്പെടുത്തുന്നതിനുള്ള കാരണം കാണിച്ച് അതു ശിക്ഷയായി തീരുമാനിക്കാനുള്ള ബാദ്ധ്യത ഗവണ്മെൻറിനാണ്. എന്നാൽ ഇവിടെ അതൊരു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഗോപാലക്കുറുപ്പ്]

തെററാണോ? ഇവിടെ തെററാണെന്നു അവകാശപ്പെടാൻ പാടില്ല. കഴിഞ്ഞ ഒൻപതുകൊല്ലമായി ഇൻക്രിമെൻറ് കിട്ടാത്ത ഒരദ്ധ്യാപകനെ എനിക്കു് നേരിട്ടറിയാം. 12 വർഷമായി അദ്ദേഹത്തിൻെറ ശമ്പളം ഫിക്സ് ചെയ്തു കൊടുത്തിട്ടില്ല. എന്താണു് ഈ ശമ്പളം ഫിക്സുചെയ്തുകൊടുക്കാൻ ബുദ്ധിമുട്ടു്. ഇവിടെ അദ്ധ്യാപകരുടെ അവകാശങ്ങളെ തിരിച്ചെടുക്കുന്നതിനും അവരുടെ സംഘടിതമായ പ്രക്ഷോഭണങ്ങളെ തടസ്സപ്പെടുത്തുന്നതിനും ജനാധിപത്യസംഘടനകളെ അപമാനിക്കുന്നതിനുമാണു് ഈ ഗവണ്മെൻറ് നടപടികൾ എടുത്തിട്ടുള്ളതെന്ന ആക്ഷേപം ഞാൻ ഉന്നയിക്കുകയാണു്. അദ്ധ്യാപകരുടെ ബന്ധു ആകാൻ അടുത്ത അവസരം ഉപയോഗിച്ചു് വരാൻ കാത്തിരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു് എനിക്കു് പറയുവാനുള്ളതു്, അദ്ധ്യാപകരെ ദ്രോഹിക്കുന്ന ഈ നയം മാററണമെന്നാണു്. ഞാൻ ചുരുക്കുന്നു. സർ, ഈ അടുത്ത കാലത്തു് അദ്ധ്യാപകസംഘടനകൾ സംയുക്തമായി മെമ്മോറാണ്ടം കൊടുത്തിട്ടു ആ സംഘടനയുടെ പ്രതിനിധികളെ കൂട്ടായി വിളിച്ചു ചർച്ചചെയ്തു ഒരു പരിഹാരമുണ്ടാക്കുന്നതിനുപകരം അവരെ ഡിവൈഡു് ചെയ്തു ഭീഷണിപ്പെടുത്തി പറഞ്ഞയ്ക്കാൻ നോക്കുകയാണു്. മുരട്ടു ന്യായങ്ങൾ പറഞ്ഞു് റക്കഗ്നിഷൻ ഇല്ലെന്നു പറഞ്ഞു് ഒഴിഞ്ഞുമാറുകയാണു് ചെയ്യുന്നതു്. എന്തിനു അദ്ധ്യാപകസംഘടനകളെ ഭീഷണിപ്പെടുത്തുന്നു? അവർക്കു് പ്രമേയം പാസ്സാക്കാൻ പാടില്ല, അഭിപ്രായപ്രകടനം നടത്താൻ പാടില്ല. കേരളത്തിലെ മുഖ്യമന്ത്രിയുടെ ഇഷ്ടം പോലെ, അദ്ധ്യാപകർക്കു് യാതൊരു അവകാശവുമില്ലാതെ കൈവിലങ്ങു് സ്ഥാപിച്ചു് സർക്കാർ കൃഷിത്തോട്ടം പോലെ ഒരു സംഘടന വളർത്താൻ തയ്യാറില്ലാത്തതുകൊണ്ടാണു് അദ്ധ്യാപകസംഘടനകൾ റക്കഗ്നീഷൻ അപേക്ഷിക്കാത്തതു്. അതുകൊണ്ടു് അവരെ ഭീഷണിപ്പെടുത്താമെന്ന വ്യാമോഹം ഉപേക്ഷിച്ചു് സംയുക്തമായ ഒരു സമരത്തെ നേരിടാൻ ഗവണ്മെൻറ് തയ്യാറായിക്കൊള്ളുക എന്നു താക്കീതു ചെയ്തുകൊണ്ടു് ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ പിൻതാങ്ങുന്നു.

ശ്രീ. പി. ചാക്കോ: സർ, ബ: വിദ്യാഭ്യാസമന്ത്രി ഈ സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ച വിദ്യാഭ്യാസ ഡിമാൻഡിനെ ഞാൻ അനുകൂലിക്കുന്നു. ഈ രാജ്യത്തെ വിദ്യാഭ്യാസത്തിൻെറ ഏററവും താണഘടകമായി നിൽക്കുന്ന പ്രൈമറി വിദ്യാഭ്യാസത്തിലെ പല ന്യൂനതകളെപ്പററിയും പല ബ: മെമ്പറന്മാരും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സർ,

[12 Noon]

ഈ രാജ്യത്തു് ഒരു കാലത്തു് പള്ളിക്കൂടങ്ങളുടെ സംഖ്യ കുറവായിരുന്നകാലത്തു് ഷിഫ്ററു സമ്പ്രദായം ഏർപ്പെടുത്തി. അങ്ങനെ പ്രാഥമിക വിദ്യാഭ്യാസത്തിൽ ഷിഫ്ററു് സംപ്രദായം ഏർപ്പെടുത്തിയതുകൊണ്ടാണു് വിദ്യാഭ്യാസത്തിൻെറ നിലവാരം താണു പോയതെന്നുള്ള അഭിപ്രായം ഉണ്ടായി. ഗവണ്മെൻറ് അതു മനസ്സിലാക്കി ഈ പദ്ധതി അവസാനിപ്പിക്കാൻ പല പ്രാവശ്യവും തീരുമാനങ്ങളെടുത്തുവെങ്കിലും ഇതുവരെ അതു് പൂർണ്ണമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. രണ്ടു കൊല്ലം മുൻപു് നാലാം ക്ലാസിലെ ഷിഫ്ററു സംപ്രദായം മാററി. ഇപ്പോൾ ഒന്നു്, രണ്ടു്, മൂന്നു് എന്നീ ക്ലാസ്സുകളിൽ അതു തുടർന്നു പോകുന്നുണ്ടു്. എത്രയധികം മാററങ്ങൾ വരുത്തിയാലും ഏററവും പ്രധാനമായ നമ്മുടെ ഉദ്ദേശം കുട്ടികൾക്കു് കൂടുതൽ സമയം പഠിക്കുന്നതിനും അദ്ധ്യാപകർക്കു് ശരിയായ അദ്ധ്യായനം നടത്തുന്നതിനും ആവശ്യമായിട്ടുള്ള പരിതഃസ്ഥിതി സൃഷ്ടിക്കുക എന്നുള്ളതാണു്.

രണ്ടാമതു് എനിക്കു് പറയുവാനുള്ളതു് മൂന്നു കൊല്ലങ്ങൾക്കു മുൻപു് വെഞ്ഞാറമൂട്ടു് ഒരു പള്ളിക്കൂടം തകർന്നുവീണു എന്ന കാരണത്താൽ ഗവണ്മെൻറു ഒരു പദ്ധതി സ്വീകരിച്ചു. ഡിപ്പാർട്ടുമെൻറു് എൻജിനീയർമാർ പരിശോധിച്ചു് ഉറപ്പുള്ളതെന്നു് സർട്ടിഫൈ ചെയ്യുന്ന സ്കൂളുകൾ മാത്രമേ ഉപയോഗിക്കാവൂ എന്നു് ഗവണ്മെൻറു് ഉത്തരവിട്ടു. സർ, അതിൻെറ ഫലമായി അനേകം പള്ളിക്കൂടങ്ങൾ കൊള്ളരുതാത്ത ചില താൽക്കാലിക ഷെഡ്കളിലേക്കു് മാറിയിരിക്കുകയാണു്. അതിൽ വല്ല സംശയവുമുണ്ടെങ്കിൽ എൻെറ നിയോജകമണ്ഡലത്തിലെ ഒരു കാര്യം പറയാം. എൻെറ നിയോജകമണ്ഡലത്തിലെ തിരുവല്ല-കോഴഞ്ചേരി റോഡിൽ മൂന്നാംമൈലിനടുത്തു് ഒരു നല്ല പള്ളിക്കൂടമുണ്ടായിരുന്നു. ആ കെട്ടിടത്തിൽവച്ചു് കുട്ടികളെ പഠിപ്പിക്കാൻ പാടില്ലെന്നു് എൻജിനീയർ

LIBRARY ARCHIVES Kerala Legislative Assembly

സർട്ടിഫൈ ചെയ്യു. അതിനുപകരം ഇപ്പോൾ ക്ലാസ്സ് നടത്തുന്നതു് രണ്ടു മുറികളുള്ള ഒരു പീടികയിൽ നിന്നും മൂന്നുവശങ്ങളിലേക്കു് മുളവച്ചുകെട്ടി ചാർത്തുകൾ ഉണ്ടാക്കി അവയിൽ ക്ലാസുകൾ നടത്തുകയാണു്. വളരെ പരിതാപകരമായ നിലയിലാണു് ആ സ്കൂൾ നടക്കുന്നതു്. പത്തു കുട്ടികൾക്കിരിക്കാൻ പോലും സ്ഥലമില്ലാത്തിടത്തു് 55 കുട്ടികളെയിരുത്തി പഠിപ്പിക്കുകയാണു് ഇന്നവിടെ ചെയ്യുന്നതു്. സർ, ഇതു ഒരു സ്ഥലത്തു മാത്രമല്ല. ഇതു പോലുള്ള അനേകം സ്ഥലത്തു് ഇങ്ങനെ ക്ലാസ്സുകൾ നടക്കുന്നുണ്ടു്. സാമാന്യം നല്ല കെട്ടിടം ആണെന്നിരുന്നാലും, അതു ഉപയോഗിക്കാൻ കൊള്ളരുതാത്തതാണെന്നും, മോശമാണെന്നും സർട്ടിഫിക്കററു് കൊടുത്തതിന്റെ പേരിൽ അനേകം വിദ്യാലയങ്ങൾ ഇങ്ങനെ നടക്കുന്നുണ്ടു്. ഇതു വരെയധികം ശോചനീയമായ ഒരു കാര്യമാണു്. അതുകൊണ്ടു് ഈ സ്ഥിതി മാറിയെങ്കിൽ മാത്രമേ പ്രൈമറി വിദ്യാഭ്യാസത്തിലെ ന്യൂനതകൾ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ. അതുപോലെ തന്നെ സെഷണൽ സംപ്രദായത്തെപ്പററിയും ഇവിടെ സൂചിപ്പിച്ചു. പ്രഭാതകൃത്യങ്ങളെല്ലാം കഴിഞ്ഞു് നാലും അഞ്ചും മൈൽ ദൂരം നടന്നു് എങ്ങനെയാണു് എട്ടുമണിക്കു് കുട്ടികൾ ക്ലാസിൽ വരുന്നതു്? സ്വാഭാവികമായി അവർക്കു് ലേററായേ വരാൻ സാധിക്കുകയുള്ളൂ. എട്ടുമണിക്കു് വന്നു് കുട്ടികൾ പഠിക്കണമെന്ന ഒരു പരിതസ്ഥിതി ഉണ്ടാക്കിയ ഈ വിദ്യാഭ്യാസധുരന്ധരന്മാരുടെ അഭിപ്രായത്തോടു് എനിക്കു് യോജിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു് ഈ സംപ്രദായവും, ഷിഫ്ററുസമ്പ്രദായവും അവസാനിപ്പിച്ചു് കുട്ടികളുടെ വിദ്യാഭ്യാസം ഫലപ്രദമായി നടപ്പിലാക്കുന്നതിൽ ഗവണ്മെൻറു് വേണ്ട ശ്രദ്ധ പതിപ്പിക്കണമെന്നു് ഞാൻ ഈ അവസരത്തിൽ ഗവണ്മെൻറിനോടഭ്യർത്ഥിക്കുകയാണു്. അതുപോലെതന്നെ മററൊരു കാര്യം ബ: ഗവണ്മെൻറിനെ അറിയിക്കാനുണ്ടു്. അദ്ധ്യാപകന്മാർ ഒരു മാസത്തെ അവധി എടുക്കുകയാണെങ്കിൽ സബ്സ്റ്റിററ്യൂട്ടിനെ വയ്ക്കാൻ വ്യവസ്ഥയുണ്ടായിരുന്നു. നമ്മുടെ ആഫീസുകളിലും ഇതു പോലുള്ള വ്യവസ്ഥയുണ്ടു്. അതു മാററി ഇപ്പോൾ 61 ദിവസത്തിൽ കുറയാത്ത കാലങ്ങളിലേക്കു് മാത്രമേ സബ്സ്റ്റിററ്യൂട്ടിനെ പോസ്ററു ചെയ്യാൻ നിയമമുള്ളൂ. ഇതു് വളരെ വിഷമമുണ്ടാക്കുന്ന സംഗതിയാണു്. ഒരാൾ ഒരു മാസം ലീവെടുത്താൽ സബ്സ്റ്റിററ്യൂട്ടിനെ നിയമിച്ചില്ലെങ്കിൽ കുട്ടികൾക്കു് പഠിക്കാൻ സാധിക്കുകയില്ല. അതുകൊണ്ടു് ഈ റൂൾ, എമർജൻസിയുടെ പേരിൽ ഉണ്ടായിരിക്കുന്ന ഈ റൂൾ, 61 ദിവസത്തിൽ കൂടുതലുള്ള അവധികാലത്തേക്കു് മാത്രമേ സബ്സ്റ്റിററ്യൂട്ടിനെ വയ്ക്കുകയുള്ളൂ എന്നുള്ള റൂൾ, എത്രയും വേഗം മാററി ഒരു മാസത്തേക്കുള്ള അവധിയിൽ മുൻകാലങ്ങളിൽ ചെയ്തിട്ടുള്ളതു പോലെ സബ്സ്റ്റിററ്യൂട്ടിനെ വയ്ക്കുന്നതിനും അങ്ങനെ കുട്ടികളെ പഠിപ്പിക്കുന്നതിനു് കൂടുതൽ ശ്രദ്ധപതിപ്പിക്കണമെന്നും ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

എനിക്കു് വേറൊരുകാര്യം പറയാനുള്ളതു് അസംതൃപ്തരായ അദ്ധ്യാപകരെപ്പററിയാണു്. അദ്ധ്യാപകരുടെ പല അവകാശങ്ങളും ഇന്നു് നിഷേധിച്ചിരിക്കുകയാണു്. ക്യാഷ്വൽ ലീവു് 15 ഉണ്ടായിരുന്നതു് ഇന്നു് 12 ആയിട്ടു് കുറച്ചിരിക്കുകയാണു്. ഈ മൂന്നു ദിവസം കുറച്ചതുകൊണ്ടു് എന്താദായമാണു് ഗവണ്മെൻറിനു് ഉണ്ടാകാൻപോകുന്നതു്. അതുപോലെതന്നെ പകുതി ക്യാഷ്വൽ ലീവിനും അവകാശമില്ല. ഇതിൽനിന്നൊക്കെ എന്തുലാഭമാണു് ബ: ഗവണ്മെൻറിനു് ഉണ്ടാകാൻപോകുന്നതെന്നു് മനസിലാകുന്നില്ല. ഇക്കാര്യത്തെപ്പററി ഗവണ്മെൻറു് പുനരാലോചിക്കണമെന്നാണു് എന്റെ അഭിപ്രായം. അതുപോലെതന്നെ ചില മെമ്പറന്മാർ ഇവിടെ സൂചിപ്പിച്ചതുപോലെ അദ്ധ്യാപകന്മാരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവഹേളിക്കുന്നു എന്നൊരു ധാരണ അദ്ധ്യാപകരുടെ ഇടയിലുണ്ടു്. അതെന്താണെന്നു് എനിക്കറിയില്ല. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ നിന്നു് ഉൽഭൂതമായതാണോ എന്നെനിക്കറിവില്ല. എനിക്കിതേപ്പററി പറയാനുള്ളതു് അവർക്കു് ആശ്വാസകരമായിട്ടു് ഒന്നും ചെയ്യാൻ സാധിക്കുന്നില്ലെങ്കിലും അവരെ നിരുത്സാഹപ്പെടുത്തുന്നതിനു് അവഹേളനാപരമായ പ്രസംഗങ്ങൾ അധികാരസ്ഥാനത്തിരിക്കുന്നവർ ചെയ്യരുതെന്നാണു് എനിക്കു് പറയാനുള്ളതു്. സർ, എല്ലാ വിഭാഗങ്ങളിലെയും അദ്ധ്യാപകരുടെ പ്രശ്നങ്ങളെപ്പററി ജോയിൻറായി ഒരു മെമ്മോറാണ്ടം ബ: മുഖ്യമന്ത്രിക്കു് കൊടുത്ത കാര്യത്തെപ്പററി ശ്രീ. കുറുപ്പ് അവർകൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ചാക്കോ]

ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിൽ പലകാര്യങ്ങളും എടുത്തുപറയുന്നുണ്ട്. 10–20 കാര്യങ്ങൾ എടുത്തു പറയുന്നതിൽ ഗവണ്മെൻറ് ഉടനടി ചെയ്യേണ്ട പല കാര്യങ്ങളും ഉണ്ട്. അതു് ഗവണ്മെൻറ് പരിശോധിച്ച് ആവശ്യമായ പരിഹാരം നേടണം. ഹൗസ്റെൻറ് അലവൻസായി എന്തെങ്കിലും ഒരു ചെറിയ തുക നൽകുക, പ്രോവിഡൻറ്ഫണ്ട് ഗവണ്മെൻറ് വിഹിതം 3 നയാപൈസയിൽ നിന്ന് 6 നയാപൈസയായി വർദ്ധിപ്പിക്കുക, ഇൻക്രിമെൻറിനെപ്പററിയുള്ളതീരുമാനം ചെയ്യുക, ആദിയായ കാര്യങ്ങൾ ഗവണ്മെൻറ് ഭംഗിയായിപഠിച്ച് അദ്ധ്യാപകർക്ക് എന്തെങ്കിലും ആശ്വാസം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ആഫീസ് സ്റ്റാഫിൻെറ സ്പെഷ്യൽ ഡിയർനസ് അലവൻസ് സംബന്ധിച്ചും പല ബഃ മെമ്പർമാരും പറയുകയുണ്ടായി. ഈ ആഫീസ്സ്റ്റാഫ് വളരെയേറെ പണി എടുക്കുന്നവരാണ്. ഹെഡ്മാസ്റ്റർ രാവിലെ ആഫീസിൽവന്നാൽ വീട്ടിൽ പോകുന്നതുവരെ ആഫീസ് സ്റ്റാഫ് അവിടെ കാണണമെന്നാണ് വ്യവസ്ഥ. ആവിധം അവർക്ക് ധാരാളം പണികൾ ചെയ്യേണ്ടതുണ്ട്. അവർക്കുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്നതു് പരിതാപകരമാണ്. ഈ കാര്യത്തിലും ഗവണ്മെൻറ് ശ്രദ്ധിക്കണം. ഈ നിയമസഭ രൂപം പ്രാപിച്ചിട്ട് കൊല്ലം നാലുകഴിഞ്ഞു. വിദ്യാഭ്യാസഭരണത്തിൽ വളരെ വേഗം പരിഷ്കാരങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്. ഈ കഴിഞ്ഞ നാലുവർഷക്കാലത്തിനിടയിൽ തന്നെ നാലു ഡി. പി. ഐ. മാർ ഡിപ്പാർട്ടുമെൻറ് മേധാവികളായി ഇരുന്നിട്ടുണ്ട്. ഇങ്ങനെ ഡിപ്പാർട്ടുമെൻറ് മേധാവിയെ കൂടെക്കൂടെ മാറുമ്പോൾ അവർക്ക് ശരിയായ വിധം പരിഷ്കാരങ്ങളൊന്നും ചെയ്യാൻ സാധിക്കുന്നില്ല. രണ്ടുകൊല്ലം മുമ്പ് ഇവിടെ റീജിയണൽ സംപ്രദായം ഏർപ്പെടുത്തി. അതു് ഭരണപരമായ കാര്യങ്ങളിൽ വളരെയധികം പ്രയോജനകരമായിട്ടുള്ള ഒന്നാണ്. ഈ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറക്ക് കെ. ഇ. ആർ. അനുസരിച്ച് ഡയറക്ടറക്കുണ്ടായിരുന്ന പല അധികാരങ്ങളും കൊടുത്തിട്ടുണ്ട്. ഡെപ്യൂട്ടി ഡയറക്ടറമാർ ഭംഗിയായി നിർവഹിക്കുന്ന പക്ഷം സ്കൂൾ സംബന്ധമായ പലകാര്യങ്ങളും കാലതാമസംകൂടാതെ വളരെ വേഗം കൈകാര്യം ചെയ്യാൻ സാധിക്കും. ഇവിടെ ശ്രീമാൻ കുഞ്ഞുണ്ണിനായർ അദ്ധ്യാപകന്മാരെപ്പററി തെററായ ഒരു കാര്യം പറഞ്ഞു. പരീക്ഷപേപ്പർ നോക്കുന്ന ആളുകളെല്ലാം കൈക്കൂലിവാങ്ങുന്നവരാണെന്ന് അദ്ദേഹം സൂചിപ്പിച്ചു. വളരെ തെററായ ഒരു പരാമർശമാണതു്. പരീക്ഷകന്മാരായിട്ടുള്ള ആളുകൾ ഒരിക്കലും കുഞ്ഞുണ്ണിനായർ പറഞ്ഞതുപോലെ ചെയ്യുകയില്ല. ഞാനും അസി: എക്സാമിനറായും ചീഫ്എക്സാമിനറായും ഇരുന്നിട്ടുണ്ട്. എൻെറയും കൈയ്യിൽ പലരും എഴുത്തുതന്നിട്ടുണ്ട്. പരീക്ഷയ്ക്കുള്ള മാർക്ക് ലിസ്റ്റ് അയച്ചശേഷം ഒരു പക്ഷേ ആ എഴുത്തുകൾ നോക്കിയിട്ടുണ്ടാകും. അതിനുമുമ്പ് നോക്കുകയില്ല. എല്ലാ അദ്ധ്യാപകരും ഇതുപോലെയാണെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഇങ്ങനെ ഈ സഭയിലുള്ള ഒരു മെമ്പർ പരാമർശിച്ചതിൽ ഖേദമുണ്ട്. ശ്രീമാൻ കുറുപ്പ് ഇവിടെ മാനേജുമെൻറ് സ്കൂളുകൾ അനുവദിക്കുന്ന കാര്യം പറഞ്ഞു. കോർപ്പറേററ്മാനേജുമെൻറുകൾക്ക് സ്കൂളുകൾ കൊടുക്കേണ്ടതു് ആവശ്യമാണ്. അതു് സമുദായത്തിൻെറ പേരിലായാലും കൊള്ളാം, എന്തു പേരിലായാലും കൊള്ളാം, സ്കൂളുകൾ കൊടുക്കുകയാണെങ്കിൽ അതു് കോർപ്പറേററു മാനേജുമെൻറുകൾക്ക മാത്രമേ കൊടുക്കാവൂ. കോർപ്പറേററ് മാനേജുമെൻറുകൾക്ക് സ്കൂളുകൾ കൊടുത്താൽ യാതൊരു കുഴപ്പവും ഉണ്ടാവുകയില്ലെന്നു പറഞ്ഞുകൊണ്ടും ശ്രീ. കുറുപ്പിൻെറ ആരോപണത്തെ എതിർക്കുകയും ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുകയും ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): സർ, പലപ്രകാരത്തിലും ഈ ധനാഭ്യർത്ഥനക്കു വിഷയമായിരിക്കുന്ന ഡിപ്പാർട്ടുമെൻറുകൾ ഈ സംസ്ഥാനത്തെ ഏററവും വലിയ ഡിപ്പാർട്ടുമെൻറുകളാണ്. കേവലം ആ ഡിപ്പാർട്ടുകൾ ചെലവഴിക്കുന്ന തുകയെമാത്രം ആസ്പദമാക്കി ഞാൻ ഇങ്ങനെ പറയുകയല്ല. ഈ ഡിപ്പാർട്ടുമെൻറ് യഥാർത്ഥത്തിൽ നമ്മുടെ സാമൂഹ്യജീവിതത്തിൽ വഹിക്കുന്ന പങ്കും അത്ര വളരെ വലുതാണ്. മാത്രമല്ല ഇത്രവളരെ ഉദ്യോഗസ്ഥന്മാർ ഉൾക്കൊള്ളുന്ന മറെറാരു ഡിപ്പാർട്ടുമെൻറും ഈ സംസ്ഥാനത്തില്ല. ഈ സംസ്ഥാനത്തിനാകമാനം പബ്ലിക്ക്സർവീസിൽ ഉദ്യോഗം

LIBRARY ARCHIVES Kerala Legislative Assembly

വഹിക്കുന്നവരുടെ എണ്ണം ഏതാണ്ട് ഒരുലക്ഷത്തി അൻപതിനായിരമാണ്. ഈ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ആകപ്പാടെയുള്ള ഉദ്യോഗത്തിൻെറ എണ്ണം ഒരു ലക്ഷത്തി ഇരുപത്തയ്യായിരമാണ്. ഇതിൽ നാൽപ്പതിനായിരത്തോളം ആളുകൾ ഗവണ്മെൻറ് സർവ്വീസിലും, എൺപതിനായിരത്തിൽപ്പരം ആളുകൾ പ്രൈവററ് സർവ്വീസിലുമാണ്. സർ ഇത്ര വലിയ ഒരു ഡിപ്പാർട്ടുമെൻറിനെപ്പററി ആക്ഷേപമുണ്ടാവുക എളുപ്പമായ ഒരു കാര്യമാണ്. അതിനു പുറമെ ഒന്നുരണ്ടു കാര്യങ്ങൾകൂടി നമ്മൾ മനസ്സിൽ വയ്ക്കേണ്ടതുണ്ട്. കഴിഞ്ഞ പതിനഞ്ചു പതിനഞ്ചു വർഷങ്ങൾക്കിടയിൽ ഈ സംസ്ഥാനത്ത് വിദ്യാഭ്യാസരംഗത്ത് വളരെ വിഷമംപിടിച്ച രണ്ട് ഇൻറഗ്രേഷൻ നടത്തേണ്ടതായിവന്നു. പഴയ തിരുവിതാംകൂറും കൊച്ചിയും തമ്മിലുള്ള ഇൻറഗ്രേഷൻ ഒന്ന്, പിന്നെ തിരു–കൊച്ചിയും, മലബാറും തമ്മിലുള്ള ഇൻറഗ്രേഷൻ മറെറാന്ന്. ഈ മൂന്നു പ്രദേശങ്ങളിലും വിദ്യാഭ്യാസസംബന്ധമായ പ്രശ്നങ്ങൾ ഒരളവിൽ ഭിന്നങ്ങളായിരുന്നു. ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, അവരുടെ യോഗ്യത, വിദ്യാഭ്യാസത്തിൻെറ കാലദൈർഘ്യം, അവരുടെ പഠനവിഷയങ്ങൾ ഇതിൽപോലും കാര്യമായ വ്യത്യാസങ്ങൾ നിലവിലിരുന്നിരുന്നു. മലബാറിൽ ഡിസ്ട്രിക്ററ് ബോർഡ് എന്നു പറയുന്ന ഒരു ഏർപ്പാട് പ്രത്യേകമായി ഉണ്ടായിരുന്നു. സർ, ഇതെല്ലാംകഴിഞ്ഞുവന്നപ്പോൾ ഒട്ടുവളരെ പ്രശ്നങ്ങൾ അവശേഷിച്ചു എന്നുള്ളത് ഒരു വസ്തുതയാണ്. അതുപോലെതന്നെ വിദ്യാഭ്യാസത്തിൻെറ വളർച്ച പരിശോധിച്ചാൽ പഴയ തിരുവിതാംകൂർ സംസ്ഥാനത്തും കൊച്ചി സംസ്ഥാനത്തും ഈ വിഷയത്തിൽ മുൻകൈ എടുത്തതു് പ്രൈവററ് ഏജൻസികളാണെന്നു് മറന്നുകളയരുതു്. പഴയ തിരുവിതാംകൂർ സക്കാർ ആദ്യം ഇവിടെ ഒരു പള്ളിക്കൂടം ഉണ്ടാക്കിയതു് നാഗർകോവിലിൽ ഒരു കൃസ്ത്യൻമിഷനറി നടത്തിവന്നിരുന്ന മാതൃകയിലും അവരുടെ സഹായത്തോടുകൂടിയും ആയിരുന്നു. അങ്ങനെ അന്നുമുതൽ സ്വകാര്യരംഗത്തു് കൃസ്ത്യൻ മിഷനറിമാർ വളരെയേറെ സ്ഥാപനങ്ങൾ നടത്തിവന്നിരുന്നു എന്നുള്ളതു് പരമാർത്ഥമാണ്. സക്കാർ പള്ളിക്കൂടങ്ങൾ ഉണ്ടായ തോതിലോ, അതിനേക്കാൾ അധികമായോ പ്രൈവററ് ഏജൻസികൾ നടത്തുന്ന വിദ്യാലയങ്ങൾ ഉണ്ടായി. സർ, ഇന്നും പ്രൈമറിസ്കൂളിൻെറ രംഗത്തുപോലും പ്രൈവററ് ഏജൻസികൾ നടത്തുന്ന സ്ഥാപനങ്ങൾ സക്കാർ നടത്തുന്ന സ്ഥാപനങ്ങളെക്കാൾ എണ്ണത്തിൽ കൂടുതലുണ്ട്. ഹൈസ്കൂളുകൾ ഇരട്ടിയിലധികമുണ്ട്. ഇതൊക്കെ നാം മറന്നിട്ട് ഒരു നിമിഷംകൊണ്ട് സകലതും ദേശവൽക്കരിച്ച് യാതൊരു പ്രശ്നവുമില്ലാത്ത ഒരു വിഭാഗമാക്കി ഇതിനെ മാററിക്കളയാം എന്ന കാര്യം പ്രസംഗിക്കാൻ എളുപ്പമാണെങ്കിലും നടക്കുകയില്ലെന്നു് പ്രസംഗിച്ചവർക്കുതന്നെ തീർച്ചയാണ്.

<u>ശ്രീ. എൻ. ഗോപാലക്കുറുപ്പ്</u>: പുതിയ സ്കൂൾ അനുവദിക്കുന്നതു് സക്കാർ മേഖലയിൽ ഇല്ല എന്നാണ് പറഞ്ഞതു്.

<u>ശ്രീ. ആർ. ശങ്കർ</u>: സ്കൂളുകൾ അനുവദിക്കുന്നതിനെപ്പററി ഇവിടെ പറഞ്ഞു, സ്കൂളുകൾ അനുവദിക്കുന്നതു് ആക്കാണ്. ഈ രാജ്യത്തെ മനുഷ്യർക്കാണെന്നു് ഞാൻ വിചാരിക്കുന്നു.

<u>ശ്രീമതി കെ. ആർ. ഗൗരി</u>: ഈ പ്രൈവററ്സ്കൂൾ ഉടമകൾ ആദ്യമായി വിദ്യാഭ്യാസരംഗത്തു വരുകയോ, വിദ്യാഭ്യാസരംഗത്തു പ്രവത്തിക്കുകയോ ചെയ്തതുകൊണ്ട് ഇതൊരു സംമ്പ്രദായമെന്നുള്ള നിലയിൽ അംഗീകരിക്കുന്നു എന്നു വരത്തക്കവിധത്തിലാണ് മന്ത്രി ഇവിടെ പറഞ്ഞതു്. തുടർന്നും ഈ പോളിസിതന്നെയായിരിക്കുമെന്നും പറഞ്ഞു. വ്യവസായരംഗത്തും ഇതുപോലെ പ്രൈവററ് ഏജൻസികളാണ് ആദ്യം വന്നതു്. അതുകൊണ്ട് ഈ വ്യവസായരംഗവും പ്രൈവററ്മേഖലയിലേക്ക് വിടാൻ പോകുകയാണോ?

<u>ശ്രീ. ആർ. ശങ്കർ</u>: വ്യവസായത്തിൻെറ കാര്യം പറയുമ്പോൾ ആ കാര്യം ചോദിക്കണം. ഇപ്പോൾ പറയുന്നതു് സ്കൂളുകളുടെ കാര്യങ്ങളാണ്.

<u>ശ്രീമതി കെ. ആർ. ഗൗരി</u>: വിദ്യാഭ്യാസത്തിൻെറ കാര്യംപോലെ തന്നെയാണോ വ്യവസായത്തിൻെറ കാര്യവും എന്നു ചോദിക്കുകയാണ്.

2/1768/S

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ: വിദ്യാഭ്യാസമായാലും, വ്യവസായരംഗമായാലും സ്വകാര്യരംഗത്തുകൂടി നടത്തുന്നതാണ് ഈ ഗവണ്മെന്റിന്റെ നയം. ഗവണ്മെന്റിന്റെ നേരിട്ടുള്ള ചുമതലയിലും, സ്വകാര്യരംഗത്തും ഒരുപോലെ വിദ്യാഭ്യാസ സംബന്ധമായ കാര്യങ്ങൾക്ക് ഗവണ്മെന്റ് പ്രാധാന്യം കൊടുക്കുകയും, പ്രോത്സാഹനം നൽകുകയുമാണ് ചെയ്യുന്നത്. പ്രൈവറ്റ് സെക്ടർ എന്നു കേട്ടാൽ ഭീതിയാരം വരുന്ന കൂട്ടരല്ല ഞങ്ങൾ. ഇൻഡ്യ അംഗീകരിച്ചിട്ടുള്ള നയം വ്യവസായരംഗത്തും പ്രൈവറ്റ് സെക്ടറിന് ആവശ്യമായ പ്രോത്സാഹനം കൊടുക്കുക എന്നുള്ളതാണ്. വളരെ വ്യക്തമായി എല്ലാ രംഗത്തും പ്രൈവറ്റ് സെക്ടറിന്റെ സ്ഥാനം എന്തായിരിക്കണം, പബ്ലിക്ക് സെക്ടറിന്റെ സ്ഥാനം എന്തായിരിക്കണം എന്നു നിശ്ചയിച്ചിട്ടുണ്ട്. ആ കൂട്ടത്തിൽ വിദ്യാഭ്യാസരംഗത്ത് പ്രൈവറ്റ് സെക്ടർ ഉണ്ടാകാൻ പാടില്ലെന്ന ന്യായം ഇൻഡ്യാ ഗവണ്മെന്റ് സ്വീകരിച്ചിട്ടില്ല. നമ്മുടെ കാൺസ്റ്റിററ്റ്യൂഷനിൽ പറയുന്നില്ല. ഈ ഗവണ്മെന്റ് സ്വീകരിച്ചിട്ടില്ല അതാണ് വസ്തുത. ഇങ്ങനെ വളരെ സങ്കീർണ്ണ പ്രശ്നങ്ങൾ ഈ ഡിപ്പാർട്ടുമെന്റിലുണ്ട്. ഇവിടെ പറഞ്ഞു കാളേജു കൊടുക്കുന്നതും സ്കൂളുകൾ കൊടുക്കുന്നതുമെല്ലാം എൻ. എസ്. എസ്. നാണ്, എസ്സ്. എൻ. ഡി. പി.ക്കാണ്, ബിഷപ്പന്മാർക്കാണെന്ന്. അതിന്റെ ബാക്കി പറഞ്ഞില്ല. ഇതൊക്കെ കൊടുക്കേണ്ടത് ആർക്കാണെന്ന് ആരും പറഞ്ഞില്ല. പ്രൈവറ്റ് വിദ്യാലയങ്ങൾ കൊടുക്കുകയാണെങ്കിൽ ആ വിദ്യാലയങ്ങൾ ഉന്നത പരിചയമുള്ള മാനേജ്മെന്റുകൾക്ക് കൊടുക്കണമോ കോർപ്പറേറ്റ് മാനേജുമെന്റുകൾക്കു കൊടുക്കണമോ അതല്ല ഏതെങ്കിലും വ്യക്തിക്കു കൊടുക്കണമോ എന്ന് ആരും പറഞ്ഞില്ല. സർ, ആർക്കു കൊടുത്താലും ഈ രാജ്യത്തിലെ മനുഷ്യർ ഏതെങ്കിലും ജാതിയിലും മതത്തിലും പെട്ടവരാണ്. നിങ്ങളെ ഞാൻ വെല്ലുവിളിക്കുകയാണ്, ഇതുപോലെ ആർക്കെങ്കിലും കൊടുത്താൽ ഈ ആക്ഷേപം പറയാനില്ലാത്ത സ്ഥിതി ഉണ്ടാകുമോ? ഏതു മനുഷ്യനു കൊടുത്താലും അയാളെ കാണുന്നത് ജാതിയിൽ കൂടിയാണ്. അതുപോലെ ഇതു നടത്താൻ കഴിവുള്ളവർ, അതിന് പാരമ്പര്യമുള്ളവർ, അതിന് സാഹചര്യമുള്ളവർ ഇങ്ങനെയുള്ളവർക്ക് വേണ്ടേ കൊടുക്കേണ്ടത്? എൻ. എസ്സ്. എസ്സ്. എന്നു പറഞ്ഞാൽ അത് നായരുടെ സംഘടനയാണല്ലോ എന്നു മാത്രം ഓർമ്മവരും. എസ്സ്. എൻ. ഡി. പി. ഈഴവരുടെ സംഘടനയാണല്ലോ എന്നുമാത്രം ഓർമ്മവരും. നായർ മനുഷ്യനാണ് ഈഴവൻ മനുഷ്യനാണ്, മുസൽമാൻ മനുഷ്യനാണ്, ക്രിസ്ത്യാനി മനുഷ്യനാണ്. ഞാൻ പ്രതിപക്ഷത്തോടു ചോദിക്കുകയാണ് നിങ്ങൾ ഇവരെയൊക്കെ മനുഷ്യരായി കാണാൻ തയ്യാറില്ല. അത്രയ്ക്കു ജാതി കയറി പുകഞ്ഞു നിങ്ങളുടെ അകത്തിരിപ്പുണ്ട്. ഇല്ലെങ്കിൽ ഇങ്ങനെ കൊടുത്തത് അതു നടത്താൻ കഴിവുള്ളവരാണോ, എന്നു നോക്കുന്നതിനുപകരം ജാതിയുടെ അടിസ്ഥാനത്തിൽ ചിന്തിക്കുന്നത് ശരിയല്ല.

ശ്രീ. ഈ. പി. ഗോപാലൻ: സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇൻഡ്യാരാജ്യത്ത് ജാതി, മത, പ്രാദേശിക വിഭജനങ്ങൾ വർദ്ധിച്ചുവരുന്നു. അതുകൊണ്ട് ഈ രാജ്യത്തിന്റെ പഴയ ചരിത്രത്തിലുള്ളതുപോലെ നാഷനൽ ഇന്റഗ്രേഷൻ എന്നുള്ളത് നിർബന്ധമായിട്ടും വളർത്തിക്കൊണ്ടുവരുകയും ഉറപ്പിക്കുകയും ചെയ്യേണ്ടതാണെന്നു നിശ്ചയിച്ചുകഴിഞ്ഞിട്ടുണ്ട്. ആ കാര്യം കേരളത്തിൽ വിദ്യാഭ്യാസരംഗത്ത് പ്രയോഗത്തിൽ വരുത്താതിരിക്കുന്നതു ന്യായമാണോ?

ശ്രീ. ആർ. ശങ്കർ: ഞാൻ പറഞ്ഞതും ഇതുമായിട്ടുള്ള ബന്ധംതന്നെ മനസ്സിലായില്ല. നാഷനൽ ഇന്റഗ്രേഷൻ വരുത്തണമെന്ന് നാമെല്ലാം ആഗ്രഹിക്കുന്നത് ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ ആളുകൾ തിരിഞ്ഞു തിരിഞ്ഞു നിൽക്കുന്ന സ്വഭാവമുള്ളതുകൊണ്ടാണ്. അതില്ലെന്നു പറഞ്ഞ് കണ്ണുമടച്ചുപോയാൽ പരിഹാരം കാണാമെന്നു പറഞ്ഞിട്ടു കാര്യമില്ല. ഇവിടെ ഒരു പ്രധാന കുഴപ്പം ജാതിയുടെ അടിസ്ഥാനത്തിൽ ചിലരുടെ അവകാശങ്ങൾ അംഗീകരിക്കപ്പെടുന്നില്ല എന്നുള്ള വിശ്വാസം വരുന്നതുകൊണ്ടാണ്. ഇതെല്ലാം പറയുന്നത് ഒരു ജാതിക്കു കൊടുത്താൽ ആക്ഷേപം വരുകയില്ല. പക്ഷേ ഫലമെന്തായിരിക്കുമെന്ന് നമ്മൾ ആലോചിക്കണം.

ആക്കാണ് പള്ളിക്കൂടങ്ങൾ കൊടുത്തതു്. മനുഷ്യനാണ് കൊടുക്കുന്നതു ജാതിമാത്രം കാണുന്ന പ്രതിപക്ഷമുള്ളിടത്തോളംകാലം ഇവിടെ ഒന്നും നടക്കുകയില്ല. ആക്ഷേപം വന്നുകൊണ്ടേയിരിക്കും.

സർ, അതു പോകട്ടെ. ഈ ഡിപ്പാർട്ടുമെൻറിന്റെ വലുപ്പം എത്രയുണ്ടെന്നും, പ്രശ്നങ്ങളുടെ സങ്കീർണ്ണത എത്രയുണ്ടെന്നും അറിയുന്നതിനു് ഞാൻ ചില സ്ഥിതിവിവരങ്ങൾ പറയുകയാണ്. ഈ വിവരങ്ങൾകൂടി മനസ്സിൽ വച്ചു് വാദിക്കുന്നതു കൊള്ളാമെന്നു തോന്നുന്നു. ഈ സംസ്ഥാനത്തു് ആകമാനമുള്ള ഹൈസ്കൂളുകൾ 1008. 3 പോസ്റ്റ് ബേസിക്. ഇവിടെയെല്ലാമായി 565,600 കുട്ടികൾ പഠിക്കുന്നുണ്ടു്. യു. പി. സ്കൂളുകൾ 2259. ഹൈസ്കൂളുകളിൽ പലയിടത്തും യു. പി. സെക്ഷൻ ഉള്ളതു കൂട്ടിയിട്ടില്ല. യു. പി. സ്കൂളുകളിൽ മൊത്തമായി പഠിക്കുന്ന കുട്ടികൾ 9,88,300 ആണ്. പ്രൈമറിസ്കൂളുകൾ ആകെയുള്ളതു് 6,704. അവിടെ പഠിക്കുന്ന കുട്ടികളുടെ എണ്ണം 2,214,800. ഗവണ്മെൻറ് അംഗീകരിച്ചിട്ടുള്ള പ്രീപ്രൈമറി സ്കൂളുകൾ 112. ട്രെയിനിംഗ് സ്കൂളുകൾ 105. സ്കൂൾ ഫോർ ഹാൻഡിക്യാപ്പ്ഡ് 7 (ഏഴ്) ആർട്സ് ആൻഡ് സയൻസ് കാളേജുകൾ 67. അവിടെ പഠിക്കുന്ന കുട്ടികൾ 60,000 ത്തോളം വരും. ട്രെയിനിംഗ് കാളേജുകൾ 19. കുട്ടികളുടെ എണ്ണം 2500. ലാക്കാളേജുകൾ 2. 400 കുട്ടികൾ പഠിക്കുന്നു. എൻജിനീയറിംഗ് കാളേജുകൾ 6. കുട്ടികൾ 1,310. വിമൻസ് പോളിടെക്നിക് 3. കുട്ടികൾ 180. പോളിടെക്നിക് 14. കുട്ടികൾ 2228. ജൂനിയർ ടെക്നിക്കൽ സ്കൂളുകൾ 3. കുട്ടികൾ 1200. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സ്കൂൾ 10. കുട്ടികൾ 4,200. മ്യൂസിക് സ്കൂൾ 1. മ്യൂസിക് അക്കാഡമി 2. 300 കുട്ടികൾ. ഫിസിക്കൽ എഡ്യൂക്കേഷൻ കാളേജ് 2. അതു് അത്രയധികം പ്രവർത്തനം നടത്തുന്നില്ല. അറബിക് കാളേജുകൾ 4. പിന്നെ സംസ്കൃതകാളേജുകൾ ഇത്രയുമധികം സ്ഥാപനങ്ങൾ ഒരു ഡിപ്പാർട്ടുമെൻറു് കൈകാര്യം ചെയ്യുമ്പോൾ പ്രശ്നങ്ങൾക്കു മുഴുവൻ പരിഹാരം നൽകുക പ്രയാസമുള്ള കാര്യമാണെന്നു നിഷ്പക്ഷമതികളായ ആരും സമ്മതിക്കും. ടീച്ചേഴ്സ് ആണെങ്കിൽ ഒരേ ക്ലാസ്സിൽ പഠിപ്പിക്കുന്നവരിൽ വളരെയേറെ ഭിന്നമായ ആളുകൾ ഉണ്ടു്. അവരെയൊക്കെ സംബന്ധിച്ചിടത്തോളം പ്രശ്നങ്ങൾ ഉണ്ടു്. അപ്പോൾ ഈ ഡിപ്പാർട്ടുമെൻറിന്റെ ഭരണം വളരെ സുഗമമായി മുന്നോട്ടുകൊണ്ടുപോവുക പ്രയാസമുള്ള കാര്യമാണെന്നു അംഗീകരിച്ചുകൊണ്ടുവേണം വിമർശനങ്ങൾ നടത്തേണ്ടതെന്നു മുഖവുരയായി ഞാൻ പറയുന്നു. ഇവിടെ എല്ലാ കാര്യങ്ങളെപ്പററിയും ആക്ഷേപമുണ്ടായി. ഇപ്പോഴത്തെ സ്കൂൾസംമ്പ്രദായം, അതായതു് 10 വർഷമെന്നുള്ളതു് കുറച്ചുകാലമായി നിലവിലിരിക്കുന്നതാണ്. അതിനുമുമ്പു് 11 കൊല്ലമായിരുന്നു. ആ 11 കൊല്ലം 10 കൊല്ലമാക്കിയതോടുകൂടിത്തന്നെ ഒട്ടുവളരെ പ്രശ്നങ്ങളുണ്ടായി. 10 കൊല്ലത്തിനുശേഷം ഒരു കൊല്ലത്തെ പ്രീയൂണിവേഴ്സിററിയും 3 കൊല്ലത്തെ ഡിഗ്രികോഴ്സുമാണുള്ളതു്. അങ്ങനെ ഡിഗ്രി എടുക്കുന്നതിനുമുമ്പു് 14 വർഷം സ്കൂളിലും കാളേജിലുമായി പഠിക്കണമെന്നുള്ള വ്യവസ്ഥയാണ് ഇന്നുവരെ നിലവിലിരിക്കുന്നതു്. അതിനുമുമ്പുണ്ടായിരുന്ന വ്യവസ്ഥ 11 കൊല്ലത്തെ സ്കൂളിംഗായിരുന്നു. അതായതു്, മലയാളം 4 ക്ലാസ്സ് പഠിക്കുക. പിന്നെ സ്കൂൾഫൈനൽവരെ 7 കൊല്ലം ഇംഗ്ലീഷ് സ്കൂളിൽ പഠിക്കുക. അതിനുശേഷം 2 കൊല്ലം ഇൻറർമീഡിയററും, 2 കൊല്ലം ഡിഗ്രി കോഴ്സും എന്നിങ്ങനെ 15 കൊല്ലമായിരുന്നു. ഏതാണ്ടു് ആ പാറേറൺ അല്പസ്വല്പവ്യത്യാസത്തോടുകൂടി ഇൻഡ്യ മുഴുവൻ നിലവിലിരുന്നതാണ്. ഇൻഡ്യയിലെന്നല്ല ഗ്രേറ്റ്ബ്രിട്ടനിലും നിലവിലിരുന്നതാണ്. ഇതിനു മാററമുണ്ടാക്കിയാണ് ഇന്നു നിലവിലിരിക്കുന്ന സംമ്പ്രദായം സ്വീകരിച്ചതു്. ഇതു സ്വീകരിച്ചിട്ടു മൂന്നുനാലുകൊല്ലങ്ങളെ ആയുള്ളു. ഈ സംമ്പ്രദായം ഈ ഗവണ്മെൻറു വരുത്തിയതാണെന്നു് ആർക്കും അഭിപ്രായമില്ലെന്നു വിചാരിക്കുന്നു. ആ സമ്പ്രദായം ഇവിടെ ഏർപ്പെടുത്തിയതു് ഇൻഡ്യാഗവണ്മെൻറിന്റെ മേൽനോട്ടത്തിലാണെന്നുള്ള വസ്തുത മറക്കരുതു്. ഇൻഡ്യയൊട്ടാകെ ഐകരൂപ്യമുള്ള ഭരണസമ്പ്രദായം വരുത്തുന്നതിനു് ചെയ്തതാണ്. ഈ സമ്പ്രദായത്തിനു് ജന്മം കൊടുത്ത ആളുകൾതന്നെ ഈ സമ്പ്രദായം പരാജയപ്പെട്ടിരിക്കുന്നു എന്നു് അത്രയും വാക്കുകളിൽ പറയാറില്ലെങ്കിലും ഇന്നു് സമ്മതിച്ചിരിക്കുകയാണ്. ഡിഗ്രിക്കു മുൻപു 15 കൊല്ലം പഠിക്കുകയെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

ഏർപ്പാടു മാററി 14 കൊല്ലമാക്കിയതു് ബുദ്ധിശൂന്യമായിപ്പോയിയെന്നാണു് ഇന്നത്തെ അഭിപ്രായം. അതുകൊണ്ടു വീണ്ടും 15 കൊല്ലമാക്കുന്നകാര്യത്തിൽ യോജിച്ചു. ഇതിൽ അല്പാല്പം വ്യത്യാസങ്ങൾ വരുത്തുന്നതിനുള്ള വിവേചനാധികാരം വിദ്യാഭ്യാസം സ്റ്റേററു സബ്ജക്ററായതുകൊണ്ടു സ്റ്റേററുകൾക്കുതന്നെ നൾകിയിരിക്കുകയാണു്. എന്നിരുന്നാലും അതിന്റെ സ്വഭാവം ഏറെക്കുറെ എന്തായിരിക്കണമെന്നു് കഴിഞ്ഞതവണ ഡൽഹിയിൽ കൂടിയ വിദ്യാഭ്യാസ മന്ത്രിമാരുടേയും വൈസ്ചാൻസലറന്മാരുടേയും സമ്മേളനത്തിൽ ചർച്ച ചെയ്തു സാമാന്യമായ യോജിപ്പിൽ എത്തിയിട്ടുണ്ടു്. എല്ലാ സംസ്ഥാനത്തും ഒരുപോലെ വേണമെന്നു കരുതിയില്ല. അതിനു കാരണമുണ്ടു്. ഇൻഡ്യ ഒട്ടാകെ ഒരു പാറേറൺ പരിശോധിച്ചു് അതിനു കുറവുണ്ടെന്നുവന്നു് പിന്നെയും മാററുന്ന സമ്പ്രദായം ബുദ്ധിപൂർവ്വകമല്ല. അല്പാല്പം - വ്യത്യാസമുള്ള പാറേറൺ ഓരോ സംസ്ഥാനത്തും പരിശോധിച്ചു് നല്ലതെന്നു ബോദ്ധ്യമാകുന്നതു് ഇൻഡ്യ ഒട്ടാകെ സ്വീകരിക്കാൻ എളുപ്പമുള്ളതുകൊണ്ടു് കുറച്ചു് ഒരു പരീക്ഷണത്തിന്റെ സ്വഭാവമുണ്ടായാലും ശരി ഈ വിഷയത്തിൽ സംസ്ഥാനങ്ങൾക്കു് വിവേചനാധികാരം കൊടുക്കുന്നതു് നന്നായിരിക്കുമെന്നുള്ള അഭിപ്രായം അവിടെ പ്രകടമായി. അങ്ങനെ 10 കൊല്ലം ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞാൽ 15 വരെയുള്ള 5 കൊല്ലത്തിൽ 3 കൊല്ലംവേണം ഡിഗ്രിക്കു്. ബാക്കിയുള്ള രണ്ടു കൊല്ലത്തിൽ ഒരു കൊല്ലം ഹയർസെക്കണ്ടറി, ഒരു കൊല്ലം പ്രീയൂണിവേഴ്സിററി. അല്ലെങ്കിൽ ഹയർ സെക്കണ്ടറി 2 കൊല്ലം. അതുമല്ലെങ്കിൽ പ്രീയൂണിവേഴ്സിററി 2 കൊല്ലം. ഇങ്ങനെ ഒരു തീരുമാനം അവർ എടുത്തു. ഇവിടത്തെ യൂണിവേഴ്സിററി ഇതിനെപ്പററി അന്വേഷിക്കാൻ ഒരു കമ്മിററിയെ നിയമിച്ചു. ആ കമ്മിററിയുടെ ശുപാർശ ഇവിടെ 10 വർഷത്തെ സ്കൂൾവിദ്യാഭ്യാസം കഴിഞ്ഞു് 2 കൊല്ലത്തെ പ്രീയൂണിവേഴ്സിററികോഴ്സ് വേണമെന്നാണു്. അതുമാത്രവുമല്ല ആ സമ്പ്രദായം കേവലം ഡിഗ്രികോഴ്സിനു പോകുന്നതിനുള്ള ഒരു പ്രിപ്പാരട്ടറി കോഴ്സ് മാത്രമാക്കാതെ ഒരു ടെർമിനൽകോഴ്സാക്കി ഏതെങ്കിലും പണിക്കു പോകത്തക്കവണ്ണം യോഗ്യതയുണ്ടാക്കുന്ന ഒരു കോഴ്സാക്കിത്തീർക്കണമെന്നു് ആ കമ്മിററി ശുപാർശ ചെയ്തു. ഇതേ നിഗമനത്തിലാണു് എഡ്യൂക്കേഷൻ മിനിസ്റ്റേഴ്സിന്റെയും വൈസ്ചാൻസിലറന്മാരുടേയും കാൺഫറൻസ് എത്തിച്ചേർന്നതു്. അങ്ങനെ പ്രീയൂണിവേഴ്സിററികോഴ്സ് പണ്ടത്തേതിൽനിന്നും കുറച്ചു് ഭിന്നമായ രീതിയിൽ ആകുകയാണു്. അവക്കു് ബിസിനസ് അഡ്മിനിസ്ട്രേഷൻ, സെക്രട്ടേറിയററു പ്രാക്ററീസ് തുടങ്ങിയ കുറെ വിഷയങ്ങൾകൂടി ആപ്ഷനലായി പഠിക്കാൻ സൗകര്യം കൊടുക്കുന്നുണ്ടു്. അതു പഠിച്ചുകഴിഞ്ഞാൽ ക്ലാർക്കായോ അക്കൗണ്ടൻറായോ പോകുന്നതിനു അവർ പ്രാപ്തിയുള്ളവരായിത്തീരും. പ്രൈമറിരംഗത്തു് അദ്ധ്യാപകരാകുന്നതിനുള്ള യോഗ്യത നൾകുന്ന ടീച്ചിംഗ് സയൻസ് ഒരു വിഷയമായി പഠിപ്പിച്ചാൽ എന്താണെന്നും അഭിപ്രായമുണ്ടു്. ഈ കൊല്ലം അതു തുടങ്ങുമെന്നു തോന്നുന്നില്ല. ഇതിൽ എന്താണു് ഇത്ര അത്ഭുതകരമായിട്ടുള്ളതു്? മദ്രാസിലുള്ള കോഴ്സിന്റെ മാഹാത്മ്യത്തെപ്പററി ഇവിടെ പറയുകയുണ്ടായി. എന്തു മാഹാത്മ്യമാണു് ആ കോഴ്സിനു പ്രത്യേകമായിട്ടുള്ളതെന്നു് എനിക്കു മനസ്സിലാകുന്നില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇങ്ങനെ മാററി ഒരു ടെർമിനൽകോഴ്സ് വരുമ്പോൾ കാളേജിൽ പഠിക്കുന്നതിനു് കൂടുതൽ പണച്ചിലവുണ്ടു്. സാധുക്കൾക്കു് പഠിക്കുന്നതിനു് സാധിക്കുകയില്ലെന്നുള്ള ദൂഷ്യമാണു് ഇതിലുള്ളതു്.

ശ്രീ. ആർ. ശങ്കർ: ആ ബുദ്ധിമുട്ടു് സർക്കാരിനു് അതിനേക്കാൾ കൂടുതലുണ്ടു്. കൂടുതൽ കൂടുതൽ വരുന്ന ചെലവു് ഏറെറടുക്കുന്നതിനുള്ള പ്രയാസം ഗവണ്മെൻറിനു നേരിട്ടിരിക്കുകയാണു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: 14 കൊല്ലം 15 കൊല്ലമാക്കുമ്പോൾ സ്കൂളിൽ ചേർക്കുന്നതിനു വച്ചിട്ടുള്ള പ്രായം അഞ്ചര വയസ്സെന്നുള്ളതു് കുറയ്ക്കുണമെന്നുള്ള കാര്യം പരിഗണിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ: 5 വയസ്സ് പൂർത്തിയായാൽ സ്കൂളിൽ ചേർക്കാൻ അനുവദിക്കണമെന്നാണ് കരുതുന്നത്.

ശ്രീ. എം. നാരായണക്കുറുപ്പ്: നമ്മുടെ സ്റ്റേറ്റിൽ സെക്കണ്ടറി വിദ്യാഭ്യാസം 10 കൊല്ലമോ 12 കൊല്ലമോ എത്രയാണെന്നു വ്യക്തമായിട്ടില്ല. 10 കൊല്ലമാണെങ്കിൽ അങ്ങനെയുള്ള വേറെ ഏതെങ്കിലും സ്റ്റേറ്റുണ്ടോ?

ശ്രീ. ആർ. ശങ്കർ: മററു സ്റ്റേറ്റുകളിലും 10 കൊല്ലത്തിൽനിന്നു മാററിയിട്ടില്ല. അവർ രണ്ടു കൊല്ലത്തെ ഹയർ സെക്കണ്ടറികോഴ്സ് നടത്തുന്നുണ്ട്. ചിലയിടത്ത് ഒരു കൊല്ലത്തെ ഹയർ സെക്കണ്ടറിയും ഒരു കൊല്ലത്തെ പ്രീയൂണിവേഴ്സിററിയും നടത്തുന്നുണ്ട്. ഹയർസെക്കണ്ടറി സമ്പ്രദായത്തെ ഇവിടെ ചിലർ വാഴ്ത്തി പറയുകയുണ്ടായി. അതു് ഇവിടെ പരിശോധിച്ചില്ല; പരിശോധിച്ച സംസ്ഥാനങ്ങളിൽനിന്നു വന്ന വിദ്യാഭ്യാസ മന്ത്രിമാരും വൈസ്ചാൻസിലറന്മാരും പറഞ്ഞതു് അതു് അപകടമായിപ്പോയി, വിചാരിച്ച ഫലം ഉണ്ടായില്ലെന്നു്. ഇവിടെ ഭാഗ്യവശാൽ അതു പരിശോധിക്കാൻ ഇടവന്നില്ലെന്നുമാത്രമേ ഉള്ളു. അതുകൊണ്ടു് ഒരു പരീക്ഷണമെന്ന അവകാശമില്ലാത്തതാണ് ഇപ്പോഴം സ്വീകരിച്ചിരിക്കുന്ന സമ്പ്രദായമെന്നു അഭിപ്രായമില്ല. അതേസമയത്തു് മററു പ്രകാരത്തിൽ കുറച്ചു് കാര്യക്ഷമമാകുമെന്നു് വിചാരിക്കുന്നു. വടക്കെ ഇൻഡയിൽ പ്രീയൂണിവേഴ്സിററിക്കു് സ്വീകരിച്ചിരിക്കുന്ന സിലബസ്സും ഇവിടെ സ്വീകരിച്ചിരിക്കുന്ന സിലബസ്സും പരിശോധിച്ചാൽ കാണാവുന്ന ഒരുകാര്യം നമ്മുടെ സിലബസ്സ് വളരെ മോശമാണെന്ന ഇംപ്രഷൻ ഉണ്ടാക്കുമെന്നുള്ളതാണ്. അവിടെ 11 കൊല്ലത്തെ പഠിപ്പിനുശേഷം കുറച്ചു് അഡ്വാൻസ്കോഴ്സ് കൊടുക്കുന്നു. അതിനുപുറമേ ഭാഷയുടെ വൈഷമ്യവും അവിടെ അത്ര വന്നിട്ടില്ല. അവിടെയുള്ള നല്ല സ്കൂളുകളിലെല്ലാം ഇംഗ്ലീഷ് മീഡിയമാണ്. ഡൽഹിയിൽ സ്റ്റാൻേറർഡുള്ള സ്കൂളുകളിലെല്ലാം ഇംഗ്ലീഷ് മീഡിയമാണ്. ഡൽഹിയിൽ പല രാജ്യങ്ങളിലുള്ള കുട്ടികൾ പഠിക്കുന്നതുകൊണ്ടു് കൂടുതലും ഇംഗ്ലീഷാണു് ഉപയോഗിക്കുന്നതു്. അവിടെ പഠിക്കുന്ന കുട്ടികൾ കാമ്പററ റീവു് എക്സാമിനേഷനിൽ മിക്കവാറും പേർ ജയിക്കുകയും ഇവിടെനിന്നു പോകുന്നവർ തോൽക്കുകയും ചെയ്യുന്നു. ഇതിനു് രണ്ടു കാരണമുണ്ടു്. ഒന്നു് നാം പഠിച്ച അറിവിന്റെ അളവു് കുറവാണു്. രണ്ടാമത്തു് അതുക്കു് പറയാൻ കഴിയുന്ന ഭാഷാസ്വാധീനം നമ്മുടെ കുട്ടികൾക്കില്ല. ഇൻഡ്യയിൽ ഒട്ടാകെയുള്ള കാമ്പററ റീവു എക്സാമിനേഷൻ ഒന്നുകിൽ ഇംഗ്ലീഷ് അല്ലെങ്കിൽ ഹിന്ദി മീഡിയത്തിലാണു്. സ്കൂൾഫൈനൽ ക്ലാസ്സുവരെ മലയാളത്തിൽ പഠിപ്പിച്ചതുകൊണ്ടു് ഇംഗ്ലീഷിന്റെ കാര്യത്തെപ്പററി നമുക്കറിയാമല്ലോ? അതു കഴിഞ്ഞു് ഒരുകൊല്ലം പ്രീയൂണിവേഴ്സിററിയിൽ പഠിക്കുന്നതുകൊണ്ടു മിക്കവാറും ഇംഗ്ലീഷ്ഭാഷയിൽ പറഞ്ഞാൽ മനസ്സിലാക്കാമെന്നുള്ള ഒരു കപ്പാസിററി ഉണ്ടാകുകയേ ഉള്ളു. അതുകൊണ്ടു് പ്രീയൂണിവേഴ്സിററി പാസ്സായവരോടു് ഇംഗ്ലീഷിൽ ചോദ്യങ്ങൾ ചോദിക്കുന്നതിനു ഉത്തരം പറയുകയോ ഇംഗ്ലീഷിൽ പരീക്ഷ എഴുതുകയോ ചെയ്താൽ മിക്കവാറും പരാജയമാണുണ്ടാകുക. ടെക്നിക്കൽ കോഴ്സിനു് സയൻസ് സംബന്ധിച്ച അറിവു കൂടുതൽ വേണ്ടസ്ഥാനത്തു് നാം പൊതുവിൽ പരാജയപ്പെടുന്നതായി കാണുന്നു. അതു മാററുന്നതിനു് പുതിയ സമ്പ്രദായം സഹായിക്കുമെന്നു് വിചാരിക്കുന്നു. കാളേജിലെ മീഡിയം ഇംഗ്ലീഷാണു്. അതിനുമുമ്പു് രണ്ടുകൊല്ലം ഈ വിഷയങ്ങൾ ആപ്ഷനലായി പഠിക്കാനും അതിനു പ്രാധാന്യം കൊടുക്കാനുമാണു് യൂണിവേഴ്സിററി കരുതുന്നതു്. ആ നിലയിൽ പ്രീയൂണിവേഴ്സിററി പാസ്സായി വരുന്നവർക്കു് വളരെ വിജയകരമായി മത്സരിക്കാനുള്ള സാഹചര്യം ഉണ്ടാകുമെന്നാണു് വിശ്വസിക്കുന്നതു്.

സർ, അതു കൊണ്ടാണു് ഇതു ചെയ്യുന്നതു്. അതിൽ എന്താണു് ഇത്ര ആക്ഷേപാർഹമായിട്ടുള്ളതു്.

ശ്രീ. ഈ. പി. ഗോപാലൻ: പത്തു കൊല്ലം പഠിച്ച ഒരു വിദ്യാർത്ഥി മെട്രിക്കുലേഷൻ പാസ്സായാൽ അതൊരു ടെർമിനൽ കോഴ്സായി കണക്കാക്കുമോ, അതോ പത്തുകൊല്ലം പഠിച്ച

[ശ്രീ. ഈ. പി. ഗോപാലൻ]

കഴിഞ്ഞതിനുശേഷം ഈ രണ്ടു കൊല്ലംകൂടി പഠിച്ചുകഴിഞ്ഞിട്ടേ ടെർമിനൽ കോഴ്സായിട്ടു കണക്കാക്കുകയുള്ളോ ?

ശ്രീ. ആർ. ശങ്കർ : സാധാരണ മെട്രിക്കുലേഷൻ പാസ്സാകുന്നതു ഒരു ടെർമിനൽ കോഴ്സായിട്ടാണ് പരിഗണിച്ചുവരുന്നതു്. ഒരു കൊല്ലംകൂടി പഠിച്ചാൽ അല്പംകൂടി അറിവു കിട്ടും. 12 കൊല്ലംകഴിഞ്ഞു വരുന്നവർക്കു കൂടുതൽ ജോലികൾ പ്രവേശിക്കാൻ സാധിക്കും. അതുകൂടാതെ നേരിട്ടു കാളേജിൽ തുടർന്നു പഠിക്കുന്നതിനും കൂടുതൽ അറിവുണ്ടാകാനും സാധിക്കും. സർ, സ്കൂൾഫൈനൽ ക്ലാസ്സിൽ ഇന്നു കുട്ടികൾക്കു മാത്തമാറ്റിക്സിനെപ്പറ്റിയും, സയൻസിനെപ്പറ്റിയും ഉള്ള അറിവ് വളരെ മോശമാണ്. അങ്ങനെ ആ അറിവ് വർദ്ധിക്കാൻ ഇടയാകാതെ വന്നതു എല്ലാ വിഷയങ്ങളും ഒരുമിച്ചു പഠിക്കണം എന്നു നിർബ്ബന്ധം വച്ചതുകൊണ്ടാണ് ഇപ്പോൾ സയൻസിനും മററും പ്രാധാന്യം കൊടുത്തുകൊണ്ടാണ് പാഠപദ്ധതി തയ്യാററാക്കാൻ പോകുന്നതു്. കാരണം, ഇതു സയൻസിന്റെ യുഗമാണ്. മററു രാഷ്ട്രങ്ങളോടൊപ്പം വികസിച്ചുവരാൻ ആഗ്രഹിക്കുന്ന ഇൻഡ്യയിൽ സയൻസിനു വളരെ പ്രാധാന്യം കൊടുത്തേ മതിയാകൂ. ഇന്നു സ്കൂളുകളിൽ വച്ചിരിക്കുന്ന സിലബസ് നോക്കിയാലറിയാം. അമേരിക്കൻ ഐക്യനാടുകളിൽ ഹൈസ്കൂളുകളിൽ വച്ചിരിക്കുന്ന സിലബസ് ഏതാണ്ടു് ഇവിടത്തെ ഗ്രാഡുവേററ്സിന്റെ യോഗ്യത വരുന്ന സിലബസാണ്. അപ്പോൾ അങ്ങനെയുള്ള രീതിയിൽ നാം മോശമായി വരാൻ പാടില്ല. ഈ വിഷയത്തിൽ പരിചയം സമ്പാദിച്ചിട്ടുള്ള മററു രാജ്യങ്ങളിൽ.....

ശ്രീ. കെ. ഹസ്സൻഗനി : തങ്കശ്ശേരി, ഫോർട്ടുകൊച്ചി മുതലായ സ്ഥലങ്ങളിൽ ആംഗ്ലോ ഇൻഡ്യൻസു പഠിക്കുന്ന സ്കൂളുകളിൽ അവരുടെ മീഡിയം ഇംഗ്ലീഷാണ്. അവിടെ 11 കൊല്ലമാണ് കോഴ്സ് നടത്തുന്നതു്. അവരുടെ പ്രധാന മീഡിയം ഇംഗ്ലീഷായതുകൊണ്ടും അവരുടെ സ്റ്റാൻഡേർഡ് ഇൻറർമീഡിയററു സിലബസിൽ കവിഞ്ഞതാണ് എന്നുള്ളതുകൊണ്ടും അങ്ങനെയുള്ള കേസുകൾ വരുമ്പോൾ ഈരണ്ടു കൊല്ലം പ്രീയൂണിവേഴ്സിററി കൂടി കടന്നുപോകേണ്ടിവരികയില്ലേ. അതിനു ഗവണ്മെൻറു എന്തെങ്കിലും ഒരു മാർഗ്ഗം കണ്ടുപിടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : എനിക്കു അറിവുള്ള കാര്യങ്ങൾ മാത്രമേ ഞാനിവിടെ പറയുന്നുള്ളു. യൂണിവേഴ്സിററി ഒരു പക്ഷെ ഫസ്ററു ഈയർ അവസാനം ഒരു എക്സാമിനേഷൻ നടത്തിയേക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. എനിക്കു അതു വ്യക്തമായി പറയാൻ കഴിയുകയില്ല.

ശ്രീ. പി. വിശ്വംഭരൻ : ലോവർ ഡിവിഷൻ ക്ലാക്കുമാരും പ്രൈമറി സ്കൂൾ ടീച്ചേഴ്സായും നിയമിക്കപ്പെടുന്നതിന് ഇന്നുള്ള എസ്. എസ്. എൽ. സി. കോഴ്സ് പോരാ എന്നാണോ. ആളു തുടരുകയില്ലാ എന്നാണോ വിചാരിക്കേണ്ടതു്. അങ്ങനെ വല്ല ഉദ്ദേശവും ഗവണ്മെൻറിനുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഇപ്പോൾ അതുസംബന്ധിച്ച അങ്ങനെയുള്ള യാതൊരുദ്ദേശവുമില്ല. ഇപ്പോൾ ഉള്ളതു തുടരാനാണ് ഉദ്ദേശം. ഇപ്പോൾ പഠിക്കാൻ പോകുന്നവർതന്നെ രണ്ടുകൊല്ലം കഴിഞ്ഞേ വരികയുള്ളല്ലോ. ഇന്നു നടന്നുകൊണ്ടിരിക്കുന്നതിൽ ഒരു വ്യത്യാസവും വരുത്താൻ ആരും ആലോചിച്ചിട്ടില്ല. സർ, അതുകൊണ്ടു ഞാൻ പറയുന്നതു്, ഈ വിദ്യാഭ്യാസ സമ്പ്രദായം വളരെയേറെ മാററിമറിച്ചു എന്നു പറയുന്നതു ശരിയല്ല എന്നാണ്. ഒരു കൊല്ലം കൂടികൂട്ടേണ്ടിവന്നു. ഇൻഡ്യയൊട്ടാകെ ഈ സമ്പ്രദായം അംഗീകരിച്ചിട്ടുള്ളതാണ്. 14 കൊല്ലമായിരുന്നതു 15 കൊല്ലം വേണം എന്നു തീരുമാനിച്ചു. ഈ ഒരു കൊല്ലം ഹൈസ്കൂളിൽ വേണമോ കാളേജിൽ വേണമോ എന്നുള്ളതാണ് പ്രശ്നം. കാളേജിൽ പഠിപ്പിക്കുന്നതിനുവച്ചിരിക്കുന്നതു എം. ഏ.യോ, എം. എസ്സ്.സി.യോ രണ്ടാം ക്ലാസ്സിൽ പാസ്സായ അദ്ധ്യാപകന്മാരായിരിക്കണമെന്നുണ്ടു്. സ്കൂളുകളിൽ പഠിപ്പിക്കുന്നതിനു ഗ്രാഡ്വേററായിരിക്കണം എന്നുമാത്രമേയുള്ളു്. രണ്ടാമത്തെ വർഷം പാസ്സായ ആളുകൾതന്നെ വേണമെന്നില്ല. പലതവണ തോററിട്ടു പാസ്സായി വന്ന ടീച്ചേഴ്സ് ഹൈസ്കൂളിൽ ഉയർന്ന ക്ലാസ്സുകളിൽ പഠിപ്പിക്കാൻ അയയ്ക്കുകയാണെങ്കിൽ അവർക്കു ഒന്നിനെക്കുറിച്ചും ശരിയായ

LIBRARY ARCHIVES Kerala Legislative Assembly

അറിവു കാണുകയില്ല. പത്തും പതിനഞ്ചും ഇരുപതും കൊല്ലം കഴിഞ്ഞതാണ് അവർ ഫസ്റ്റ് ഗ്രേഡ് ആകുന്നതു്. അവർ ഇരുപതോ ഇരുപത്തിഅഞ്ചോ കൊല്ലം മുമ്പ് അന്നത്തെ ഹൈസ്കൂളിൽ പഠിച്ചിട്ടുള്ള സയൻസും മററു വിഷയങ്ങളുമായിരിക്കും ഈ ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതു്. അതിൻെറ ഫലം ഇന്നു നാം അനുഭവിക്കുകയാണു്. എന്നാൽ ഒരു കൊല്ലം യൂണിവേഴ്സിററിയിൽ പോയാൽ ഏററവും ഉയർന്ന മാസ്റ്റേഴ്സ് ഡിഗ്രി എടുത്തു സയൻസു മുതലായ വിഷയങ്ങളിൽ പുതിയ പരിചയം സമ്പാദിച്ചു വളരെ അറിവുള്ളവരായിരിക്കും അവരെ പഠിപ്പിക്കുന്നതു്. അപ്പോൾ അക്കാര്യങ്ങളിൽ ഈ രണ്ടുവർഷത്തെ പ്രീയൂണിവേഴ്സിററി കോഴ്സ് പാസ്സാകുന്നതുകൊണ്ടു അവരുടെ അറിവു വളരെ പുതിയതായിരിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഈ കാരണങ്ങളാലാണ് ഇങ്ങനെ ഒരു നിഗമനത്തിൽ ഈ ഗവണ്മെൻറും യൂണിവേഴ്സിററിയും എത്തിയതും ഇതു ഇവിടത്തേയ്ക്കു സ്വീകാര്യമായ ഒരു പദ്ധതിയാണെന്നു പറഞ്ഞതും.

സർ, നമ്മുടെ സ്കൂളുകളിലുള്ളതിനേക്കാൾ മദ്രാസിൽ ഭംഗിയായി കാര്യങ്ങൾ നടക്കുന്നു എന്നു പറയുകയാണു്. മദ്രാസിൽ ഹിന്ദി പഠിപ്പിക്കുന്നുണ്ടു് എന്നു പറഞ്ഞു. അവിടെ ഹിന്ദി മൂന്നാമതൊരു ഭാഷയായിട്ടാണ് പഠിപ്പിക്കുന്നതു്. പക്ഷേ അവിടെ ഹിന്ദിക്കു ഇത്ര ശതമാനം മാർക്കു വാങ്ങിയാലേ ജയിക്കു എന്നില്ല. പൂജ്യം വാങ്ങിച്ചാലും ജയിക്കും. മദ്രാസിലെ പഠിത്തം വളരെ ഗുണകരമായി വാഴ്ത്തിയ ബഹുമാനപ്പെട്ട മെമ്പർ ഇതു് മനസ്സിലാക്കണം. ഇതിൽപരം ആപൽക്കരമായ ഒരു ഏർപ്പാടു മറെറാന്നുമില്ല. നമ്മുടെ കുട്ടികൾ പരീക്ഷയിൽ ജയിച്ചാൽ ഇവിടെത്തന്നെ പണി കിട്ടുമെന്നു വിചാരിക്കാൻ നിവൃത്തിയില്ല. അവർക്കു വെളിയിൽ പോയി എന്തെങ്കിലും ഒരു ജോലി സമ്പാദിക്കുന്നതിനു ഹിന്ദിയിൽ പ്രാവീണ്യമുണ്ടെങ്കിൽ കുറെക്കൂടി അതു് എളുപ്പമായിരിക്കും. അതുകൊണ്ടു് നമ്മുടെ കുട്ടികളെ ഹിന്ദി പഠിപ്പിക്കുന്ന കാര്യത്തിൽ അലസത കാണിക്കാൻ പാടില്ലാ എന്നുള്ളതുകൊണ്ടു് ഇന്നു ഹിന്ദിക്കു കൂടുതൽ പ്രാധാന്യം കൊടുക്കുകയാണു്. അതാണ് നമുക്കാവശ്യമായിട്ടുള്ളതു്. അതുകൊണ്ടു് അങ്ങനെ ഒരു പദ്ധതി സ്വീകരിച്ചിട്ടുണ്ടു്. ഫിഫ്ത്തു സ്റ്റാൻഡേർഡു മുതൽക്കേ ഹിന്ദി പഠിപ്പിച്ചിരുന്നുള്ളു. അതു ഒരു കൊല്ലംകൂടി മുമ്പേ തുടങ്ങുന്നതിനും സ്കൂൾഫൈനൽവരെ പഠിപ്പിക്കുന്നതിനും ഉള്ള ഒരു പദ്ധതി സ്വീകരിച്ചിട്ടുണ്ടു്. അങ്ങനെ അഞ്ചാം ക്ലാസ്സ് മുതൽക്കേ തുടങ്ങാൻ തീരുമാനിച്ചിരിക്കയാണു്. അങ്ങനെ അഞ്ചാം ക്ലാസ്സ് മുതൽക്കേ തുടങ്ങണമെന്നുണ്ടെങ്കിൽ അതിനു ഒരു ടീച്ചർ വേണം. ഇപ്പോൾ അഞ്ചാം ക്ലാസ്സുവരെ വച്ചിരിക്കുന്നതുകൊണ്ടു് അതിനുവേണ്ടിമാത്രം ഒരു ടീച്ചറെ വച്ചാൽ അതിനു പീരിയഡു് ഉണ്ടാകയില്ല. അപ്പോൾ അതു് പാർട്ട്ടൈം ആക്കാൻപോലും സൗകര്യം വരികയില്ല. ആ ബുദ്ധിമുട്ടൊഴിവാക്കാൻ ഇവിടത്തെ പ്രൈമറി സെക്ഷൻ നാലാണെന്നു നേരത്തെ പ്രഖ്യാപിച്ചിരുന്നതനുസരിച്ചാണ് അഞ്ചാം ക്ലാസ്സുള്ള യു. പി. സ്കൂളുകളിൽ അതു വീണ്ടും പ്രയോഗത്തിൽ വരുത്താൻ നേരത്തെ നിർദ്ദേശം സ്കൂളുകൾക്കു കൊടുത്തിട്ടുള്ളതു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : വേറെ 5—ാം ക്ലാസ്സ് ഉള്ളയിടത്തു് അതു തുടർന്നു പോകുവാനും അവിടെ ആറും ഏഴും ക്ലാസ്സുകൾകൂടി കൊടുക്കുവാനും ഉള്ള കാര്യത്തെ സംബന്ധിച്ചു ഗവണ്മെൻറിൻെറ അഭിപ്രായമെന്താണ് ?

ശ്രീ. ആർ. ശങ്കർ : അതിൻെറ തത്വം ശരിയാണു്. നാലും അഞ്ചും ക്ലാസ്സുകളിൽ പഠിച്ചുവരുന്നവരിൽ വളരെ ചുരുക്കം പേർ അവിടെവച്ചു് അവസാനിപ്പിച്ചു എന്നു വന്നേക്കാം.

ശ്രീ. കെ. അനിരുദ്ധൻ : ഇവിടെ 41 ശതമാനം കുട്ടികൾ ഈ നാലാം ക്ലാസ്സ് കഴിഞ്ഞാൽ പഠിത്തം നിറുത്തുന്നതായി എക്കണോമിക് റെവ്യൂവിൽ പറയുന്നുണ്ടു് എന്നറിയാമോ ?

ശ്രീ. ആർ. ശങ്കർ : ഓരോ കൊല്ലവും ആ ശതമാനം കുറഞ്ഞുവരികയാണു്. ഇപ്പോൾ പറഞ്ഞതുപോലെ പണ്ടു കുട്ടികൾ സ്കൂളിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

പോകാതിരുന്നെങ്കിൽ ഇപ്പോഴത്തെ സ്കൂളിൽ ചേരുന്നതിന്റെ ശതമാനം വർദ്ധിച്ചു വരുന്നു. അതുപോലെ ഇടയ്ക്കുവച്ചു നിറുത്തുന്ന വേസ്റ്റേജു കുറഞ്ഞും വരുന്നു. ഇപ്പോഴത്തെ രക്ഷകർത്താക്കളെ വിചാരിച്ചിരിക്കുന്നതു് തങ്ങളുടെ കുട്ടികൾ മെട്രിക്കുലേഷൻവരെ പഠിക്കണമെന്നാണു്. അതിൽ കൂടുതൽ പ്രോത്സാഹനം കൊടുക്കാനുള്ള പദ്ധതി വേറെ നാം ആലോചിക്കണം. അപ്പോഴത്തെ അഞ്ചാം ക്ലാസ്സുവരെയുള്ളതു പെട്ടെന്നു് അഞ്ചു് എടുക്കാൻ സാദ്ധ്യമല്ല. ഇപ്പോഴത്തെ അങ്ങനെയുള്ള സ്കൂളുകൾ 1300-ഓളമുണ്ടു്. അതെല്ലാംകൂടി ഒരുമിച്ചു ആറും ഏഴും ക്ലാസ്സുകൾ അനുവദിക്കുക എന്നു പറഞ്ഞാൻ അതും പെട്ടെന്നു സാദ്ധ്യമല്ല. ഒരു ഫേസ്ഡ് പ്രോഗ്രാം വച്ചുകൊണ്ടു അതു ചെയ്യാവുന്നതാണു്. ഇപ്പോഴം അതിനുള്ള സൗകര്യം ഗവണ്മെന്റിനില്ല. അതുകൊണ്ടു അതു ചെയ്യുന്നില്ല.

ശ്രീ. കെ. കൃഷ്ണപിള്ള : ഒരു ഫേസ്ഡ് പ്രോഗ്രാം അനുസരിച്ചായിരിക്കണമെന്നും, അതിനു ഗവണ്മെന്റു പ്രത്യേകം ഒരു നിലപാടു് എടുക്കണമെന്നും മാത്രമേ പറഞ്ഞുള്ളു. അതേസമയം എ. ഇ. ഒ. മാർ അങ്ങനെയുള്ള സ്കൂളുകൾ റീട്ടെയിൻ ചെയ്യണമെന്നു പറഞ്ഞിട്ടുള്ളതു അങ്ങനെ വച്ചിട്ടുണ്ടെന്നറിയാമോ ?

ശ്രീ. ആർ. ശങ്കർ : അതു അങ്ങനെ പ്രത്യേകമായി വച്ചിരിക്കുന്നതാണു്. അങ്ങനെയുള്ളവർ മര്യാദക്കാരായിരിക്കും എന്നു കരുതി ഗവണ്മെന്റു പ്രോത്സാഹനം കൊടുക്കുന്നതാണു്. അതു കൊടുക്കാതെയിരുന്നാൽ നന്നായിരിക്കുകയില്ലാ എന്നുള്ളതുകൊണ്ടു് ആ സർക്കുലർ പ്രയോഗത്തിൽ വരുത്താൻ ഡിപ്പാർട്ടുമെന്റു് ശ്രമിച്ചിട്ടുണ്ടു്.

സർ, ഇവിടെ സെഷണൽ സമ്പ്രദായത്തെപ്പറ്റി പറഞ്ഞു. അതു ഒരു ഗ്ലോറിഫൈഡ് സിസ്റ്റമാണെന്നു പറഞ്ഞു. സർ, ആക്ഷേപിക്കാൻ വിഷമമില്ല. ഞാൻ അങ്ങേവശത്തിരുന്നു എത്ര വേണമെങ്കിലും ആക്ഷേപിക്കാം. ഞാൻ ആ വശത്തിരുന്നു പറയാം; നിങ്ങൾ ഈ വശത്തിരിക്കാമെന്നുണ്ടെങ്കിൽ. സർ, ഇവിടെ ഹൗസ് റെന്റു് അലവൻസ് പ്രൈവറ്റുസ്കൂൾ അദ്ധ്യാപകന്മാർക്കു കൂടി കൊടുക്കുന്ന കാര്യത്തെപ്പറ്റി പറഞ്ഞു. വളരെ ശക്തിയായി ഇതിന്റെ ന്യായങ്ങളൊക്കെ പറഞ്ഞു കഴിഞ്ഞതാണു്. അതു വേണ്ട എന്നു ആർക്കും അഭിപ്രായമില്ല. പക്ഷെ, അതിനു കൊടുക്കാൻ പണമില്ല. ഈ പ്രൈവറ്റു സ്കൂൾ അദ്ധ്യാപകന്മാരായി 85000 അദ്ധ്യാപകരാണുള്ളതു്. അവർക്കു ഏഴു രൂപാ വീതം ഉള്ളതു 85 ഗു ണം 84 നിങ്ങൾതന്നെ കണക്കു കൂട്ടുക. എതാണ്ടു് 7000000 രൂപയ്ക്കു അപ്പുറത്തു വേണം. അതിനിപ്പോൾ നിവൃത്തിയില്ല. അല്ലെങ്കിൽ അതല്ലാ. ഹൗസ് റെന്റു് അലവൻസ് അല്ലാ, ഒരു പ്യൂണിനു പോലും നൂറു രൂപയിൽ താഴെ അല്ലാതെ ശമ്പളം കിട്ടണമെന്നു് എനിക്കു് ആഗ്രഹമുണ്ടു്. അതു എന്റെ വ്യക്തിപരമായ ആഗ്രഹമാണു്. ഫൈനാൻസു സെക്രട്ടറിയോടു ആലോചിച്ചിട്ടില്ല. ഇവിടെ അതിനു പണം എവിടെനിന്നു ഉണ്ടാക്കണം. ഈ പറഞ്ഞ കാര്യങ്ങൾ എല്ലാം ഇതുപോലെ അദ്ധ്യാപകരും മനസ്സിലാക്കേണ്ടതാണു്. പക്ഷെ, അതിനു നിവൃത്തിയില്ലെങ്കിൽ എന്തു ചെയ്യും.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഹൗസ് റെന്റു എന്നുള്ള നിലയിലല്ലാ നേരെമറിച്ചു ഇന്നു സാധനങ്ങളുടെ വില കയറിയിരിക്കുകയാണു്, അതുകൊണ്ടു് ഇങ്ങനെ ഒരു ഏഴു രൂപ അതിന്റെ അടിസ്ഥാനത്തിൽ കൊടുക്കണം. അല്ലെങ്കിൽ എന്തെങ്കിലും കൊടുത്തുകൊണ്ടു ഈ കഴപ്പം അവസാനിപ്പിക്കണം.

ശ്രീ. ആർ. ശങ്കർ : അങ്ങനെ ഒരു ഗ്രൂഡ്‌വിൽ ഉള്ളതുകൊണ്ടാണു് എല്ലാവർക്കും കൊടുത്തതു മൂന്നു രൂപ. അതു ഒരു ടോക്കണായിട്ടു. അതു ആവശ്യത്തിനു മതിയായി എന്നു ഗവണ്മെന്റിനഭിപ്രായമില്ല. ഈ ഗവണ്മെന്റിനു ഇപ്പോൾ ചെയ്യാവുന്നതിന്റെ പരമാവധി ചെയ്തിട്ടുണ്ടു്.

സർ, വിദ്യാഭ്യാസ രംഗത്തു ഓരോ കൊല്ലവും അഞ്ചും ആറും കോടി രൂപയെങ്കിലും ചെലവാക്കാൻ കഴിയാത്തിടത്തോളം കാലം ഈ പ്രശ്നം നാം വിചാരിക്കുന്ന രീതിയിൽ പരിഹരിക്കാൻ കഴിയുകയില്ല. അതിനുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

മാർഗ്ഗവും ഒരാളും ഇവിടെ പറഞ്ഞിട്ടില്ല. അതിനു ശ്രീമാൻ കെ. സി. എബ്രഹാമാണെന്നു തോന്നുന്നു ഒരു മാർഗ്ഗം പറഞ്ഞു. ഈ കുട്ടികളെ പ്രൈവററായിട്ട് എസ്. എസ്. എൽ. സി. ക്കു പോരാൻ അനുവദിച്ചാൽ കുറെ ആദായമുണ്ടാകുമെന്നു പറഞ്ഞു. അതിനുവേണ്ടി ഇപ്രകാരം ഒരു ആർഡർ പുറപ്പെടുവിക്കാം. അടുത്തകൊല്ലം വല്ല ആദായവും വരുമെങ്കിൽ. അതിലേക്കു അടുത്ത കൊല്ലം ഒരു കോടി രൂപയുംകൂടി വേണ്ടിവരും. ഈ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്ന തുകതന്നെ മതിയാകുമോ എന്നു സംശയമാണ്. അഡ്മിഷൻ കഴിയുന്നതിനു മുൻപ് പറയാൻ സാദ്ധ്യമല്ല. ഏററവും ചുരുങ്ങിയതു രണ്ടു ലക്ഷത്തിൽ കൂടുതൽ കുട്ടികൾ സ്കൂളുകളിൽ ചേരേണ്ടതായിട്ടുണ്ട് എന്നു കാണാൻ കഴിയും. അവക്കു ആവശ്യമുള്ളിടത്തോളം അദ്ധ്യാപകർ വേണം. മദ്രാസിൽ ഈ പ്രശ്നം അത്ര രൂക്ഷമായിട്ടില്ല. അവിടെ ഇപ്പോഴും കുട്ടികൾ അധികമായി സ്കൂളുകളിൽ പോകുന്നില്ല. പിന്നെ, കുറെക്കൂടുതൽ റിസോഴ്സസ് അവിടെയുണ്ട്. എല്ലാ കുട്ടികളും പള്ളിക്കൂടത്തിൽപോയി തുടങ്ങുമ്പോൾ മദ്രാസിലും ഇതു ഒരു പ്രശ്നമായിത്തീരും. കേന്ദ്ര ഗവണ്മെൻറിനോടു ചോദിക്കാം എന്നു പറഞ്ഞു. കേന്ദ്രത്തോടു വളരെക്കാലമായി ചോദിക്കുന്നുണ്ട്. കേന്ദ്രം ഈക്കാര്യത്തിൽ വളരെ കാറകരമായ ഒരു നിലപാട് സ്വീകരിച്ചിരിക്കുകയാണ്. നമുക്കു പ്രത്യേക പ്രോത്സാഹനമൊന്നുമില്ല. വളരെ പിന്നിൽ കിടക്കുന്ന മദ്ധ്യപ്രദേശത്തിൽ സഹായം നൽകുന്നുണ്ട്. അക്കാര്യത്തിൽ നമുക്കു ഒരു പെനാൽററിയാണ്.

<u>ശ്രീ. കെ. കൃഷ്ണപിള്ള :</u> കേന്ദ്ര വിദ്യാഭ്യാസമന്ത്രി ഈയിടെ വിദ്യാഭ്യാസം കൺകറൻറു ലിസ്റ്റിൽ ഉൾപ്പെടുത്തണം, എന്നു അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. അതേപ്പററി ഗവണ്മെൻറിൻെറ അഭിപ്രായം എന്താണ്.

<u>ശ്രീ. ആർ. ശങ്കർ :</u> ഗവണ്മെൻറു ഇപ്പോൾതന്നെ അതു മുനിസിപ്പാലിററിയാണ്. ഒരു മുനിസിപ്പാലിററിയായിട്ടോ, ഡിസ്ട്രിക്ററു ബോർഡായിട്ടോ, പഞ്ചായത്തായിട്ടോ മാറണമെങ്കിൽ വിദ്യാഭ്യാസംകൂടി വിട്ടുകൊടുത്താൽ മതി. അതല്ല, ഒരു സംസ്ഥാനം എന്ന നിലയിൽ നിലനിൽക്കണമെങ്കിൽ ചില രംഗത്തെങ്കിലും സ്വാതന്ത്ര്യത്തോടുകൂടി പ്രവർത്തിക്കുന്നതിനു ഈ നില തുടരണം.

സർ, ഇൻഡ്യയൊട്ടുക്കു ഒരു പാററേൺ വേണമെന്നു പറഞ്ഞു. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ വിദ്യാഭ്യാസം ഒരേ പാററേണിലായിരിക്കും ; ബാക്കിയുള്ള രാജ്യങ്ങളിലെങ്ങും വിദ്യാഭ്യാസത്തിനു ഒരേ പാററേൺ ഇല്ല. എത്രയോ പ്രൈവററു ഏജൻസികളാണ് അവിടെ സിലബസ് നിശ്ചയിക്കുന്നതു, ഇത്ര വർഷം പഠിപ്പിക്കണമെന്നു നിശ്ചയിക്കുന്നതു ; ഇന്നയിന്ന വിഷയങ്ങൾ വേണമെന്നു നിശ്ചയിക്കുന്നതു. വിദ്യാർത്ഥികൾ അവരവരുടെ ഇഷ്ടംപോലെ സ്കൂളുകളിലും, കാളേജുകളിലും ചേർന്നുകൊള്ളും. പൊതുവിൽ ഇന്നയിന്ന വിഷയങ്ങൾ, ഇത്രകാലം, എന്നെല്ലാം ഇഷ്ടംപോലെ നിശ്ചയിക്കും. കുട്ടികൾ പഠിച്ചു പാസ്സായി എന്തെങ്കിലും പണി അന്വേഷിച്ചുപോകും. സർക്കാർ സർവ്വീസിൽ പോകുന്നവർ വളരെ നിസ്സാരമായ ഒരു ശതമാനമായിരിക്കും. മററുള്ളവർ വ്യവസായശാലകളിലും, വാണിജ്യസ്ഥാപനങ്ങളിലും ജോലിക്കു പോകുന്നവരായിരിക്കും. അംഗീകാരമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്നു പഠിച്ചു പാസ്സായിട്ടുണ്ടോ എന്നു മാത്രമേ നോട്ടമുള്ളു. ആ നിലയിൽ നമ്മുടെ സംസ്ഥാനത്തിനു വലിയ പരാധീനതയുണ്ടെന്നു പ്രത്യേകം ഓർക്കണം.

പിന്നെ ഒന്നും, രണ്ടും, മൂന്നും ക്ലാസ്സുകളിലെ ഷിഫ്ററു സമ്പ്രദായത്തെപ്പററി പറഞ്ഞു. രണ്ടര മണിക്കൂറേ പഠിപ്പിക്കുന്നുള്ളു, കഞ്ഞികുടി കഴിഞ്ഞാൽ പിന്നെ രണ്ടു മണിക്കൂറേ പഠിപ്പിക്കുന്നുള്ളു. ശരിയാണ്. ആ രണ്ടു മണിക്കൂർ തന്നെ പഠിപ്പിക്കുന്നുണ്ടോ ? പക്ഷേ എന്തു ചെയ്യും ? ഇങ്ങനെ രണ്ടു മണിക്കൂർ പഠിപ്പിച്ചാൽ മതിയെന്നു തീരുമാനിച്ചതു് രണ്ടു സെററായിട്ടു 5 മണിക്കൂർ പഠിപ്പിച്ചു് ലാഭം ഉണ്ടാക്കാനാണ്. അതും ഈ ഗവണ്മെൻറു വരുത്തിയ മാററമല്ല. അധികാരം കൈയിൽ കിട്ടിയപ്പോൾ എന്തുകൊണ്ടു ഇതു മാററിയില്ല ? മാററാൻ എളുപ്പമല്ല. പ്രതിപക്ഷത്തിരുന്നുകൊണ്ടു പ്രസംഗിക്കാം.

2/1768/S.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: കുറച്ചു മാററി.

ശ്രീ. ആർ. ശങ്കർ: അങ്ങനെ മാററിയിട്ടുള്ളതു നിൽക്കുകയാണ്, ഷിഫ്ററു സമ്പ്രദായം നിലനിറുത്തണമെന്ന ആഗ്രഹം ഉണ്ടായിട്ടല്ല. നിറുത്തലാക്കിയാൽ പുതുതായി മുപ്പതിനായിരം നാല്പതിനായിരം അദ്ധ്യാപകർ വേണ്ടിവരും. അവരുടെ ശമ്പളം കോടിക്കണക്കിനു വേണ്ടിവരും. ഇതെല്ലാം ആലോചിച്ചിട്ടുവേണം ചെയ്യാൻ.

അതുപോലെതന്നെ സെഷനൽ സമ്പ്രദായം ഹൈസ്കൂൾ ക്ലാസ്സുകളിൽ ഏർപ്പെടുത്തി. മറെറാന്നുകൊണ്ടുമല്ല, പള്ളിക്കൂടം കെട്ടാൻ ബുദ്ധിമുട്ടുള്ളതുകൊണ്ടാണ്, കുട്ടികൾക്ക് അല്പം ബുദ്ധിമുട്ടു നേരിട്ടാലും രണ്ടു ബാച്ചായി പഠിപ്പിക്കാൻ തീരുമാനിച്ചു. നാലേകാൽമണിക്കൂർ കാലത്തും, നാലേകാൽമണിക്കൂർ വൈകിട്ടും ആറു ദിവസം പഠിപ്പിക്കുക. 5 മണിക്കൂർവീതം 5 ദിവസം പഠിപ്പിച്ചതിനു പകരം, 25 മണിക്കൂർ ആറു ദിവസംകൊണ്ടു പഠിപ്പിക്കുകയാണ്. രണ്ടു ബാച്ചായിട്ട്. അതുകൊണ്ടു വളരെ നല്ല പ്രയോജനമുണ്ടെന്ന അഭിപ്രായമില്ല. പക്ഷെ ഇപ്പോൾ ചെയ്യാവുന്ന നല്ല ഏർപ്പാടാണിത്. ഈ സമ്പ്രദായം പല രാജ്യങ്ങളിലും സ്വീകരിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്കുവേണ്ടി അനാവശ്യമായി പണം ചെലവാക്കാൻ ഇല്ലാത്ത ഈ അവസരത്തിൽ, ഉള്ള കെടിടങ്ങളും ഉപകരണങ്ങളും രണ്ടു ബാച്ചായി ഉപയോഗപ്പെടുത്താൻ ഈ സമ്പ്രദായം വളരെ സഹായിക്കുന്നുണ്ട്. ഇതു പരിശോധിച്ചതിൽ വലിയ ദോഷമുണ്ടെന്നു തോന്നുന്നില്ല ഏതായാലും അതിന്റെ അനുഭവം പ്രതികൂലമല്ല എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

സർ, ചെറിയ ചെറിയ പല കാര്യങ്ങളും ഇവിടെ പറഞ്ഞു. എല്ലാററിനും കാര്യമായി മറുപടി പറയാൻ വിചാരിക്കുന്നില്ല. മൊത്തമായി എനിക്കു പറയാനുള്ളത്. ഈ സംസ്ഥാനത്തിന്റെ സാഹചര്യം മനസ്സിലാക്കി, വിദ്യാഭ്യാസ രംഗത്ത് കഴിവുള്ളിടത്തോളം പ്രശ്നങ്ങൾക്കു പരിഹാരം കാണാനുള്ള യത്നമാണു ചെയ്യുന്നത്. അദ്ധ്യാപകർ ഇവിടെ ലക്ഷക്കണക്കിനുണ്ട്. അവർക്കൊക്കെ ദാരിദ്ര്യവും വിഷമങ്ങളുമുണ്ട്. ഈ കാര്യങ്ങളെല്ലാം എല്ലാവർക്കും അറിയാം. അവരോടു ഇതെല്ലാം പറഞ്ഞ് അവരെ ഇളക്കിവിട്ട് കുഴപ്പം ഉണ്ടാക്കാൻ ആഗ്രഹിക്കുന്നവരുണ്ട്. അങ്ങനെ ഇളക്കിവിട്ടാൽ ചില കുഴപ്പങ്ങൾ ഉണ്ടാക്കിയാൽ, ഖജനാവിൽ പണമില്ലാതെ എല്ലാ പ്രശ്നത്തിനും പരിഹാരം ഉണ്ടാക്കാൻ ഗവണ്മെന്റിനു പ്രയാസമുണ്ട്. അദ്ധ്യാപകരെ സംബന്ധിച്ച ചെറിയ ചെറിയ കാര്യങ്ങൾ പലതും ഉണ്ട്. ചെലവു വളരെ കുറഞ്ഞ, നിസ്സാരമായ ചെലവുമാത്രം വരുന്ന കാര്യങ്ങളുണ്ട് അങ്ങനെയുള്ള കാര്യങ്ങൾ സ്വീകരിക്കാൻ ഗവണ്മെന്റു സന്നദ്ധമാണ്. പിന്നെ സംഘടനയുടെ അംഗീകാരത്തെപ്പററി പറഞ്ഞു. അംഗീകാരം വാങ്ങണമെങ്കിൽ റൂൾ മാററണമെന്നാണ് പറയുന്നത് റൂൾ മാററിയില്ലെങ്കിൽ അംഗീകാരത്തിനുവേണ്ടി അപേക്ഷിക്കുന്നില്ലെന്നാണ് അവരുടെ നിലപാട്. അംഗീകാരം ഇല്ലാത്ത സംഘടനകളെ സംസാരിക്കാൻ ക്ഷണിച്ചിട്ടില്ല. മിനിസ്റ്ററെ കാണുന്നതിനു ക്ഷണിക്കണമെന്നില്ല സംഘടനാപ്രതിനിധികൾക്കു മിനിസ്റ്ററെ കണ്ടു സംസാരിക്കാം. മിനിസ്റ്റർ വിചാരിച്ചാൽ ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാരെയും വരുത്താം. അതിനും അവർ സന്നദ്ധരല്ല. പ്രായോഗികമായി വിഷമമില്ലാത്ത ഒരു പോംവഴി നിർദ്ദേശിച്ചതാണ് അതിനും അവർ തയ്യാറല്ല. ആർക്കുവേണമെങ്കിലും മിനിസ്റ്ററെ കണ്ടു സംസാരിക്കാം. പരിഹാരം ഉണ്ടാക്കാവുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാം. കൂടുതൽ കാര്യങ്ങളൊന്നും ഈ അവസരത്തിൽ പരിഹരിക്കാൻ സാധിച്ചെന്നുവരുകയില്ല. ഈ കാര്യത്തിൽ പ്രതിപക്ഷത്തുള്ളവരും, അദ്ധ്യാപകരും ഗവണ്മെന്റിനോടു സഹകരണബുദ്ധിയോടുകൂടി യോജിക്കുമെന്നു വിശ്വസിക്കുന്നു. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

Mr Speaker: Do you press your Cut Motion, Mr. Gopalan?

Shri E. P. Gopalan: I press my Cut Motion.

The Cut Motion moved by Shri E. P. Gopalan was put and lost.

Mr. Speaker: Mr. Moideenkutty Hajee, do you press your cut motion under Demand XVI?

LIBRARY ARCHIVES Kerala Legislative Assembly

Shri K. Moideenkutty Hajee: I press my cut motion.

The cut motion moved by Shri K. Moideenkutty Hajee was put and 'ost.

Mr. Speaker: Mr. Ponnara G. Sreedhar, do you press your cut motion under Demand XVI?

Shri Ponnara G. Sreedhar: I press my cut motion.

The cut motion moved by Shri Ponnara G. Sreedhar was put and lost.

Mr. Speaker: Mr. Krishna Pillai, do you press your cut motion under Demand XVI?

Shri K. Krishna Pillai: I press my cut motion.

The cut motion moved by Shri K. Krishna Pillai was put and lost.

The question that Government be granted a sum of Rs. 1,73,55,700 under Demand XVI—University Education, was put and carried.

The grant was made.

Mr. Speaker: Mr. Kunhiraman Nambiar, do you press your cut motion to Demand XVII?

Shri P. M. Kunhiraman Nambiar: I press my cut motion.

The cut motion moved by Shri P. M. Kunhiraman Nambiar was put and lost.

Mr. Speaker: Mr. Gopalan, do you press your cut motion to Demand XVII?

Shri E. P. Gopalan: I press my cut motion.

The cut motion moved by Shri E. P. Gopalan was put and lost.

Mr. Speaker: Mr. Ponnara G. Sreedhar, do you press your cut motion to Demand XVII?

Shri Ponnara G. Sreedhar: I press my cut motion.

The cut motion moved by Shri Ponnara G. Sreedhar, was put and lost.

Mr. Speaker: Mr. Krishna Pillai, do you press your cut motion to Demand XVII?

Shri K. Krishna Pillai: I press my cut motion.

The cut motion moved by Shri K. Krishnn Pillai was put and lost

Mr. Speaker: Mr. Moideenkutty Hajee, do you press your cut motion to Demand XVII

Shri Moideenkutty Hajee: I press it, Sir.

The cut motion was put and lost.

The question that Government be granted a sum of Rs. 20,13,57,900 under Demand XVII—General Education, was put and carried.

The grant was made.

Mr. Speaker: Mr. Kunhiraman Nambiar, do you press your cut motion to Demand XVIII?

Shri P. M. Kunhiraman Nambiar: I press my cut motion.

The cut motion moved by Shri P. M Kunhiraman Nambiar was put and lost.

2/1768/S

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Mr. Gopalan, do you press your cut motion to Demand XVIII?

Shri E. P. Gopalan: I press my cut motion.

The cut motion moved by Shri E. P. Gopalan was put and lost.

Mr. Speaker: Mr. Moideenkutty Hajee, do you press your cut motion to Demand XVIII?

Shri K. Moideenkutty Hajee: I press my cut motion.

The cut motion moved by Shri K. Moideenkutty Hajee was put and lost.

Mr. Speaker: Mr. Krishna Pillai, do you press your cut motion to Demand XVIII?

Shri K. Krishna Pillai: I press my cut motion.

The cut motion moved by Shri K Krishna Pillai was put and lost.

The question that Government be granted a sum of Rs. 1,28,11,500 under Demand XVIII—Technical Education, was put and carried

The grant was made.

Mr. Speaker: Order, order. The House will now adjourn and meet again to-morrow at 8 a. m.

The House adjourned at 1.08 p. m. to meet again at 8 a. m. on Wednesday the 11th March 1964.

LIBRARY ARCHIVES Kerala Legislative Assembly